NARAYANA PILLAI: Prasangatharangini Pt. 3:1

033: 9M7
E6.3;1

| | | | |
|---|---|---|---|
| | | | |
| MADRAS | | | |
| CALCUTTA | | | |
| BOMBAY | | | |
| DELHI | | | |
| | | | |

13 MAR 1991

Prasaungatharaungini

# പ്രസംഗതരംഗിണി.

## തൃതീയഭാഗം.

P. K. NARAYANA PILLAI

ഗ്രന്ഥകർത്താവ്

വി. കെ. നാരായണപിള്ള,

ബി. എ. ബി. എൽ.

പ്രകാശകൻ,

കെ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ് – കൊല്ലം.

—:o:—

2-ാംപതിപ്പ കാപ്പി 500.

(പകൎപ്പവകാശം.)

[വില ൧-ക.

1105.

UNIVERSITY LIB... 20 JUL 1955 MADRAS

Sri Ramavilas ...

പ്രകാശകൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

165367
38295
032:9M7
F6·3;1

# ആമുഖം.

"പ്രസംഗതരംഗിണി"യുടെ ഈ തൃതീയഗുച്ഛകത്തിൽ സഞ്ചിതങ്ങളായ പ്രസംഗങ്ങൾ മുമ്പുതന്നെ അച്ചുക്കൂടങ്ങളുടെ അഭിമർദ്ദപീഡ അനുഭവിച്ചിട്ടുള്ളവയാണു്. ഇതരകാൎയ്യങ്ങൾക്കു നിർദ്ദിഷ്ടമായ സമയത്തിന്റെ ഉച്ഛിഷ്ടംകൊണ്ടു് ഇത്രമാത്രം എഴുതുവാൻ സാധിച്ചതോൎത്തു ഞാൻ അഭിമാനിക്കുന്നു. സാഹിത്യപഠനത്തിന്റെ പല ശാഖകൾക്കും ഈ പ്രബന്ധം പ്രദീപമായി പരിണമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ഗദ്യസരണിയെ സംബന്ധിച്ചു സംസ്കൃതസ്പൎശമധികമായിപ്പോകുന്നതായി വിഡംബനയായി ചില ആക്ഷേപസൂചനകൾ കണ്ടിട്ടുണ്ടു്. മനഃപൂൎവ്വമായി സംസ്കൃതം കലൎത്തണമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. മലയാളഭാഷയുടെയല്ലാതെ സംസ്കൃതഭാഷയുടെ വികാസത്തിന്നായി ഈ ഗദ്യകൃതികളിൽ ഒരു ശ്രമവും കൈക്കൊണ്ടിട്ടില്ല. ഗ്രന്ഥയോഗ്യമായ ഭാഷാരീതിക്കു സംസാരിക്കുന്ന ഭാഷയിൽനിന്നു വ്യത്യാസമുണ്ടെന്നും ഉണ്ടായിരിക്കണമെന്നുമുള്ള പക്ഷം സമ്മതിക്കുന്നപക്ഷം കലാവിലാസസഹജമായ ഭാഷാരീതിയെപ്പററി വിപ്രതിപത്തിക്കു് അവകാശമില്ലല്ലൊ. ശബ്ദങ്ങൾ പരക്കെ ഗ്രഹിക്കപ്പെടേണ്ട കാൎയ്യം പ്രധാനംതന്നെ. എന്നാൽ അവയുടെ ആസ്വാദ്യതയെ അഭിവൃദ്ധമാക്കേണ്ടതും അതുപോലെ പ്രധാനമാകുന്നു. ഇങ്ങനെ നോക്കുമ്പോൾ ശബ്ദശുദ്ധി, പദയോജനകൾകൊണ്ടുള്ള ശ്രവണസൗഖ്യം, വാക്യങ്ങളുടെ ഉന്മേഷശക്തി മുതലായി പലതും ശ്രദ്ധയെ അൎഹിക്കുന്നു. ഈ വക സംഗതികളെ ലക്ഷീകരിച്ചുള്ള രചനാശ്രമത്തിൽ രീതിപാകശയ്യാശൈലീപ്രഭൃതികളിൽ വല്ല അപഭ്രംശങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷന്തവ്യമായിരിക്കട്ടെ എന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ.

# വിഷയവിവരം.


| | | |
|---|---|---|
| | | പുറം. |
| ൧. | മൂന്നു ഭാഷാകവികൾ ... | ൧—൨൬ |
| ൨. | ഉണ്ണുനീലീസന്ദേശം ... | ൨൬—൭൩ |
| ൩. | സാഹിത്യസ്ഫുരിതമായ വിജയനഗരചരിത്രം ... | ൭൪—൧൦൫ |
| ൪. | ശ്രീമാൻ കുമാരനാശാൻ അവർകൾ ... | ൧൦൫—൧൧൬ |
| ൫. | ഉണ്ണായിവാര്യർ ... | ൧൧൬—൧൫൪ |
| ൬. | ശ്രീനീലകണ്ഠതീർത്ഥപാദസ്വാമിയുടെ ജീവചരിത്രം. ... | ൧൫൫—൧൭൬ |

# പ്രസംഗതരംഗിണി.

## തൃതീയഭാഗം.

### ൧. മൂന്നു ഭാഷാകവികൾ.

ഭാഷാസാഹിത്യത്തിന്റെ ആധുനികപ്രസ്ഥാനങ്ങളെയും അഭിവൃദ്ധിപദ്ധതികളെയും പററി ഒരു നിരൂപണം വളരെ കൌതുകകരമായിരിക്കുമായിരുന്നു. എന്നാൽ നമ്മുടെ സാഹിത്യത്തിന്റെ അധുനാതനമായ വളൎച്ചയിലോ തളൎച്ചയിലോ നിന്നു പ്രത്യാഹൃതദൃഷ്ടിയായ എനിക്ക് അതു സാധ്യമല്ല. അച്ചുക്കൂടത്തിന്റെ അങ്കരംഗത്തിൽനിന്നു പ്രതിനിമിഷം ഉൽപതിക്കുന്ന പ്രബന്ധസന്തതികളിൽ എത്ര എണ്ണം അല്പായുസ്സുകളാണെന്നു് അറിയുന്നതിനു മുമ്പായി മേൽപ്രകാരം ഒരു പ്രയത്നത്തിനു സാധുവായ ആധാരമുണ്ടായിരിക്കുമോ എന്നുള്ള സംശയവുമില്ലാതെയില്ല. അതുകൊണ്ടു് സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിട്ടുള്ള പ്രബന്ധങ്ങളെ ആസ്പദമാക്കി വിമൎശനം ചെയ്യുന്നതു ഭദ്രമായിരിക്കുമെന്നു വിചാരിക്കുന്നു.

കാലകല്ലോലമാലയുടെ പ്രവാഹത്തിൽനിന്നു വിട്ടുമാറി ഇറമ്പുപററി അടിഞ്ഞുപോയ പഴയ കൃതികളെ കണ്ടുപിടിക്കുന്നതിൽ ഉൽക്കണ്ഠിതന്മാരായ പണ്ഡിതന്മാരുടെ ശ്രമംകൊണ്ടു രാമചരിതം, കണ്ണശ്ശകൃതികൾ, ഉണ്ണുനീലിസന്ദേശം മുതലായ പല കൃതികളും ഇപ്പോൾ പ്രകാശദശയിൽ പ്രവേശിച്ചിരിക്കുന്നു. ഇവയ്ക്കു നേരിട്ട പ്രചാരലോപം യഥാൎഹമായിരുന്നു എന്നോ അല്ലെന്നോ വരാം. പ

UNIVERSITY LIBRARY

നഃപ്രവേശശേഷം അവയെക്കുറിച്ചു ജനസമുദായത്തിനുള്ള
ആദരസ്വഭാവം നോക്കി ആ സംഗതി പരീക്ഷിക്കത്തക്കതെ
ത്രെ. അപ്രകാരം പരീക്ഷാദശയിൽ ഇരിക്കുന്ന പഴയ കൃ
തികളെ സ്ഥാപിച്ചും സാമാന്യരൂപമായി കാവ്യനിരൂപണ
ത്തിന് ഇവിടെ യത്നിക്കുന്നില്ല. ഇങ്ങനെ നോക്കുമ്പോൾ,
പൊതുജനങ്ങളുടെ ശാശ്വതപ്രശംസയ്ക്കും സാഹിത്യസമ്പ
ത്തിന്റെ പ്രധാനാംശഭാവത്തിനും പാത്രീഭവിച്ചിരിക്കുന്ന
പ്രബന്ധങ്ങളെപ്പോലെ സാമാന്യവിചാരത്തിനു മറെറാന്നും
പ്രയോജനപ്പെട്ടുമെന്നു തോന്നുന്നില്ല. ഈവക പ്രബന്ധ
ങ്ങൾ കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി, രാമാനുജനെഴുത്തച്ഛ
ൻ എന്ന മൂന്നു കവികളുടെ കൃതികളാണെന്നു പ്രായേണ കാ
ണാവുന്നതാകുന്നു. അതുകൊണ്ടുതന്നെയാണ് മൂന്നു ഭാഷാ
കവികൾ എന്നു വിഷയനിർണ്ണയംചെയ്തു് ഉപക്രമിക്കുന്നതു
കൊള്ളാമെന്ന് എനിക്കു തോന്നിയതു്.

കാവ്യങ്ങളുടെ ലക്ഷണങ്ങളെപ്പററി സവിസ്തരം ഇവി
ടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. അവയുടെ ഫല
വും ഉദ്ദേശവും രസസ്ഫുരണവും അതിലേക്കുള്ള സാധനോ
പായം സങ്കല്പശക്തിയും ആകുന്നു. പ്രപഞ്ചത്തിൽ നമു
ക്കു അനുഭവത്തിൽപെട്ടതായ പദാർത്ഥങ്ങളും ഭാവങ്ങളും
എത്രയോ ഉണ്ടു്. അവയുടെ രൂപപ്രതീതി മനസ്സിൽ ഉ
ദ്ദീപിപ്പിച്ചു്, വികാരസ്ഫുരണമുണ്ടാക്കി രസമയമായ അ
നുഭവം ജനിപ്പിക്കുന്നതിനാണ് കവികൾ ശ്രമിക്കുന്നതു്.
അങ്ങനെ നോക്കുമ്പോൾ കാവ്യങ്ങളിൽനിന്നു നാം ഗ്രഹി
ക്കുവാൻശ്രമിക്കേണ്ടതു് ഓരോരൂപങ്ങളുടെ പ്രതീതിയാണ്.
കവിവാക്യങ്ങളുടെ അർത്ഥമോ ശബ്ദാർത്ഥവിഷയകങ്ങളാ
യ അലങ്കാരങ്ങളോ പഠിച്ചതുകൊണ്ടുമാത്രം കാവ്യത്തിന്റെ
സാരം വശമായി എന്നുവരുന്നതല്ല. കേവലം ഗദ്യരൂപ
മായ വാക്യങ്ങളുടെ അർത്ഥം മാത്രം മനസ്സിലാക്കിയാൽ ക
ഴിഞ്ഞു. കാവ്യങ്ങളിൽനിന്നു ഗ്രഹിക്കുവാനുള്ളതു രൂപങ്ങ
ളാകുന്നു. ശാകുന്തളം വായിക്കുന്നവൻ നിഘണ്ടുവിന്റെ

യോമറേറാ സാഹായ്യം അവലംബിച്ച് അതിൽ പ്രയുക്ത ങ്ങളായ ശബ്ദങ്ങളുടെ അർത്ഥമെല്ലാം ഗ്രഹിച്ചാൽ അതിന്റെ സാരസർവ്വസ്വം കരസ്ഥമാക്കി എന്നു ഭാവിക്കുന്നതായാൽ അതു കുറെ കഠിനമായിരിക്കും. ശബ്ദങ്ങളും വാക്യങ്ങളും കവികളുടെ സാധനസാമഗ്രികൾ മാത്രമേ ആകുന്നുള്ളു. വാക്യങ്ങളേയും പദങ്ങളേയും കൊണ്ട് ഉൽപാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന രൂപങ്ങളാകുന്നു കാവ്യവ്യാപാരത്തിലെ ചരക്കുകൾ അല്ലെങ്കിൽ ക്രയ്യപദാർത്ഥങ്ങൾ. കവിവാക്യങ്ങളിൽ അന്തർഹിതങ്ങളായ രൂപങ്ങളുടെ ഗ്രഹണമാകുന്നു സാരമായ സംഗതി. മഹർഷ്യാശ്രമവാസിനിയും മാൻകുട്ടികളുടെ സഹചാരിണിയും തന്നിമിത്തം "മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവളുമായ" ശകുന്തളയിൽ മാന്മഥീയവികാരത്തിന്റെ പ്രഥമപ്രവേശംനിമിത്തം ഉണ്ടാകുന്ന അന്യഥാഭാവം കാളിദാസൻ വർണ്ണിക്കുന്നതു നോക്കുക. ദുഷ്ഷന്തദർശനം കൊണ്ട് അനസൂയയ്ക്കോ പ്രിയംവദയ്ക്കോ യാതൊരു ഭാവഭേദവും നേരിടുന്നില്ല. നേരേമറിച്ച് ശകുന്തളയാകട്ടെ, അവരുടെ സംഭാഷണത്തിൽ പങ്കുകൊള്ളാതെ നിശ്ശബ്ദയായിത്തീരുന്നു. അവളുടെ ദൃഷ്ടിപ്രസരം രാജാവിനെ പരിഹരിച്ചു പ്രവർത്തിക്കുന്നു; ശ്രവണേന്ദ്രിയമോ ദുഷ്ഷന്തവിഷയകമായി ബദ്ധശ്രദ്ധമായി വ്യാപരിക്കയും ചെയ്യുന്നു. ഇങ്ങനെയുള്ള ഭാവപ്പകച്ച്, നായികയിൽ വ്യാപിക്കുന്നതു കാണ്മാൻ കഴിവില്ലെങ്കിൽ ശാകുന്തളം വായിക്കുന്നതിനുപകരം മമ്മട്ടിവെട്ടുകതന്നെയാണു ഭേദം. കവിവാക്യത്തിൽ ആവഹിക്കുന്ന പ്രതിമകകളോ നമ്മുടെ അനുഭവത്തിൽ പെട്ടിട്ടുള്ള ഭാവങ്ങളുടെയോ രൂപങ്ങളുടെയോ തന്നെയാണെന്നു പറയേണ്ടതില്ല. പക്ഷേ ലോകരംഗത്തിൽ ആവക ഭാവങ്ങളും രൂപങ്ങളും നമ്മുടെ ഹൃദയത്തിൽ പതിയുന്നതിൽ തുലോം ഗാഢമായി കവിനിർമ്മിതമായ പ്രതിമകൾ നമ്മെ സ്പർശിക്കുന്നു. അസലിനെക്കാൾ പകർപ്പിനു കവി പ്രാമാണ്യം ഉണ്ടാക്കുന്നു. ഇതെങ്ങിനെയെന്നു ചോദിച്ചാൽ അ

സലിൽ ഹൃദയസ്പർശകങ്ങളായ അംശങ്ങൾക്കു കവി ദാർഢ്യംകൊടുത്തു നമ്മുടെ മനസ്സിനെ പ്രസ്തുത ഭാഗങ്ങളിലേയ്ക്കു് ആകർഷിക്കുകൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു. ഇപ്രകാരം കവികൃതമായ പ്രതിമമൂലം ബാഹ്യലോകത്തിൽ നാം അനുഭവിച്ചിട്ടുള്ള രൂപങ്ങളും ഭാവങ്ങളും ഊൎജ്ജിതമായി ഹൃദയത്തിൽ ഉന്മിഷിതമായി ചമയുന്നു. ഇങ്ങനെ ഹൃദയാന്തർഭാഗത്തു ലീനങ്ങളായി ശാന്തങ്ങളായി കിടക്കുന്ന രസങ്ങളെ കവി ഉജ്ജ്വലിപ്പിക്കുന്നു. വിവിധരൂപങ്ങളായ മനുഷ്യാനുഭവങ്ങളെ എല്ലാം എല്ലാക്കവികളും പ്രതിഫലിപ്പിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. പ്രായേണ ലോകവ്യാപാരത്തിലെ ചില ഭാവങ്ങൾ മാത്രമേ മിക്ക കവികളെയും പ്രബലമായി ബാധിച്ചിട്ടുള്ളതായി കാണുന്നുള്ളൂ. സാർവലൌകികന്മാരായ വ്യാസൻ, കാളിദാസൻ, ഷേക്സ്പീയർപ്രഭൃതികൾ വികാരപ്രപഞ്ചത്തിൻെറ ഏതു ശാഖയിലും അന്യൂനനൈപുണ്യം പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും സാധാരണന്മാരായ കവികൾക്കു അപ്രകാരം സൎവതോമുഖമായ പാടവം കാണുന്നില്ല.

അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം തഥേദം പരിവൎത്തതേ

എന്നു് അഗ്നിപുരാണം പറയുന്നതു കവിസാമാന്യത്തെ സംബന്ധിച്ചു വളരെ സൂക്ഷ്മമാകുന്നു. ഇങ്ങനെ പൊതുവിൽ കാവ്യകലയെപ്പററി ചില സംഗതികൾ ഉപരിഭാഗവിചാരത്തിൽ നാം ധരിച്ചിരിക്കേണ്ടതാകുന്നു.

പ്രസ്തുതന്മാരായ നമ്പിയാർ, ചെറുശ്ശേരി, എഴുത്തച്ഛൻ എന്ന കവീശ്വരന്മാർ തമ്മിൽ ചില സാധൎമ്മ്യങ്ങൾ ഉണ്ടു്. ഒന്നാമതായി മൂന്നുപേൎക്കും മലയാളഭാഷാപ്രയോഗത്തിൽ ഉള്ള സാമർത്ഥ്യം അനതിശയിതമാകുന്നു. നമ്പിയാർ തുള്ളൽപ്പാട്ടും ചെറുശ്ശേരി, ഗാഥാരീതിയും എഴുത്തച്ഛൻ കിളിപ്പാട്ടും നിർമ്മിച്ചുവെന്നു മാത്രമല്ല, അനതിക്രമ

ണീയമായ ഉച്ച്രത്വം അവരവരുടെ പ്രസ്ഥാനങ്ങളിൽ ഓരോരുത്തരും പ്രാപിക്കയും ചെയ്തു. മൂന്നുപേരും ഓരോ സാഹിത്യസാമ്രാജ്യം സ്ഥാപിച്ചു എന്നു മാത്രമല്ല, അവരവരുടെ സാമ്രാജ്യത്തിനു ഓരോരുത്തരും പരമാവധി പരിപുഷ്ടിവരുത്തുകയും ചെയ്തു. മൂന്നുപേരുടേയും കഥാവസ്തു മിക്കവാറും പ്രഖ്യാതം തന്നെ. അതുപോലെതന്നെ അവരുടെ മനോധൎമ്മപ്രസരം സംസ്കൃതസാഹിത്യത്തെ അവലംബിച്ചാണെന്നും പറയേണ്ടിയിരിക്കുന്നു. ചെറുശ്ശേരിയും എഴുത്തച്ഛനും മിക്കവാറും മൂലകൃതികളുടെ ചരടുപിടിച്ചും പ്രായേണ തൎജ്ജിമചെയ്തും സ്വകൃതികൾ രചിച്ചിട്ടുള്ളതാണെന്നു സ്പഷ്ടംതന്നെ എങ്കിലും നമ്പിയാരും ഒട്ടുവളരെ ആശയങ്ങൾ മററു ദിക്കിൽനിന്നു സ്വീകരിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള സാമ്യങ്ങളെക്കാൾ ഈ കവികൾ തമ്മിലുള്ള ഭിന്നതകൾ തുലോം കൂടുതലും അവയുടെ വിശദീകരണാൎത്ഥം ഉപരി പ്രയത്നിക്കുന്നതും ആകുന്നു.

കുഞ്ചൻനമ്പിയാരുടെ യശോധനപരിശോധനയിൽ ഗണ്യമായിക്കരുതേണ്ടതു് തുള്ളൽക്കഥകളെ തന്നെയാകുന്നു. ആ പന്ഥാവിലാകുന്നു നമ്പിയാർ പരനിയന്ത്രണമില്ലാതെ സ്വമനോധൎമ്മങ്ങളെ സ്വൈരമായിട്ടുന്മീലിപ്പിച്ചു കാണുന്നതു്. അതുകൊണ്ടു് അവിടെ നോക്കിയാൽ അദ്ദേഹത്തിനു ലോകവ്യാപാരങ്ങളെപ്പററിയുണ്ടായിരുന്ന മുഖ്യമനോഭാവം വ്യക്തമാകുന്നതാണു്. മായാമയമെന്നു വേദാന്തികൾ പറയുന്ന പ്രപഞ്ചഭാണ്ഡത്തിൽ സൂക്ഷ്മങ്ങളും സ്ഥൂലങ്ങളുമായി പലതുമുൾപ്പെട്ടിരിക്കുന്നു എന്നു തത്വജ്ഞാനസഹായമില്ലാതെ നമുക്കും കാണാവുന്നതാകുന്നു. സ്വാൎത്ഥങ്ങളെപരിത്യജിക്കാൻ നിവൃത്തിയില്ലാതെ മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങൾ സ്വകീയമായ രക്ഷണത്തിന്റേയും കാമിനികളുടെയും പരിപോഷണത്തിനു പല ചാപല്യങ്ങളും പ്രവൃത്തിക്കുന്നുണ്ടെന്നു സമ്മതിച്ചേ മതിയാവൂ.

"സ്വൎണ്ണങ്ങളെന്നൊരു ജാതിയുംസൃഷ്ടിച്ചു പെണ്ണുങ്ങളെന്നൊരു ജാതിയും സൃഷ്ടിച്ചു" എന്നു കൃഷ്ണലീലയിൽ കവി പറയുകയും ഈ സൃഷ്ടിദ്വയത്തിലുള്ള ഭ്രമംനിമിത്തം ബഹുവിധമായ ചേഷ്ടിതങ്ങളിലും കഷ്ടങ്ങളിലും പെട്ടു ജനങ്ങൾ വിഷമിക്കുന്നതായി വിവരിക്കയുംചെയ്യുന്നു. നമ്പിയാരുടെ തത്വജ്ഞാനത്തിന്റെ ചുവടിതാകുന്നു. ഇങ്ങനെ "കനകംമൂലം കാമിനിമൂലം വലയുന്ന ജീവജാലങ്ങളെക്കുറിച്ചു കവിക്കു കാരുണ്യമല്ലമെങ്കിലും തോന്നിയിരുന്നതായി പറയുവാനില്ല. കാമലോഭവിചാരവിജൃംഭണങ്ങൾക്കു വശീഭവിച്ചു വിഷമിക്കുന്ന മനുഷ്യർ തങ്ങളുടെ കഷ്ടസ്ഥിതിയെ വിസ്മരിച്ചു മദമാത്സൎയ്യമയമായ അഹങ്കാരങ്ങൾ പ്രദൎശിപ്പിക്കുന്ന സംഗതിയാണു് നമ്പിയാരുടെ ദൃഷ്ടിയിൽ പുഷ്ടിയായി പതിഞ്ഞുകാണുന്നതു്. വികാരചോദനകൾക്കു് അടിമപ്പെട്ടു കിടക്കുന്നവർ ഔദ്ധത്യതാനാട്യങ്ങൾക്കു് ആരംഭിക്കുന്നതു കണ്ടുള്ള പരിഹാസരസംപോലെ മററൊന്നും തുള്ളൽക്കഥകളിൽ വികാസം പ്രാപിച്ചുകാണുന്നില്ല. തുള്ളൽപാട്ടുകളിൽ പ്രധാനപ്പെട്ടവയുടെ ഉദ്ദേശംതന്നെ നോക്കുക. കല്യാണസൌഗന്ധികത്തിൽ "സത്വരാഹങ്കാരഗംഭീരപൂരുഷൻ" എന്നു വൎണ്ണിതനായ ഭീമസേനന്റെ പരാക്രമപ്രൗഢികൾ പാടേ പൊടിഞ്ഞുപോയ സംഗതി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. കിരാതംതുള്ളലിൽ അൎജ്ജുനന്റെ അഹങ്കാരശമനവും കാൎത്തവീൎയ്യാൎജ്ജുനവിജയത്തിൽ രാവണന്റെ ഗാംഭീൎയ്യഭംഗവുമാകുന്നു വൎണ്ണ്യവസ്തു. സഭാപ്രവേശത്തിൽ ജലസ്ഥലഭ്രാന്തികൊണ്ടും ഘോഷയാത്രയിൽ ചിത്രസേനനിൽനിന്നു ലഭിച്ച മൎദ്ദനംകൊണ്ടും ദുൎയ്യോധനന്റെ ആഡംബരധ്വംസനം വൎണ്ണിക്കപ്പെട്ടിരിക്കുന്നു. കാമധൂമിതദൃഷ്ടിയായ ദേവേന്ദ്രന്റേയും മററും അവതാളങ്ങൾ അഹല്യാമോക്ഷം, ബാണയുദ്ധം, പഞ്ചേന്ദ്രോപാഖ്യാനം ഇത്യാദികളിൽ പ്രതിപാദിതമായിരിക്കുന്നു. ഇങ്ങനെ പ്രധാന കൃതികൾ പലതും അഹങ്കാരശമനത്തെ ലക്ഷീക

രിച്ചു രചിച്ചിട്ടുള്ളതായി തോന്നുന്നു. കഥാബന്ധംതന്നെ കവിയുടെ സഹജമായ പരിഹാസവാസനയുടെ ക്രീഡാരസത്തിനു പുഷ്പവാടിപോലെ ഉല്ലാസകരമായി ജോയിച്ചു കാണുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള കൃതികളിൽ മാത്രമല്ല, ഈദൃശമായ ആലോകശീലം വ്യാപിച്ചുകാണുന്നതെന്നും പറയേണ്ടിയിരിക്കുന്നു. പ്രഖ്യാതങ്ങളായ വർണ്ണ്യവിഷയങ്ങൾ സ്വമനോധർമ്മപ്രസരത്തിന് ആനുകൂല്യകരമല്ലെന്നു കണ്ടാൽ സംഗതമായും ചിലപ്പോൾ അസംഗതമായും ഉപാഖ്യാനങ്ങൾ, വ്യതിയാനങ്ങൾ മുതലായ കൌശലങ്ങൾ പ്രയോഗിച്ചും കവി ആക്ഷേപമാർഗ്ഗം തുറക്കുന്നതിനുത്സാഹിക്കുന്നു. സത്യാസ്വയംവരത്തിൽ ചിരികണ്ടച്ചാരുടെ കഥ, കുംഭകർണ്ണവധത്തിൽ മുല്ലക്കൽ വീട്ടിലെ മൂത്തകുറുപ്പിന്റെ കഥ, ധ്രുവചരിതത്തിൽ വധൂലക്ഷ്മിയെന്ന ചെട്ടിച്ചിയുടെ കഥ—ഇത്യാദികൾ ഇതിനുദാഹരണമാകുന്നു. ഈ സംരംഭത്തിൽ ചില അശ്ലീലതകളും ഗ്രാമ്യതകളും കൂടി സങ്കലനംചെയ്യാൻ കവിക്കു കൂസലില്ല. അതു സന്താപകരമാണെന്നു സമ്മതിക്കാതെ തരമില്ല. വർണ്ണനാഗതിയിൽ ചില ഘട്ടങ്ങൾ വീർപ്പിച്ചു പരിഹാസത്തിനു വകയുണ്ടായിട്ടുള്ളതായും കാണ്മാനുണ്ട്. നളചരിതത്തിൽ ഹംസത്തിനു മദ്ധ്യേമാർഗ്ഗം ദൃഷ്ടിഗോചരീഭവിച്ച സംഭവവർണ്ണനകൾ നോക്കുക. "നാട്ടുകൾ കണ്ടു വീട്ടുകൾ കണ്ടു" എന്നു പരപ്പിൽ തുടങ്ങി "വീട്ടുകളിൽ ചില നായന്മാരുടെ മൂഢതകൊണ്ടൊരു ഘോഷം കണ്ടു" എന്നും കുറേക്കൂടി ക്ലിപ്തവീഥിയിൽ "ഇല്ലംകൊണ്ടനാവള്ളെത്തള്ളി—പല്ലുതകർത്തൊരു പഞ്ചച്ചാരുടെ—തള്ളകയർത്തൊരുലക്കയെടുത്തു ചെല്ലുള്ളൊന്നു ചിമിക്കണകണ്ടു" എന്നും വീട്ടിൽ വിശന്നുവന്നപ്പോൾ കഞ്ഞി കാലമാകാതെ കോപവേപനം പിടിപെട്ട ഒരു നായർ "ചട്ടുതിളയ്ക്കുംവെള്ളമശേഷം കുട്ടികൾതന്നുടെ തലയിലൊഴിച്ചു. കെട്ടിയ പെണ്ണിന്റെ മടികൂടാതെ കിട്ടിയവടികൊണ്ടൊന്നുകിടച്ചു, ഉരു

ളികൾ കിണ്ടികളൊക്കെയുടച്ചു, ഉരലുവലിച്ചുകിണററിൽ മറിച്ചു. ചിരവയെടുത്തഥ തിയ്യിലെരിച്ചു, അരകല്ലങ്ങു കുളത്തിലെറിഞ്ഞു, അതുകൊണ്ടരിശം തീരാഞ്ഞിട്ടപ്പുരയുടെ ചുററും മണ്ടിനടന്നു" എന്നും സൂക്ഷ്മമായ വിശേഷംവരെ വൎണ്ണിച്ചിരിക്കുന്നു. സത്യാസഹായംവരത്തിന്നു പ്രതിഗ്രഹം ആഗ്രഹിച്ചുപോരുന്ന ദുരാഗ്രഹികളായ ബ്രാഹ്മണന്മാരുടെ സംഗതി ഘടിപ്പിച്ചുകൊണ്ടു് "എഴുപത്തെട്ടുവയസ്സതികഞ്ഞൊരു കിഴവബ്രാഹ്മണനിതപോകുന്നു, കൊടുവെയിൽ തട്ടിച്ചുട്ടുകഷണ്ടിയിലൊരുപിടിനെല്ലാൽമലരുപൊരിക്കാം, വടിയുംകുത്തിക്കൂന്നു കുനിഞ്ഞിഹപൊടിയുമണിഞ്ഞഥ വന്നാലിങ്ങൊരു, കാൎയ്യംകിട്ടാതങ്ങുഗമിച്ചാൽ മുടിയും, ചുട്ടവനൊന്നുശപിച്ചാൽമുടിയും കോസലരാജ്യമശേഷം" എന്നു ധനവിഷയമായ തൃഷ്ണയെ പരിഹസിക്കുന്നു. ഇങ്ങനെ പരിഹാസസ്ഫുരിതമായ മനഃപ്രവൃത്തികൾകൊണ്ടു ചില പാകപ്പിഴകൾ അവിടവിടെ പററിയിട്ടുണ്ടെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. വിരാടനഗരത്തിൽ ദാസ്യവൃത്തി അനുഷ്ഠിക്കുവാൻ സംഗതിയായ പാഞ്ചാലിയുടെ വിധിവിപൎയ്യയം വൎണ്ണിക്കുമ്പോൾ,

ഉത്തരയ്ക്കുകുറിക്കുവേണ്ടതുരച്ചുകൊണ്ടുകൊടുക്കണം
ഉദ്ധരിപ്പൊരുമത്സരോക്തികൾകേട്ടുകേട്ടുസഹിക്കണം
നൃത്തവേലയിൽമദ്ദളംചിലപോതിലെത്തിവദിക്കണം
മുഗ്ദ്ധഗാത്രിവിയൎത്തുവാങ്ങിയടങ്ങിയാലഥവീശണം
കഞ്ചിവാൻവരുംതുരപ്പുശരിപ്പെട്ടതിമിനുക്കണം
മുഞ്ഞിവീൎത്തുമുഷിഞ്ഞുപട്ടരരച്ചിടുന്നതുകേൾക്കണം
അഞ്ജസാകറിവെപ്പുകോപ്പുനുറുക്കുവാനിടകൂടണം
കുഞ്ഞുമുള്ളകനുള്ളുകെന്നവിധങ്ങളാൎത്തുസഹിക്കണം
ശുപ്പുവയ്യർവെറുത്തുചെയ്തിടുമട്ടഹാസവുമേൽക്കണം
വെയ്പുകൌശലമുണ്ടയാൾക്കതിലുണ്ടുമെച്ചമതോൎക്കണം
കുപ്രധാനതപൂണ്ടഃസേവകരിൽപ്രദൎശിതദുൎഗ്ഗുണം

നിഷ്പ്രയാസമുതുത്തിടുന്നതെതുത്തിടാതെസഹിക്കണം
സുപ്പരായരൊരുത്തനുണ്ടവനങ്ങുകമ്പനിറയ്ക്കണം
മററുദാസികളോടുവാർത്തപറഞ്ഞുചൊല്ലിയിരിക്കണം

എന്നു പറയുന്നു. ഇവിടെ വിരാടരാജധാനിയിലെ ഏപ്പ്പാടുകളെ പററിയുള്ള പുച്ഛരസമോ പാഞ്ചാലിയുടെ കഷ്ടാവസ്ഥയെക്കുറിച്ചു സഹതാപമോ മുന്തിനില്ക്കുന്നതെന്നു ചിന്തിക്കത്തക്കതാകുന്നു. രാജധാനിയിലെ അരിവെയ്പുകാരനായ ശുപ്പഅയ്യന്റെ അട്ടഹാസവും സുബ്ബരായരുടെ കുക്ഷിഭാണ്ഡപൂരണബാദ്ധ്യതയും മററും പാഞ്ചാലിയുടെ നേരേ സഹതാപത്തെക്കാൾ, പീഡാകരന്മാരായ ശുപ്പയ്യപ്രഭൃതികളെപ്പററി നമ്മുടെ പരിഹാസത്തിനു പാത്രമായി പരിണമിക്കുന്നു. മൃദുലങ്ങളും കോമളങ്ങളുമായ ഭാവങ്ങളുടെ പ്രതീതി ജനിപ്പിക്കുന്നതിനു വളരെ ശ്രമം ചെയ്തുകാണുന്നില്ല. അഥവാ വല്ല ശ്രമവും ചെയ്തിട്ടുള്ളതു മുഴുവൻ സാഫല്യത്താൽ അനുഗൃഹീതവുമായിട്ടില്ല. ചില്ലറ വ്യത്യസ്തങ്ങൾ ഇല്ലെന്നില്ല. എങ്കിലും പ്രായേണ ദുരഹങ്കാരികളേയും നിന്ദ്യന്മാരേയും കുറിച്ച് ഉദ്വേജനം ജനിപ്പിക്കുന്നതിനും ഹാസ്യരസം പോഷിപ്പിക്കുന്നതിനുമാണ് കവിയുടെ പ്രധാന നോട്ടം. അങ്ങനെ സ്വാധീനമായ സാഹിത്യശാഖയിൽ അസാധാരണമായ പാടവം അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ പടന്നുപിടിച്ചിട്ടുള്ളതു നിർവിവാദമാകുന്നു. അതിലേയ്ക്കു കാമചോദനാപരവശനായ ഇന്ദ്രന്റേയും ബലവീര്യാഹങ്കാരിയായ ഭീമസേനന്റേയും രൂപസൃഷ്ടി ചെയ്തിരിക്കുന്നതു സ്വല്പമായിവിവരിക്കാം. ഗംഗാനദിയിൽ തപോനിഷ്ഠയോടു ധ്യാനമവലംബിച്ചു നില്ക്കുന്ന ഇന്ദ്രസേനയെ ദേവേന്ദ്രൻ കാണുവാനിടയായി. ആ സ്ഥിതിയിൽ ഉള്ള ഒരു സ്ത്രീയെക്കുറിച്ചു മററാക്കും ശൃംഗാരരസം തോന്നുകയില്ലെങ്കിലും ദേവേന്ദ്രന്റെ ഹൃദയം പ്രഥമദൃഷ്ടിയിൽത്തന്നെ വികൃതമായി. അല്ലയോ ബാലേ! ന,

ആർ, പേരെന്ത്, കാര്യമെന്ത് എന്നെല്ലാം അയുക്തമായ പ്രശ്നപരമ്പര പതുക്കെ ആരംഭിച്ചു. ഇന്ദുസേനയാകട്ടെ, പ്രഷ്ടാവിൻെറ വാസ്തവം അറിയുന്നതിനുമുമ്പ് തൻെറ കാര്യം വിശദമാക്കയില്ലെന്നു ശഠിച്ചു. എന്നാൽ അതിനു തയ്യാറാണെന്നുള്ള ഭാവനയിൽ,

ഇന്ദ്രനപ്പോളുരചെയ്തു കേട്ടുകൊൾക പരമാർത്ഥം
ഇന്ദ്രനെന്നൊരുവനെ കേട്ടറിയുന്നീലയോ?നീ
ഇന്ദ്രനിന്ദ്രനെന്നുലോകപ്രസിദ്ധൻഞാൻ മഹാവീരൻ
ചന്ദ്രബിംബാനനേ നമ്മെഗ്രഹിക്കാതങ്ങാരുമില്ല.

ഇതിൽ അന്തർഭവിച്ചിരിക്കുന്ന വങ്കത്തം സവിശേഷം ആസ്വാദ്യമാകുന്നു. പിന്നെ ഭൂമിയിലേയ്ക്കു വരാനുള്ള കാരണവും മററും പറഞ്ഞിട്ടും ഇന്ദുസേന തൻെറ കാര്യമൊന്നും പറയാതെ, "പറഞ്ഞാലും പറഞ്ഞാലും" എന്നുള്ള ദേവേന്ദ്രവാക്യം അനുസരിക്കാതെ അവിടുന്നു പുറപ്പെട്ട് എട്ടുപത്തു കാതം വഴിപോയിട്ടും വിടാതെ വിടാവസ്ഥയിൽ ദേവേന്ദ്രൻ അലട്ടിക്കൊണ്ടു പുറകേ കൂടി അങ്ങനെ ചെല്ലുമ്പോൾ പാർവ്വതീപരമേശ്വരന്മാർ കേവലം മനുഷ്യരൂപികളായിരുന്നു പകട കളിക്കുന്നതു കാണായി, ഗംഭീരനായ തന്നെ കണ്ടിട്ട് എഴുന്നേററു നിൽക്കാതെ ഗണ്യതയെന്നിയേ ക്രീഡിച്ചുകൊണ്ടിരുന്ന ദമ്പതിമാരോടു കാമബാധിതനും തന്മൂലം വികസിതപൌരുഷനും ആയ ദേവേന്ദ്രൻ അഹങ്കാരിയായി കയർക്കുന്നു.

ആരെടാ നമ്മുടെമുമ്പിൽ ഞെളിഞ്ഞുകൊണ്ടിരിക്കുന്നു
ചാരുശൃംഗാരിയായ്ത്തൻെറ കളത്രത്തെഫലിപ്പിപ്പാൻ
ദൂരെമാറിക്കൊണ്ടിടാകിൽ കൊണ്ടുപോം താ ധനംമൂഢാ!
പാരമേറുംമദംപെച്ചക്കാമദേവനെന്നുഭാവം
എന്നുടെആഗമംകണ്ടാലെഴുന്നേൽക്കാതിരിക്കുന്ന
നിന്നുടെദുർമ്മദമിന്നു ശമിപ്പിപ്പൻവഴിപോലെ
നന്നെടാനിൻെറധിക്കാരംനാട്ടുവാഴിക്കുമേറാത്ത

ദുന്നിലക്കാരനാംനിന്റെ കുലനാശംവരുമിപ്പോൾ
ഏഴുരണ്ടുഭുവനങ്ങൾക്കീശനാമെന്നനീകണ്ടി-
ട്ടെഴുന്നേൽക്കാഞ്ഞതുനിന്റെ സാഹസമെന്നറിഞ്ഞാലും
പാഴിലോരോമനോരാജ്യം തുടങ്ങാതങ്ങടങ്ങിക്കോ
ഭോഷനെന്നുപേർവിളിപ്പിക്കാതെപൊയ്ക്കോൾകന്നിമൂഢ!
കോഴിക്കും ചിറകുണ്ടു ഗരുഡനും ചിറകുണ്ട്
മേലോഷിച്ചുപറക്കുവാൻ കോഴിക്കുംകൊതിയുണ്ടു.
ആഴിക്കുമീതിലങ്ങു പറക്കുംപന്നഗവൈരി
കോഴിക്കങ്ങൊരുദണ്ഡുപറക്കാമത്രയുംദണ്ഡം
എന്നോടുസമംനില്പാൻഇന്നുനീതുടങ്ങേണ്ടാ
എന്നല്ലാപരിഹാസത്തിന്നുനീതുടങ്ങുന്നു.
നന്നായിപ്രഹരംകൊണ്ടുടലെല്ലാം മുടങ്ങുമ്പോൾ
അന്നേരംനിരൂപിച്ചാൽഫലമില്ലെന്നറിഞ്ഞാലും
തന്നെത്താനറിയാത്ത മഹാപാപിക്കുഴികൻനീ
എന്നേക്കാൾ വലുതെന്നുനടിക്കുമ്പോൾ അടിക്കേണം
ഇത്യാദി.

ഇതെല്ലാം ഇന്ദ്രസേനയുടെ ദൃഷ്ടിയിൽ തന്റെ പൗരുഷം പ്പുലത്തുന്നതിനുള്ള ധാർഷ്ട്യമാണെന്നു കാണുമ്പോൾ ദേവേന്ദ്രന്റെ വങ്കപ്രഭുത്വം കുറേക്കൂടി വിശദമാകുന്നു.

'വിണ്ണവർനാട്ടിലേനാഥൻഞാൻവരുമ്പോൾ ഏഴുനൂററാൽ
പെണ്ണിനുള്ളിൽനിന്ദയുണ്ടാമെന്നുനിന്നുള്ളിലുണ്ടിപ്പോൾ'

എന്നു ശിവനെ ആക്ഷേപിക്കുന്ന ദേവേന്ദ്രൻ സ്വസ്ഥിതി മററൊരുവനിൽ സംക്രമിപ്പിക്കയാണെന്നുള്ള വസ്തുത അറിയുന്നേ ഇല്ല. കാമവികാരത്തിന്റെ പോഷകനദിപോലെ പ്രവഹിച്ച ഈ അഹങ്കാരത്തിനു പെട്ടെന്നു നേരിട്ട ശമനം നോക്കുക.

ഇത്ഥമോരോദുഷിവാക്കുകേട്ടുദേവൻ കാലകാലൻ
ബലാഹാസം തിരിഞ്ഞൊന്നുകടാക്ഷിച്ചുലീലയോടെ

ജംഭവൈരിയതുനേരംഹന്തനിർജ്ജീവനായ നിന്നു
സ്തംഭഖണ്ഡമതുപോലെവജ്രവുംഭൂതലേവീണു.

നന്ദികേശ്വരപ്രഭൃതികൾ എവിടെ എന്നു പരമശിവന്റെ കല്പന കേട്ടു ഭൂതഗണങ്ങൾ വന്നുചേൎന്നു പറയുന്നു.

"ആയിരംകണ്ണുള്ളവിദ്വാനെങ്ങടാനോക്കെടാനിന്നെ
ആയിരംകാതമിക്കാട്ടിലിട്ടിഴപ്പാൻതുടങ്ങുന്നു.
ആയതിന്നുവേണ്ടിവന്നുതമ്പുരാനെക്കൊണ്ടുനിന്റെ
വായിലെങ്ങുമടങ്ങാത്തവാക്കുരപ്പാനാരുചൊല്ലി"?

അനന്തരം ഇന്ദ്രനെ ഭൂതത്താന്മാർ പിടിച്ചുകെട്ടി അന്ധതമസമയമായ ഗുഹാഗൃഹത്തിൽ മുമ്പുതന്നെ അടയ്ക്കപ്പെട്ടിരുന്ന ദേവേന്ദ്രന്മാരുടെ കൂട്ടത്തിൽ കൊണ്ടുചെന്നിട്ടു ഇങ്ങനെ അഹങ്കാരിയായ ദേവേന്ദ്രനു സിദ്ധിച്ച ശമനം അൎത്ഥപുഷ്ടിമയമായ വാക്യങ്ങളെക്കൊണ്ടു പഞ്ചേന്ദ്രോപാഖ്യാനത്തിൽ വൎണ്ണിച്ചിരിക്കുന്നു

ഭീമസേനന്റെ കഥ നോക്കുകതന്നെ. പാണ്ഡവന്മാർ ദ്രൌപദീസമേതം രാജ്യഭ്രഷ്ടരായി കാട്ടിൽ പാൎക്കുമ്പോൾ സൌഗന്ധികപുഷ്പത്തെക്കുറിച്ചു പാഞ്ചാലിക്ക് ഒരു ഭ്രമമുണ്ടാകുന്നു. ദയനീയമായ വനവാസദുരന്തത്തിൽ കുസുമാഭിലാഷംതന്നെ അനുചിതമാണ്. എന്നിരുന്നിട്ടും ആ പുഷ്പം കിട്ടിയേ മതിയാവൂ എന്നുള്ള സിദ്ധാന്തം സ്ത്രീസഹജമായ ശാന്തമോഹസമ്പ്രദായത്തിൽ ഭീമനോടു പാഞ്ചാലി ഉപന്യസിക്കുന്നു. പൂപറിക്കുവാൻ ഭൎത്താവിനെ പറഞ്ഞയയ്ക്കുന്നതു കുറെ അനുചിതമാണെന്നു പാഞ്ചാലിക്കുതന്നെ തോന്നായ്കയില്ല. "പെണ്ണിന്റെ ചൊൽകേട്ടു ചാടിപ്പുറപ്പെട്ട പൊണ്ണൻ മഹാഭോഷനല്ലോ മഹാജള്ളൻ" എന്നു വല്ലവരുമപവദിച്ചേയ്ക്കുമെന്നുള്ള പൂൎവ്വപക്ഷപുരസ്സരം ഇത്ര പരാക്രമിയായി മറെറാരാളില്ലാത്തതുകൊണ്ടു ഭൎത്താവുതന്നെ ആഗ്രഹനിവൃത്തി വരുത്തേണമെന്നും പക്ഷെ "പഥ്യമല്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ" എന്നും

പാഞ്ചാലി സ്ത്രീതന്ത്രം പ്രയോഗിച്ചു ഭീമനെ ഇളക്കി. ഭീമസേനനാകട്ടേ, പുറപ്പാടിന്റെ ലാഘവം ഗണിക്കാതെ എവിടെച്ചെല്ലുന്നെങ്കിലും ആരെ ജയിച്ചെങ്കിലും പുഷ്പംകൊണ്ടുവരുന്നുണ്ടെന്നു ഭാൎയ്യാഭിലാഷകിങ്കരത്വധാടിയോടെ ഗദയും വഹിച്ചുകൊണ്ടു പുറപ്പെട്ടു. വഴിമേൽ വനവൃക്ഷമൃഗാദികളിൽ തന്റെ കൈക്കരുത്തു പ്രയോഗിച്ചു ഗംഭീരനായി കദളീവനത്തിൽ എത്തി. അവിടെ മാൎഗ്ഗമദ്ധ്യേ കണ്ട കുരങ്ങിനോടു "നോക്കെടാ നമ്മുടെമാൎഗ്ഗേകിടക്കുന്ന മൎക്കടാ നീയങ്ങുമാറിക്കിടശഠാ" എന്നുംമറ്റും കുറേ ഗൌരവം പ്രയോഗിച്ചു "ഏറ്റംകയൎത്തുപറയുന്നതെന്തുനീ ഏറ്റുമാറാനെനിക്കേതുമെളുതല്ല" എന്നുംമറ്റും വാനരം വളരെ മൎയ്യാദ പറഞ്ഞു. വനത്തിൽ മറ്റൊരുവഴിയെ പോകുന്നതിനു തടസ്സമൊന്നുമില്ലെങ്കിലും സത്വരാഹങ്കാരഗംഭീരപൂരുഷനെന്നു മുമ്പുതന്നെ വൎണ്ണിതനായ ഭീമൻ "ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ പാരംമുഴുക്കുന്നു ധിക്കാരസാഹസം" എന്നുംമറ്റും കയൎക്കുവാൻ തുടങ്ങി. വിസ്തിന്തരംകൊണ്ടു താൻ ഭീമസേനനാണെന്നുള്ള സംഗതിയും പ്രകാശിപ്പിച്ചു. വാനരത്തിനു നല്ല പിടി കിട്ടി പിന്നെ മൎമ്മസ്പൃക്കായി മൎക്കടത്താൻ പറഞ്ഞ വാക്കുകൾ ലജ്ജാകണികയുള്ളവൎക്കു സഹിക്കുവാൻ പ്രയാസമാണു്. വാക്കുകൊണ്ടു ദുരഹങ്കാരത്തിനു ശമനമുണ്ടാകുമെങ്കിൽ അതു ഭീമസേനനു വളരെ ഫലപ്രദമായിരിക്കണം. പിന്നീടു ഭീമസേനൻ പറയുന്ന വാക്കുകളിൽ ബാഹ്യാഡംബരം വിടുന്നില്ലെങ്കിലും അകമെ വളരെ തളൎച്ചയുള്ളതു കാണ്മാനുണ്ടു്. അതുകൊണ്ടായില്ല. ബലപരീക്ഷപ്രയോഗത്തിലാണല്ലോ. അതുകൊണ്ടു പ്രസ്തുത മൎക്കടത്തിന്റെ വാലു മാറ്റിയിടുന്നതിനു നോക്കിയപ്പോൾ മഹത്തായ ഗദാദണ്ഡം കുറെ ദണ്ഡം അനുഭവിച്ചതു കണ്ടു് ആ ഗംഭീരവീരൻ വളരെ വിഷണ്ണനായി. ഇങ്ങനെ പരാക്രമാഹംഭാവത്തിൽനിന്നു ശുദ്ധിചെയ്തു ഭീമനെ കവി മൎയ്യാദയിൽ കൊണ്ടുവരുന്നു.

ഇങ്ങനെ ദുരഹങ്കാരബാധയും അതിൻെറ ശമനവും തജ്ജന്യമായ പരിഹാസവും വിവരിക്കുവാൻ കുഞ്ചൻനമ്പ്യാരുടെ പാടവം ഇതരകൃതികൾ നോക്കിയാലും കാണാമെന്നു മാത്രം പറഞ്ഞുകൊണ്ടു മറെറാരു കവിയുടെ, അതായതു് ചെറുശ്ശേരിയുടെ കൃതിയിലേയ്ക്കു കടക്കുന്നു.

പരിഹാസകരങ്ങളായ സംഗതികളും അവയുടെ പരിഹാരാർത്ഥം ആവശ്യമുള്ളപക്ഷം പരുഷമായ ഭാഷാപ്രയോഗവും നമ്പിയാരുടെ കൃതികളുടെ ഒരു ലക്ഷണമായിനാം വിവരിച്ചു. ചെറുശ്ശേരിയുടെ കൃതിയായ കൃഷ്ണഗാഥയിൽ അങ്ങനെ ഒരു ലോകാവലോകനം കാണ്മാനില്ല. ലോകത്തിൽ നാം അനുഭവിച്ചിട്ടുള്ള ഭാവങ്ങളിൽ ചിലതു മധുരങ്ങളും രമ്യങ്ങളും മററു ചിലതു കടുസ്വഭാവങ്ങളും ഇങ്ങനെ വിവിധരീതികൾ കാണപ്പെടാറുണ്ടല്ലോ. ചിലക്കു മധുരങ്ങളും കോമളങ്ങളുമായുള്ളവ പ്രിയം; മററുള്ളവക്കു കടുരസം പ്രിയം, ഇങ്ങനെ ലോകം ഭിന്നരുചിയാകുന്നു. കൃഷ്ണഗാഥാകർത്താവു ലളിതങ്ങളും കോമളങ്ങളും രമ്യങ്ങളുമായ ഭാവങ്ങളിൽ ആസക്തദൃഷ്ടിയും അതുകൊണ്ടു അദ്ദേഹത്തിൻെറ രൂപസൃഷ്ടികളിൽ അങ്ങനെയുള്ള രസങ്ങളുടെ സ്പഷ്ടി സ്പഷ്ടീഭവിച്ചു നിൽക്കുന്നതും ആകുന്നു. നമ്പിയാരുടെ കൃതികളിൽ കാണുന്ന തൊണ്ടന്മാർ, തണ്ടുതപ്പികൾ, ചെണ്ടക്കാർ, ചക്കർവായന്മാർ മുതലായ കൂട്ടക്കു കൃഷ്ണഗാഥയിൽപ്രവേശമില്ല. നേരേമറിച്ചു് "പല്ലവംവെല്ലുന്ന പൂവലൽ മേനികളും, ചാൺമേൽനെടുത്തുള്ള നയനങ്ങളും, തേഞ്ചൊരിവാകളും പൂങ്കാവുകളും മററും കൊണ്ടുള്ള ക്രയവിക്രയമേളമാണു്" കൃഷ്ണഗാഥയിൽ കാണപ്പെടുന്നതു്.

മാകന്ദംതന്മധുവുണ്ടങ്ങുനിന്നിട്ടു
കൂകിത്തുടങ്ങിതേ കോകിലവും
ചെമ്പകംതംപൂവും ചാലേപ്പൊഴിച്ചിട്ടു
കമ്പംവരുത്തീതെ കണ്ടോർക്കെല്ലാം

നാരികൾപാദത്തിൽ താഡനംകൂടാതെ
നന്നായിപൂത്തിതശോകങ്ങളും
ബാലവസന്തശ്രീതന്നുടെകോമള
നീലമിഴിമുനയെന്നപോലെ
മത്തങ്ങളായുള്ള ഭൃംഗങ്ങൾചെന്നപ്പോൾ
പുത്തൻതിലകങ്ങൾ പൂത്തുനിന്നു
വല്ലികൾചെന്നങ്ങു നല്ലമരങ്ങളെ
മെല്ലെത്തഴുകിമയക്കിച്ചെമ്മേ.

ഇങ്ങനെ മാർദ്ദവമസൃണങ്ങളും ലാളിത്യമധുരങ്ങളുമായ ആശയവും ഭാഷയും പ്രായേണ കൃഷ്ണഗാഥയിൽ വ്യാപിച്ചു കാണാവുന്നതാണ്. ഉദാഹരണത്തിനു വളരെ ഭാഗങ്ങൾ ഉദ്ധരിക്കാവുന്നതാണു. പ്രാരംഭത്തിൽത്തന്നെ കാർത്ത്യായനിഭഗവതിയുടെ കേശാദിപാദവർണ്ണനയിൽ താദാത്മ്യപ്രതീതി വരുത്തുവാൻ അലങ്കാരരൂപേണ മനോധർമ്മവും സങ്കല്പശക്തിയും വാരിച്ചിലവു ചെയ്തിരിക്കുന്നതുപോലെ തോന്നുന്നു.

"പൂഞ്ചായൽതന്നുടെ കാന്തിയെച്ചൊല്ലുവാൻ
വാഞ്ഛയുണ്ടാകുന്നു കാൺകിനിക്കോ
തുല്യതയില്ലാതെ തുല്യതചൊല്ലുമ്പോൾ
വല്ലായ്മയെന്നതും വന്നുകൂടും
കണ്ടിയെന്നിങ്ങനെ കൊണ്ടാടിച്ചൊൽകിലോ
കൊണ്ടൽതന്നുള്ളത്തിലിണ്ടലുണ്ടാം.
അല്ലെന്നുചൊൽകിലോ നീലത്തഴകൾവ-
ന്നല്ലല്ലാ എന്നങ്ങു പേശിക്കൊള്ളും
മറെറാന്നുചൊൽകിൽമനംകുലഞ്ഞീടുമ-
ക്കറെറമററീടും പനംകുലയും
എന്നതുമൂലമപ്പുണ്ണലേവാഴ്ത്താതെ
മന്ദമായ്നിന്നു മടങ്ങുന്നു ഞാൻ."

ഇങ്ങനെ തുടങ്ങി ഉദ്ദേശം ൧൨൦ പാദങ്ങൾകൊണ്ടു പ്രസ്തുത വർണ്ണന സമാപ്തമാക്കിയിരിക്കുന്നു. ദേവിയുടെ ശരീ

രസസൌഭാഗ്യവൎണ്ണനയിൽ മാധുൎയ്യപ്രസക്തനായ കവിയുടെ വാക്യങ്ങൾ ഭക്തിസീമയെക്കവിഞ്ഞു ശൃംഗാരരംഗത്തിലേയ്ക്കും കടന്നുപോകുന്നില്ലയോ എന്നു ചിലടത്തു സംശയം ബാധിക്കാതെയില്ല. കാമാക്ഷിസ്തവമായ മൂകപഞ്ചശതിയിൽ

"പരതന്ത്രാവയമനയാ പങ്കജസബ്രഹ്മചാരിലോചനയാ
പരയാകാഞ്ചിപുരയാ പൎവ്വതപൎയ്യായപീനകുചഭരയാ"

എന്നും മററും തട്ടിവിട്ടിട്ടുള്ള മൂകകവി, ദേവിയുടെ ഭക്തനോ കാമുകനോ എന്നു ശങ്ക തോന്നുന്നതുപോലെ ചെറുശ്ശേരിയെപ്പററിയും വല്ലവൎക്കും തോന്നുന്നതായാൽ അതു ക്ഷന്തവ്യമായേ വരികയുള്ളു. മധുരങ്ങളായ ഭാവങ്ങളിൽ ശൃംഗാരം മുഖ്യമാകയാൽ ചെറുശ്ശേരിക്കു് ആ രസത്തോടു ദുൎന്നിവാരമായ പക്ഷപാതമുണ്ടെന്നു പല ഘട്ടങ്ങളും വിശേഷിച്ചു രാസക്രീഡാഭാഗവും സ്പഷ്ടമാക്കുന്നു. അതിനെ വിശദീകരിക്കേണ്ടതായിട്ടില്ല. എന്നാൽ ചെറുശ്ശേരി ശൃംഗാരമാത്രനിഷ്ഠനല്ല. ലാളിത്യവും കോമളത്വവും കൊണ്ടു ഹൃദയാകൎഷകങ്ങളായ മററു ഭാവങ്ങളും അദ്ദേഹത്തിനു പ്രിയമായി കാണപ്പെടുന്നുണ്ടു്. ഉദാഹരണത്തിനു കൃഷ്ണന്റെ ശൈശവവൎണ്ണനയിൽ,

"ചന്തമെഴുന്നോരു ചെന്തൊണ്ടിവായതന്നിൽ
ദന്തങ്ങൾ പോന്നുവന്നങ്കുരിച്ചു
പല്ലവംപൂണ്ടൊരു മുല്ലയാംവല്ലിമേൽ
ഉല്ലാസമൊട്ടുകൾ എന്നപോലെ
നന്മുലനൽകുവാനമ്മമാർചെന്നങ്ങു
സമ്മോദംപൂണ്ടു വിളിക്കയാലേ
ചെഞ്ചെമ്മെയുള്ളൊരു പുഞ്ചിരിതൂകുമ്പോൾ
കിഞ്ചന കാണായി വന്നുകൂടി.

*        *        *        *        *        *

*        *        *        *        *        *

ദന്തങ്ങൾ തന്നുടെയംകുരംകണ്ടിട്ടു
സന്തോഷംപൂണ്ടുള്ള വല്ലവിമാർ
വേഗത്തിൽചുംബിച്ചുനേരത്തു തന്മുഖം
വേർപെടുത്തീടുവാൻ വല്ലീലാരും
വന്നുവന്നന്നന്നു കണ്ടുനിന്നീടുവോർ
കണ്ണിണതന്നേയുമവ്വണ്ണമേ.”

ഇങ്ങനെ മനോഹാരിതയെ അനുരൂപമായ ശബ്ദഭംഗികൊണ്ടു പ്രതിപാദിച്ചിരിക്കുന്നു പിന്നെയും പൂതന കൃഷ്ണനെ ഹനിക്കുവാൻ തുനിയുന്ന ഘട്ടത്തിൽ,

ഓമനത്തുമുഖംതന്നിലേ നോക്കിക്കൊ-
ണ്ടോർത്തുനിന്നീടിനാളൊട്ടുനേരം
മെല്ലവേചെന്നങ്ങു തൊട്ടുനിന്നീടിനാൾ
പല്ലവംവെല്ലുമപ്പൂവൽമേനി
പാരാതെപിന്നെയെടുത്തുനിന്നീടിനാൾ
ആരോമൽപ്പൂങ്കനിപ്പൈതൽതന്നെ
ഓമനപ്പൂവൽമൈമേനിയിൽകൊണ്ടപ്പോൾ
കോൾമയിർത്തിണ്ണറ്റമെഴുന്നുമെയ്യിൽ.

വധോദ്യതയായി പുറപ്പെട്ട പൂതനയ്ക്കുപോലും ക്രമശഃ ക്രമശഃ മാത്രമേ നിസർഗ്ഗസുഭഗനായ ശിശുവിനെ ഹനിക്കുവാൻ ധൈര്യമുണ്ടായുള്ളു എന്ന ഭാവവിസ്തരംകൊണ്ടു ശിശുവിന്റെ സൌകുമാര്യാതിശയം ഇവിടെ ധ്വനിക്കുന്നു. ഇപ്രകാരമുള്ള ലാളിത്യം കവിയുടെ ഭക്തിമാർഗ്ഗത്തെയും വ്യാപിച്ചിട്ടുള്ളതായി അന്തിമഭാഗമായ സ്വർഗ്ഗാരോഹണഘട്ടം നോക്കിയാൽ കാണാവുന്നതാകുന്നു. രമ്യങ്ങളെ അധികമായി ആദരിക്കുന്നവർ അരമ്യങ്ങളെക്കുറിച്ചു വിരസന്മാരായിരിക്കുന്നതു സാധാരണയാണല്ലൊ. വൈരസ്യം പരിഹാസമായി പരിണമിക്കുന്നതു സാരസ്യത്തിന്റെ ഒരു മാതിരി പ്രകാരാന്തരമാകുന്നു. അതുകൊണ്ട് ചെറുശ്ശേരിയുടെ കൃതിയിലും ചിലടത്തു ശാന്തവും പക്ഷേ ചിലപ്പോൾ

ആസ്വാദ്യതരവുമായ പരിഹാസരസം കാണുമാനുണ്ടാവും. എന്നാൽ അതു നമ്പിയാരുടെ പ്രയോഗംപോലെ വികടമോ സ്ഫുടമോ അല്ല. ഉദാഹരണത്തിനു വേഷച്ഛന്നനായ അൎജ്ജുനനു സുഭദ്ര ചോറുവിളമ്പുമ്പോൾ പരസ്പരാനുരാഗബാധകൊണ്ടുള്ള സംഭ്രമത്തിൽ സുഭദ്ര പഴത്തിനുപകരം തൊലി വിളമ്പിയതും അൎജ്ജുനൻ പഴമെന്നു വിചാരിച്ചു തൊലി തിന്നതും വൎണ്ണിച്ചിരിക്കുന്നതു നോക്കുക. അതുപോലെ രുഗ്മിണിയുടെ അയോഗവിപ്രലംഭസ്ഥിതിയിലുള്ള ഉപഹാസങ്ങളും പ്രസ്താവയോഗ്യമാകുന്നു. മൊത്തത്തിൽ പറയുമ്പോൾ മധുരവും മൃദുലവുമായ ഭാവങ്ങളിൽ ചെറുശ്ശേരി മുന്തിനിൽക്കുന്നു. ഇങ്ങനെയുള്ള മനഃസ്ഥിതികൊണ്ടു സാരസ്യസൂക്ഷ്മതകളുടെ വിവരണത്തിനും പരിപൂൎത്തിക്കും മനോധൎമ്മനിഷ്യന്ദിയായ അലങ്കാരപരിപാടിയിൽ അദ്ദേഹം വളരെ തല്പരനായും കാണപ്പെടുന്നു. (ഉപരി വിവരണത്തിനു മടിയമായ കൃഷ്ണഗാഥാനിരൂപണം കൂടെ നോക്കേണമെന്നപേക്ഷിച്ചുകൊള്ളുന്നു.) മൂന്നാമതായി നിരൂപണീയനായ കവി രാമാനുജൻ എഴുത്തച്ഛനാകുന്നു. ലോകവ്യാപാരങ്ങളെപ്പററി ഈ കവിപുംഗവൻെറ മനോരസം എന്താകുന്നു? ലൌകികവ്യാപാരങ്ങളും അവയുടെ പ്രേരണകളായ കാരണങ്ങളും കണ്ടറിഞ്ഞിട്ടുള്ളതിനു അപ്പുറമായി അതായതു പ്രപഞ്ചസീമയ്ക്കു വെളിയിലായി വ്യാപരിക്കുന്ന കാരണങ്ങൾകൂടി ഗ്രഹിച്ചിട്ടുള്ള ഒരു മഹാത്മാവാകുന്നു പ്രസ്തുതകവി. ജഗത്തായ മഹായന്ത്രം അന്തൎയ്യാമിയായ ജഗദീശ്വരൻെറ മായാവൈഭവത്താൽ വ്യാപ്തമാണെന്നു തത്വനിഷ്ഠയുള്ള ആ കവിക്കാകട്ടെ ലോകവ്യാപാരം കരതലാമലകംപോലെ സുസ്പഷ്ടമായിരുന്നിരിക്കണം. ഇങ്ങനെയുള്ള സൂക്ഷ്മദൃഷ്ടികൊണ്ടു ലോകചാപല്യങ്ങൾ കണ്ടു് നമ്പിയാരെപ്പോലെ പരിഹസിപ്പാനോ ലോകമോഹനങ്ങളായ ആകർഷണങ്ങൾകൊണ്ടു ചെറുശ്ശേരിയെപ്പോലെ മനോവിനോദത്തിനോ അദ്ദേഹം മുതി

രുന്നില്ല. സത്തുമസത്തും സമ്മിശ്രമായിരിക്കുന്ന സംസാരത്തിൽ ലോകപ്രതിഷ്ഠയും സജ്ജനങ്ങൾ സജ്ജീകരിച്ചിട്ടുള്ള സന്മാർഗ്ഗനിഷ്ഠ, ധർമ്മതല്പരത, ഗുരുത്വം, മര്യാദ മുതലായ ഗുണങ്ങൾ അന്വേഷ്യങ്ങളാണെന്നും അങ്ങനെയുള്ള ഗുണങ്ങൾക്കു് ആലംബഭൂതന്മാരായ ജനങ്ങൾ ആദരണീയന്മാരാണെന്നും ഉള്ള ആശയമാണു് എഴുത്തച്ഛന്റെ കൃതികളിൽ വ്യാപിച്ചു കാണുന്നതു്. അതുകൊണ്ടു നമ്പിയാർക്കു പരിഹാസ്യമെന്നും ചെറുശ്ശേരിക്കു കാമ്യമെന്നും പലതും തോന്നിയതുപോലെ എഴുത്തച്ഛനു പലതും പൂജനീയമായി തോന്നിയെന്നു കാണാവുന്നതാകുന്നു. ഈശ്വരചൈതന്യം കൊണ്ടു സ്ഫുരിക്കുന്ന ലോകവൈചിത്ര്യത്തിൽ താൻ നിസ്സാരൻ, സജ്ജനങ്ങൾ മാനനീയന്മാർ എന്നിങ്ങനെ ഒരു മനോഗതി എഴുത്തച്ഛനിൽ പ്രബലീഭവിച്ചു നിൽക്കുന്നു. അതുകൊണ്ടു് അപമര്യാദമായോ ഗുരുത്വഭംഗമായോ ഒരു പ്രവൃത്തി ഉത്തമപാത്രങ്ങളിൽ കലരാതെ അദ്ദേഹം രൂപസൃഷ്ടികൾ ചെയ്തിരിക്കുന്നു.

"ഭരതൻതന്നെ നാട്ടിന്നഭിഷേകവുംചെയ്തു
പരിപാലിച്ചു രാജ്യം പലനാൾ ദുഷ്ഷന്തനും
പിന്നെപ്പോയ് വിണ്ണിൽപുക്കു മേനകയൊഴിച്ചുള്ള
വിണ്ണവർ നാരിമാരോടൊന്നിച്ചു മരുവിനാൻ"

എന്ന ദിക്കിൽ മേനക സ്വവേശ്യയാണെങ്കിലും ശ്വശ്രുവാകയാൽ അഗമ്യയായി ദുഷ്ഷന്തൻ കരുതുന്നു. സീതാപരിണയത്തിനായി ദശരഥനും ഭരതശത്രുഘ്നന്മാരും മിഥിലയിൽ വരുമ്പോൾ രാമലക്ഷ്മണന്മാരെ അവിടെവെച്ചു കാണുന്നു. അപ്പോൾ,

"രാമലക്ഷ്മണന്മാരും വന്ദിച്ചു പിതാവിനെ
സാമോദം വസിഷ്ഠനാമാചാര്യപാദാബ്ജവും
തൊഴുതു മാതൃജനങ്ങളെയും യഥാക്രമം
തൊഴുതു ശ്രീരാമപാദാംഭോജമനുജന്മാർ

തൊഴുതു ഭരതനെ ലക്ഷ്മണകുമാരനും
തൊഴുതു ശത്രുഘ്നനും ലക്ഷ്മണപാദാംഭോജം.”

എന്നിങ്ങനെ ഗുരുജനങ്ങളെക്കുറിച്ചുള്ള ആദരവു് ഓരോരുത്തർക്കുമുണ്ടായതു വിടാതെ കവി പ്രസ്താവിക്കുന്നു. അൎജ്ജുനന്റെ തീൎത്ഥയാത്രാരംഭത്തിൽ “പിന്നെത്താൻ ഗുരുഭൂതന്മാരെയും വണങ്ങീട്ടു” എന്നു കവി പ്രത്യേകം പറയുന്നു. എന്നുവേണ്ട, ഭയങ്കരമായ കുരുക്ഷേത്രയുദ്ധം ആരംഭിക്കുന്നതിനു മുമ്പു് ധൎമ്മപുത്രപ്രഭൃതികൾ എതിർകക്ഷികളായ ഭീഷ്മാദികളെ കുമ്പിട്ടു തൊഴുതുകൊണ്ടാണു അസ്ത്രപ്രയോഗം തുടങ്ങിയതെന്നും എഴുത്തച്ഛൻ പറയാതിരിക്കുന്നില്ല. ഇങ്ങനെയുള്ള ആചാരതാല്പൎയ്യം വേദാന്തജടിലമായ അദ്ധ്യാത്മരാമായണപരിഭാഷയുടെ ഇടയ്ക്കുകൂടി കലൎന്നുകാണുന്നതിനെ വിശദീകരിച്ചുകൊള്ളുന്നു. “രാമേണ വാരിതഃ പ്രീത്യാ അത്രിഃ സ്വഭവനം യയൌ” എന്നു് അദ്ധ്യാത്മരാമായണമൂലശ്ലോകഭാഗത്തെ,

“അന്നേരം തിരിഞ്ഞു നിന്നരുളിച്ചെയ്തു മുനി
തന്നോടു രാമചന്ദ്രൻ വന്ദിച്ചു ഭക്തിപൂൎവ്വം
നിന്തിരുവടി തിരിച്ചെഴുന്നള്ളീടണം
അന്തികേ ശിഷ്യജനമുണ്ടല്ലോ വഴിക്കുമേ” എന്നിങ്ങ

നെ തൎജ്ജിമ ചെയ്തിരിക്കുന്നു. രാമനാൽ തടുക്കപ്പെട്ട അത്രി പ്രീതിയോടു തിരിച്ചുപോയി എന്നു മാത്രമേ മൂലശ്ലോകത്തിനു് അൎത്ഥമുള്ളു. അത്രിമഹൎഷിയുടെ മാഹാത്മ്യവും ശ്രീരാമന്റെ വിനയവും അത്രമാത്രം പറഞ്ഞാൽ വ്യക്തമാകയില്ലെന്നു വിചാരിച്ചു്, ഭക്തിപൂൎവ്വം വന്ദിച്ചു നിന്തിരുവടി തിരിച്ചെഴുന്നള്ളിക്കൊണ്ടാലും. അടിയനു വഴി കാണിച്ചുതരുന്നതിനു് അവിടുത്തെ ശിഷ്യന്മാർ കൂടി വന്നാൽ മതി; അവിടുന്നു ക്ലേശിക്കേണ്ട എന്നു ആതിത്ഥ്യമൎയ്യാദയേയും മഹൎഷിയുടെ ഗൌരവത്തേയും പുരസ്കരിച്ചു ജഗൽഗുരുവായ രാമൻ പറഞ്ഞു എന്നു പരിഭാഷ വികസിപ്പിച്ചു്

വിനയഗുണത്തെ ഉദ്ദീപിപ്പിച്ചിരിക്കുന്നു. ഇപ്രകാരം പലതും ഉദാഹരണം ഉദ്ധരിക്കാവുന്നതാണ്. സദാചാരനിഷ്ഠയുടേയും സജ്ജനമര്യാദയുടേയും ശീർഷഘാതികളായ പല പ്രവൃത്തികളും ലോകത്തു നടക്കുന്നില്ലെ? ധാരാളം ഉണ്ടു. അവ എഴുത്തച്ഛൻ കാണാതിരിക്കുന്നില്ല. കഥാഗതിയിൽ അങ്ങനെയുള്ള ഉല്ലംഘനങ്ങൾ പരാമർശിക്കപ്പെടേണ്ടിവരുന്ന ദിക്കിൽ "നീരസങ്ങൾ വിസ്തരിച്ചിട്ടെന്തുകാര്യം നമുക്കിപ്പോൾ" എന്നൊരു ഭാവവും, അങ്ങനെയുള്ള വിക്രിയകൾക്കു ലോകപ്രകൃതിതന്നെ ഹേതുവെന്നൊരു സമാധാനവും അദ്ദേഹം കൈക്കൊള്ളുന്നു. അതിനെ ദീർഗ്ഘതമഃകഥ ഉദാഹരണമാകുന്നു. ഉചത്ഥ്യൻ എന്ന മഹർഷി മമതയെന്ന സ്ത്രീയെ വിവാഹംകഴിച്ചു. ഉചത്ഥ്യന്റെ അനുജനായ ബൃഹസ്പതി അതായതു സാക്ഷാൽ ദേവാചാര്യൻ മമതയെക്കുറിച്ച് അനാശാസ്യമായ മമത മനസ്സിൽ തഴപ്പിച്ചു. വിവരം മമതയോടു പറഞ്ഞപ്പോൾ, വേദവേദാംഗവിജ്ഞാനിയായ ദേവഗുരുചെയ്ത ഞെരുക്കത്തിന്റെ അയോഗ്യത അവൾ പ്രതിപാദിച്ചു. അതെല്ലാം കേട്ടിട്ട്, "എങ്കിലും എനിക്കൊന്നു പുണരേണം മതിയാവൂ" എന്നു ദേവഗുരു കാമചോദനയെ അതിവർത്തിക്കാൻ അപ്രാപ്തനായി പറഞ്ഞു. "എങ്കിലും" എന്നുള്ള ഏകശബ്ദംകൊണ്ടു നമ്പിയാർ നാലുപുറം വർണ്ണിക്കുമായിരുന്നതു സൂചിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള അചഞ്ചലപ്രവൃത്തിപ്രസക്തികണ്ടു മമതയുടെ ഗർഭഗനായിരുന്ന ശിശു ബൃഹസ്പതിയുടെ മനോഗതി സ്വീകാരയോഗ്യമല്ലെന്നു മമതയുടെ അന്തർഭാഗത്തിരുന്നുകൊണ്ടു ഘോഷിച്ചു. ഭഗ്നാശയനായ ബൃഹസ്പതിക്കു മര്യാദപറഞ്ഞ ഗർഭസ്ഥശിശുവിനോടു കോപമാണുണ്ടായതു്.

"സത്ഭാവമിത്രമാത്രമിപ്പൊഴേ മുഴുത്ത നീ
ഉത്ഭവിച്ചീടുന്നാളിലെന്തെല്ലാം വരുമെടോ

ദീർഗ്ഘവീക്ഷണം നിനക്കേറെയുണ്ടതിനാലെ
ദീർഗ്ഘമാംതമസ്സിനെ പ്രാപിക്കെന്നതുനേരം"

ശപിക്കയും ശിശു അന്ധനായി ജനിക്കയും ദീർഗ്ഘതമസ്സെന്ന നാമകരണത്തിന്ന പാത്രമാകയും ചെയ്തു ദീർഗ്ഘതമസ്സു പ്രദ്വേഷിയെന്ന ബ്രാഹ്മണിയെ വിവാഹംകഴിച്ചു. ഗൌതമപ്രഭൃതികളായ പുത്രന്മാരുണ്ടായശേഷം,

പുത്രലോഭാർത്ഥയാകും പ്രദ്വേഷിയതുകാലം
ഭർത്തൃശുശ്രൂഷവെടിഞ്ഞീടിനാൾ എന്നോവേണ്ടു
എന്നൊ...ീയുപേക്ഷിച്ചാലെന്തൊരു ഗതിയിനി-
ക്കെന്നു നീ പറയണമെന്നു കേട്ടവൾ ചൊന്നാൾ
ഭർത്താവും ഭാര്യയെന്നും ചൊല്ലുന്ന ശബ്ദങ്ങൾത-
ന്നർത്ഥത്തെ നിരൂപിച്ചുവേണമെന്നോടുചൊല്ലാൻ
നിന്നെയും കുമാരന്മാർ തന്നെയും പാലിക്കയാൽ
എന്നുടെ പരിശ്രമം നീയറിഞ്ഞീലയല്ലൊ,
ജാത്യന്ധന്നുടെ പിമ്പേ വാർദ്ധക്യം പാരമുണ്ടോ-
രാസ്തിക്യം ഒരുനേരം ഒന്നിന്നുമില്ലതാനും
വൃദ്ധനാകിയ ഭവാൻ ക്രുദ്ധിച്ചാലെന്തുഫലം
നിർദ്ധനന്മാരായ്വന്നാൽ തങ്ങളൊട്ടടങ്ങണം

ഇങ്ങനെ നിർദ്ധനനും കുരുടനും ആയ ഭർത്താവിനോടു ഭാര്യ കയർത്തപ്പോൾ, ഭാര്യ പോയി ക്ഷത്രിയകുലങ്ങളിൽ ചെന്നു് അർത്ഥം അർത്ഥിക്കവാൻ ദീർഗ്ഘതമസ്സു പറഞ്ഞു. അതു കൂട്ടാക്കയില്ലെന്നും,

ഞാനിനി പണ്ടെപ്പോലെ ശുശ്രൂഷിക്കയുമില്ല
ദീനയായ്ചമഞ്ഞുഞാൻകാലവുമില്ലയെന്നാൾ

ഇങ്ങനെയും പ്രദ്വേഷി പറഞ്ഞു.

ഭർത്താവെവെടിയുന്നോക്കർത്ഥവും വ്യർത്ഥമായ്പോ-
കെ...ത്രയും ദുഷ്കീർത്തിയുമെത്തുകെന്നതുനേരം.

എന്നു ഭർത്താവു കോപിച്ചു മറുപടിപറഞ്ഞു. പ്രദ്വേഷിക്കു കോപമുണ്ടായി കിഴവനെ പിടിച്ചുകെട്ടി ഗംഗയിൽ ഒ

ഴുക്കിക്കളയുവാൻ പുത്രന്മാരായ ഗൌതമാദികളോടു പറഞ്ഞു. അവർ അങ്ങിനെതന്നെയെന്നുപറഞ്ഞു് അപ്പനെ

ഗംഗയിലൊരുതോണിതന്മേൽ വച്ചൊഴുക്കിനാ-
രംഗനാജനങ്ങൾക്കു തോന്നുമിത്തരം പണ്ടെ."

ഇവിടെ ഭാൎയ്യയ്ക്കു ഭൎത്താവിനോടു വൈരാഗ്യമുണ്ടായി പ്രവൃത്തിച്ച കടുംകൈ കണ്ടിട്ടു കവി വളരെ ഖേദിക്കുന്നതു സ്പഷ്ടമാകുന്നു. അതിന്നു സമാധാനം പ്രാചീനകാലത്തും സ്ത്രീകൾക്കു ഇങ്ങിനെയൊക്കെ തോന്നുമായിരുന്നു എന്നുള്ള പ്രസ്താവനയാകുന്നു. ഇക്കാലത്തുള്ള സ്ത്രീകൾ മാത്രമല്ല ക്രൂരകളായ സ്ത്രീകൾ; പണ്ടുമത്തരക്കാരുണ്ടായിട്ടുണ്ടെന്നുള്ള വാക്യം ഒരുഗുളികപോലെ എന്നല്ലാതെ വൎണ്ണനാകോലാഹലമയമല്ല. പക്ഷെ അതിന്റെ അൎത്ഥപുഷ്ടി വാക്യമാലകളാൽ വിവരിക്കത്തക്കതുമാകുന്നു.

ഇങ്ങനെ അന്ധമാൎഗ്ഗപ്രവൃത്തികളെ സംക്ഷിപ്തമായും പക്ഷെ ഭംഗിയായും ചൂണ്ടിക്കാണിക്കുന്നതിന്നു എഴുത്തച്ഛന്റെ സാമൎത്ഥ്യം ഒന്നു വേറെതന്നെയാണു്. ഉത്തമങ്ങളായി താൻ സങ്കല്പിക്കുന്ന രൂപപ്രതിമകളിൽ അയുക്തങ്ങളായ അന്യസ്വഭാവങ്ങൾ കലരാതെ ഇരിക്കുവാൻ എഴുത്തച്ഛൻ വേണ്ട നിഷ്കൎഷകൾ ചെയ്യുക സാധാരണമാണു്. ഉദ്യോഗപൎവ്വത്തിൽ ധൃതരാഷ്ട്രരുടെ പ്രജാഗരവേളയിൽ വിദുരർ വളരെ നീതിമാൎഗ്ഗങ്ങളും ജ്ഞാനസമ്പ്രദായങ്ങളും ഉപദേശിക്കുന്നു. ഉപദേഷ്ടാവായിരിക്കുന്നതിന്നു വിദുരൎക്കെന്തധികാരമാണെന്നു വിചാരിച്ചു വല്ലവരും വിദുരർ അഹംഭാവിയാണെന്നു ഗണിച്ചേക്കുമോ എന്നുഭയന്നു്,

വൈചിത്രവീൎയ്യനൃപ! കേൾക്കണമിവയെല്ലാം
വൈശദ്യം മനസ്സിങ്കലുണ്ടല്ലോ ഭവാനേററം
വൈദുഷ്യം ഭവാനെക്കാൾ ഏറെയുണ്ടായിട്ടല്ല
വൈദഗ്ദ്ധ്യം വാക്കിനേററമുണ്ടെങ്കിലതുമല്ല
സ്നേഹമുണ്ടതുകൊണ്ടു കേൾക്കുംഞാൻചൊന്നാലെന്നു

മോഹമുണ്ടിനിക്കതുകൊണ്ടുഞാൻ പറയുന്നു
വംശനാശത്തെക്കണ്ടു സങ്കടം പാരമുണ്ടു
സംശയംതീൎന്നിതല്ലൊ നിന്നുടെ സുതന്മാക്കോ.

എന്നിങ്ങനെ പറഞ്ഞു വിദുരവാക്യത്തിൽ അഹംഭാവച്ഛായപോലും തട്ടാതെ പരിഹരിച്ചിരിക്കുന്നു. വിനയമയവും ആദരമേദുരവും ആയ ദൃഷ്ടിപ്രസരത്തിൽ ലൌകികങ്ങളായ വ്യാപാരങ്ങളെയും വികാരങ്ങളെയും കവി വിട്ടുപോയതായി തെററിദ്ധരിക്കരുതെന്നു വിജ്ഞാപനം ചെയ്യേണ്ടിയിരിക്കുന്നു. ശൃംഗാരമാകട്ടെ, വീരകരുണാദിരസങ്ങളാകട്ടെ സ്ഫുരിപ്പിക്കുന്നതിന്ന് അദ്ദേഹത്തിനു യാതൊരു ശ്രമവുമില്ല. പക്ഷെ ചെറുശ്ശേരി അലങ്കാരശബളമായും നമ്പിയാർ സവിസ്തരപ്രസരമായും ചെയ്യുന്ന മാതിരി വൎണ്ണനകളല്ല എഴുത്തച്ഛന്റെ മാതൃക. അലങ്കാരപ്രയോഗം അധികമായി ച്ചെയ്യുന്നതിനു അദ്ദേഹത്തിനു താൽപൎയ്യമില്ല.

“ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
ഞെട്ടുങ്ങീ രാജാക്കന്മാർ ഉരഗങ്ങളെപ്പോലെ”

ഇങ്ങനെ സന്ദൎഭവശാൽ അപൂൎവ്വമായി മാത്രമേ അലങ്കാരപ്രരോചന അദ്ദേഹത്തിനുള്ളു. പക്ഷെ, വാൎണ്ണിഷും വാസനദ്രവ്യങ്ങളും ഉപയോഗിക്കാതെ ശബ്ദശക്തികൊണ്ടുതന്നെ വൎണ്ണ്യവസ്തുവുണ്ടാക്കുവാനുള്ള ശക്തി എഴുത്തച്ഛനു സ്വാധീനമാകുന്നു. ചിത്രപടങ്ങളും യവനികകളും മററുംകൊണ്ട് അലംകൃതങ്ങളായ ഗൃഹങ്ങൾ നിൎമ്മിക്കുന്നതിനെക്കാൾ വിചിത്രവേലകൾ ഇല്ലാതെ നല്ല തേക്കും ഈട്ടിയുംകൊണ്ടു ലയമില്ലാതെ മന്ദിരനിൎമ്മിതി ചെയ്യുന്നതാണ് എഴുത്തച്ഛനു പ്രിയം.

“മലയോത്ഭവമായ ചന്ദനത്തിലുമേററം
അലിയും താഗിന്ദ്രിയം സുതനെ പുൽകുന്നേരം”

എന്നു പുത്രസുഖത്തേയും

സഹസ്രമശ്വമേധത്തോടൊരു സത്യംതന്നെ
സഹസ്രപത്രോത്ഭവൻ തൂക്കി പണ്ടെന്നു കേൾപ്പൂ
അന്നേരെ തൂങ്ങിയതു സത്യമെന്നറിഞ്ഞാലും
മന്നവാ, സത്യത്തെക്കാൾ വലുതല്ലൊന്നുമോൎത്താൽ

എന്ന സത്യമാഹാത്മ്യത്തേയും

"ഉണ്ണീ നീയൊരുമകൻതന്നെയിന്നിനിക്കുള്ളു
നിന്നുടെ വഴിയേ മറ്റൊന്നിനെക്കാണായ്കയാൽ
എന്നുള്ളിൽ പരിതാപമേറുന്നു നാളിൽനാളിൽ
മുന്നമേശാസ്ത്രങ്ങളിൽ കേട്ടതൊന്നിരിക്കുന്നു
ഏകപുത്രത്വമപുത്രത്വമൊടൊക്കുമല്ലൊ
ഭാഗധേയവുമറിയാവതല്ലൊരുത്തൎക്കും"

എന്നു് ഏകപുത്രഖേദത്തേയും

മാകന്ദമകരന്ദബിന്ദുപാനവുംചെയ്തു
കൂകുന്നപികകുലപഞ്ചമം കേട്ടുകേട്ടും
വണ്ടുകൾ മധുപാനം ചെയ്തു മത്തതപൂണ്ടു
കൊണ്ടാടിമുരണ്ടുടൻ കണ്ടപുഷ്പങ്ങൾതോറും

ഇത്യാദി വസന്തമേളത്തേയും വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

ദേവയാനീചരിതം, സുഭദ്രാഹരണം, കീചകവധം ഇത്യാദി ഘട്ടങ്ങളിൽ ശൃംഗാരവും, സ്ത്രീപൎവ്വത്തിലും മററും കരുണരസവും, മററു ഘട്ടങ്ങളിൽ വീരരൌദ്രാദികളും പ്രയോഗിച്ചിരിക്കുന്നതു വിശദീകരിക്കുന്നതിന് എഴുത്തച്ഛൻ തന്നെ പറയുന്നതുപോലെ "കാലമോപോരെയല്ലൊ" എന്നു ഖേദിക്കയേ തരമുള്ളു. ഇപ്രകാരം സ്വാധീനമായ ഒരുപോലെ സ്വമനോധൎമ്മത്തിനു പ്രസരണമാകാമെങ്കിലും ഭക്തിമാൎഗ്ഗപ്രസക്തിയാൽ കവി അധീനനാകുന്നു. ഈശ്വരൻ സകലവ്യാപിയായി ഉന്മീലിതനിമീലിതനായി വിലസുന്നു. ഈശ്വരൻ ശ്രീകൃഷ്ണശ്രീരാമാദികളായി അംശാവതാരംചെയ്തു ലോകരക്ഷചെയ്യുന്നു: അങ്ങിനെയുള്ള മൂൎത്തികളെക്കുറിച്ചുള്ള ഭക്തിപോലെ ആനന്ദഹേതുവായി

മററൊന്നുമില്ല. എന്നിങ്ങനെ മനോബോധം എഴുത്തച്ഛ
ന്റെ കൃതികളിൽ കല്ലോലിതമായി കാണാവുന്നതാകുന്നു.

"അടിയന്നേതുമൊന്നറിഞ്ഞീലാപോററി
ഉടമയൊടെന്നെ പരിപാലിക്കണം,
മുനിവരന്മാർ മാനസത്തിലും ഗോപ-
വനിതമാർ മുലത്തടത്തിലും പത്മാ-
കരത്തിലും നല്ല ബലിശിരസ്സിലും
പുരരിപുദേവഹൃദയത്തിങ്കലും
വിധികരതലങ്ങളിലും ഗൌതമ-
ഹൃദയനായികാദൃഷദപുസ്സിലും
വിളങ്ങീടുംതവ പദസരോരുഹം."

എന്നുംമററുമുള്ള ഭക്തിരസപ്രസരം നാസ്തികന്മാരെയും രോ
മാഞ്ചഭരിതരാക്കാതിരിക്കയില്ല ആവർത്തനങ്ങളും അതിവി
സ്തരങ്ങളും എഴുത്തച്ഛൻ ക്രമസൽക്കൂടാതെ ഭക്തിവഴിന്നനയി
ൽ മാത്രം പ്രയോഗിച്ചുകാണുന്നു. മഹാനായ ആ കവിവൃ
ഷന്റെ കീർത്തിമഞ്ജരി അമ്ലാനമായും അക്ഷീണമായും
പരിലസിക്കട്ടെ.

---

## ൨. ഉണ്ണുനീലിസന്ദേശം.

---

അചിരകാലംകൊണ്ടു ചരമകാലം പ്രാപിച്ചു ശോച്യ
യായ "രസികരഞ്ജിനി' മാസികയിൽ തുടരെ ഉണ്ണുനീലിസ
ന്ദേശം പ്രസിദ്ധപ്പെട്ടുതുടങ്ങിവന്നപ്പോൾ അതിനെപ്പററി വേ
ണ്ടപോലെ ശ്രദ്ധിച്ചില്ലല്ലോ എന്നിപ്പോൾ പശ്ചാത്താപം
തോന്നുന്നു. പിന്നീടു കഴിഞ്ഞകൊല്ലം മദ്ധ്യവേനൽ അവധി
ക്കിടയിൽ വ്യവസായത്തിന്ന് അവസാനമില്ലാത്ത മിസ്റ്റർ
കെ. എസ്സ്. രാമൻമേനോൻ (ബി. വി. ബുക്കഡിപ്പോ ഉട
മസ്ഥൻ) പ്രസ്തുത കൃതിക്കു ഞാൻ ഒരു വ്യാഖ്യാനമെഴുതി

ക്കൊടുക്കണമെന്നാവശ്യപ്പെട്ട ഒരു കൈയെഴുത്തുപ്രതി കൊണ്ടുവന്ന് എന്നെ ഏല്പിച്ചു. കൃതി മുഴുവൻ സാമാന്യം ഗാഢമായി വായിച്ചുനോക്കിയപ്പോൾ എനിക്ക് അതിനെപ്പററി ആദ്യമുണ്ടായിരുന്ന അനാസ്ഥ തീരെ അസ്തമിച്ച് അതിമാത്രമായ ആദരം ഹൃദയത്തിലുദിച്ചു. വശ്യവാക്കായ കവികുഞ്ജരനെ ആരാധനംചെയ്യുന്നത് ഒരു വ്യാഖ്യാനരൂപേണ ആകുമെന്നു വിചാരിച്ച് ഇടയ്ക്കിടെ കണ്ട "കീറാമുട്ടികൾ" ഒന്നുമിളക്കാതെ പത്തമ്പതു ശ്ലോകങ്ങൾ വ്യാഖ്യാനിക്കയും കവി,കാല, ദേശ, സന്ദേശ, പാത്രാദികളെപ്പററി ചില ചിന്തകൾ ചെയ്തുവെയ്ക്കുകയും ചെയ്തു. അങ്ങനെയിരിക്കെ സാഹിത്യപ്രകാശിക ൧-ാംഭാഗത്തിൽ സാഹിത്യമണ്ഡലത്തിലുത്തിഷ്ഠമാനനായ ശ്രീമാൻ ശങ്കരൻനമ്പ്യാർ അവർകൾ പ്രകൃതകൃതിക്ക് ഒരു വ്യാഖ്യാനം തയ്യാറുചെയ്തുവരുന്നതായി കണ്ടു് എൻെറ വ്യാഖ്യാനസാഹസം സന്തോഷപുരസ്സരം നിറുത്തിവെച്ചു. ഇതുകൊണ്ടുമായില്ല. കുറെ കഴിഞ്ഞു സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠനായ ശ്രീമാൻ ഉള്ളൂർ പരമേശ്വരയ്യർ അവർകൾ ഈ കൃതിയെക്കുറിച്ചു പ്രസിദ്ധപ്പെടുത്തിയ സാരഗംഭീരമായ ഉപന്യാസം കണ്ടപ്പോൾ ഉണ്ണുനീലിസന്ദേശവും ഞാനുമായി യാതൊരു ബന്ധവുമുണ്ടായിട്ടില്ലെന്നു ഭാവിക്കയാണിനി ഭംഗിയെന്നു തോന്നിപ്പോയി. ഞാൻ ശേഖരിച്ചിരുന്ന സാമഗ്രികളെല്ലാം കെട്ടി ഭദ്രമായി പൂട്ടിവെച്ചിട്ടു സ്വസ്ഥനായിരിക്കുകയായിരുന്നു. എൻെറ താമസം തൽക്കാലം കോട്ടയത്താണെന്നുള്ള ദുർഘടം നിമിത്തം ഭാഷാപോഷിണീഭാരവാഹികൾക്കു പൊടുന്നനവേ ചില ആക്രമങ്ങൾ നടത്തുന്നതിനും എൻെറ സ്വച്ഛന്ദതയേ വിധ്വംസനംചെയ്യുന്നതിനും വളരെ സൗകര്യമുണ്ടു്. ഉണ്ണുനീലിസന്ദേശത്തെപ്പററി ഇത്രയും ഒക്കെ പ്രസിദ്ധമായിരിക്കുന്ന സ്ഥിതിക്ക് എൻെറ അഭിപ്രായംകൂടി "അറിഞ്ഞേതീരൂ" എന്നവർ അഭിമുഖമായും ലേഖനങ്ങൾ വഴിയായും പ്രയോഗിക്കുന്ന മർദ്ദനത്തിനു പരിഹാരം വരുമല്ലോ എന്നു വിചാരി

ച്ചു ഇതെഴുതുകയെന്നുതീർച്ചയാക്കി. കദംബകോരകന്യായേന ഞങ്ങൾക്കു മൂന്നാൾക്കു് ഉണ്ണുനീലീസന്ദേശത്തെപ്പററി ഏകകാലത്തു് ഉത്സാഹമങ്കുരിച്ചതും എന്റെ ദൃഷ്ടിയിൽപ്പെട്ട സംഗതികൾ മിക്കവാറും മിസ്റ്റർ പരമേശ്വരയ്യരുടെ ദൃഷ്ടിയിലും പെട്ടിരുന്നതായി കണ്ടതും ഓർത്തു ഞാൻ വളരെ വിസ്മയിക്കുന്നു.

പ്രിയതമാസഹവാസസരസമായ രാത്രിയിൽ ഒരു കാമുകനെ പ്രിയാസമീപത്തുനിന്നു ഒരു യക്ഷി അപഹരിച്ചുകൊണ്ടുപോയി തിരുവനന്തപുരത്തിനുപരി ആകാശദേശത്തു ചെന്നുചേർന്നപ്പോൾ അപഹൃതനായ നായകൻ നരസിംഹമന്ത്രം ജപിച്ചു യക്ഷിയുടെ പിടിവിട്ടു ഭൂമിയിൽ ഇറങ്ങി. വിരഹമസഹമാനനായ അയാൾ ക്ഷേത്രസന്നിധിയിൽ ഇരിക്കുമ്പോൾ ആദിത്യവർമ്മമഹാരാജാവു് അവിടെ എഴുന്നെള്ളി. അദ്ദേഹത്തോടു പ്രിയജനാസാന്ത്വനത്തിനായി പറഞ്ഞയയ്ക്കുന്ന സംഗതികളാകുന്നു ഉണ്ണുനീലിസന്ദേശത്തിലെ വിഷയം.

ഇവിടെ ഒന്നാമതായി നോക്കേണ്ടതു് ഈ കാമുകരുടെ വാസഭൂമി അഥവാ സന്ദേശത്തിന്റെ ഉദ്ദേശസ്ഥാനമെവിടം എന്നാകുന്നു.

“സിന്ധുദ്വീപെന്റൊരു പുരവരം ബിംബലീപാലകാനാം
കേൾപ്പുണ്ടല്ലോ ജഗതി വിദിതം മേദിനീസ്വർഗ്ഗകാണ്ഡം”

ഇത്യാദി പൂർവ്വസന്ദേശഭാഗങ്ങളും

“ആററിൻനേരായ് കരിവരമദം നീടൊഴുക്കും വടക്കും
കൂററിന്നിൻറങ്ങഴകു പൊഴിയിക്കുന്ന പുണ്യാംബുരാശേഃ
മാററാർക്കുപ്പും മഹിതമണികണ്ഠന്നയോദ്ധ്യേവ രാമ-
ന്നേററം വശ്യാ ജയതി നഗരീ, സാ,കടന്തേരിമ നാമ്നാ”

ഇത്യാദി ഉത്തരസന്ദേശഭാഗങ്ങളും കൊണ്ടു പ്രസ്തുതസ്ഥലം സിന്ധുദ്വീപം, കടന്തേരി ഇങ്ങനെയൊക്കെ വിളിക്കപ്പെട്ടിരുന്നതായിക്കാണുന്നു. ൧൩൨, ൧൩൩, ൧൩൪ .

ഈ ശ്ലോകങ്ങൾകൊണ്ടു് ഏറ്റുമാനൂർനിന്നു് ഒരു കാതം വടക്കുള്ള കോതനെല്ലൂർനിന്നു കുറേക്കൂടി വടക്കുള്ള ഒരു സ്ഥലമാണു് സിന്ധുദ്വീപം എന്നു വ്യക്തമാകുന്നു. ഈ സ്ഥലം കടുത്തുരുത്തിയാണെന്നുള്ളതിനു യാതൊരു തക്കവുമില്ല. സിന്ധുദ്വീപം എന്നതു കടുത്തുരുത്തിയെ (കടൽത്തുരുത്തു്) സംസ്കൃതീകരിച്ചതാകുന്നു. ശുകസന്ദേശത്തിലും സിന്ധുദ്വീപം പരാമർശിക്കപ്പെട്ടിട്ടുണ്ടു്.

"വന്ദ്യച്ഛന്ദോ രഹസി വിഹരൻ വല്ലഭഗ്രാമവാസീ
കേശിദ്ധ്വംസീ നിജപദജുഷാം ക്ലേശഹന്താ നിഷേവ്യഃ"

എന്നു ശുകസന്ദേശത്തിൽ തിരുവല്ലാദേവനെപ്പററി പ്രസ്താവിച്ചശേഷം

"കാന്താരൌഘപ്രതിഭയമതിക്രമ്യ കഞ്ചിൽപ്രദേശം
ബിംബോകശ്രീ ഭരിതമഹിളാം ബിംബലീമേത്യ ഭൂയഃ"

എന്നും

"സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം
സിന്ധുദ്വീപം വ്രജ ജലനിധൈരാവൃതം സിന്ധുരേന്ദ്രൈഃ"

എന്നും

ശുകത്തിനു മാർഗ്ഗോപദേശം ചെയ്തിരിക്കുന്നു "കാന്താരൌഘപ്രതിഭയ"മിത്യാദിയാൽ സൂചിതമായ ദേശം തെക്കുംകൂറാകുന്നു. "തെക്കുംകൂറങ്ങുളു കഴിവോളംകാടിടത്തും വലത്തും" എന്നു് ഉണ്ണുനീലിസന്ദേശത്തിലും തെക്കുംകൂറിനെ വർണ്ണിച്ചിരിക്കുന്നതു യോജിച്ചിരിക്കുന്നു തെക്കുംകൂറിനു വടക്കു്, വടക്കുംകൂർ ഇതിനെ "ബിംബലീ" എന്നു ടി രണ്ടു സന്ദേശത്തിലും പറഞ്ഞുകാണുന്നു. "വെമ്പലമഹീപാലൈകചൂഡാമണേ!" എന്നശ്ലോകത്തിലെ "വെമ്പല"ശബ്ദം സംസ്കൃതത്തിൽ "ബിംബല" യായി പരിണമിച്ചിരിക്കുന്നു. വെമ്പലനാട്ടു് അമ്പലപ്പുഴയാണെന്നുള്ളതു ഭ്രമം ആകുന്നു. അമ്പലപ്പുഴയ്ക്കു ചെമ്പകനാടെന്നല്ലാതെ വെമ്പലനാടെന്നു പേരുള്ളതായി എങ്ങും കണ്ടിട്ടില്ല. ചെമ്പകനാടിനെ അ

ച്ചുടിക്കാർ ചെമ്പലനാടെന്നു ആക്കിയിട്ടുള്ളതായി മാത്രമേ കണ്ടിട്ടുള്ളു. ചെമ്പകനാട്ട് എന്നതു ചെമ്പകശ്ശേരി രാജാക്കന്മാരുടെ രാജ്യമാകയാൽ ഉണ്ടായിട്ടുള്ള സംജ്ഞയാണ്. ചെമ്പകശ്ശേരി മന ഇപ്പോഴും ഉണ്ട്. അതു കുടമാളൂരാണ്. വെമ്പലനാട്ട് എന്നതു വടക്കുംകൂർ രാജ്യമാണ്. അതിനു "വെമ്പനാട്ട്" എന്നും പേരുള്ളതാകുന്നു. "വേപ്പ്" എന്ന ശബ്ദം "വേമ്പു" എന്നും "വേമ്പല" എന്നും ആയതായി മിസ്റ്റർ പരമേശ്വരയ്യർ പറയുന്ന അഭിപ്രായത്തിന്റെ സാധുത്വം സംശയഗ്രസ്തമാകുന്നു എന്റെ പക്ഷം "വെൺമല നാട്ട്,, വെമ്പലനാടായി. പിന്നെ വേമ്പനാടായി എന്നാകുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ എഴുത്തുകുത്തുകൾ "വെൺമലനാട്ടുടയ കോവിലധികാരികൾ" എന്നായിരുന്നു. പൂഞ്ഞാർരാജകുടുംബം മധുരരാജാക്കന്മാരുടെ ശാഖയിൽ ഉൾപ്പെട്ടതാകുന്നു. പൂഞ്ഞാറിടവക ഇപ്പോൾ ആ രാജകുടുംബം വകയാണ്. ഈ വകയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ മുമ്പു വടക്കുംകൂർ, തെക്കുംകൂർ രാജാക്കന്മാരോടു തേടിയിട്ടുള്ളതാണ്. ഈ കൂട്ടത്തിൽ "മഞ്ഞമല" എന്ന സ്ഥലം കൊല്ലം ൭൯൮ കുംഭത്തിൽ വെൺമലനാട്ടുകോതവർമ്മ കോവിലധികാരികളും "കണ്ണൻദേവൻമല" എന്നതു കൊല്ലം ൯൨൦ മേടത്തിൽ കീഴ്മലനാട്ടുകോവിലധികാരികൾ കോതവർമ്മരും പൂഞ്ഞാററിലേയ്ക്കു കൊടുത്തിട്ടുള്ളതിനെപ്പററി ഗ്രന്ഥവരികൾ ഉള്ളതായിക്കാണുന്നു. (൧൮൯൯-ൽ പൂഞ്ഞാററു വലിയ രാജാവവർകൾ മദ്രാസ് ഗവർണ്ണർ ഹാവുലക്ക്പ്രഭുവിന്റെ സമക്ഷത്തു ബോധിപ്പിക്കുന്നതിനു അച്ചുടിപ്പിച്ചിട്ടുള്ള മെമ്മോറിയൽ) "വേപ്പ്" ശബ്ദത്തിൽ നിന്നു വെമ്പലശബ്ദം നിഷ്പന്നമാകണമെങ്കിൽ ലകാരാഗമത്തിനു തക്കതായ സമാധാനം വേണം. പൂർവ്വകാലത്തെ നാമധേയങ്ങളിൽ ആഗമം അപൂർവ്വവും ലോപം സാധാരണവുമാകയാൽ വെമ്പലശബ്ദത്തിൽനിന്നു "വെമ്പനാട്ട്" ഉണ്ടായി എന്നു വിചാരിക്കയാണു സമീചീനമെന്നു തോന്നുന്നു. കീഴ്മ

ലനാട്ട്, വെൺമലനാട്ടു എന്ന പേരുകൾ ധാരാളം മുമ്പു പ്രചാരത്തിലിരുന്നവയാകുന്നു. നാലു പള്ളിയെപ്പററിയുള്ള പാട്ടിൽ,

"പള്ളി പലതുണ്ടു കീഴ്മലനാട്ടുകൾ തന്നിൽ
ഭംഗിയതിലേററം പെരുകുന്ന മുതലക്കോടം" എന്നും

കടത്തുരുത്തി വലിയപള്ളിയുടെ കുരിശിൻെറ പാട്ടിൽ,

വെൺപലനാട്ടിൽ പടവിയേറും—വെണ്മകൾ തങ്കും കട-
(ത്തുരുത്തിൽ" എന്നും

കാണുന്നു. (പുരാതനപ്പാട്ടുകൾ) വെൺപലനാടെന്ന് അച്ചടിച്ചിരിക്കുന്നതു് വെൺമലനാടെന്നായിരിക്കണം. വെൺകൾ എന്ന അടുത്ത പാദത്തിലെ ദ്വിതീയാക്ഷരപ്രാസവും എന്നാൽ ശരിപ്പെടുന്നതാകുന്നു. വെൺമലനാട്ടു എന്ന ശബ്ദത്തിനു പ്രത്യക്ഷമായി അന്വർത്ഥതയുള്ളതും പ്രസ്താവയോഗ്യമാകുന്നു. വെൺമലനാട്ടു നിഷ്കർഷ കുറഞ്ഞു വെൺപലനാട്ടും പിന്നെ വേമ്പനാട്ടുമായതായി വിചാരിക്കേണ്ടിയിരിക്കുന്നു. "ബിംബലീ" ശബ്ദത്തിനു ശുകസന്ദേശവ്യാഖ്യാനത്തിൽ അനന്തനാരായണശാസ്ത്രികൾ "വേമ്പനാടിതി പ്രസിദ്ധോ ദേശഃ" എന്നു അർത്ഥം പറഞ്ഞിരിക്കുന്നതു ശരി എന്നു പറയേണ്ടതില്ലല്ലോ.

ഇങ്ങനെ സന്ദേശത്തിലെ നായികയുടെ ഗൃഹം വടക്കുംകൂർരാജ്യത്തു കടത്തുരുത്തിപ്പട്ടണത്തിലാണെന്നു സ്പഷ്ടമാകുന്നു. തിരുവതാംകൂർചരിത്രം പല ഭാഗങ്ങളും അന്ധകാരമയമായിരിക്കുന്ന കൂട്ടത്തിൽ വടക്കുംകൂർചരിത്രം മിക്കവാറും അസ്പഷ്ടമായിരിക്കുന്നു. കൊല്ലം ൯൨൭-ൽ തെക്കുംകൂറിൻെറ അധഃപതനശേഷം വടക്കുംകൂർരാജാവു കോഴിക്കോട്ടേക്കു പലായനംചെയ്കയും വടക്കുംകൂർ രാജ്യം രാമയ്യൻദളവാ തിരുവിതാംകൂർ സംസ്ഥാനത്തോടു ചേർക്കയും ചെയ്തതായി ശംകുണ്ണിമേനോൻെറ തിരുവിതാംകൂർചരിത്രത്തിൽ കാണുന്നു. മിസ്റ്റർ മഹാദേവയ്യർ ഈയിടെ എഴുതിയ "വെന്യുമാനുവൽ" എന്ന പുസ്തകത്തിൽ ടി പ്രസ്താ

വനയെ സ്ഥിരീകരിക്കുന്നതായി പത്മനാഭസ്വാമികോവിലിലെ ഗ്രന്ഥപ്പുരയിൽ നിന്നു കിട്ടിയിട്ടുള്ള ചില റിക്കാരട്ടുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പ്രസ്താവയോഗ്യമാകുന്നു. റെവറണ്ട് "ഹൌ" (Hough) എന്നയാൾ "ഇൻഡ്യയിലെ ക്രിസ്ത്യൻമതചരിത്രം" എന്നൊരു പുസ്തകം എഴുതീട്ടുള്ളതിൽ നിന്നു കടുത്തുരുത്തിയെപ്പററി ചില വിവരങ്ങൾ കിട്ടുന്നുണ്ട്. പോർട്ടുഗീസുകാർക്ക് ഇവിടെ പ്രാബല്യമുണ്ടായിരുന്ന കാലത്ത് അവരുടെ ശ്രമം സുറിയാനിക്കാരെ റോമായിലെ പോപ്പിൻെറ കീഴ്‌വരുതിയിലാക്കണമെന്നായിരുന്നു. ഈ കാര്യത്തിൽ അത്യുത്സാഹിയായിരുന്നതു "മെനസീസ്" എന്നു പേരായ ഒരു പാശ്ചാത്യപുരോഹിതനായിരുന്നു. അയാൾ ക്രിസ്താബ്ദം ൧൫൯൯-ൽ ജൂൺമാസത്തിൽ ഉദയംപേരൂർ സുന്നഹദോസ് (സഭായോഗം) സംഘടിപ്പിച്ച സംഗതി ക്രിസ്ത്യൻചരിത്രത്തിൽ പ്രസിദ്ധമാകുന്നു. സുന്നഹദോസിനു മുമ്പായി അയാൾ പല ദേശങ്ങളിൽ സഞ്ചരിച്ച കൂട്ടത്തിൽ കടുത്തുരുത്തിയിലുമെത്തി. വരും വഴിക്കു മംഗലം എന്ന സ്ഥലത്തുവച്ചു അയാളെ നായന്മാർ ഉപദ്രവിക്കാൻ ചെന്നതായും മററും ചരിത്രകാരൻ പറയുന്നു. മെനസീസ് കടുത്തുരുത്തിയിൽ വന്നതു ക്രിസ്താബ്ദം ൧൫൯൯ ഏപ്രിൽമാസം ൧-ാംനു-യാണ്. (അതായതു കൊല്ലവർഷം ൭൭൪ മീനത്തിൽ) അന്നു കടുത്തുരുത്തി "പിമെൻറ"യിലെ റാണിയുടെ അധീനതയിൽ ആയിരുന്നു. "പിമെൻറ്" എന്നു കാണുന്നതു "വെമ്പനാട്ടു" എന്നതിനു പാശ്ചാത്യഭാഷയിൽ അക്ഷരവ്യത്യയം നിമിത്തം നേരിട്ട രൂപമാണെന്നു ഞാനൂഹിക്കുന്നു. ഈ റാണിയുടെ നാമധേയമെന്തെന്നറിയുന്നില്ല. അവരുടെ കൊട്ടാരം കടുത്തുരുത്തിയിൽ നിന്നു നാലഞ്ചുനാഴിക അകലെയായിരുന്നു. റാണിയുടെ വംശം ക്ഷയോന്മുഖമായിരുന്നതുകൊണ്ട് അവർ "തുരുബലെ" (Turubale) രാജാവിനെ ദത്തുപുത്രനായി അംഗീകരിച്ചിരുന്നു. ഇതു തൊടുപുഴ രാജാവാണെന്നു

കുയ്യൻപാദ്രിഎഴുതിയ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അഥവാ തിരുവല്ലാ രാജാവായിരിക്കുമോ? മതവിഷയമായി മെനസീസ് കടത്തുരുത്തിയിൽ ആരംഭിച്ച സ്വാതന്ത്ര്യങ്ങൾ നിമിത്തം സ്ഥലത്തുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ വളരെ ക്ഷോഭം ഉണ്ടാകയും മൂന്നുദിവസത്തിനകം അവിടം വിട്ട് അയാൾ പൊയ്ക്കൊള്ളണമെന്നു റാണി കല്പനയാകയും ചെയ്തു. പക്ഷെ കൌശലത്തിലും പ്രശ്രയം കൊണ്ടും അയാൾ റാണിയെക്കൊണ്ടു ടി കല്പന നടത്തിക്കാതെ അവിടെത്തന്നെ കുറേക്കൂടി താമസിച്ചു.

ക്രിസ്താബ്ദം ൧൬൩൩ ഫെബ്രുവരി ൧-ാംനു- കടത്തുരുത്തി വലിയ പള്ളിയിൽ വെച്ച് ഒരു നാട്ടുമെത്രാനെ വാഴിച്ചിട്ടുള്ളതായി ഇററലിക്കാരനായ യോസഫ സബാസ്റ്റിയേനികാമ്മലൈററുമെത്രാൻെറ ചരിത്രത്തിൽ കാണുന്നു. (റെവറണ്ടു ഫാദർ ബർനാഡു എഴുതിയ മാർ തോമ്മാക്രസ്ത്യാനികൾ എന്ന പുസ്തകം) പൂഞ്ഞാർ കോയിക്കലെ ആധാരകാര്യ്യം മുമ്പു പറഞ്ഞുവല്ലോ. ഇതിനും പുറമേ ഐതിഹ്യരൂപത്തിലും ചില കഥകൾ ഉണ്ടു്. അതു "ഇടനാടൻ" പാട്ടെന്നു പറഞ്ഞു പാണന്മാർ, പുള്ളുവന്മാർ മുതലായവർ പാടാറുള്ള ഒരു പാട്ടിനെ അടിസ്ഥാനമാക്കിയാകുന്നു. പാട്ട് അച്ചടിച്ചിട്ടുള്ളതായി അറിയുന്നില്ല. അതിൻെറ സംക്ഷേപം താഴെക്കാണുമ്പോലെയാകുന്നു. ഇളംങ്ങല്ലൂർ കോതവമ്മരുടെ അനുവാദപ്രകാരം വടക്കുംക്കൂർ രാജാവിനുകൂടി അവകാശമുണ്ടായിരുന്ന ഒരു സ്ഥലത്തു് ഒരുവൻ കൃഷിചെയ്തു. വടക്കുംക്കൂർ രാജാവിൻെറ പ്രതിപുരുഷൻ കൃഷി നശിപ്പിക്കാൻ അവിടെ ചെന്നു കൃഷിക്കാവൽക്കാർ അയാളെ വേണ്ടപോലെ പ്രഹരിച്ചു വിട്ടു. വടക്കുംക്കൂർരാജാവു മാമലശ്ശേരികൈമ്മളുടെ സാഹായ്യമവലംബിച്ച് ഇളങ്ങല്ലൂർ രാജാവു (അദ്ദേഹം അന്നു കരപ്പുറം ഭരിച്ചിരുന്നു) മുതൽപേരോടു പടയ്ക്കു പുറപ്പെട്ടു. പടയിൽ മാമലശ്ശേരികൈമ്മൾ വധിക്കപ്പെട്ടുകയും അയാളു

ടെ അൻചരനായ "ഇടനാടൻ" മുറിവേൽക്കയും വടക്കുംക്കൂർ തോൽക്കയും ചെയ്തു. വളരെ നാൾ കഴിഞ്ഞു "എടനാടൻ" വൈരനിര്യാതനത്തിന് ആയുധവിദ്യയും മന്ത്രവിദ്യയും അഭ്യസിച്ചു കരപ്പുറത്തു ചെന്നു വീരരാരിച്ചകോവിലധികാരികളെയും അദ്ദേഹത്തിൻെറ ഭാര്യ ഉണ്ണുനീലിനേത്യാരേയും വധിച്ചു.

"പട്ടി പൂച്ച ജനിക്കിലുമേ വടക്കുംക്കൂററിൽ ജനിക്കണമേ
നാലില്ലം ജനിക്കിലുമേ വടക്കുംക്കൂററിൽ ജനിക്കണമേ
നായന്മാർ പിറക്കിലുമേ വടക്കുംക്കൂററിൽ പിറക്കണമേ"

ഇത്യാദി വടക്കുംക്കൂറിൻെറ പ്രശംസാഘോഷണത്തോടു കൂടി പ്രസ്തുതഗാനം അവസാനിക്കുന്നു.

പ്രകൃതമായ ഉണ്ണുനീലിസന്ദേശകാലത്തു വടക്കുംക്കൂർ ഭരിച്ചിരുന്നതു മണികണ്ഠൻ എന്നൊരു രാജാവായിരുന്നു. സന്ദേശം ൧൩൧, ൧൩൪, ൧൩൭, ഈ ശ്ലോകങ്ങൾകൊണ്ടു് അന്ന് മണികണ്ഠനെക്കൂടാതെ കോതവമ്മൻ, ഇരവിമണികണ്ഠൻ, രാമവമ്മൻ ഇങ്ങനെ മൂന്നു രാജാക്കന്മാർ കൂടി ആ രാജവംശത്തിലുണ്ടായിരുന്നതായി തെളിയുന്നു. മണികണ്ഠൻ എന്നതു വടക്കുംക്കൂർ രാജാക്കന്മാരുടെ സ്ഥാനപ്പേരാണെന്നു മിസ്റ്റർ പരമേശ്വരയ്യർ അഭിപ്രായപ്പെട്ടിട്ടുള്ളതായി ഓക്കുന്നു. ഈ അഭിപ്രായത്തിൻെറ അടിസ്ഥാനമെന്തെന്ന് അത്ര വ്യക്തമാകുന്നില്ല. "പൂണാരം മണികണ്ഠവെമ്പലമഹീപാലൈകചൂഡാമണേഃ" എന്ന ഭാഗത്തെ വ്യാഖ്യാനിച്ചു് ഉണ്ണുനീലി വടക്കുംക്കൂർ രാജാക്കന്മാരിൽ ഒരാളിൻെറ ഭാര്യയായിരുന്നു എന്നു സമത്ഥിക്കുന്നതിനുവേണ്ടി മാത്രം ആ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതായി തോന്നുന്നു.

വടക്കുംക്കൂർരാജവംശത്തിൽ മററു പേരുള്ള രാജാക്കന്മാർ ഉണ്ടായിരുന്നുവെന്നു മുൻപറഞ്ഞ പൂന്താർരേഖ തെളിയിക്കുന്ന സ്ഥിതിക്കു മണികണ്ഠനാമധേയം സവ്വസാധാര

ണമല്ലായിരുന്നു എന്നു വ്യക്തപ്പെടുന്നു. മണികണ്ഠനാമധേയം, മററു രാജവംശങ്ങളിൽ ഉണ്ടായിരുന്നതായും കാണുന്നു. കോട്ടയത്തു വല്യപള്ളി സ്ഥാപിച്ചതു് കൊല്ലം ൨൭൩-ാമാണ്ടാണെന്നും അന്നു തെക്കുംകൂറിൽ മൂപ്പ് വീരകേരളർ ആദിത്യവർമ്മയ്ക്കും ഇളമുറ വീരമണികണ്ഠനുക്കും ആയിരുന്നു എന്നും "പുരാതനപാട്ടുകൾ" പ്രസ്താവിക്കുന്നു. മണികണ്ഠപുരം എന്നു പേരായി ക്ഷേത്രങ്ങൾ തെക്കുംകൂറിലും വടക്കുംകൂറിലുമുണ്ട്. അതുപോലെ തന്നെ തളിയിൽക്ഷേത്രവും "പുരാതനഗാനങ്ങൾ" മുതലായവയുടെ വിശ്വാസയോഗ്യത ചിലടത്തു പ്രഥമദൃഷ്ടിക്കു ചഞ്ചലമായി തോന്നിയേക്കാം. ഉദാഹരണത്തിന്നു "മെനിസിസ്" കടത്തുരുത്തിയിൽ വന്നപ്പോൾ വടക്കുംകൂറിൽ ഗോദവർമ്മൻ എന്നൊരു രാജാവുണ്ടായിരുന്നതായി ടി പാട്ടുകളിൽ നിന്നു തെളിയുന്നു. പക്ഷേ അപ്പോൾ ആ രാജകുടുംബത്തിൽ ഒരു റാണി രാജ്യഭരണം ചെയ്തിരുന്നു എന്നു ചരിത്രം വ്യക്തമാക്കുന്നു. ഗോദവർമ്മന്റെ കഥയ്ക്കു് എന്തു സമാധാനമാണുള്ളതു്? ഒരു പക്ഷേ ടി ഗോദവർമ്മൻ റാണിയുടെ ദത്തുപുത്രൻ എന്നു പറഞ്ഞ ആളായിരിക്കാമെന്നുള്ളതുകൊണ്ടു പ്രസ്തുത പാട്ടുകൾ അബദ്ധമാണെന്നു വരുന്നില്ല. ചുരുക്കത്തിൽ മണികണ്ഠനാമം വടക്കുംകൂർ രാജാക്കന്മാരുടെ മാറാപ്പേരായിരുന്നെന്നു സ്ഥാപിക്കുന്നതിന്നു പ്രബലങ്ങളായ ഇതരരേഖകൾ വേണ്ടിയിരിക്കുന്നു.

മേൽ സംക്ഷേപിച്ച വടക്കുംകൂർ വംശചരിത്രം നിരൂപ്യമാണമായ വിഷയത്തിൽ സംഘടിക്കുന്നതെങ്ങനെയെന്നു് ഉപരി വിശദീകരിക്കാം.

സന്ദേശമെവിടെനിന്നയയ്ക്കുന്നു എന്നുള്ള സംഗതിയിൽ സന്ദേഹത്തിനവകാശമില്ല.

"സ്യാനന്ദൂരേ ബത പുരവരേ ചെന്നനേരത്തുണർന്നാൻ
ആനന്ദത്തോടഥ വിരഹിതോ വേറിരുന്നുണ്ണുനീലീം"

ഇത്യാദി വളരെ ഭാഗങ്ങൾ അത്തു തിരുവനന്തപുരം തന്നെ എന്നു വ്യക്തീകരിക്കുന്നു. സന്ദേശധാരൻ ആദിത്യവൎമ്മമഹാരാജാവാണെന്നും സ്പഷ്ടംതന്നെ. ഏതാദിത്യവൎമ്മൻ? ആദിത്യവൎമ്മാവെന്നു പേരായി പല രാജാക്കന്മാരും തിരുവിതാംകൂർ രാജവംശത്തിലുണ്ടായിട്ടുണ്ടു്- ഈ ഭാഗത്തു മിസ്റ്റർ പരമേശ്വരയ്യർ പ്രസരിപ്പിച്ചിട്ടുള്ള അന്വേഷണപ്രകാശത്തിൽ അന്യഥാ പുറപ്പെട്ടുവിക്കാവുന്ന യാതൊരു വാദത്തിനും സ്ഥാനമില്ല. അദ്ദേഹത്തിന്റെ ഗാഢമായ ചരിത്രജ്ഞാനവും വൈദുഷ്യവും ഈ അംശത്തിനു വളരെ വൈശദ്യമുണ്ടാക്കിയിട്ടുണ്ടെന്നുള്ളതു സവിശേഷമായ ശ്ലാഘയെ അൎഹിക്കുന്നു.

ആദിത്യവൎമ്മൻ എന്നു പേരുള്ളതായി തിരുവിതാംകൂർ രാജവംശത്തിൽ അനേകം രാജാക്കന്മാരുണ്ടായിരുന്നു എന്നു മുൻപു പറഞ്ഞതല്ലോ. തിരുവിതാംകൂർ ഗവൎമ്മെൻറു ഇംഗ്ലീഷ് പഞ്ചാംഗങ്ങളിൽ, ക്രിസ്താബ്ദം ൧൩൭൬ മുതൽ ൭ വൎഷത്തേയ്ക്കും ൧൪൬൯ മുതൽ ൭ വർഷത്തേയ്ക്കും ൧൬൬൧ മുതൽ ൧൬ വർഷത്തേയ്ക്കും ഇങ്ങനെ മൂന്ന് ആദിത്യവൎമ്മന്മാർ വാണിരുന്നതായി പ്രസ്താവന കാണുന്നു. പഞ്ചാംഗത്തിൽ ഈ ഭാഗത്തിന്റെ അടിസ്ഥാനം പാച്ചുമൂത്തതവർകളുടെ ചരിത്രമാണെന്നു ശംകുണ്ണിമേനോൻ അവർകളുടെ ചരിത്രത്തിൽ ഒരു സൂചന കാണുന്നതല്ലാതെ പിന്നെ വല്ലതുമുണ്ടോ എന്നറിയുന്നില്ല. മിസ്റ്റർ മേനവന്റെ ചരിത്രത്തിൽനിന്നു ആദിത്യവൎമ്മഗണനയിൽ താഴെപ്പറയുന്ന സംഗതികൾ സംഗ്രഹിക്കാം. കൊല്ലവർഷം ൩൬൭-ാമാണ്ട് ആദിത്യവൎമ്മരാജാവിന്റെ കാലത്തു പൂഞ്ഞാററുകോയിക്കലേയ്ക്കു പൂഞ്ഞാററിടവകയിൽ കുറെ സ്ഥലം സിദ്ധിച്ചതായി പറയുന്നു: പിന്നീട് ഒരാദിത്യവൎമ്മാവു കൊല്ലമഞ്ചാംശതാബ്ദത്തിൽ കോലത്തുനാട്ടുനിന്നു രണ്ടു തമ്പുരാട്ടിമാരെ ദത്തെടുത്തു. അദ്ദേഹം വടക്കംപ്രദേശങ്ങളിലും സ്വപ്രാബല്യത്തെ പ്രസരിപ്പിച്ചു. ഉദാഹരണത്തിനു

കൊല്ലം ൫൪൭-ാമാണ്ടു വെയ്ക്കം ദേവസ്വത്തിലെ കണക്കുകൊണ്ടു് ആ ദേവസ്വത്തിൽ ആദിത്യവൎമ്മരാജാവിനു കോയ്മ അക്കാലത്തുണ്ടായിരുന്നതായിക്കാണുന്നു. ൫൬൦-ാമാണ്ടു ടി രാജാവിന്റെ നിൎയ്യാണശേഷം ശ്രീവീരരാമമാൎത്താണ്ഡവൎമ്മരാജാവു് ൫൪൦-വരെ നാടുവാണു. അനന്തരം ൫൫൧-വരെ ഇരവിവൎമ്മരാജാവും അതിനുശേഷം മൂന്നു മാസത്തേയ്ക്കു "കുലശേഖരപ്പെരുമാളുമായി" അഭിഷിക്തനായ കേരളവൎമ്മരാജാവും പിന്നീടു ൬൧-വൎഷത്തേക്കു ചേരഉദയമാൎത്താണ്ഡവൎമ്മരാജാവും രാജ്യം ഭരിച്ചു. ഒടുവിൽ പറഞ്ഞ രാജാവിന്റെ ദീൎഘമായ രാജ്യഭാരകാലത്തു മുൻ കൈവിട്ടുപോയിരുന്ന പാണ്ഡ്യദേശപ്രാന്തങ്ങൾ വീണ്ടെടുക്കയാൽ അദ്ദേഹത്തിന്റെ വാസഭൂമി മിക്കവാറും വള്ളിയൂർ, ചേരമഹാദേവി, (ചെമ്മാദേവി) ഇവിടെയായിരുന്നു. പാണ്ഡ്യരുമായുള്ള പരമ്പരീണമായ പരസ്പരസ്പൎദ്ധാനിമിത്തം അദ്ദേഹം ഒടുവിൽ ഇളയടത്തുനാട്ടിലേയ്ക്കു് അതായതു കൊട്ടാരക്കരെയ്ക്കു മാറിയതായും കാണുന്നു. പിന്നീടു് ൬൨൧-വരെ നാടുവാണിരുന്നതു വേണാട്ടു മൂത്തരാജാവായിരുന്നു. അതിനു ശേഷം ൭൫൫-വരെയുള്ള ചരിത്രം അന്ധകാരമയമായിരിക്കുന്നു എന്നു മിസ്റ്റർ മേനവൻ ഖേദിക്കുന്നു. ക്രിസ്താബ്ദം ൧൪൭൦ മുതൽ ൧ വൎഷത്തേയ്ക്കും ൧൫൩൨ മുതൽ ൪-വൎഷത്തേയ്ക്കും ൧൬൩൧ മുതൽ ൧൬ വൎഷത്തേയ്ക്കും ഓരോ ആദിത്യവൎമ്മന്മാർ രാജ്യഭാരം ചെയ്തിരുന്നതായി മിസ്റ്റർ മേനവനും പ്രസ്താവിക്കുന്നുണ്ടു്.

ശങ്കുണ്ണിമേനോൻ അവൎകളുടെ ചരിത്രം പ്രസിദ്ധപ്പെടുത്തിയതു ൧൦൫൪-ൽ ആകുന്നു. അതിനുശേഷം ശിലാലിഖിതാദിരേഖകളെ ഗ്രഹിച്ചും വ്യാഖ്യാനിച്ചും കാലത്തിന്റെ ഗുഹാന്തരാളങ്ങളിൽ മറഞ്ഞു കിടന്ന പലേ പുരാവൃത്തങ്ങളേയും പണ്ഡിതന്മാർ പ്രകാശിപ്പിച്ചിരിക്കുന്നു. അതിലേയ്ക്കു് ഒരു വകുപ്പു തന്നെ തിരുവിതാംകൂർഗവൎമ്മെൻറു് ഏൎപ്പെടുത്തിയിട്ടുമുണ്ടു്. ഇങ്ങനെയുള്ള സാമഗ്രി

കളുടെ സഹായം കൂടി അവലംബിച്ചാണ് മിസ്റ്റർ നാഗമയ്യാ "സ്റ്റേററമാനുവൽ (State Manual) എഴുതിയതു്. അതുകൊണ്ടു മിസ്റ്റർ നാഗമയ്യായുടെ ഗ്രന്ഥത്തിൽ ആദിത്യവർമ്മന്മാരെ അധികരിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങളെ താഴെ സംക്ഷേപിക്കാം.

(കൊല്ലം ൩൬൮-ാമാണ്ടിടയ്ക്കു ശ്രീവല്ലഭപാണ്ഡ്യൻ എന്ന പാണ്ഡ്യരാജാവു കിഴക്കൻ വെമ്പനാട്ടും പടിഞ്ഞാറെ വെമ്പനാട്ടും) (തിരുനൽവേലിയിലും വടക്കൻതിരുവിതാംകോട്ടും) രാജ്യഭാരം ചെയ്തിരുന്നു. ആ രാജാവു ശ്രീവീരഉദയമാർത്താണ്ഡവർമ്മരാജാവിൻെറ പുത്രി ത്രിഭുവനദേവിയെ വിവാഹംചെയ്തു. (തുടർച്ചയായ ചരിത്രഭാഗം ഇവിടെ സംബന്ധിക്കുന്നില്ല) കാഞ്ചീപുരത്തു് അരുളാളപ്പെരുമാൾകോവിലിലെ ലേഖകൾ അടിസ്ഥാനമാക്കി കൃപകവംശ്യയായ ഉമാദേവി ജയസിംഹൻ എന്ന ചോളരാജാവിൻെറ ഭാൎയ്യയായിരുന്നു എന്നു പ്രൊഫസർ കീൽഹാറൻ പറയുന്നു. (Kilhorn) അദ്ദേഹം കൊല്ലത്തു ക്രിസ്താബ്ദം ൧൨൬൬ ഇടയ്ക്കു വാണിരുന്നു. ഉമാദേവിയുടെ പുത്രൻ ആണു് രവിവൎമ്മ കുലശേഖരപ്പെരുമാൾ. അദ്ദേഹം വലിയ യോദ്ധാവായിരുന്നു. പാണ്ഡ്യരേയും ചോളരേയും ജയിച്ചശേഷം കാഞ്ചീപുരത്തുവച്ചു് അദ്ദേഹം അഭിഷിക്തനായി. ഈ മഹാരാജാവിൻെറ രാജധാനി കൊല്ലമായിരുന്നു. രവിവൎമ്മൻെറ കാലം ക്രിസ്താബ്ദം ൧൩൧൩ ഇടയ്ക്കാണു്. അക്കാലത്തു ശ്രീവീരഉദയമാർത്താണ്ഡവൎമ്മാ അഥവാ വീരപാണ്ഡ്യദേവൻ വേണാട്ടു രാജാവായിരുന്നു. അനന്തരം മിസ്റ്റർ നാഗമയ്യാ ശംകുണ്ണിമേനോനവർകളെ ആധാരമാക്കി ൪൦൪-ാമാണ്ടിടയ്ക്കു മുൻപറഞ്ഞ ആദിത്യവൎമ്മാവുണ്ടായിരുന്നതായും പറയുന്നു: വടശ്ശേരി കൃഷ്ണൻകോവിലിലെ ശിലാശാസനം അനുസരിച്ചു് ൪൦൯-ാമാണ്ടു് ആദിത്യവൎമ്മ കുലശേഖരപ്പെരുമാളിൻെറ പിൻതുടൎച്ചക്കാരനായിരിക്കാമെന്നും മിസ്റ്റർ നാഗമയ്യാ അഭിപ്രായപ്പെടുന്നു. പത്മനാഭസ്വാമികോവിലിലെ

ഗ്രന്ഥവരിപ്രകാരം ൪൨൦-ാമാണ്ടു ശ്രീവീരകേരളവൎമ്മ തിരുവടി രാജാവായിരുന്നെന്നു കാണുന്നു. ൪൨൪-മുതൽ ൪൭൭-വരെ ശ്രീവീരമാൎത്താണ്ഡവൎമ്മ (തൃതീയൻ) രാജാവായിരുന്നെന്നു രാജനാരായണചതുൎവ്വേദിമംഗലംക്ഷേത്രത്തിലെ ശിലാലേഖനങ്ങൾ തെളിയിക്കുന്നു. ഇദ്ദേഹം ൪൭൦-ാമാണ്ടു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ചില പ്രായശ്ചിത്തങ്ങൾ കഴിച്ചതായും കാണുന്നു. അക്കാലത്തു് ദക്ഷിണതിരുവിതാംകൂർ പാണ്ഡ്യരുടെ അധീനതയിൽ വൎത്തിച്ചിരുന്നതായി മിസ്റ്റർ നാഗമയ്യ അഭിപ്രായപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ശകാബ്ദം ൧൧൯൨-ക്കു തുല്യമായ ക്രിസ്താബ്ദം ൧൨൭൦-ൽ കോട്ടാർ രാജേന്ദ്രചോളേശ്വരം ക്ഷേത്രം ശ്രീകൊച്ചടയ്യവൎമ്മാ അഥവാ ത്രിഭുവനചക്രവൎത്തി ശ്രീപരാക്രമപാണ്ഡ്യൻ എന്ന രാജാവു് ജീൎണ്ണോദ്ധാരണംചെയ്തിട്ടുള്ളതായി തെളിയുന്നു. ഇദ്ദേഹം തന്നെയാണു ജാതവൎമ്മപരാക്രമപാണ്ഡ്യൻ എന്നും മിസ്റ്റർ നാഗമയ്യാ പറയുന്നു. ദക്ഷിണതിരുവിതാംകൂറിൽ ഈ രാജാവു് ൪൭൨-മുതൽ ൪൯൯-വരെ ആധിപത്യം നടത്തിയതായും ശ്രീവീരഉദയമാൎത്താണ്ഡവൎമ്മാവും ഇദ്ദേഹവും തമ്മിൽ പടവെട്ടുണ്ടായിരിക്കാനിടയുണ്ടെന്നും അനുമാനിക്കപ്പെട്ടിരിക്കുന്നു. പ്രൊഫസ്സർ സുന്ദരംപിള്ള അവൎകളാൽ പ്രകാശിതനായി "സൎവ്വാംഗനാഥ" ആദിത്യവൎമ്മാവെന്നും ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ക്രിസ്താബ്ദം ൧൩൭൬-ൽ തിരുവനന്തപുരത്തു ഗോപാലകൃഷ്ണസ്വാമിപ്രതിഷ്ഠ കഴിപ്പിച്ചു. ഈ രാജാവു് മാൎത്താണ്ഡവൎമ്മരാജാവിന്റെ ആധീനതയിൽ വൎത്തിച്ച പ്രതിപുരുഷനായിരിക്കാമെന്നു മിസ്റ്റർ നാഗമയ്യാ പറയുന്നു. കൊല്ലം ൪൭൫-ാമാണ്ടു തൃപ്പാപ്പൂർ മൂത്തതിരുവടി ശ്രീവീരഇരവിവൎമ്മനായിരുന്നു. കോട്ടാർ മുതലായ ദക്ഷിണപ്രദേശങ്ങൾ അദ്ദേഹത്തിന്റെ കാലത്തു ജാതവൎമ്മപരാക്രമപാണ്ഡ്യന്റെ കൈവശത്തിൽനിന്നു വീണ്ടെടുത്തിരിക്കാനിടയുണ്ടു്. ഈ രവിവൎമ്മവിന്റെ പിന്തുടൎച്ചക്കാർ കീഴെ

പ്പേത്രർ ശ്രീവീരകേരളമാൎത്താണ്ഡവൎമ്മാവും തൃപ്പാപ്പൂർ മൂത്ത തിരുവടിയായിരുന്ന മാൎത്താണ്ഡവൎമ്മാവുമായിരുന്നു. പിന്നെയും ഒൻവ-ൽ തൃപ്പാപ്പൂർ മൂത്ത തിരുവടി ശ്രീവീര രവിവൎമ്മനാണെന്നു കാണുന്നു. അനന്തരം കൊല്ലം ന്ദർ൪-വരെ ശ്രീവീരരാമമാൎത്താണ്ഡപ്പെരുമാറ്റം രാജ്യഭാരംചെയ്തിരുന്നു. അക്കാലത്തുതന്നെ ചിറവാ മൂത്തതിരുവടി ചെമ്പക ആദിത്യവർമ്മ എന്നൊരു രാജാവുണ്ടായിരുന്നു. ഇവരിൽ മാൎത്താണ്ഡവൎമ്മ ജയസിംഹനാട്ടുശാഖയും ആദിത്യവൎമ്മാവ് ആററിങ്ങൽ ശാഖയുമായിരിക്കുമെന്നു മിസ്ററർ നാഗമയ്യാ അഭിപ്രായപ്പെടുന്നു. അക്കാലത്തു തന്നെ കൃപകവംശത്തിൽ കുലശേഖരനമ്പിരാട്ടിയാർ എന്നൊരു രാജ്ഞിയും ഉണ്ടായിരുന്നു. പിന്നെ ചെമ്പകരാമവൎമ്മ എന്നൊരു രാജാവു വാണിരുന്നു- അതിനുശേഷം ന്ദർ൬-ൽ ശ്രീവീരകോത ആദിത്യവൎമ്മ, ചിറവാ മൂത്തപണ്ടാരം, രാജാവായി. (ന്മൈ-നും ന്ദവ്യവ-നും ഇടയ്ക്കായി ഒരാദിത്യവൎമ്മാവുണ്ടായിരുന്നതായി കാണുന്നു.)

ഇനി ഇവിടെ നോക്കുവാനുള്ളത് നമ്മുടെ സന്ദേശധാരിയായ ആദിത്യവൎമ്മൻ ഇവരിൽ ആരാണെന്നാകുന്നു.

"തൃപ്പാപ്പൂർ മൂപ്പഴകു പൊഴിയും വീരനാദിച്ചവൎമ്മൻ"
എന്നും,

"തൃപ്പാപ്പൂർ മൂപ്പഴകുപൊഴിയും വീരമംഗല്യശാംസി"
എന്നുംമററുമുള്ള ഭാഗങ്ങൾകൊണ്ടു പ്രസ്തുത സന്ദേശധാരി അക്കാലത്തു തൃപ്പാപ്പൂർ ശാഖയിൽ മൂപ്പനായിരുന്നെന്നു സ്പഷ്ടംതന്നെ.

"ഭേദാഭേദപ്രഗുണിതപുരാണേതിഹാസാഗമാനാം
കേദാരത്തെച്ചിരമടിതൊഴുവോർക്കു ചിന്താമണിം തം
വേദംനാലാക്കിയ മുനിവരം വിശ്വവേദാന്തവേദ്യം
പാദാംഭോജേ തൊഴുക തരസാ വീണു സൎവ്വാംഗനാഥ!"
എന്നും,

"രാജ്യാനാമങ്ങിനിയ പതിനെട്ടിന്നുമങ്ങായുധാനാം
വിദ്യാനാഞ്ച ത്വമപി പെരുമാറും വീരസംഗ്രാമധീര"

എന്നും ഉള്ള ഭാഗങ്ങൾകൊണ്ടു പ്രസ്തുത രാജാവിനു "സർവാംഗനാഥൻ," "സംഗ്രാമധീരൻ" ഇങ്ങനെ ബിരുദ നാമങ്ങൾ ഉണ്ടായിരുന്നതായി പ്രത്യക്ഷപ്പെടുന്നു.
ഇനിയും,

"നാരീമൌലേ! മമ മലർമകൾക്കങ്ങിരിപ്പാന്തിരുപ്പാ-
പ്പൂരെൻറില്ലം വെരളമിളമാൻകണ്ണി! വേണാട്ടിലങ്ങ്.
താരാനാഥപ്രതിമവദനേ! പേരുമാദിച്ചവർമ്മൻ
പാരേറിടും പുകളിരവിവർമ്മന്നു രണ്ടാമവൻഞാൻ"

എന്ന ശ്ലോകംകൊണ്ടും സന്ദേശം ൭൦-ാം ശ്ലോകത്തിൽ "പേരിച്ചൊല്ലാർ മനസിജ! നിനക്കണ്ണനേ" ഇത്യാദി മിസ്റ്റർ പരമേശ്വരയ്യർ അംഗീകരിക്കുന്ന പാഠം "മനസിജകയൽക്കണ്ണനേ" ഇത്യാദി രസികരഞ്ജിനി പാഠത്തെക്കാൾ സാധീയസ്സായി തോന്നുന്നതുകൊണ്ടും ഈ ആദിത്യവർമ്മരാജാവ്, ഇരവിവർമ്മരാജാവിൻെറ ഇളയ സഹോദരനായിരുന്നെന്നും തെളിയുന്നു. അങ്ങനെയാണെങ്കിൽ ടി ആദിത്യവർമ്മരാജാവിനു രാജ്യഭാരമുണ്ടായിരുന്ന കാലത്താണ് പ്രകൃതസന്ദേശമെന്നു വിചാരിക്കാൻ തരമുണ്ടോ എന്നൊരു ചോദ്യത്തിനവകാശമുണ്ട്. സന്ദേശകാലത്ത് ആദിത്യവർമ്മരാജാവിനു തൃപ്പാപ്പൂർശാഖയിൽ മൂപ്പായിരുന്നു എന്ന് മുൻ ഉദ്ധരിച്ച ഭാഗങ്ങൾക്കുപുറമേ,

"മൽപ്പാടസ്സിൻ മരുവുമചലപ്പെണ്ണിനെക്കൈവണങ്ങി
തൃപ്പാപ്പൂർമൂപ്പുടയ മടവാർ മാരനേ നീ വിരഞ്ഞു്."
"തൃപ്പാപ്പൂർവാഴ്ന്നമൃതകരനേ! വല്ലവായ്ക്കോയിൽകൊള്ളി-
ൻറപ്പൻതന്നെത്തൊഴക മഴകോലിൻെറ നിലാംബുദാഭം"
''അപ്പോൾനിചെന്നനുപമഗുണാമല്പസംബന്ധമധ്യാം
തൃപ്പാപ്പൂർ വാണ്ണവനിമദനാ! തീവ്രശോകാഭിഷംഗാം."

ഇത്യാദി സന്ദേശഭാഗങ്ങൾകൊണ്ടു് അക്കാലത്തു തൃപ്പാപ്പൂർ ശാഖയിൽ മൂപ്പും ഭരണവും ആദിത്യവർമ്മരാജാവിനുതന്നെ ആയിരുന്നെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. പ്രഥമദൃഷ്ടിക്കു ഇവിടെ തോന്നാവുന്ന വൈഷമ്യം വ്യാഖ്യാനിക്കാവുന്നതാണു്. ഒന്നാമതായി നാം ഓർക്കേണ്ട സംഗതി അക്കാലത്തു് തിരുവിതാംകൂർ രാജവംശത്തിൽ നാലഞ്ചു ശാഖകൾ ഉണ്ടായിരുന്നു എന്നുള്ളതാണു് ആദിത്യവർമ്മൻ തൃപ്പാപ്പൂർശാഖയിലും ഇരവിവർമ്മൻ ദേശിംഗനാട്ടുശാഖയിലും ഉൾപ്പെട്ടവരായിരുന്നിരിക്കണം. ദേശിംഗനാട്ടുശാഖയുടെ രാജധാനി കൊല്ലമായിരുന്നു. അതുകൊണ്ടു് ഇരവിവർമ്മൻ കൊല്ലത്തു നിവസിച്ചിരുന്നതായി സന്ദേശത്തിൽ വിവരിക്കുന്നതു ശരിപ്പെടുന്നു. വേറെ ഒരു ശാഖയിൽ അതായതു ചിറവാശാഖയിൽ ഉൾപ്പെട്ട "രായിര"നാമധേയവാനായ രാജാവു തിരുവല്ലായ്ക്കു തെക്കുള്ള "തെൻ തുരുത്തിയിൽ" താമസിച്ചിരുന്നു (സന്ദേശം ൬൬൯-ം ൬൭൦-ം ശ്ലോകങ്ങൾ നോക്കുക) കൊല്ലവർഷാരംഭകാലംമുതൽക്കു കൊല്ലം ഒരു രാജധാനിയായിത്തന്നെ ചരിത്രത്തിൽ വ്യക്തീഭവിക്കുന്നു. കൊല്ലവർഷം ൪൪൦-ാമാണ്ടിടയ്ക്കു് അവിടെ ജയസിംഹനും ൪൭൦-ാമാണ്ടിടയ്ക്കു് ഇരവിവർമ്മപ്പെരുമാളും വാണിരുന്നസംഗതി "സ്റേററുമാനുവൽ"സംക്ഷേപംകൊണ്ടു വായനക്കാർ കണ്ടിരിക്കുമല്ലൊ. അവിടെയുണ്ടായിരുന്ന പെരുമാൾകൊട്ടാരത്തിന്റെ വായുകോണിലായി ഒരു ശിവക്ഷേത്രവും വിഷ്ണുക്ഷേത്രവും മററുമുണ്ടായിരുന്നു. ആ സ്ഥലത്തിനു പുതുക്കുളങ്ങര എന്നു് അന്നു പേർവിളിച്ചിരുന്നു. ൯൨൨-ൽ മാർത്താണ്ഡവർമ്മമഹാരാജാവിന്റെയുദ്ധത്തിൽ ഇതെല്ലാം ധ്വംസനംചെയ്യപ്പെട്ടു. അനന്തരം ൯൬൬-ൽ പുതുക്കുളങ്ങരയ്ക്കു ആനന്ദവല്ലീശ്വരം എന്നു നാമകരണംചെയ്തു. അവിടെ നൂതനമായി ആനന്ദവല്ലിയെ പ്രതിഷ്ഠിച്ചു. (റവന്യൂമാനുവൽ നോക്കുക.) കൊല്ലംശാഖയും തൃപ്പാപ്പൂർശാഖയും തമ്മിൽ അനുകൂലമായും ചിലപ്പോൾ പ്രതികൂ

ലമായും വൎത്തിച്ചിരുന്നു. എന്നുതന്നെയുമല്ല, കൊല്ലംപട്ട ണത്തിനു കിഴക്കുള്ള കല്ലട മുതലായ സ്ഥലങ്ങൾ മുമ്പിനാലെ തിരുവനന്തപുരം ശാഖയുടെ കൈവശമിരുന്നിരുന്നതായും കാണുന്നു.

"എണ്ണിക്കൊള്ളാം പടയിലെഴുനെള്ളത്തു കൊല്ലത്തുനി-
(ന്നോ"

"ഏഷാഭ്രഷ്ടാമണിരിവ ഭുവോ ഹന്ത വേണാടർകോനും
നീയും പാലിച്ചുപഗതഭയം വർദ്ധിതാ നാളിൽ നാളിൽ"

ഇത്യാദി സന്ദേശഭാഗങ്ങൾകൊണ്ട് ഇരവിവൎമ്മനും ആദിത്യവൎമ്മനും അന്നു സൌഹാർദ്ദമായിരുന്നെന്നും വിചാരിക്കാം. അതുപോലെതന്നെ കൊല്ലത്തു വാണിരുന്ന ശാഖക്കാർ തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിൽ ചില അധികാരങ്ങൾ നടത്തുകയും പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെ സന്ദേശഹരനായ ആദിത്യവൎമ്മൻ കൊല്ലത്തു ഭരിച്ചിരുന്ന ഇരവിവൎമ്മന്റെ ഭ്രാതാവായിരുന്നെന്നു സിദ്ധിക്കുന്നു. കൊല്ലം ൪൭൮-മുതൽ ൪൯൦-വരെ ദേശിംഗനാട്ടു ശ്രീവീരരവി രവിവൎമ്മാവു വാണിരുന്നു. അദ്ദേഹത്തിന് ആദിവൎമ്മാവെന്നൊരു സഹോദരനുമുണ്ടായിരുന്നു. ഈ ആദിത്യവൎമ്മനാണോ നമ്മുടെ സന്ദേശധാരി? അല്ലെന്ന് അനായാസേന തെളിയിക്കാം. എന്തുകൊണ്ടെന്നാൽ സന്ദേശകാലത്തു കടുത്തുരുത്തിയിൽ രാജ്യഭാരം മണികണ്ഠനായിരുന്നല്ലോ. പക്ഷേ ൫൦൦-ാമാണ്ടയ്ക്കു ശേഷം കടുത്തുരുത്തിയിൽ വാണിരുന്നത് ഒരു റാണിയായിരുന്നെന്നു റവറണ്ടു "ഹെറ" എഴുതിയ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (ലേഖനം ഒന്നാം ഖണ്ഡം) അതുകൊണ്ട് ൪൭൮-ഇടയ്ക്കുണ്ടായിരുന്ന ആദിത്യവൎമ്മനെ സന്ദേശവും ആയി ഒരു വിധത്തിലും സംഘടിപ്പിക്കാൻ മാർഗ്ഗമില്ല- സന്ദേശഹാരകന്റെ പേരിനോടു "സൎവ്വാംഗനാഥ"ബിരുദം ചേൎത്തിരി

കന്നേ സംഗതി മുമ്പു പറഞ്ഞുവല്ലോ. "സവ്വാംഗനാഥ"ആദിത്യവമ്മൻെറ കഥ ആദ്യമായി ആവിഷ്കരിച്ചതു പരേതനായ പ്രൊഫസർ സുന്ദരംപിള്ളയാകുന്നു. പ്രൊഫസർ കീൽഹാറൻെറ ശ്രദ്ധയും ഈ കാൎയ്യത്തിൽ പെട്ടിട്ടുള്ളതായി കാണുന്നു. ഈ രാജാവിനെപ്പററിയുള്ള വിവരം പ്രധാനമായി തിരുവനന്തപുരത്തു ഗോപാലകൃഷ്ണസ്വാമിക്ഷേത്രത്തിൻെറ ഭിത്തിയിൽനിന്നത്രേ സിദ്ധിക്കുന്നതു്. ഈ ഭിത്തിലേഖകളെ ഈയിടെ സക്കാർ "പുരാണതത്വാന്വേഷണ"വകുപ്പിൽനിന്നു പുനഃപ്രസിദ്ധീകരണം ചെയ്തിട്ടുണ്ടു്. കൂടാതെ വടശ്ശേരി കൃഷ്ണൻകോവിലിൽനിന്നുള്ള ശിലാലേഖനങ്ങളും പ്രസ്താവയോഗ്യമാകുന്നു.

ഈ ലേഖനങ്ങളെ താഴെ പകത്തുന്നു.

"സിംഹസ്ഥേ ച ബൃഹസ്പതൌ സ്വമകരോ-
ദബ്ദേ ച ചോളപ്രിയേ
ഗോശാലാഞ്ച സുദീപികാ ഗൃഹമഹോ
കൃഷ്ണാലയമ്മണ്ഡപം
ഭക്ത്യാ ചൈവ യശോത്ഥമപ്യതിതരാം
ധമ്മാത്ഥമപ്യാദരാൽ
സ്യാനന്ദൂരപുരേ സുകീത്തിസഹിതോ
സവ്വാംഗനാഥോ നൃപഃ"

ശബ്ദജ്ഞോസ്മ്യഥ ലക്ഷ്യലക്ഷണഗുരു-
സ്സാഹിത്യസംഗീതയോ-
സ്മൃത്യത്ഥാത്മപുരാണശാസ്ത്രനിഗമാൻ
ജാനേ പ്രമാണാന്യപി
ഷട്ത്രിംശത്സ്വപി ഹേതിഷു ശ്രമഗുണൈ-
ശ്ശ്ലോകേ കലാനാം കലാ-
ന്യഭ്യാസേ യുധി ഭൂപതിംശ്ച വിജയേ
സവ്വാംഗനാഥോസ്മ്യതഃ

സാഹിത്യേ നിപുണാഃ കേചിൽ
കേചിൽ ശാസ്ത്രേ ച കോവിദാഃ
കേചിൽ ഗീതേ കൃതാഭ്യാസാഃ
കേചിൽ ശസ്ത്രേ കൃതശ്രമാഃ ൩

ആദിത്യവൎമ്മൻ! ഭവതാ സാമ്യമിച്ഛന്തി തേകഥം?
പാരംഗതേന വിദ്യാനാം ഏകാം വിദ്യാം സമാശ്രിതാഃ. ൪

ശ്രീഗോഷ്ഠകൃഷ്ണാലയമണ്ഡപാനാം
ഗവാഞ്ച കൃഷ്ണസ്യ ച ഭൂസുരാണാം
നിവേശനാർത്ഥം കൃതവാനവതാം
ആദിത്യവൎമ്മാ പരവീരവീരഃ ഇത്യാദി. ൭

ഈ പദ്യങ്ങളിൽ പരാമൎശിക്കപ്പെട്ടിരിക്കുന്ന രാജാവ് ആദിത്യവൎമ്മനാണെന്നുള്ളതിനു തൎക്കമില്ലല്ലൊ. രണ്ടാം ശ്ലോകത്തിൽ അദ്ദേഹത്തിനു സൎവാംഗനാഥബിരുദം ലഭിക്കുവാനുള്ള കാരണം പ്രതിപാദിച്ചിരിക്കുന്നു ൩-ം ൪-ം ശ്ലോകങ്ങൾ അതിനെ അസാരംക്രുടി വിശദീകരിക്കുന്നു. ൭-ാം പദ്യം ഗോശാലാകൃഷ്ണാലയനിൎമ്മാണത്തെ കുറിക്കുന്നു. ൮-ാം പദ്യത്തിലെ വിഷയവും അതുതന്നെ.

ഇതെല്ലാം സന്ദേശത്തിലെ ആദിത്യവൎമ്മരാജാവിനു യോജിക്കുന്നതായിത്തന്നെ കാണുന്നു. "രാജ്യാനാമഷ്ടിനിയ പതിനെട്ടിനുമങ്ങായുധാനാം" ഇത്യാദി ശ്ലോകംകൊണ്ടു് അദ്ദേഹത്തിന്റെ ആയുധപ്രയോഗസാമൎത്ഥ്യവും വിദ്യാവിശാരദതയും വ്യക്തമാകുന്നു. "ഒരൗണ്ഡീവേണുസ്തനിശബരികേ"ത്യാദി ശ്ലോകത്താൽ സംഗീതവൈദഗ്ദ്ധ്യവും "കൈതയ്ക്കാട്ടേയ്ക്കുവലയദൃശാം പാട്ടുകേട്ടങ്ങിരുന്നാൽ' ഇത്യാദിയിൽ ഗീതപ്രീതിയും സ്പഷ്ടമാകുന്നു 'വട്ടത്തിൽച്ചേൎന്നടയരുടലിൽച്ചേരുമാച്ചോരിവെള്ളം' ഇത്യാദികൊണ്ടു യുദ്ധവൈദഗ്ദ്ധ്യവും പ്രത്യക്ഷമായിക്കാണാം. സൎവാംഗനാഥ! എന്നു രാജാവിനെ സംബോധനം ചെയ്തിരിക്കുന്ന ശ്ലോകം മുൻ ഉദ്ധരിച്ചിട്ടുണ്ടല്ലൊ.

ഇപ്രകാരം സ്വാംഗനാഥ ആദിത്യവർമ്മരാജാവാണു് നമ്മുടെ സന്ദേശം വഹിക്കുന്ന ആളെന്നു വിചാരിക്കുന്നതു വിഹിതമായിരിക്കും.

ഈ അനുമാനത്തെ ദൃഢീകരിക്കയോ ശിഥിലീകരിക്കയോ ചെയ്യുന്ന മററു സംഗതികൾ ഉണ്ടോ എന്നും പരിശോധിക്കാം. "സിംഹസ്ഥേ ച ബൃഹസ്പതൌ സമകരോദബ്ദേ ച ചോളപ്രിയേ" എന്ന പദ്യത്തിലെ "ചോളപ്രിയേ" എന്നുള്ളതു കാലമുദ്രയാകുന്നു. ൧൬൭൪ എന്ന വർഷം അതിനാൽ ദ്യോതിക്കപ്പെടുന്നു. മുൻകാലങ്ങളിൽ തിരുവിതാംകൂർമഹാരാജാക്കന്മാർ നീട്ടുകൾ കൊടുക്കുമ്പോൾ ശകാബ്ദംകൂടി ചേർക്കുമായിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവു് ൯൨൮ മകരം ൨൫-ാംനു കൊടുത്ത ഒരു ദാനആധാരത്തിൽ ശകാബ്ദം ൧൬൭൪ എന്നു കൂടി ചേർത്തു കാണുന്നു. അതുപോലെ രാമവർമ്മമഹാരാജാവിന്റെ കാലത്തു് ൯൪൦-ം ൯൪൪-ം ആണ്ടുകളിലെ ദാനപ്രമാണങ്ങളിൽ യഥാക്രമം ൧൬൮൬ എന്നും ൧൬൯൦ എന്നും ശകാബ്ദങ്ങൾ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു (രേഖന്യൂമാനുവൽ) തന്നിമിത്തം "ചോളപ്രിയേ" എന്നതു ശകാബ്ദസൂചനയാണെന്നു ഡാക്ടർ കീൽഹാറൻ വിചാരിക്കുന്നതു സമീചീനം തന്നെ. ഇപ്രകാരം ഗോശാലാനിർമ്മിതി, ശകാബ്ദം ൧൬൯൬-ാം വർഷത്തിലായിരുന്നെന്നു സിദ്ധിക്കുന്നു.

| | കൊല്ലവർഷം | ശകവർഷം | |
|---|---|---|---|
| (1) | 928. മകരം 25. | 1674. | (മാർത്താണ്ഡവർമ്മമഹാരാജാ) |
| (2) | 940, കന്നി 4. | 1686. | (രാമവർമ്മമഹാരാജാ) |
| (3) | 944. അല്പശി24. | 1660. | ടി |
| (4) | 981. മേടം 23. | 1728. | (ആനന്ദവല്ലീപ്രതിഷ്ഠ) |

ഇങ്ങനെ ശകകോളംബവർഷസാമ്യംകൊണ്ടു കണക്കാക്കി നോക്കുമ്പോൾ കൊല്ലം ൯൪൯-൯൫൦ ഇടയ്ക്കാണു് ഗോശാലാദിനിർമ്മിതി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പക്ഷേ മറെറാരു സംഗതി. ഗോശാലാദിനിൎമ്മിതി കാലത്തു് ചിങ്ങവ്യാഴമാണെന്നു "സിംഹസ്ഥേ ച ബൃഹസ്പതൌ" എന്ന ശ്ലോകാരംഭം സ്പഷ്ടമാക്കുന്നു. കൊല്ലം ൫൪൯-൫൫൦ ഈ ആണ്ടുകൾക്കു് അടുത്തു ചിങ്ങവ്യാഴം വരാൻ തരമില്ലെന്നു ജ്യൌതിഷികനായ ഒരു പരിചയക്കാരൻ പറയുന്നു. ഇതു ശരിയാണെങ്കിൽ "സിംഹസ്ഥേ ച ബൃഹസ്പതൌ സമകരോമബ്ദേ ച ചോളപ്രിയേ" എന്ന ശ്ലോകത്തിനു ഡാക്ടർ കീൽഹാൻപ്രഭൃതികൾ ചെയ്തിരിക്കുന്ന അൎത്ഥം അംഗീകരിക്കാൻ തരമില്ല. ബൃഹസ്പതി സിംഹസ്ഥനായിരുന്നപ്പോഴും അബ്ദം ചോളപ്രിയമായിരുന്നപ്പോഴും എന്നു രണ്ടു വത്സരങ്ങളെ സൂചിപ്പിക്കുന്നതായി വിചാരിച്ചു "ച"കാരശക്തിയാൽ സമുച്ചയിച്ചു അർത്ഥം പറയേണ്ടിയിരിക്കുന്നു. വ്യാഴവട്ടം പന്ത്രണ്ടു വത്സരമെന്നു പ്രസിദ്ധമാണല്ലൊ. ഇക്കൊല്ലം ഇടവവ്യാഴമാകുന്നു. അതു വെച്ചു കണക്കാക്കി നോക്കിയാൽ ൫൪൯-൫൫൦-ം ഇടയ്ക്കു ചിങ്ങവ്യാഴത്തിനു വകയില്ല. എന്നാൽ ഗ്രഹങ്ങളുടെ ഗതിഭേദങ്ങൾകൊണ്ടു നേരിടാവുന്ന വ്യത്യാസങ്ങൾ കൂടി ഈ വിഷയത്തിൽ . ഗണിക്കേണ്ടതായുണ്ടായിരിക്കാം. മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ പ്രസിദ്ധമായ തൃപ്പടിദാനം നടന്ന ൯൨൫-ാമാണ്ടു മീനവ്യാഴമായിരുന്നു. ൭൯-ാമാണ്ടു് തിരുവട്ടാറു് ആദികേശവപ്പെരുമാൾ ക്ഷേത്രജീൎണ്ണോദ്ധാരണം ശ്രീവീരരവിഇരവിവൎമ്മപ്പെരുമാൾ നടത്തിയപ്പോൾ ധനുവ്യാഴമായിരുന്നു. (Archeological Series 1911 No. 10) പിന്നെയും ടി റിപ്പോർട്ടു രണ്ടാംവാല്യം (൯൯൩) ൨൩൯-ാം വൎഷത്തു കൊല്ലത്തുഗണപതിനടയിലെ ഒരു ലേഖ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിൽ നിന്നു് ൬൫൯-ൽ ജയസിംഹാപരനാമധേയനായ വീരകേരളവൎമ്മരാജാവു ഗോവിന്ദവിഗ്രഹാഭിഷേകം നടത്തിയതായി കാണുന്നു. അതു് തുലാവ്യാഴത്തിലാണു്.

"കോളംബേ പുനരേകസപ്തതിയുതേ
സംവത്സരെ ഷട്ശതേ
നിത്യപ്രജ്ഞമുനിസ്ഥിതേഥമിഥുനേ
ഭാനൌ തുലായാം ഗുരൌ."

ഇത്യാദി ശ്ലോകം നോക്കുക. അതേ വാല്യത്തിൽ മുൻപറഞ്ഞ ശ്രീവീരരവിരവിവർമ്മനെ സംബന്ധിക്കുന്നതായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ലേഖയിൽനിന്ന് ൬൬൭-ാമാണ്ടു കന്നിവ്യാഴമെന്നു തെളിയുന്നു. ആകയാൽ ൬൭൦ ചിങ്ങവ്യാഴമായിരിക്കണം. ആ കണക്കിനു ൭൮൬ ചിങ്ങവ്യാഴമായിരിക്കണം. വീരകേരളവർമ്മ ശിലാശാസനംകൊണ്ടും ൭൮൯ ചിങ്ങവ്യാഴമായിരിക്കണമെന്നു സിദ്ധിക്കുന്നു. ഇതു ഡാക്ടർ കീൽഹാറന്റെ തർജ്ജിമയുമായി നിരപ്പായിരിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു ൯൨൭ മീനവ്യാഴമാകയാൽ ൭൮൬-ാമാണ്ടു ചിങ്ങവ്യാഴമായിരിക്കണം. മാർത്താണ്ഡവർമ്മമഹാരാജാവിനെയും ശ്രീവീരരവിവർമ്മപ്പെരുമാളിനെയും സംബന്ധിക്കുന്ന രേഖകൾവെച്ചുകൊണ്ടുള്ള ഗണനകളിൽ കാണുന്ന വ്യത്യാസങ്ങൾ തുച്ഛവും വീരകേരളവർമ്മലേഖ സൂക്ഷ്മവും ആയിരിക്കുന്ന സ്ഥിതിക്ക് എന്റെ പരിചയക്കാരനായ ജ്യോതിഷികന് എന്തോ പ്രമാദം പററിയിട്ടുള്ളതായും ഡാക്ടർ കീൽഹാറന്റെ തർജ്ജിമ ശരിയെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഞാൻ ഇത്രയും പരിഭ്രമിച്ചതു ജ്യൌതിഷവിഷയമായ അപാണ്ഡിത്യവും കണക്കുവിഷയമായ അപാടവവും നിമിത്തം പാദങ്ങൾ സ്ഥിരഭൂമിയിൽ ഊന്നിയിരിക്കുന്നില്ലെന്ന് എനിക്കു ബോദ്ധ്യം വരായ്കയാലാകുന്നു. എന്നാൽ ഈ ഭാഗം ഉണ്ണുനീലിസന്ദേശകാലനിർണ്ണയത്തിന് അവശ്യം വേണ്ടതാകയാൽ പ്രമാദത്തിലകപ്പെട്ടാലും അവിടം ഒഴിഞ്ഞു മാറാൻ മനസ്സു വരുന്നില്ല. സന്ദേശധാരൻ സർവ്വാംഗനാഥ ആദിത്യവർമ്മമഹാരാജാവാണെന്നും അദ്ദേഹം ൭൮൯-൭൭൦ ഇടയ്ക്കു ജീവിച്ചിരുന്നതായും ആ ഇടയ്ക്കു ചിങ്ങവ്യാഴമായിരുന്നതായും

കാണുന്ന സ്ഥിതിക്ക് പ്രസ്തുത സന്ദേശകാലം അനായാസമായി നിൎണ്ണയിക്കാമെന്നാണു തോന്നുന്നത്.

സന്ദേശമയയ്ക്കുന്ന കാലം വസന്തം (അതായതു മീനം, മേടം) ആകുന്നു.

"ഒൻറിച്ചൊച്ചൊന്മുഗശരനോടാ-
ത്തുവങ്ങിൻനിനാദൈ-
ര ... റല്ലപ്പോളൊരു പടുകലൈല-
ലെക്കാരി(?)വന്നാൻ വസന്തം"

എന്നുള്ള സന്ദേശഭാഗം നോക്കുക. "തേന്മാവിന്മേൽ പരഭൃതകുലം ഭൃംഗമാലാ പലാശേ" എന്നു തുടങ്ങുന്ന ശ്ലോകം വസന്തവൎണ്ണനയാകുന്നു.

"പുന്നപ്പൂവിൻപരിമളഭൃതാ മാരുതേനാനുയാതോ
മുന്നേകാണാമിതവിയനടക്കാവു നീ പിന്നിട്ടേഥാഃ"

എന്നു കാണുന്ന വൎണ്ണനയും യോജിപ്പായിരിക്കുന്നു. പുന്ന (ചെറുപുന്ന) സാധാരണ പൂക്കുന്നതു മേടമാസത്തിലാണല്ലൊ. സന്ദേശമയയ്ക്കുന്ന സമയം പ്രഭാതത്തിനുശേഷം അധികം പുലരുന്നതിനു മുമ്പാണ്. "നീലക്കൻറിൻ മണിമകുടവൽ ദൃശ്യതേ ഭാനുബിംബം" ഇത്യാദി നോക്കുക. രാജാവു സന്ദേശവുംകൊണ്ടു പുറപ്പെട്ടു തിരുവനന്തപുരത്തുനിന്നു ൧൦, ൧൨ നാഴിക ദൂരമുള്ള തൃപ്പാപ്പൂർ ശിവക്ഷേത്രത്തിലെത്തുമ്പോഴേയ്ക്കും ഏകദേശം മദ്ധ്യാഹ്നമാകുന്നു.

"ശംഭോ!ഗംഗാധര! ഗിരിസുതാനാഥ! ശീതാംശുമൌലേ!
കാമാരാതേ! ഹരഹര! ജയേത്യുച്ചകൈരുച്ചനേരം
പൂജാകാലം കഴിയുമളവമ്മൂൎദ്ധ്നി ബദ്ധാഞ്ജലിസ്ത്വം
വാഴ്ത്തിക്കമ്പിട്ടരുളതിമുദാ തൃമ്പചൂട്ടുംപിരാനേ"

എന്നശ്ലോകം കാൺക. അവിടെ അമൃതേത്തു കഴിച്ചു രാജാവു വീണ്ടും പുറപ്പെടുന്നു. സന്ധ്യാവന്ദനത്തിനും അത്താഴത്തിനും കൊല്ലത്തെത്തുന്നു.

"അന്തിത്തേവാരവുമശനവും ശാവ്വരഞ്ചാപി കൃത്വാ"
ഇത്യാദി.

കൊല്ലം തിരുവനന്തപുരത്തുനിന്ന് ഉദ്ദേശം ൪൦-മൈൽ ദൂരമുള്ള സ്ഥിതിക്കു തിരുവനന്തപുരത്തുനിന്നു പ്രഭാതം കഴിഞ്ഞു് അധികം താമസിക്കാതെ പുറപ്പെട്ടാൽ മാത്രമേ അത്താഴത്തിനു കൊല്ലത്തെത്തുകയുള്ളു. രാജാവു പുറപ്പെട്ടുന്നാ രാശി മേടമാണെന്നു കാണുന്നു

"അഞ്ചാംപക്കം വരമിത്രുദ്യോം വാരവും വീരമേതലേ
നാളും നൺെറ നളിനവനിതയ്ക്കിമ്പനേ മുമ്പിലേത്തു
മേടം വേണാടരിൽമകുടമേ! രാശിയും വാഗധിശൻ
നാലാമേടത്തയമുപഗതോ ഭൃതികാമാഖ്യയോഗം"

എന്ന ശ്ലോകം നോക്കുക. നാലാമേടത്തു വ്യാഴമെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അന്നു കക്കെടവ്യാഴമാണെന്നു സിദ്ധിക്കുന്നു. മാസം മീനമോ മേടമോ ആയിട്ടും വരണം. ഏതെങ്കിലും കക്കടകവ്യാഴമെന്നു കാണുന്ന സ്ഥിതിക്കു മുൻ പറഞ്ഞ ഗോശാലാനിമ്മിതകാലത്തിന് ഒരു കൊല്ലത്തിനു മുമ്പൊ അതു കഴിഞ്ഞോ ആണ് സന്ദേശമെങ്കിൽ ൧൧ സംവത്സരം കഴിഞ്ഞോ മാത്രമേ കക്കടകവ്യാഴത്തിനു വകയുള്ളൂ. ആദിത്യവമ്മരാജാവിനു മൂപ്പു കിട്ടിയതു് ൫൪൧-ാമാണ്ടാണെന്ന ഗ്രന്ഥവരിയുണ്ടെന്നു മിസ്റ്റർ പരമേശ്വരയ്യർ പറയുന്ന സ്ഥിതിക്കും മൂപ്പു കിട്ടിയതിനു ശേഷമാണു് സന്ദേശനിമ്മിതി എന്ന സംഗതിക്കു സന്ദേഹമില്ലാത്ത സ്ഥിതിക്കും ൫൪൧-ാമാണ്ടിനു കീഴ്കടയുള്ള സംവത്സരങ്ങൾക്കു ഇവിടെ സംബന്ധമില്ല. ടി ആദിത്യവമ്മരാജാവിൻെറ വാഴ്ച ൫൬൪-ാമാണ്ടുവരെ ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായം ശരിയാണെങ്കിൽ കക്കടകവ്യാഴത്തിൻെറ പരിവൃത്തിയനുസരിച്ചു ഗോശാലാനിമ്മിതിക്കു ശേഷം ൫൫൧, ൫൬൨, ൫൬൩ ഈ ആണ്ടുകളിലായിട്ടേ സന്ദേശകാലം വരാൻ തരമുള്ളൂ. കൊല്ലം ൫൬൪-ാമാണ്ടു വേമ്പലനാട്ടുരാജാ

വു കോതവമ്മരാണെന്നു ലേഖനം ആദ്യഖണ്ഡത്തിൽനിന്നു കണ്ടിരിക്കുമല്ലോ. അതായതു് ൬൨൪-ാമാണ്ടായപ്പോഴേക്കും സന്ദേശകാലത്തു വടക്കുംകൂർരാജാവായിരുന്ന മണികണ്ഠന്റെ കാലം കഴിഞ്ഞു്, ഒരു പക്ഷേ,

"ഉദ്യാനം പെന്നലരിവനിതയ്ക്കമ്പിലെൻറം കളിപ്പാൻ
ഖദ്യോതാനാം ദിനമണിരിവ പ്രേക്ഷണീയോ രിപൂണാം
സദ്യോനിന്നെക്കനിവൊടുസഖേ! കാണുമക്കോതവമ്മൻ
വിദ്യാനദ്യാം നിയതിമുഴുകും ബിംബലീപാലചന്ദ്രഃ."

എന്നു വൎണ്ണിതനായ കോതവമ്മൻരാജാവായിത്തീൎന്നിരുന്നു. ഗോശാലാനിമ്മിതിക്കു മുമ്പോ പിമ്പോ സന്ദേശമെന്നാണ് പിന്നെ നോക്കുവാനുള്ളതു്. "ഊയൽപ്പൂമെത്തയിൽ വിലസുമക്കണ്ണനാ മൂൎത്തിതന്നെ" എന്നുള്ള വൎണ്ണനകൊണ്ടു അക്കാലത്തു കൃഷ്ണബിംബം സ്ഥിരപ്രതിഷ്ഠയില്ലാതെ എന്തോ തൽക്കാലസൌകൎയ്യമനുസരിച്ചുവെച്ചിരുന്നതായി വിചാരിക്കാമെന്നു തോന്നുന്നു. പ്രസ്തുതവൎണ്ണനകൊണ്ടു ക്ഷേത്രം പണിപൂൎത്തിയാക്കി പ്രതിഷ്ഠനടന്നതായി വിചാരിക്ക പ്രയാസമാകുന്നു. ഒരു പക്ഷേ ക്ഷേത്രജീൎണ്ണോദ്ധാരണംസംബന്ധിച്ചു തന്നെ ശ്രീകൃഷ്ണനെ "ഊയൽപ്പൂമെത്തയിൽ" വെച്ചിരിക്കാം. ഈ ഊഹം ശരിയാണെങ്കിൽ വ്യാഴത്തിന്റെ നിലകൊണ്ടു ഗോശാലാനിമ്മിതിക്കു് ഒരു കൊല്ലം മുമ്പു് അതായതു് ൬൪൩ ഇടയ്ക്കാണ് സന്ദേശകാലമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മേല്പടിയാണ്ടിൽ മീനം മേടം മാസങ്ങളിൽ പഞ്ചമിയും അശ്വതിയും യോജിച്ചുവരുന്ന ദിവസമാണ് സന്ദേശമയയ്ക്കുന്നതെന്നും വന്നുകൂടുന്നു. ഇതു വായനക്കാരിൽ ജ്യൌതിഷകന്മാരായവർ ആരെങ്കിലും ഗണിച്ചു് അറിയിച്ചുതന്നാൽ വലിയ ഉപകാരമായിരിക്കും.

"തോഴീ പൂച്ചോലെഴുപതതിത്തന്നൻറഷ്ടമേ ശുക്രചന്ദ്രൌ
ഭാഗ്യേജീവഃസപായമൊരുന്നരുജ്ഞാശപസന്തിസ്ഥിതാവാ"

എന്ന ദുഷ്ടപാഠശങ്കയുള്ള ശ്ലോകഭാഗംകൂടി അനുസന്ധി പ്പിച്ചു ഗണിക്കണമെന്നപേക്ഷയുള്ളതാകുന്നു.

ഇവിടെ തോന്നാവുന്ന ഒരു വൈഷമ്യം. സന്ദേശമാസം മീനമോ മേടമോ ആയിരിക്കണമെന്നു ഞാൻ പറഞ്ഞുവല്ലൊ. തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടുന്നതിനു നായകനു് ഒരുപക്ഷകാലം കഴിഞ്ഞേ സാധിക്കയുള്ളുവെന്നു്

"മെല്ലെപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞേ"

എന്ന പാദത്തിൽനിന്നുകാണുന്നു.

"മിന്നിക്കാർകൊണ്ടിടിയലറിനിന്റംബരേ തിങ്ങിയെങ്ങും
മന്നിൽപെയ്യും ജലദപടലം കോല്യമാടീനിശാസു
പിന്നെത്തന്വീ തിലകരചനേ നമ്മിലേ കണ്ടുകൊണ്ടാ-
ലെന്നല്ലാപോൽചില പരിചിനേ കണ്ണുകൊള്ളുന്റതുണ്ടു്"

എന്ന ശ്ലോകംകൊണ്ടു കാമുകരുടെ പുനസ്സംയോഗം കർക്കടകത്തിൽ ആകുന്നു. മേടത്തിൽ ഒരു പക്ഷം താമസിച്ചു തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടാൽ കർക്കടകത്തിലേ കടത്തുരുത്തിയിൽ എത്തുകയുള്ളോ? അതുകൊണ്ടു മേടമാകുമോ സന്ദേശമാസം എന്നൊരു ശങ്കയ്ക്കു വകയുണ്ടു്. പുനർദർശനശേഷം കർക്കടകത്തിൽ ഉണ്ടാകാനുള്ള രതിരീതികളെ മേൽ ശ്ലോകംകൊണ്ടു സൂചിപ്പിക്കുന്നുവെന്നല്ലാതെ അടിയിലെ ചെന്നുചേരുകയുള്ളു എന്നു് അതുകൊണ്ടർത്ഥമില്ല.

"ശാപാന്തോ മേ ഭുജഗശയനാദുത്ഥിതേ ശാർങ്ഗപാണൌ
ശേഷാൻ മാസാൻ ഗമയ ചതുരോ ലോചനേ മീലയിത്വാ
പശ്ചാദാവാം വിരഹഗുണിതം തന്തമാത്മാഭിലാഷം
നിർവേക്ഷ്യാവഃ പരിണതശരച്ചന്ദ്രികാസു ക്ഷപാസു."

എന്ന മേഘസന്ദേശശ്ലോകവും അതിൽ മേൽപ്രകാരം സ്ഫുരിക്കുന്ന വൈഷമ്യച്ഛായയും ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

ആദിത്യവർമ്മമഹാരാജാവിൻ ൫൮൪-ാമാണ്ടു വാഴ്ച്ചയുണ്ടായിരുന്നെന്നു വിശ്വസിക്കുവാൻ വൈക്കം ക്ഷേത്രത്തിലെ ഗ്രന്ഥവരിയാണല്ലൊ ആധാരമാക്കിയിരിക്കുന്നതു്. എന്നാൽ ഈ അംശത്തിൽ പ്രാമാണികന്മാർ തമ്മിൽ ഭിന്നത കാണുന്നു. മിസ്റ്റർ ശങ്കുണ്ണിമേനോനും മിസ്റ്റർ നാഗമയ്യാവും ൫൦൫-ാമാണ്ടിടയ്ക്കു് ആദിത്യവർമ്മാവു വൈക്കത്തു് മേൽക്കോയ്മ സ്വീകരിച്ചതായി പറയുന്നു. മിസ്റ്റർ കെ. പി. പത്മനാഭമേനോന്റെ കൊച്ചീ രാജ്യചരിത്രമനുസരിച്ച് ൫൮൧-ാമാണ്ടിങ്ങനെ നടന്നതായി മിസ്റ്റർ മഹാദേവയ്യർ പറയുന്നു. മിസ്റ്റർ നാഗമയ്യാവും ൫൮൪-ാമാണ്ടെന്നു പറഞ്ഞിട്ടുള്ളതായി റെവന്യൂമാനുവലിൽ പ്രസ്താവിച്ചിരിക്കുന്നതു ശരിയല്ല. (സ്റ്റേററ് മാനുവൽ ൨-ാം വാല്യം ൮൮-ാം പുറം നോക്കുക) ഈ കുഴപ്പത്തിൽ അസൽറിക്കാർഡു കാണാതെ ഒന്നും പറയുവാൻ ഞാനൊരുങ്ങുന്നില്ല.

സംഗ്രാമധീരബിരുദത്തിന്റെ കാര്യം ഞാൻ വിസ്തരിച്ചിട്ടില്ല. ഈ ബിരുദം ആദ്യമായിക്കാണുന്നതു ജയസിംഹപുത്രനായ രവിവർമ്മപ്പെരുമാൾക്കാകുന്നു. കാഞ്ചിപുരലേഖകൾ മിസ്റ്റർ പരമേശ്വരയ്യർ ഉദ്ധരിച്ചിരുന്നതു നോക്കുക. പുറമെ, ചാമഗ്രാമത്തിലെ ഒരു ശിലാശാസനം പുരാണതത്വാന്വേഷണവകുപ്പിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതും ഈ ബിരുദത്തെ സ്ഥിരീകരിക്കുന്നു. “മാരവർമ്മൻ ത്രിഭുവനചക്രവർത്തികൾ” എന്നുകൂടി അദ്ദേഹത്തെ വിളിച്ചിരുന്നു. സർവ്വാംഗനാഥ ആദിത്യവർമ്മാ ഈ ബിരുദത്തെ പാരമ്പര്യമനുസരിച്ചു സ്വീകരിച്ചതായിരിക്കുമോ എന്നു സംശയിക്കുന്നു.

സംഗ്രാമധീരബിരുദം സന്ദേശഹരനെപ്പററി സംഭാവനം ചെയ്യേക്കാവുന്ന സന്ദേഹത്തെ പരിച്ഛേദിക്കുന്നതിനും പ്രയോജനപ്പെടുമെന്നു തോന്നുന്നു.

“വിദ്യാനാഞ്ച ത്വമപി പെരുമാൾ വീരസംഗ്രാമധീര”

“ഓടിക്കൊണ്ടങ്ങഴകിലെഴുനെള്ളീട്ടു സംഗ്രാമധീര”

എന്നിങ്ങനെ രണ്ടു ശ്ലോകങ്ങളിൽ രാജാവിനെ സംഗ്രാമധീര! എന്നു സംബോധന ചെയ്തുകാണുന്നതുകൊണ്ടു് ആ ശബ്ദം കേവലം രണധീരൻ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കയല്ലെന്നും ബിരുദനാമമായി വിശേഷവിധി ചെയ്തിരിക്കയാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഈ ബിരുദം ആദ്യമായി സ്വീകരിച്ചുകാണുന്നതു ജയസിംഹപുത്രനായ ഇരവിവമ്മ ചക്രവത്തിയാകുന്നു. സന്ദേശഹരനായ ആദിത്യവർമ്മൻ പ്രസ്തുതനായ ഇരവിമ്മന്റെ കാലത്തു ജീവിച്ചിരുന്ന ആളായിരുന്നു എങ്കിൽ ജ്യേഷ്ഠനായി കരുതേണ്ടുന്ന ചക്രവത്തിയുടെ ബിരുദനാമത്തെ നിവ്വിശങ്കമായും മിക്കവാറും നിർല്ലജ്ജമായും സ്വീകരിക്കുന്നതാണോ? സന്ദേശത്തിലെ ആദിത്യവമ്മനെ "സംഗ്രാമധീര" എന്നു വിളിച്ചുകാണുന്നതുകൊണ്ടു് സംഗ്രാമധീരരവിവർമ്മ ചക്രവത്തിയുടെ കാലശേഷം തൃപ്പാപ്പൂർമൂപ്പു സിദ്ധിച്ച ഒരാദിത്യവമ്മനത്രേ അതിൽ പരാമർശിക്കപ്പെട്ടിരിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സന്ദേശത്തിന്റെ കാലനിണ്ണയവിഷയമായി മുൻപറഞ്ഞ അഭിപ്രായത്തെ അനുകൂലിക്കുന്ന ചില അന്തരപരാമർശങ്ങളെ ഉപരി പരിശോധിക്കുന്നു.

"വ്യായാമംകൊണ്ടഴകിലുദിതാമോദമുച്ചൈഃശ്രവാവി-
ന്നായാസം ചെയ്തമലതുരഗം നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലുക്കൻപടക്കോപ്പിനെണ്ണം
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാത്തുചെൻറു്."

എന്ന ശ്ലോകംകൊണ്ടു് ആദിത്യവമ്മനും തുലുക്കരുമായി വളരെ രമ്യമായിക്കഴിഞ്ഞിരുന്നില്ല എന്നു തെളിയുന്നു. ഭാരതവഷദക്ഷിണഭാഗങ്ങളെ ആദ്യമായി ആക്രമിച്ചിളക്കിയതു മാലിക്കാഫർ ആകുന്നു. ഈ മഹമ്മദീയയോധൻ ക്രിസ്താബ്ദം ൧൩൧൨-ൽ ദക്ഷിണാപഥത്തിൽനിന്നു പിൻവലിഞ്ഞ ശേഷം അയാളുടെ അനുചരന്മാർ ൪൮-സംവത്സര

ക്കാലത്തേക്കു കൂടി മധുരാപുരിയിൽ ആധിപത്യം നടത്തിയിരുന്നതായി കാഡ്ഡ്വൽഡ്വരയുടെ തിരുനൽവേലിജില്ലാ ചരിത്രത്തിൽ പറഞ്ഞിരിക്കുന്നു. പ്രസ്തുത ദശാപരിണാമത്തിൽ ആധിപത്യം വഹിച്ചിരുന്ന സുൽത്താനെ കമ്പനുടയാർ തോല്പിച്ചതായും കാണുന്നു. മാലിക്കാഫരുടെ അനുചരന്മാരിൽ ഒരുവനായ "ആഷാൻഷാ" ക്രിസ്താബ്ദം ൧൩൩൫-ൽ മധുരയിൽ വാണിരുന്നു. അതിനുശേഷം ഉണ്ടായിരുന്ന ഏതോ മഹമ്മദീയനായകനെ ആയിരിക്കണം കമ്പനൻ സംഹരിച്ചതു്. കമ്പനന്റെ ചരിത്രം മിക്കവാറും അജ്ഞാതപ്രായമായിരുന്നു. എന്നാൽ അതിന് ഈയിടെ കണ്ടുകിട്ടിയതും ശ്രീ ഗംഗാദേവിയാൽ വിരചിതവും ആയ "മധുരാവിജയം" അഥവാ "കമ്പരായചരിതം" എന്ന സംസ്കൃതകാവ്യംകൊണ്ടു് കുറെ പ്രകാശനമുണ്ടായിട്ടുണ്ടു്. കമ്പരായൻ പാണ്ഡ്യദേശീയനായ ചമ്പരായനേയും പിന്നീടു തുലുക്കരേയും ജയിച്ച കഥകൾ അതിൽ വർണ്ണിച്ചിരിക്കുന്നു. (മിസ്റ്റർ ഗോപിനാഥറാവുവിന്റെ മുഖവുരയോടുകൂടി ശ്രീധരപ്രസ്സിൽനിന്നു അച്ചടിച്ചിട്ടുള്ള മധുരാവിജയം)

"അന്തർബിംബിതചമ്പേന്ദ്രാ കമ്പേന്ദ്രസ്യാസി പുത്രികാ
അപ്സരോഭ്യഃ പതിം ദാതുമന്തർവ്വത്നി കിലാഭവൽ"

"പ്രശാന്തഭാവേവ വനാന്തലക്ഷ്മീർഗ്ഗതോപരാഗാ ഗഗനസ്ഥലിവ
കളിന്ദജാമർദ്ദിതകാളിയേവ ദിഗ്ദക്ഷിണാസീൽ ക്ഷതചാരസീകാ"

ഇത്യാദി ശ്ലോകങ്ങൾ നോക്കുക. ഇപ്രകാരമുള്ള തുലുക്കബഹിഷ്കാരകാലം മുൻസൂചിതമായ ആദിത്യവർമ്മകാലത്തോടു സമീപിച്ചിരിക്കുന്നതു വായനക്കാർ കണ്ടിരിക്കുമല്ലൊ. എന്നു തന്നെയുമല്ല, ക്രിസ്താബ്ദം ൧൩൫൮-ൽ "മുജാബിദ്ഷാ" എന്നൊരു മഹമ്മദീയൻ ദക്ഷിണഇൻഡ്യയിൽ രാമേശ്വരപര്യന്തം അഭിനിര്യാണം ചെയ്തിട്ടുള്ളതായും കാ

ണുന്നു. (സ്റ്റേറ്റുമാനുവൽ വാല്യം ൧ പുറം ൨൬൪) സർവ്വാംഗനാഥനാദിത്യവർമ്മന്റെ കാലം ഇപ്രകാരം കണക്കാക്കപ്പെടുന്ന സ്ഥിതിയ്ക്കു് അദ്ദേഹത്തിനു ജ്യേഷ്ഠഭ്രാതൃസ്ഥാനത്തിൽ ഒരു ഇരവിവർമ്മൻ ഉണ്ടായിരുന്നോ എന്നു കൂടി നോക്കേണ്ടിയിരിക്കുന്നു. കൊല്ലം ൪൮൯-ാമാണ്ടു തൃപ്പാപ്പൂർ കീഴപ്പേരൂർ ശാഖയിൽ ടി സ്വരൂപത്തിൽ മൂത്ത തിരുവടിയായി ഒരു് ഇരവിവർമ്മൻ ഉണ്ടായിരുന്നു. ഇതു കൽക്കുളത്തു തിരുവിതാംകോട്ടുഗ്രാമത്തിലെ ശിലാശാസനത്തിൽനിന്നു സിദ്ധിക്കുന്നു. ക്രിസ്താബ്ദം ൧൩൧൬-ൽ ഒരു രവിവർമ്മൻ തീപ്പെട്ടുപോയതായി മിസ്റ്റർ ശങ്കുണ്ണിമേനോന്റെ ചരിത്രം പറയുന്നു. ഈ പ്രസ്താവന ശിലാശാസനങ്ങൾക്കു യോജിച്ചിരിക്കുന്നില്ലെന്നു മിസ്റ്റർ നാഗമയ്യാ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും മിസ്റ്റർ മേനവന്റെ പ്രാമാണ്യത്തെ നിഷേധിക്കാതെ വ്യാഖ്യാനിച്ചു് അതിനെ നിരപ്പാക്കാൻ ശ്രമിച്ചിരിക്കുന്നു. ഇങ്ങനെ ൪൮൯ ഇടയ്ക്കു കാണുന്ന ഇരവിവർമ്മൻ തന്നെയായിരിക്കണം സന്ദേശത്തിൽ കൊല്ലത്തു വാണിരുന്നതായി വർണ്ണിക്കപ്പെട്ടിരിക്കുന്ന രാജാവ്. ഇദ്ദേഹം ജാതവർമ്മപരാക്രമപാണ്ഡ്യനുമായി പടവെട്ടി കോട്ടാർ മുതലായ സ്ഥലങ്ങൾ വീണ്ടെടുത്തിരിക്കാമെന്നു മിസ്റ്റർ നാഗമയ്യാ ഊഹിക്കുന്നു. "കണ്ണിൽ കൂടാതടയരുടൽക്കൂറാളി തോവാളനിന്റോ?" ഇത്യാദി സന്ദേശഭാഗം ഈ ഊഹത്തെ പ്രബലീകരിക്കുന്നു.

ഇവിടെ ഒരു സംശയം സംഭാവ്യമാണ്. അതെന്തെന്നാൽ സന്ദേശമയയ്ക്കുന്നതായി കണ്ട ൪൮൯ ഇടയ്ക്കോ അതു കഴിഞ്ഞോ ഈ കൃതി ഉത്ഭവിച്ചതെന്നാകുന്നു. "മുണ്ടയ്ക്കലമ്പുറെറഴും പൂമാലക്കുഴലുണ്ണുനീലിതിരുനാൾ നീണാൾ വിളങ്ങീടുക" "ഇല്ലത്തിന്നുന്നതിം തേ വിതരതുനിതരാമാകയാലുണ്ണുനീലി" ഇത്യാദി ഭാഗങ്ങളിൽനിന്നുള്ള സുഗമമായ അനുമാനം സന്ദേശരചനാകാലത്തു് ഉണ്ണുനീലി ജീവിച്ചിരുന്നു എന്നുതന്നെയാണല്ലൊ. എന്നുതന്നെയുമല്ല ടി പ്രസ്താ

വനകളിൽ നിന്നു് അവളുടെ യൌവനകാമനീയകം അന്നു് അക്ഷീണമായി വിലസിയിരുന്നെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് സന്ദേശമയച്ചതായി കാണുന്ന ഒർവ്വ ഇടയ്ക്കുതന്നെ ഈ കൃതിയുടെ നിർമ്മിതി നടന്നിരിക്കുമെന്നു സ്ഥാപിക്കുന്നതിൽ അപാകമില്ലെന്നു തോന്നുന്നു.

സന്ദേശകർത്താവാരെന്നുള്ള രസാവഹവും കുറെ ശ്രമകരവുമായ ഒരു ചോദ്യം ഇവിടെ ന്യായമായി സംഘടിക്കുന്നു. "യൽസത്യം തൽഭവതു പുണർതംനാൾ പിറന്നെങ്ങൾ കാന്തൻ" എന്നു നായകനെപ്പററി നായിക പറയുന്നതും "പൂണാരം മണികണ്ഠവെൺപലമഹീപാലൈകചൂഡാമണേഃ" എന്നു നായികയെപ്പററി കവി പറയുന്നതും ആയ ഭാഗങ്ങളെ കൂട്ടിച്ചേർത്തു് അതിന്മേൽ വടക്കുംകൂർ പുണർതം നാൾ രാജാവാണു് ഇതിൻെറ കർത്താവെന്നൊരു് അഭിപ്രായം ശ്രീമാൻ: പരമേശ്വരയ്യർ പുറപ്പെടുവിച്ചിരിക്കുന്നു. ഇതു സ്വീകാരയോഗ്യമാകുമോ? സന്ദേശത്തിൻെറ രചയിതാവും അതിലെ നായകനും ഒരാൾതന്നെ എന്നു മുക്തകണ്ഠമായി മിസ്ററർ അയ്യർ പറയുന്നില്ലെങ്കിലും അങ്ങനെ ഒരു ധാരണ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ നിശ്ചയമായും ലയിച്ചിട്ടുള്ളതായി സ്ഫുരിക്കുന്നു. ഇതിൽ തെല്ലു പ്രമാദം ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഉണ്ണുനീലീസന്ദേശം കവി, തൻെറ കളത്രത്തിനോടു പറയുന്നതായിട്ടാണു് രചിച്ചിട്ടുള്ളതു്.

"ഇല്ലത്തിന്നുന്നതിം തേ വിതരതു നിതരാമാകയാലുണ്ണുനീലി
ചൊല്ലുന്നേനെങ്കിൽ നീ കേട്ടരുളുക ദയിതേ! സൂക്തിരത്നം-
(മദീയം"

എന്ന ശ്ലോകാർദ്ധം നോക്കുക. ഇവിടെ "ഉണ്ണുനീലി" എന്ന ശബ്ദം സംബോധനയാണെന്നു ഭ്രമിക്കുവാൻ അവകാശമില്ല. സംബുദ്ധിയാണെങ്കിൽ "വിതരതു" എന്ന ലോട്ടു് പ്രഥമൈകവചനക്രിയാപദം നിരാലംബമായി പോകുമെ

ന്നൊരു ബുദ്ധിമുട്ടു നേരിടുന്നു. ശ്രീദേവിയെക്കൊണ്ടു വിളി പ്പണി എടുപ്പിക്കത്തക്ക ഖ്യാതിരീതിയുള്ളവളാണ് ഉണ്ണുനീലി. അതുകൊണ്ടു നിന്റെ കുലസമ്പത്തിനു സാക്ഷാൽ ലക്ഷ്മിയെക്കാൾ ഉണ്ണുനീലിയാണ് പ്രാർത്ഥനീയ എന്നു കാവ്യലിംഗാനുപ്രാണിതമായി കവി നായികാവർണ്ണനം ചെയ്യുന്നു. ഇതുകൊണ്ട് ഉണ്ണുനീലി കവിയുടെ പരിഗ്രഹമല്ലെന്നു സ്പഷ്ടമാകുന്നു. പോരെങ്കിൽ,

"തണ്ടാർമാതങ്ങഴകു പൊഴിയും മിക്ക മുണ്ടയ്ക്കൽ മേവും
വണ്ടാർകോലക്കുഴലികൾ ശിഖാമുണ്ണുനീലിമുദാരാം
കൊണ്ടാടിക്കൊണ്ടരുണമണവാകൊണ്ടു കൊണ്ടാത്തരാഗം
പണ്ടേപ്പോലെ പരമനുഭവം കോപി കാമീ ജഗാമ"

എന്നു കവി കാന്തയോടു പറയുന്ന അടുത്ത ശ്ലോകം കൊണ്ടു ഉണ്ണുനീലി കവിയുടെ ഭാര്യയല്ലെന്നു സ്ഫടികം പോലെ സ്ഫുടമാകുന്നു. കവി ഇതുപോലെ തന്നെ കഥയിലെ നായകനിൽനിന്നു ഭിന്നനാകുന്നു. ആമുഖം കഴിഞ്ഞു സന്ദേശത്തിലെ ആളിഹർ-ശ്ലോകങ്ങളും ൧൩൦ാം ശ്ലോകവും ഈ അനുമാനത്തിലേക്കു നമ്മെ നയിക്കുന്നു. അതുകൊണ്ട് നായകൻ വടക്കുംകൂർ പുണർതംനാൾ രാജാവാണെന്നുള്ള വാദം ശരിയാണെങ്കിൽ തന്നെയും അദ്ദേഹം ആണു സന്ദേശത്തിന്റെ കവി എന്നു സിദ്ധിക്കുന്നില്ല. ഇവിടെ പ്രതിവാദപ്രവേശത്തിനു കണ്ടുപിടിച്ചേയ്ക്കാവുന്ന സുഷിരങ്ങളേയും പരിശോധിക്കാം. "യഥാർത്ഥതയിൽ നായകൻ തന്നെയല്ലേ കവി, പക്ഷേ അദ്ദേഹം സ്വന്തസ്ഥിതിയെ മറച്ചു നായകൻ അന്യനെന്ന നാട്യത്തോടുകൂടി കവിതയെഴുതിയിരിക്കയായിരിക്കണം. 'മന്ദപ്രജ്ഞോപി മാരജ്വരപരവശനായ് കോലിനേൻ ഞാനിദാനീം' എന്നു കവിയെ ബാധിച്ചതായി പറയുന്ന മാരപാരവശ്യത്തിനു അല്ലെങ്കിൽ എന്തു വ്യാഖ്യാനമാണുള്ളതു്? ഇങ്ങനെയായിരിക്കാം എതിർവാദത്തിന്റെ ആവിർഭാവം. സമാധാനം,

ഉണ്ണുനീലി കവിയുടെ ഭാൎയ്യയായിരുന്നു എങ്കിൽ സപത്നിയായ അവളെ വാഴ്ത്തുന്നതു് മറെറാരു ഭാൎയ്യയോടായിരിക്കുമെന്നു വിചാരിക്കാൻ യാതൊരു തരവുമില്ല. ശഠധൃഷ്ടാദിനായകന്മാർ പോലും അത്ര ദൂരം പോകാറില്ല. പിന്നെ മാരജ്വരപാരവശ്യം. ഇതു് ഉണ്ണുനീലിയുടെ സൌന്ദൎയ്യവീൎയ്യത്തെപ്പററി വിചാരിച്ചു വിചാരിച്ചു സ്വയംകൃതാനൎത്ഥമായി കവിയെക്കൂടി ബാധിച്ച ഒരു സാംക്രമികജ്വരമായി വ്യാഖ്യാനിച്ചാൽ മതിയാവും. എന്നു തന്നെയുമല്ല സന്ദേശത്തിൽ വൎണ്ണിക്കുന്ന വിയോഗം തീൎന്നശേഷം അതിലെ നായകനായിരുന്നു കവിതയെഴുതിയതെങ്കിൽ അയാൾക്കു് ആനന്ദത്തിലല്ലാതെ പാരവശ്യത്തിനു മാൎഗ്ഗമില്ലല്ലൊ. ഇങ്ങനെ കവിയും നായകനും ഒരാളല്ലെന്നുള്ള നിലയ്ക്കു കുലുക്കം വരുന്നില്ല.

ഈ വാദകൂടത്തിൻെറ അടിത്തട്ടായി സ്വീകരിച്ചിരിക്കുന്ന മറെറാരു ഭാവന ഉണ്ണുനീലി വടക്കുംകൂർ രാജാക്കളിൽ ഒരുവൻെറ കളത്രമെന്നുള്ളതാകുന്നു. ഉണ്ണുനീലി കേവലം സങ്കല്പസൃഷ്ടിയാണെന്നു ഗണിക്കാൻ നിൎവ്വാഹമില്ല. മുണ്ടയ്ക്കൽ വീരമാണിക്യം, കുറുമൂഴിക്കൽ മുതലായ വീടുകൾ കാലാതിവാഹംകൊണ്ടുണ്ടാകുന്ന രൂപഭേദങ്ങളെ കൈക്കൊണ്ടു് ഇന്നും ഉള്ളതായി അന്വേഷണത്താൽ അറിയുന്നു. കടുത്തുരുത്തിയിലെ സ്ഥലവൎണ്ണനകൾ ശരിയായി കവി ചെയ്തുകാണുന്നു. അതുകൊണ്ടു വാസ്തവത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീരത്നത്തെ ഉദ്ദേശിച്ചാണു സന്ദേശമയയ്ക്കുന്നതെന്നു ശ്രമംകൂടാതെ സിദ്ധിക്കുന്നു. എന്നാൽ അവളുടെ കാന്തൻ വടക്കുംകൂർ രാജാക്കളിൽ ഒരാളായിരുന്നു എന്നു പറയുന്നതു് അത്ര ഭദ്രമാണോ? "പൂണാരം മണികണ്ഠവെമ്പലമഹീപാലൈകചൂഡാമണേഃ" എന്ന ശ്ലോകപാദത്തിനു പ്രസ്തുത വാദത്തെ താങ്ങുന്നതിനു വേണ്ട പ്രാബല്യമോ ദാൎഢ്യമോ കാണുന്നില്ല പൂണാരമെന്നാൽ ആഭരണമെന്നേ അൎത്ഥമുള്ളൂ. (വിൻസ്ലോ-തമിഴ്നിഘണ്ടു) പൂൺഹാരം എന്നു വിഗ്രഹി

165317
38[illegible]5
O22:9M7

ച്ച മുത്തുമാല എന്നു ഡാക്ടർ ഗുണ്ടർട്ടു ചെയ്തിരിക്കുന്ന വ്യാഖ്യാനത്തിൽ അസാരം ഭ്രമം പാറിയിട്ടുണ്ടെന്നു തോന്നുന്നു. അതെങ്ങിനെയുമിരിക്കട്ടെ. മണികണ്ഠരാജാവി ന്റെ ആഭരണം എന്നുള്ള പ്രശംസകൊണ്ടു് അവരുടെ ദാമ്പത്യം സാധിക്കാമെന്നു തോന്നുന്നില്ല. മണികണ്ഠൻ എന്നിവിടെ പറയുന്ന രാജാവു വടക്കുംകൂററിൽ അന്നു രാജ്യഭാരം ചെയ്തിരുന്ന രാജാവുതന്നെയാണു് അല്ലെങ്കിൽ "മഹീപാലൈകചൂഡാമണേഃ" എന്ന ഭാഗത്തിനു ഉപപത്തിയില്ല. മണികണ്ഠനാമധേയം വടക്കുംകൂർവംശത്തിൽ സർവ്വസാധാരണമായിരുന്നു എന്നു മിസ്റ്റർ പരമേശ്വരയ്യർ പറയുന്ന നിരാലംബമായി നില്ക്കുന്ന സംഗതി മുൻ ൧-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. മണികണ്ഠനാമത്തിന്റെ സാധാരണ്യം സാധിച്ചാൽ മാത്രമേ അതിനാൽ പരാമർശിക്കപ്പെട്ടയാൾ ഇളമുറക്കാരിൽ ഒരാൾ ആണെന്നുള്ള അടുത്ത പടിയിലേക്കു കടക്കാൻ തരമുള്ളു. അങ്ങോട്ടു കടന്നാൽ തന്നെയും പരുങ്ങാതെ അവിടെ നില്ക്കുന്നതിനുള്ള മാർഗ്ഗമെന്തെന്നും ആലോചിക്കാനുള്ളതാണു്. "സഖേ" "തോഴ" എന്നിങ്ങനെ ആദിത്യവർമ്മനേ അഭിസംബോധനം ചെയ്യുകാണുന്നതുകൊണ്ടു നായകൻ ഒരു രാജാവാണെന്നു ശ്രീമാൻ പരമേശ്വരയ്യർ വിചാരിക്കുന്നു. "പോററി! പോററീട്ടുവാനായ്" ഇത്യാദി ദിക്കിൽ അദ്ദേഹത്തെ "പോററി" എന്നു വിളിക്കുന്നതു വിസ്മരിക്കത്തക്കതല്ല. സന്ദേശഹരന്മാരെ നായകന്മാർ "സഖേ" എന്നു വിളിക്കുന്നതു വളരെ സാധാരണമാണു്. അതുകൊണ്ടു വർഗ്ഗസാമ്യം അനുമാനിക്കത്തക്കതല്ല.

൧ "ഉല്പശ്യാമിദ്രുതമപിസഖേ! മൽപ്രിയാർത്ഥം യിയാസോഃ" എന്നു മേഘസന്ദേശത്തിലും,

൨. "തത്രാദ്വൈതേ ലഘുരപി സഖേ! വർജ്ജനീയഃ കദാപി" എന്നു ശുകസന്ദേശത്തിലും കാണുന്ന ഭാഗങ്ങൾ വെച്ചുകൊണ്ടു മേഘയക്ഷന്മാരും, ശുകവും ശുകസന്ദേശ

നായകനും സപവർഗ്ഗ്യന്മാരാണെന്നു വാദിക്കുന്നതിനു നി വ്വാഹമില്ലല്ലോ. സഖിശബ്ദംകൊണ്ടു പ്രിയാജനസാന്ത്വ നമെന്നു ഫലിതാചരണം മാത്രമേ അനുഗന്തവ്യമായുള്ളു. ഉണ്ണുനീലിവണ്ണനയായ "പൂമാതിൻനയനാന്ത" ഇത്യാദി ശ്ലോകത്തിനു മഹാലക്ഷ്മിയുടെ കടാക്ഷവിലാസരംഗവും ഭൂമിക്കു പീയൂഷദ്വീപവും മണികണ്ഠരാജാവിന് അത്തായത്തു് വെമ്പലനാട്ടിന് ആഭരണവും കാമദേവന്റെ കുലദേവത യും ആയ ഉണ്ണുനീലി എന്ന് അത്ഥം പറഞ്ഞാൽ മതിയാ കുന്നതാണു്. അങ്ങനെ ചെയ്യുന്നതാണു യുക്തം. സകല ലോകവ്യാപിനിയാണല്ലോ മഹാലക്ഷ്മി. അങ്ങനെയുള്ള ദേവിയുടെ കടാക്ഷലക്ഷ്യമാകയാൽ ഉണ്ണുനീലി ത്രൈലോ ക്യത്തിൽവെച്ചു വിശിഷ്ടയാണെന്നു കാണിച്ചു. ത്രൈലോ ക്യത്തിന്റെ അംശമായ ഭൂമിയുടെ കാൎയ്യമാലോചിച്ചാൽ ഭൂമിക്കു് അവൾ അമൃതദ്വീപമാണെന്നു പറഞ്ഞു. അതി ലും ചുരുങ്ങിയ വെമ്പലനാട്ടു നോക്കിയാൽ അതിന് അവൾ അലങ്കാരമാണെന്നും വർണ്ണിച്ചു. ഇങ്ങനെ സ്ഥലവ്യാപ്തി കുറയുന്തോറും നായികയുടെ മെച്ചം കൂടുന്നതായി കവി സൂചിപ്പിക്കുന്നു. അല്ലാതെ മണികണ്ഠന്റെ ഭാൎയ്യയാണു് നായിക എന്നിവിടെ വ്യാഖ്യാനിക്കാമെന്നു തോന്നുന്നില്ല. കടുത്തുരുത്തിവണ്ണനയിൽ,

> "മുണ്ടയ്ക്കൽച്ചെൻറഖിലനയനാനന്ദമാമുണ്ണുനീലീ-
> പീയൂഷത്തോടിനിയമണികണ്ഠാഖ്യകല്പദ്രുമേണ
> ധന്യൈരന്യൈരപി സമമിമം ദേവലോകൈകദേശം
> മന്യേ നിൎമ്മിച്ചതു മദനനാം ഗാധിസൂനൎമ്മുനീന്ദ്രഃ"

എന്നു കവി പറയുന്നു.

കടുത്തുരുത്തിയെ ദേവലോകവും അവിടെ മണികണ്ഠ നെ കല്പദ്രുമവും ഉണ്ണുനീലിയെ പീയൂഷവും ആയി സങ്കല്പി ക്കുന്ന കവികാമനായ വിശ്വാമിത്രൻ കടുത്തുരുത്തിസ്വർഗ്ഗ സൃഷ്ടി ചെയ്യുന്നതു ത്രിശങ്കുസങ്കടത്തിൽപ്പെട്ട തനിക്കുവേണ്ടി

യാണെന്നു സൂചിപ്പിക്കുന്നതുപോലെ തോന്നുന്നു. ഭൂലോകപിയൂഷമായ ഉണ്ണുനീലിയുടെ അനുഭവാവകാശം ഭൂസുരനായ തനിക്കാണെന്ന് ഒരു ധ്വനികൂടി അതിൽ അമത്തിവെച്ചിട്ടില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു. മണികണ്ഠനെ കല്പകവൃക്ഷമായി കല്പിക്കുന്ന കവി അദ്ദേഹം ഉണ്ണുനീലിയുടെ ഭർത്താവല്ലെന്നു സ്പഷ്ടമായി പറയുന്നില്ലെന്നു മാത്രമേ ഉള്ളു. ഫലം അതുതന്നെ. നായകൻ ഒരു ബ്രാഹ്മണനാണെന്നും രാജാവല്ലെന്നുമുള്ള എൻെറ പ്രബലമായ ഊഹത്തെ സ്ഥിരീകരിക്കുന്ന മററു സംഗതികളുമുണ്ട്. നായകൻ അഭിജ്ഞാവാചികം പറയുന്ന ദിക്കിൽ പറയുന്നു:—

"കണ്ടോമല്ലോ തളിയിലിരുവം ക്രുത്തുനാമൻെറാരിക്കാൽ
ദൈവം കെട്ടാളൊരു തപതിയാർ നങ്ങയാരെന്നെനോക്കി
അന്യാസംഗാൽ കിമപി കലുഷാ പ്രാകൃതംകൊണ്ടുവാദിൽ
പിന്നെക്കണ്ടിലണയെ വിവശം വിത്തുമണ്ടുൻെറ നിന്നെ"

ഉണ്ണുനീലീസാഹചര്യംകൊണ്ടു മാനവതിയായ നങ്ങിയാക്ക് നായകനെക്കുറിച്ചു കാലുഷ്യമുണ്ടായി. അതു പ്രാകൃതത്തിലെങ്കിലും പ്രകാശിപ്പിക്കാൻ പ്രയത്നിച്ചതാലോചിക്കുമ്പോഠം നങ്ങിയാരെ പരിഗ്രഹിക്കത്തക്ക നില നായകനുണ്ടായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സാമന്തന്മാരായ വടക്കുംകൂർ രാജാക്കന്മാക്കു നങ്ങിയാന്മാരെ വിവാഹം കഴിക്കാൻ മാർഗ്ഗമില്ലല്ലൊ. ഈ സംഗതിയും മുൻ പറഞ്ഞ ഊഹത്തിലേയ്ക്കു നമ്മെ ആവഹിക്കുന്നു. ഇനിയും നോക്കുക. വലിയ രാജാവായ മണികണ്ഠൻ ആദിത്യവമ്മൻ കടുത്തുരുത്തിയിൽ ചെല്ലുമ്പോഠം അവിടെയുണ്ട്. അദ്ദേഹമല്ല നായകൻ എന്നതുകൊണ്ടു വിശേഷിച്ചു ഘോഷിക്കേണ്ടതില്ല. സ്വതൃപത്തിലെ ഇളയരാജാക്കന്മാരിലൊരുവനായിരുന്നു നായകനെങ്കിൽ മണികണ്ഠപ്രഭൃതികളോട് അതിനെപ്പററി വല്ലതും പറയാതിരിക്കുമോ? നായകൻെറ കഥയെപ്പററി ദൂതൻ മിക്കവാറും മൂകനായിരിക്കുന്നു.

ഇളയ രാജാവു യക്ഷിയുടെ കൈയിൽ അകപ്പെട്ടുകാണാതെ പോയിരുന്നെങ്കിൽ രാജധാനിയിൽ എന്തുമാത്രം കോലാഹലമുണ്ടായിരിക്കുമായിരുന്നു. നായികയുടെ അടുക്കൽ ചെല്ലുന്നതിനു മുമ്പായി ഗുരുജനങ്ങളുടെ സന്നിധിയിൽ ചെന്നു നായകനായ ഇളയരാജാവിന്റെ ഭൃത്യവുമായി ആദിത്യവർമ്മൻ വന്നിരിക്കയാണെന്നു പറയുമോ? അതോ അക്കഥ ഗോപനംചെയ്യാൻ ശ്രമിക്കുമോ? കവിയുടെ ഔചിത്യബുദ്ധി എത്ര ദൃഢമായിരിക്കുന്നു! ആദിത്യവർമ്മൻ കൊല്ലത്തുവരുമ്പോൾ തന്റെ യാത്രാവിവരമൊന്നും ജ്യേഷ്ഠനായ ഇരവിവർമ്മനോടു നേരിട്ടു പറയരുതു് എന്നും സംഗതി മാമ്പള്ളിയെക്കൊണ്ടു് അറിയിക്കുമ്പോൾ തന്നെ ദൂതനായി പുറപ്പെട്ട വിഡ്ഢിത്തമോർത്തു ചിരിയുണ്ടാകുമെന്നും കവി പറയുന്നു.

"അസ്മദ്ഭ്രാതാം മുഴുവനറിയിപ്പിച്ചു മാമ്പള്ളിയേക്കൊ-
ണ്ടല്പ്പസ്മേരാനനമിതവദനം വീരനില്ലോരുനേരം

എന്നുള്ള ഭാഗം നോക്കുക.

തിരുവനന്തപുരംമുതൽ കടുത്തുരുത്തിവരെ വഴിമേൽ കുലസ്ത്രീകുലത്തിൽ ഉൾപ്പെട്ടതാൽ സംശയിക്കേണ്ട അനേകസ്ത്രീജനങ്ങളുമായി അനാശാസ്യമായി പരിചയപ്പെട്ട ഒരു മനുഷ്യനാണു് നായകൻ. "എണ്ണററീടും ഗുണസമുദയം ചേർന്നിണങ്ങും കുരുങ്ങോട്ടുണ്ണുച്ചിക്കിടയിൽ വനിതയാം മൽപ്രിയാ പ്രേമബന്ധോ" ഇത്യാദി ശ്ലോകങ്ങൾ നോക്കുക. വടക്കുംകൂർരാജാക്കന്മാരിൽ ഒരാൾക്കിങ്ങനെ ഒരു പരിചയത്തിനു വക കാണുന്നില്ല. നായകൻനാടോടിയായ ഒരു കേരളബ്രാഹ്മണനെന്നു വിചാരിക്കുന്നതു കുറേക്കൂടി യുക്തമായിരിക്കും.

"ചിററപ്പന്റെ പകുതിയകതിക്കൈക്കുവാൻ നോക്കിടാനീം
മറെറക്കൂറോമുഴവനവർ വേറാക്കി നീർവീഴ്ത്തിനേൻ

(ഞാൻ

കററം നമ്മെച്ചുവത്തു പറയും പെററ മൂത്തമ്മയാരെ-
ൻറൂററിച്ചെയ്യും ചില ജളരൊരോപാട്ടുഴച്ചീട്ടു മേടം"

എന്ന ശ്ലോകം ജന്മിമാരായ കേരളബ്രാഹ്മണരുമായുള്ള പരിചയത്തെക്കാണിക്കുന്നു. ഇതിന്നു പ്രഥമദൃഷ്ടിക്കു തോന്നാവുന്ന ഒരു വൈഷമ്യം ഞാൻ വിട്ടുമാറണമെന്നു വിചാരിക്കുന്നില്ല "കോലാമൂങ്ങൻ ചുറകുകൊഴമീൻ കൊഞ്ചു പാമ്പാട പുന്മീൻ" ഇത്യാദി ശ്ലോകത്തിൽ അനേകം മത്സ്യങ്ങളുടെ നാമധേയങ്ങൾ നായകൻ പറയുന്നുണ്ട്. ആഢ്യന്മാരായ നമ്പൂരിമാർ മത്സ്യങ്ങളുടെ പേരു് പറകയില്ലെന്നാണ് അറിയുന്നതു്. ക്ഷേ യാത്രകളിനമ്പൂരിമാർ അതു പറകയും ചെയ്യാറുണ്ട്. അതുകൊണ്ടു വിചാരിക്കേണ്ടതു കവിയോ നായകനോ ആഢ്യവർഗ്ഗത്തിൽപ്പെടാത്ത ഒരു കേരളബ്രാഹ്മണൻ ആയിരിക്കാമെന്നാകുന്നു. അതാരെന്നുള്ള സംഗതി ഇപ്പോൾ കിട്ടിയിട്ടുള്ള അറിവുകൊണ്ടു നിർണ്ണയിക്കുന്നതിന്നു നിവ്വാഹമില്ലെന്നു ഖേദിക്കയേ തരമുള്ളു.

"യൽ സത്യം തൽഭവതു" ഇത്യാദി ശ്ലോകം ലീലാതിലകത്തിൽ അപശബ്ദത്തിന്നുദാഹരണമായി നാലാം ശില്പത്തിൽ ഉദ്ധരിച്ചുകാണുന്നു. ഇതുകൊണ്ടു, ലീലാതിലകത്തിന്നു മുമ്പാണിതിന്റെ നിർമ്മിതി എന്നു നിശ്ചയിക്കാം. പക്ഷേ ലീലാതിലകത്തിന്റെ കാലവും കർത്താവും നിർണ്ണയിക്കുന്നതിന്നുള്ള സാമഗ്രികൾ ഇനിയും കിട്ടീട്ടില്ലാത്ത സ്ഥിതിക്ക് ഇതുകൊണ്ടു വലുതായ പ്രയോജനമില്ല. ലീലാതിലകത്തിന്റെ ആവിഷ്കരണം ഭാഷാസാഹിത്യത്തിൽ പ്രയത്നിക്കുന്നവരുടെ അന്വേഷണബുദ്ധിയെ ഉത്തേജനം ചെയ്യുന്നതിന്നു വിലയേറിയ സാഹായ്യമായിരിക്കുമെന്ന് എനിക്കു തോന്നുന്നു. ലുപ്തപ്രചാരമായ ഗ്രന്ഥങ്ങളേയും വിസ്മൃതപ്രായമായ ഒരു സാഹിത്യഘട്ടത്തേയും പററി അതിൽനിന്നു സിദ്ധിക്കുന്ന മന്ദപ്രകാശം മഹാന്മാർ അനുഗ്രഹിക്കുന്നപക്ഷം ഉദ്ദീപനംകൊണ്ട് നമ്മേ വിസ്മയിപ്പിക്കുമെന്നു വിശ്വസിക്കാം.

“ആററൂർ നിലീ വിരഹവിഷയേമാണിരത്യന്തകാമീ
മാത്തൂർ ജാതോ മദനവിവശസ്ത്യക്തവാന്തൂണറക്കെ”
“സ്വപ്രേ പൂവ്വം മഹിതനൃപതേവ്വിക്രമാദിത്യനാമ്നഃ
പോഷ്കാം ചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ”
“മാരൻ മാനിച്ചുണ്ണിയുമുടവാം മഞ്ജരീമുണ്ണിയാടീം
ഓരോ വിദ്യാരവലരിതംകൊണ്ടു കൊണ്ടാടുമേടം”

ഇത്യാദി ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുള്ളവ ഉണ്ണുനീലീസന്ദേശംപോലെയുള്ള മററുകൃതികളിൽനിന്നാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ജയസിംഹപുത്രനായ രവിവമ്മ ചക്രവത്തി പാണ്ഡ്യരാജകുമാരിയെ വിവാഹംചെയ്തതായി ഒരു ശ്ലോകം ലീലാതിലകത്തിൽ ഉദ്ധരിച്ചുകാണുന്നതുകൊണ്ടു ൫൦൦-ാമാണ്ടേയ്ക്കു ശേഷവും പ്രസിദ്ധപ്പെട്ട പുനംനമ്പൂരിയുടെ കൃതികളിൽനിന്നു യാതൊന്നും ഉദ്ധരിച്ചിട്ടുള്ളതായി കാണാൻ കഴിയാത്തതുകൊണ്ടു ൬൭൦-ാമാണ്ടിനു മുമ്പായും ലീലാതിലകം രചിച്ചിരിക്കാമെന്നു തോന്നുന്നു. ഉണ്ണുനീലീസന്ദേശകാലം മേൽ നിർണ്ണയിച്ചതു ശരിയാണെങ്കിൽ ടി കാലാന്തരാളത്തെ കുറേക്കൂടി ചുരുക്കി ൫൫൦-ാമാണ്ടേയ്ക്കുശേഷം പ്രസ്തുത കൃതി നിമ്മിച്ചിരിക്കണമെന്നും പറയാവുന്നതാകുന്നു.

പ്രകൃതകൃതിയുടെ നിമ്മിതി ലീലാതിലകത്തിനു മുമ്പ് എന്നുള്ളതുപോലെ തന്നെ ശുകസന്ദേശത്തിനു പിമ്പ് എന്നും വ്യക്തമാകുന്നു. “ആസ്ഥാ ലോകേ വിപുലമനീസാമാന്യസാമാന്യമദ്ധ്യേ” തീത്യാദി ശ്ലോകത്തിന്റെയും “ഭ്രാതസ്തൂർണ്ണം ഭവതു ച പുനർദ്ദശ്നാനന്ദലക്ഷ്മീ” എന്ന അവസാനപദ്യത്തിന്റെയും ഭാഗങ്ങൾ അഭിന്നമായി ഉണ്ണുനീലീസന്ദേശത്തിൽ സ്വീകരിച്ചിരിക്കുന്നതിനു പുറമെ ഈ രണ്ടു സന്ദേശങ്ങളും തമ്മിൽ പല ആശയസാദൃശ്യങ്ങളും കാണ്മാനുണ്ടു്.

"ബിന്ദുസ്വിന്നം മൃദുനഖപദോല്ലാസി വീരായിതാന്തേ" എന്നു തുടങ്ങുന്ന ശ്ലോകത്തിന്,

"ഊത്രു ചാസ്യാഃശ്ചിരമിഹ മയാ മുക്തസംവാഹനാതാൽ" ഇത്യാദി ശുകസന്ദേശശ്ലോകവുമായുള്ള സാദൃശ്യവും മററും നോക്കുക. ഉദാഹരണങ്ങൾ സമൃദ്ധിയാകയാൽ ഇനിയും ഉദ്ധരിക്കണമെന്നില്ല. ശുകസന്ദേശകാലവും നിർണ്ണയിച്ചിട്ടില്ലാത്ത സ്ഥിതിക്ക്, ഉണ്ണുനീലിസന്ദേശം ശുകസന്ദേശത്തിനും ലീലാതിലകത്തിനും ഇടയ്ക്കുള്ള അന്തരാളകാലത്തിൽ ഭൂജാതമായി എന്നു മാത്രമേ തൽക്കാലം അതിന്റെ ജാതകത്തിൽ എഴുതാൻ തരമുള്ളു. സന്ദേശകാവ്യനാവ്യമാർഗ്ഗത്തിൽ പ്രഥമസാംയാത്രികനായിരുന്ന കവിസാർവ്വഭൌമന്റെ പണ്ടകശാലയിൽനിന്നു കുറെ ചരക്കുകളും ഉണ്ണുനീലിക്കു വേണ്ടി നമ്മുടെ സന്ദേശകർത്താവു സ്വീകരിച്ചുപയോഗിച്ചിട്ടുണ്ട്. "ജാതാം മന്യേ ശിശിരമഥിതാം പത്മിനീം വാന്യരൂപാം" എന്ന മേഘസന്ദേശപാദം "തനീമാലാ ശിശിരമഥിതാ താമരപ്പൊയ്ക്കപോലെ" എന്നു പ്രകൃതസന്ദേശത്തിൽ പ്രതിബിംബിച്ചുകാണുന്നു.

"ശേഷാൻ മാസാൻ വിരഹദിവസസ്ഥാപിതസ്യാവധേർവ്വാ
വിന്യസ്യന്തീ ഭുവി ഗണനയാ ദേഹളീദത്തപുഷ്പൈഃ
സംഭോഗം വാ ഹൃദയനിഹിതാരംഭമാസ്വാദയന്തീ
പ്രായേണൈതേ രമണവിരഹേഷ്വംഗനാനാം വിനോദാഃ"

എന്ന ശ്ലോകത്തിൽ നിന്നൊരു പരിവാഹം വെച്ചിട്ടുള്ളതു പോലെ

"നൽച്ചൊൽ കേൾക്കും തദനു കൊടി വെയ്പിക്കുമോക്കം— [നിമിത്താ-
നത്യാവേശാൽ പണവുമരിയും നീക്കി നിത്യം തൊടീക്കും
തുമ്പപ്പൂവാൽ വിരഹദിവസാനെണ്ണുമീവണ്ണമെല്ലാ-
മല്ലോ മല്ലക്കുഴലികളുടേ വേല കാന്തൻ പിരിഞ്ഞാൽ"

എന്ന ശ്ലോകത്തിലേയ്ക്കു ആശയം പകർന്നിരിക്കുന്നു.

ഇതുപോലെ ഉത്തരഖണ്ഡത്തിൽ ഒട്ടുവളരെ ശ്ലോകങ്ങളിൽ മേഘസന്ദേശത്തിൻെറ കാററു തട്ടീട്ടുള്ളതായി കാണുന്നുണ്ട്. "മാതംഗാനാം കരപരിഘൈൾസോദസംസിക്തശീത" ഇത്യാദിവൈതാളികസ്തുതി രഘുവംശത്തിൽ അജൻെറ യാത്രയിലുള്ള വൈതാളികവാക്യച്ഛായയിൽ രചിച്ചിട്ടുള്ളതായിതോന്നുന്നു. "മുററത്തല്ലോ നന്ദ സുരപതേന്നില്പതക്കല്പവൃക്ഷം" എന്നു തുടങ്ങുന്ന ശ്ലോകത്തിൽ "പത്മാസദ്മനി കേശവസ്യ" എന്നു തുടങ്ങുന്ന ശ്ലോകത്തിൻേറയും "കാന്തം വേണിമനുനിഴലിവ പ്രേക്ഷ്യതേ രോമരാജി" എന്നിടത്തു്,

"സ്വർണ്ണാവദാതഗ്ലതികായകാണ്ഡേ സമ്പൂർണ്ണപീയൂഷമ-
(യൂഖമുഖ്യാഃ
ഏണീദൃശഃ പൃഷ്ഠവിലംബിവേണീ ബിംബഃ പുരോ രാജതേ
(രോമരാജിഃ"

എന്ന ശ്ലോകത്തിൻേറയും ആശയങ്ങൾ സ്ഫുരിക്കുന്നു. കസ്തൂരികാഖണ്ഡം കൈകാര്യം ചെയ്യുന്നവൻെറ കരസ്പർശംകൊണ്ടു പരിമളം മററു പദാത്ഥങ്ങളിലും സംക്രമിക്കുന്നതാണല്ലൊ.

ഇങ്ങനെയുള്ള പ്രകാശലേശങ്ങൾകൊണ്ടു സന്ദേശത്തിൻെറ കവിയെ ആവരണം ചെയ്തിരിക്കുന്ന അന്ധകാരപടലത്തെ നീക്കുന്നതിനു നിവ്വാഹം കാണുന്നില്ല. ഉദ്ദണ്ഡശാസ്ത്രികളുടെ കാലം ഉണ്ണുനീലിസന്ദേശത്തിനു ശേഷമാകാനേ തരമുള്ളു എന്നു് മേൽ പ്രസ്താവിച്ച സംഗതികൾകൊണ്ടു മിക്കവാറും വ്യക്തമാകുന്ന സ്ഥിതിക്കു കോകിലസന്ദേശംകൊണ്ടു പ്രസ്തുത വിഷയത്തിൽ വളരെ പ്രയോജനമില്ല. ഉണ്ണുനീലിസന്ദേശത്തിൻെറ ചില ഛായകൾ കോകിലസന്ദേശത്തിൽ നിഴലിച്ചുകാണുന്നുണ്ടെന്നുള്ള സംഗതി പ്രസ്താവയോഗ്യമാകുന്നു. ശാസ്ത്രികളുടെ കാലത്തു പയ്യൂർ ഭട്ടതിരിമാർ വൈദുഷ്യത്തിൽ മികച്ചവരായിരുന്നു എന്നു കോ

കിലസന്ദേശവും മല്ലികാമാരുതവും തെളിയിക്കുന്നു. "ഉക്തം ച മഹർഷിപുത്രേണ പരമേശ്വരേണ" എന്നു മല്ലികാമാരുതത്തിലെ പരാമർശം നോക്കുക. ഉണ്ണുനീലിസന്ദേശം ൧൭൦-ാം ശ്ലോകത്തിൽ പയ്യൂർകവിതയുടെ കാര്യം പറഞ്ഞു കാണുന്നു. അനേക തലമുറയായി വിദ്വജ്ജനങ്ങൾ ഉണ്ടായിരുന്ന പ്രസ്തുത കുടുംബത്തിലെ ഏതു് അംഗത്തിന്റെ കവിതയാണിവിടെ സൂചിപ്പിച്ചിരിക്കുന്നതെന്നു നിർണ്ണയിക്കുന്നതും അസാദ്ധ്യംതന്നെ.

സന്ദേശകാവ്യങ്ങളുടെ കൂട്ടത്തിൽ ഉണ്ണുനീലിസന്ദേശം പല അംശങ്ങളിലും വിശേഷരൂപത്തിൽ കാണപ്പെടുന്നു. മേഘം, ശുകം, കോകിലം, മയൂരം, ചാതകം, ഭ്രമരം ഇങ്ങനെയുള്ള വകയൊന്നുമല്ല സന്ദേശം കൊണ്ടുപോകുന്നതു്. സന്ദേശത്തിന്റെ നാമധേയം പോലും മററുള്ളതിൽനിന്നു ഭിന്നവിധത്തിലാകുന്നു. "നേമിസന്ദേശ',മെന്നൊരു സന്ദേശകാവ്യത്തിനല്ലാതെ മനുഷ്യനാമം ചേർത്തു നാമധേയം ചെയ്തിട്ടുള്ളതായി ഓക്കുന്നില്ല. അതിലും വിശേഷം നായികയെ പുരസ്കരിച്ചാണു് ഈ കൃതിക്കു പേരിട്ടിരിക്കുന്നതു്. ഈ കാവ്യത്തിൽ സ്ഥായിരസം വിപ്രലംഭശൃംഗാരം. വിപ്രലംഭത്തിന്റെ പോഷണത്തിനു സംഭോഗശൃംഗാരഛായകൾ അവിടവിടെ കലർത്തി വിയോഗമൂർച്ഛയെ വികസിപ്പിച്ചു കാണുന്നു. "മലമകൾമുല പൂണും ദൈവതം വെൽവുതാക" എന്ന മംഗളാചരണപദ്യത്തിൽതന്നെ സംഭോഗശൃംഗാരം ഉപനിബന്ധനം ചെയ്തു് അതിനു വിപരീതമായ വിപ്രലംഭത്തിനു വൈശദ്യം വരുത്തിയിരിക്കുന്നു. കാവ്യത്തിൽ നെടുനീളെ ഘോഷമായി പ്രവഹിക്കുന്ന വിരഹരസം പൊട്ടിപ്പുറപ്പെടുന്നതുതന്നെ സംഭോഗശൃംഗാരഖനിയായി ധ്വനിക്കുന്ന "അല്ലിത്താർമാതണയെ മരുവും പത്മനാഭനുപാന്ത"ത്തിൽ ആകുന്നു. ഇങ്ങനെ അത്യന്തം പ്രകാശമായി നിൽക്കുന്ന വിപ്രലംഭത്തിന്റെ പ്രതിഛായപോലെ സംഭോഗശൃംഗാരത്തെ ധ്വിക്കരിച്ചു പ്രയോഗിച്ചിരിക്കു

ന്നതു വളരെ സരസമായിരിക്കുന്നു. സന്ദേശധരൻ ഒരു രാജാവായിത്തീന്നതുകൊണ്ടു വീരാദികളായ അന്യരസങ്ങൾക്കും ഇടയ്ക്കിയ്ക്കു പ്രവേശം ലഭിച്ചിട്ടുണ്ട്. സ്ഥായിരസത്തിൽ അനുഭാവങ്ങളും സഞ്ചാരിഭാവങ്ങളും പ്രവേശിച്ചു പുഷ്ടിവരുത്താനും കവി അമാന്തിച്ചിട്ടില്ല. ഇങ്ങനെയൊക്കെ ഇരുന്നിട്ടും മാരജ്വരപരവശനാണെന്നു കവി മുക്തകണ്ഠമായി പറയുന്നുണ്ടെങ്കിലും നായകന്റെ വിരഹത്തിൽ നേരിട്ട ഹൃദയബാധ കവിയെ അത്ര കലശലായി ക്ലേശിപ്പിച്ചിരുന്നു എന്നു കാണുന്നില്ല.

"എല്ലിന്നേതും പെരികൊരൊഴിവുണ്ടായതില്ലെങ്കിലും . മേമെല്ലപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞെ"

എന്നു നായകൻ നായികയോടു പറയുന്ന ഭാഗം മുൻപറഞ്ഞതിനു ലഘുവായ ഒരു സൂചനയാണ്. വിരഹഖിന്നയായി ദൈന്യചിന്താദി സഞ്ചാരിഭാവങ്ങൾക്കു വശംവദയായി കിടക്കുന്ന നായികയുടെ സ്ഥിതി ഗൌരവത്തിനു തീരെ അനുരൂപമല്ലാതെ ഭ്രമിയിൽ തനിക്കുണ്ടായ അവതരണത്തിൽ എല്ലൊന്നും ഒടിഞ്ഞില്ലെന്നു പറയുന്ന നായകൻ മിക്കവാറും ഉല്ലാസമായും മനോലാഘവത്തോടും കൂടിയിരിക്കുന്നതായി തോന്നിപ്പോകുന്നു. ശ്രുതിയിൽ നിന്നു ഭിന്നിച്ച സംഗീതംപോലെ സ്ഥായിരസത്തിൽ ലയിക്കാതെനില്ക്കുന്ന പ്രസ്തുത ഭാഗം നായകനിൽനിന്ന് ഉണ്ടാകുന്നതിനു തരമില്ല. അതു കവിയുടെ മനോധമ്മഭ്രംശമായിട്ടു വിചാരിക്കേണ്ടിയരിക്കുന്നു ഇങ്ങനെയുള്ള ചില ചില്ലറ ഘടകങ്ങൾ നായകനും കവിയും രണ്ടാളാണെന്നുള്ള അനുമാനത്തെ അനുകൂലിക്കുന്നു.

ഉണ്ണുനീലി യഥാത്ഥത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീ തന്നെയായിരിക്കണമെന്നു മുമ്പ് പറഞ്ഞുവല്ലോ. ഉണ്ണുനീലി എന്ന നാമധേയവും അവൾ അപ്സരോവംശജയാണെന്നു, കേരളമാഹാത്മ്യാദിഗ്രന്ഥങ്ങളിൽ നമ്പൂരിമാർ പ

റഞ്ഞിട്ടുള്ളതുപോലെ കവി ചെയ്യുന്ന വംശപ്രശംസയും
അംഗഭംഗിയും മററും നായിക ഒരു നായർയുവതിയായിരു
ന്നെന്നുള്ള ഊഹത്തെ ഉന്നയിക്കുന്നു. അവളുടെ കുടുംബ
പ്പേർ മുണ്ടയ്യൂർ എന്നായിരുന്നു. പക്ഷേ ൫൬-ാം ശ്ലോ
കത്തിൽ വീരമാണിക്യവും അവളുടെ വീടായി പറഞ്ഞുകാ
ണുന്നു. ഇതുകൊണ്ടു മിസ്ററർ പരമേശ്വരയ്യർ പറയുന്നതു
പോലെ, ഉണ്ണുനീലി വടക്കുംകൂർരാജാക്കന്മാരിൽ ആരുടെ
യെങ്കിലും കളത്രമായിരിക്കാമെന്നൊരു പ്രബലമായ സന്ദേ
ഹം എനിക്കുണ്ടായ കാര്യം ഞാൻ ഗോപനംചെയ്യുന്നില്ല.
എന്തുകൊണ്ടെന്നാൽ വീരമാണിക്യത്തുപുരയിടത്തിന്റെ
നേരെതെക്കേത്തു് തിരുമാടത്തിൽപറമ്പും കിഴക്കുവശമായ
ചിറയുടെ വടക്കുവശം വടക്കേടത്തുപറമ്പും കിടക്കുന്നതു്
ഇപ്പോഴും കാണ്മാനുണ്ടു്. തിരുമാടത്തിൽ എന്ന ശബ്ദ
ത്തിൽ ഒരു രാജസ്ഥാനധ്വനി ഉള്ളതുപോലെ എനിക്കുതോ
ന്നുന്നു. വാക്കോടമെന്നതു വടക്കേ ഇടം എന്നതിന്റെ ഭ്ര
സിഷ്ടരൂപമാണെന്നു് ഒരു സ്നേഹിതൻ പറയുന്നു. വീരമാ
ണിക്യത്തിന്റെ നേരേ തൊട്ടു കിഴക്കേവശം ഇടത്തിൽപറ
മ്പും അതിനു കിഴക്കുവശം സന്ദേശത്തിലെ കിഴക്കൻചിറ
യും അതിനു വടക്കുവശം വാക്കോടവും ആണെന്നു കാണു
ന്നസ്ഥിതിക്കു വാക്കോടം വടക്കേ ഇടംതന്നെ ആയിരിക്കാം.
ഇടം എന്നുപറയുന്നതു സാധാരണ സാമന്തരാജാക്കന്മാരുടെ
ഭവനങ്ങൾക്കാണു്. തക്കുംകൂർരാജാക്കന്മാരുടെ വംശ്യരുടെ
വാസഭൂമിക്കു കോട്ടയത്തു നട്ടാശ്ശേരിയിൽ "ഇടത്തിൽ" എ
ന്നാണു് ഇപ്പോഴും പറയാറുള്ളതു്. ഈ പ്രകാരം വീരമാണി
ക്യത്തിന്റെ തെക്കും കിഴക്കും വശങ്ങളിൽ പ്രാചീനകാല
ത്തു വടക്കുംകൂർ രാജാക്കന്മാൎക്കു് അധിവാസം ഉണ്ടായിരുന്ന
തായി ഊഹിക്കാമെന്നുതോന്നുന്നു. രാജഭവനങ്ങൾക്കു സ
മീപഭൂമിയായിരുന്ന വീരമാണിക്യംതന്നെ രാജാക്കന്മാരുടെ
കൈവശമായിരുന്നിരിക്കേണ്ടയോ? അങ്ങനെ ആയിരുന്നു
എന്നൂഹിക്കാൻ പല ന്യായങ്ങളുമുണ്ടു. ഒന്നാമതായി വീ

രമാണിക്യമെന്ന ശബ്ദംതന്നെ സാധാരണ ഒരു വീട്ടുപേരാണെന്നു പറയാവുന്നതല്ല. അതിനുപുറമെ, "വീരമാണിക്യത്തച്ചനാണെ, വടക്കുംക്രൂർ സ്വരൂപമാണെ" എന്നു പ്രതിജ്ഞചെയ്ത ഒരു ക്രിസ്ത്യാനിയുടെ ഐതിഹ്യം "പുരാതന പാട്ടുകളിൽ" പ്രതിപാദിച്ചിട്ടുള്ളതിൽനിന്നു വടക്കുംക്രൂർ രാജവംശം വീരമാണിക്യത്തു് ഒരുകാലത്തു പ്രതിഷ്ഠിതമായിരുന്നെന്നു് അനുമാനിക്കത്തക്കതാകുന്നു. ഇങ്ങനെ വടക്കുംക്രൂർ രാജവംശാധീനമായിരുന്ന വീരമാണിക്യത്തു ടി ൱൩൩-ാം ശ്ലോകത്തിൽ പറയുംപോലെ ഉണ്ണുനീലി വസിച്ചിരുന്നു എങ്കിൽ, അവൾ നായർവംശ്യയാണെന്നു മുൻ പ്രസ്താവിച്ച അഭിപ്രായം ശരിയാകുന്നപക്ഷം വടക്കുംക്രൂർരാജാക്കളിൽ ഒരാൾ ആ സ്ത്രീയെ പരിഗ്രഹിച്ചിരുന്നെന്നു ബലാൽക്കാരം കൂടാതെ സ്ഥാപിക്കാവുന്നതാകുന്നു. പരമേശ്വരയ്യരവർകളുടെ അഭിപ്രായത്തിൽതന്നെ സ്വതന്ത്രമായ എന്റെ പന്ഥാവും ചെന്നുചേന്നതുകണ്ടു ഞാൻ സാമാന്യം ആഹ്ലാദിച്ചു എങ്കിലും എന്റെ അനുമാനം അഭംഗുരമാണെന്നു ഞാൻ ആശ്വസിക്കുന്നില്ല.

"നേരേകാണാം നൃപവര! കിഴക്കൻചിറയ്ക്കങ്ങു പശ്ചാൽ
താരാർമാതോട്ടടമ പിചകം മന്ദിരം മൽപ്രിയായാഃ
മാരന്നുണ്ടാം ജനനഭവനം വീരമാണിക്കമെൻറാൽ
ആരേ പാർത്താലവിടമറിയായിൻറിതിപ്പാരിലിൻറു."

എന്നാണു് ൱൩൩-ാം ശ്ലോകത്തിന്നു് ഇപ്പോൾ കാണുന്ന പാഠം. ഇതിൽ വല്ല പിശകുമുണ്ടോ എന്നറിയുന്നില്ല. ശ്ലോകത്തിനു പ്രഥമദൃഷ്ടിക്കു സുഗമമായിത്തോന്നുന്ന അർത്ഥം കിഴക്കൻചിറയ്ക്കു പിൻവശമായി പ്രിയജനത്തിന്റെ ഭവനം നേരേ കാണാമെന്നും അതിന്റെ നാമധേയം വീരമാണിക്യമാണെന്നും അതു കാമദേവജന്മഭൂമിയാണെന്നും ആൎക്കും അവിടം കണ്ടാൽ പറയാതെതന്നെ മനസ്സിലാകുമെന്നും ആകുന്നു. ദൂതൻ ഉണ്ണുനീലിയെ കാണാൻ

പോകുന്നതു മുണ്ടയ്ക്കൂലേയ്ക്കാണെന്ന് ൧൩൧-ാം ശ്ലോകം കൊണ്ട് സ്പഷ്ടമാകുന്നു. മുണ്ടയ്ക്കൂൽ പറമ്പു വീരമാണിക്യത്തുനിന്ന് ഉദ്ദേശം ഒരു ഫർലാങ്ങ് കിഴക്കുവടക്കാണെന്ന് കുറ്റൂരുത്തിക്കാരൻ ഒരു സ്നേഹിതൻ പറയുന്നു. സ്ഥലം ഞാൻ കണ്ടിട്ടില്ല. മേൽപറഞ്ഞ മുണ്ടയ്ക്കൂൽ പറമ്പു പന്ത്രണ്ടാമാണ്ടത്തെ കണ്ടെഴുത്തിൽ ൧൩൬-ാമതു ലക്കമാണ്. എന്നാൽ ൧൨൯-ാമതു ലക്കമായി വേറേ ഒരു മുണ്ടയ്ക്കൂൽ പറമ്പുകൂടി വീരമാണിക്യത്തിനു സമീപമായി പന്ത്രണ്ടാമാണ്ടത്തെ ഒഴുകിൽ കാണുന്നു. ൯൮൮ ാമാണ്ടത്തെ ഒഴുകിൽ വീരമാണിക്യം മാങ്ങോട്ടു പണിക്കർ നാരായണൻഗോവിന്ദൻ പേരിലും അതിനു തൊട്ടു പടിഞ്ഞാറേതായ മാങ്ങോട്ടുപറമ്പ്, ൯൮൮ ാമാണ്ടു പതിച്ചു മാങ്ങോട്ടായിൽ ഇട്ടൂലികുഞ്ഞൂലി എന്ന സ്ത്രീക്കു പതിവുചീട്ടുകൊടുത്തവഴി ൧൦൧൨–ലെ വിളങ്ങിശ്ശേരിൽ ടിയാളുടെ മകൻെറ പേരിലും കിടന്നിരുന്നതായി തെളിയുന്നു. വീരമാണിക്യത്തിൻെറ മുൻലക്കം ൧൨൮-ം മാങ്ങോട്ടായിൽപുരയിടത്തിൻേറതു ൧൨൪-ം ആകുന്നു. ൧൨൯-ാമതുലക്കം മുണ്ടയ്ക്കൂൽപ്പറമ്പ് ൧൨൮-ാമതുലക്കത്തിനു സമീപമാണെന്നു ഇപ്പോഴത്തെ സെററിൽമെൻറുരജിസ്തരിലെ സവേ്നമ്പരുകൾ കൊണ്ടും ഊഹിക്കത്തക്കതാകുന്നു. സന്ദേശകാലംകഴിഞ്ഞുനാന്നൂററിൽചില്വാനം സംവത്സരങ്ങൾക്കു ശേഷമുള്ള പ്രസ്തുത സക്കാർകണക്കുകളെ ആധാരമാക്കി ഖണ്ഡിതമായി ഒരഭിപ്രായവും പറയത്തക്കതല്ല. ഒരു സംഗതി ഞാനൂഹിക്കുന്നതു് സന്ദേശത്തിൽ പറയുന്ന "മുണ്ടയ്ക്കൂൽ" ൧൨൯-ാമതുലക്കം ആയിരിക്കാമെന്നും അതും സമീപസ്ഥമായ വീരമാണിക്യവും സന്ദേശകാലത്തു മുണ്ടയ്ക്കൂൽവീട്ടുകാരുടെ വകയായിരുന്നിരിക്കാമെന്നും തന്നിമിത്തം വീരമാണിക്യവും ഉണ്ണുനീലിയുടെ ഗൃഹമായി ൧൩൩-ാംശ്ലോകത്തിൽ വർണ്ണിതമായിരിക്കുന്നു എന്നും ആകുന്നു. അഥവാ സകലകാലവും വീരമാണിക്യം വടക്കുംകൂർരാജവംശംവകയായിരുന്നുവെങ്കിൽ "മു

ണ്ടയ്ക്കൽ" കൂടി ആ രാജവംശം വകയായിരുന്നെന്നും ഉണ്ണുനീലി പ്രസ്തുത രാജവംശത്തിലെ ഒരു സ്ത്രീയായിരുന്നെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. "ഉണ്ണുനീലിതിരുനാറം" മണികണ്ഠന്റെ "പൂണാരം" ഇത്യാദിഭാഗങ്ങൾ ആ നിലയിലും യോജിച്ചിരിക്കുമെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.

കഥാനായകനു നേരിട്ടതായി പറയുന്ന യക്ഷിബാധയും ആദിത്യവർമ്മദൂത്യവും മറ്റും കേവലം സങ്കല്പസൃഷ്ടികളായി വിചാരിക്കയേ തരമുള്ളു. ഉണ്ണുനീലിയുടെ കാര്യം അങ്ങിനെയല്ല. കവി കഥ കാന്തയോട് പറയുന്നതായി നിർമ്മിച്ചിരിക്കുന്നതും അയഥാർത്ഥവും ഭംഗ്യാശ്രയവും ആയിട്ടായിരിക്കാം. ഇങ്ങനെ ഒക്കെയിരുന്നാലും കവി ഉണ്ണുനീലീഭർത്താവായിരുന്നു എന്നു വിചാരിക്ക കുറെ ഞെരുക്കമായിത്തന്നെയിരിക്കുന്നു.

ഈ പ്രബന്ധസംബന്ധമായി മേല്പറഞ്ഞ കാര്യങ്ങൾ ഉപരിനിരൂപണത്തിനു പ്രരോചന ജനിപ്പിക്കുമെങ്കിൽ ധാരാളം ഫലവത്തായി. ഗ്രന്ഥം മുഴുവൻ വായിച്ചു തീരുമ്പോൾ പ്രസ്തുത കവിയുടെ വാഗ്വിലാസവും പദയോജനയിൽ ഉള്ള മധുരകോമളമായ പാടവവും വർണ്ണ്യാനുരൂപമായ വചനകൌശലവും വാച്യസൂച്യങ്ങളുടെ സമ്മിശ്രണവും ഹൃദയരംഗത്തിൽനിന്നു എളുപ്പത്തിൽ വിട്ടുമാറാൻ ഭാവമുള്ളതായി തോന്നിയില്ല. കാററു നിലച്ചിട്ടും കടൽ ക്ഷുബ്ധമായിരിക്കുന്നതുപോലെ മേല്പറഞ്ഞ ഗുണങ്ങൾ ഹൃദയത്തെ ബാധിക്കുന്നതായി തോന്നി. രസികരഞ്ജിനിമാസികയുടെ ജന്മസാഫല്യം ഈ കൃതിയുടെ പ്രസിദ്ധീകരണത്തോടുകൂടി സിദ്ധമായി എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. പാഠത്തെ ശുദ്ധീകരിച്ച് ശ്രീമാൻ പരമേശ്വരയ്യർ പ്രസിദ്ധീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന പുതിയ പതിപ്പിനെ പ്രതീക്ഷിച്ചുകൊണ്ടു് ഈ വിചാരത്തെ സമാപ്തമാക്കുന്നു.

---

## സാഹിത്യസ്ഫുരിതമായ

# വിജയനഗരചരിതം.

---

### തിരുവിതാംകൂർചരിത്രത്തിൽ അസ്ഫുടങ്ങളായ ചില ഘട്ടങ്ങൾ.

---

ഉദ്ദേശം ക്രിസ്താബ്ദം ൧൨൦൦- ആയപ്പോഴെയ്ക്കും ഉത്തരഹിന്ദുസ്ഥാനത്തിലുണ്ടായിരുന്ന ഹിന്ദുസംസ്ഥാനങ്ങൾ പരാജിതങ്ങളായി മഹമ്മദീയാധിപത്യത്തിനു വശംവദങ്ങളായിതീൎന്നു. പൂൎവ്വകാലം മുതല്ക്കേ പാണ്ഡ്യചോളചേരന്മാരുടെ ഉദയക്ഷയസ്ഥാനമായിരുന്ന ദക്ഷിണാപഥദക്ഷിണഖണ്ഡത്തിൽ ചോളന്മാർ ക്രിസ്താബ്ദം ൧൦൦൦--ാം വൎഷത്തിനിടയ്ക്കു വീണ്ടും പ്രബലന്മാരായി. പക്ഷേ കുലതുംഗചോളന്റെ രാജ്യഭാരചരമദശയിൽ, അതായത് ൧൧൦൦-ാം ക്രിസ്താബ്ദശേഷം ചോളന്മാരുടെ മേന്മയെല്ലാം അവതാളമായിത്തുടങ്ങി. ൧൧൧൭- ൽ വിഷ്ണുവൎദ്ധനാപരനാമധേയനായ ബിട്ടിദേവൻ മൈസൂർരാജ്യത്തിന്റെ ഒരംശം ചോളന്മാരുടെ പക്കൽനിന്നു കൈവശപ്പെടുത്തി. ബിട്ടിദേവപൌത്രനായ വീരവെള്ളാളൻ (൧൧൭൩—൧൨൨൦) സ്വപിതാമഹന്റെ വിജയമണ്ഡലത്തെ വിസ്തരിക്കയും സ്ഥിരീകരിക്കയും ചെയ്തു. ആ ഘട്ടത്തിൽ സിംഹളന്മാർ പാണ്ഡ്യരാജ്യത്തെ ആക്രമിച്ചു പാണ്ഡ്യനെ വളരെ പീഡിപ്പിച്ചു. തന്നിമിത്തം പാണ്ഡ്യചോളന്മാർ ഏകോപിച്ചു സിംഹളന്മാരെ എതിൎത്ത് അവരുടെ ദ്വീപദേശത്തിലേയ്ക്കു മടക്കി ഓടിച്ചു. ചോളപ്രാബല്യം ക്ഷീണമായപ്പോൾ ഹോസലന്മാരും (മൈസൂർക്കാർ) കാകതീയന്മാരും ചോളരാജ്യം മിക്കവാറും കരസ്ഥമാക്കി. അതുവരെ വിധേയന്മാരായിരുന്ന പാണ്ഡ്യന്മാർ തരം കരുതി ൧൨൯൦-ഇടയ്ക്കു

സുന്ദരപാണ്ഡ്യദേവന്റെ നേതൃത്വത്തിൽ ചോളന്മാരിൽ നിന്നു പാണ്ഡ്യമണ്ഡലവും സ്വാധീനപ്പെടുത്തി.

ഈ സ്ഥിതിയിൽ അല്ലാവുദീൻ എന്ന മഹമ്മദീയ രാജാവിന്റെ സേനാനിയായ "മാലിക്കാഫർ" ഗന്ധഗജംപോലെ ഇടയ്ക്കു ദക്ഷിണാപഥത്തിൽ പ്രവേശിച്ചു ത്ധംത്ധാമാരുതനെപ്പോലെ ആക്രമണംകൊണ്ടു രാമേശ്വരപര്യന്തമുള്ള ഭൂപ്രദേശത്തെ കമ്പമാനമാക്കി. ഹോസലചോളപാണ്ഡ്യാദിദേശങ്ങളെ മഥനംചെയ്തു സാരഭൂതമായ സകലദ്രവ്യങ്ങളുമപഹരിച്ചുകൊണ്ട് ആ മഹമ്മദീയ മദോൽക്കടൻ ദില്ലീനഗരത്തിലേയ്ക്കു മടങ്ങിപ്പോയി. എങ്കിലും അതുകൊണ്ടുണ്ടായ വിപ്ലവത്തിൽ നിന്നു പ്രതിനിവൎത്തിക്കുന്ന കാൎയ്യം അത്ര ലഘുവായിരുന്നില്ല. ഈ വേളയിൽ ആയിരുന്നു നമ്മുടെ രവിവൎമ്മചക്രവൎത്തി പാണ്ഡ്യചോളദേശങ്ങളെ ആക്രമിച്ചു കാഞ്ചിപുരത്തുവെച്ചു അഭിഷേകം നടത്തിയതു്. കൊല്ലംപട്ടണം തലസ്ഥാനമാക്കിയിരുന്ന ആ രാജകേസരി പരദേശത്തു സ്വാധികാരം ശാശ്വതമായി സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നിരിക്കയില്ലല്ലോ.

ചോളപാണ്ഡ്യാദികൾ മേൽപ്രകാരം കേവലം ശുഷ്കീഭവിച്ചു. എന്നാൽ ദില്ലീചക്രവൎത്തിയുടെ പ്രഭാവശക്തി അക്ഷയമായി ദക്ഷിണാപഥത്തിൽ നിലനിൽക്കുക എന്നുള്ളതും സാദ്ധ്യമായിരുന്നില്ല. ചില സ്ഥലങ്ങളിൽ മഹമ്മദീയചക്രവൎത്തിയുടെ ആജ്ഞാകരന്മാരായി ഗവൎണ്ണറന്മാർ നിയമിക്കപ്പെട്ടിരുന്നു. ചക്രവൎത്തിയുടെ അധികാരജലപ്രവാഹം വലിഞ്ഞുതുടങ്ങിയപ്പോൾ, ശരൽക്കാലത്തു പുളിനങ്ങൾ എന്നതുപോലെ, ദക്ഷിണാപഥത്തിൽ നൂതനസംസ്ഥാനങ്ങൾ ഉദിക്കുകയും അധീനങ്ങളായിരുന്ന സ്ഥാനീയങ്ങൾ സ്വതന്ത്രങ്ങളാകയും ചെയ്തു. മഹമ്മദീയരാജ്യമായിരുന്ന "ബാഹമിനി" രാജ്യത്തിന്റെയും ഹിന്ദുസാമ്രാജ്യമായ വിജയനഗരത്തിന്റെയും ഉല്പത്തി മേൽപ്രകാരമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

ഏകദേശം ക്രിസ്ത്വബ്ദം ൧൩൪൭-മുതൽ ൧൫൨൬-വരെ ബാഹ്മിനിരാജ്യം നിലനിന്നിരുന്നു. ൧൪൮൦-ാം വർഷമിടയ്ക്കു ബീറാർ, ബിജപ്പൂർ (വിജയപുരം), ബിഡാർ, അഹമ്മദ്നഗർ, ഗോൽക്കൊണ്ട ഇങ്ങനെ പല മഹമ്മദീയസംസ്ഥാനങ്ങളായി ബാഹ്മിനിരാജ്യം വേർപിരിഞ്ഞവസാനിച്ചു. വിജയനഗരരാജ്യം ബാഹ്മിനിരാജ്യത്തിന്റെ തെക്കുവശം, അതായതു കൃഷ്ണാനദിക്കു തെക്കായിട്ടു കിടന്നിരുന്നു. ഏകദേശം ൧൩൦൦-മുതൽ ൧൫൬൫-വരെ ഊർജ്ജിതമായും പിന്നീടു ക്ഷയോന്മുഖമായും വർത്തിച്ചിരുന്ന വിജയനഗരസാമ്രാജ്യത്തിന്റെ ചരിത്രവിവരങ്ങൾ അന്ധകാരവൃതങ്ങളായിരുന്നതും ആധുനികന്മാരായ ചരിത്രവൈജ്ഞാനികന്മാരുടെ ശ്രമംകൊണ്ടു പ്രകാശദശയെ പ്രാപിച്ചിട്ടുള്ളതും ആകുന്നു. എന്നുതന്നെയല്ല, പ്രസ്തുതചരിത്രം സംസ്കൃതത്തിലും തെലുങ്കിലുമുള്ള പല കൃതികളിലും നിന്നു സമുച്ചയിക്കത്തക്കവണ്ണം ടി സാമ്രാജ്യവും സാഹിത്യവും പരസ്പരമുത്സാഹപ്രദങ്ങളായിരുന്നതായും കാണുന്നു. ശ്രീദേവിയുടേയും വാഗ്ദേവതയുടെയും മൈത്രീവിലാസംപോലെ മനോഹരമായ ഒരു കാഴ്ച സാധാരണമല്ലല്ലോ. വിശേഷിച്ച് അയൽരാജ്യങ്ങളുമായി മിക്കവാറും ഇടവിടാതെ നടന്നുകൊണ്ടിരുന്ന സമരാക്രമങ്ങൾ വിചാരിക്കുമ്പോൾ ഈ വിഷയത്തിൽ ആരുടേയും വിസ്മയം വികസ്വരമാകാതെ തരമില്ല.

സാക്ഷാൽ വിജയനഗരചരിത്രത്തിന്റെ പൂർവരംഗമായ സംഗതികളിൽ മഹമ്മദീയാക്രമത്താൽ അവച്ഛിന്നിതമായ ചോളദേശത്തിന്റെ അംശം ചമ്പുരായൻ അഥവാ ചമ്പരായൻ എന്നൊരാളിന്റെയും മധുരാനഗരവും അതിന്റെ പരിസരങ്ങളും ഒരു മഹമ്മദീയസുൽത്താന്റെയും ഭരണത്തിന് അധീനമായിരുന്നെന്നുള്ളതു പ്രസ്താവയോഗ്യമാകുന്നു. വിജയനഗരരാജവംശക്രമസ്ഥന്മാരിലൊരാളായി

ഗണിക്കപ്പെടേണ്ട കമ്പനഉടയാർ അഥവാ കമ്പരായൻ ചമ്പരായനെയും മധുരാപതിയായ സുൽത്താനെയും ജയിച്ചു വിജയനഗരത്തിന്റെ പ്രാമാണ്യതയേയും ഹിന്ദുരാജാക്കന്മാരുടെ പ്രതാപത്തെയും വിശദീകരിച്ചു. കമ്പനഉടയാരുടെ ചരിത്രം അദ്ദേഹത്തിന്റെ കളത്രമായിരുന്ന ശ്രീഗംഗാദേവി നിർമ്മിച്ചിട്ടുള്ള മധുരാവിജയം അഥവാ കമ്പരായചരിതം എന്നസംസ്കൃതകാവ്യത്തിൽനിന്നും രാജനാഥഡിണ്ഡിമകൃതിയായ സാലുവാഭ്യുദയം. തെലുംക്, ജൈമിനിഭാരതം, സാലുവ രസിംഹകൃതിയായ രാമാഭ്യുദയം, അനന്താൾകൃതിയായ പ്രപന്നാമൃതം മുതലായവയിൽനിന്നും ഗ്രഹിക്കത്തക്കതാകുന്നു. ഹരിഹരാനുജനായ ബുക്കരായന്റെ പുത്രനായിരുന്നു കമ്പരായൻ എന്നും ദക്ഷിണദിഗ്ജയയാത്രയിൽ കമ്പരായന്റെ സഹായന്മാർ ഗോപണൻ എന്നൊരു ബ്രാഹ്മണനും സാലുവമംഗി എന്നൊരു സേനാനിയും ആയിരുന്നു എന്നും കമ്പരായനും അനുചരന്മാരും ശ്രീരംഗത്തു ചെന്നു് അവിടത്തെ ദേവനെ പ്രതിഷ്ഠാപിക്കയും ദാനാച്ഛനാദികൾകൊണ്ടു പൂജിക്കയും ചെയ്തുവെന്നും മുൻപറഞ്ഞ കൃതികളിൽനിന്നു കാണുന്നു. കമ്പനൻ ചെല്ലുമ്പോൾ മധുരയിൽ മഹമ്മദീയമതം എത്ര മേദുരമായിരുന്നു എന്നും നൃശംസമായ ഹിംസാക്രമമെങ്ങനെയായിരുന്നു എന്നും ഗംഗാദേവി ഭംഗിയായി വർണ്ണിക്കുന്നുണ്ടു്.

"സതതാദ്ധ്വരധൂമസൌരഭൈഃ പ്രാങ്-
നിയമോൽഘോഷണൈരഭിരഗ്രഹാരൈഃ
അധുനാജനി വിസ്രമാംസഗന്ധൈ-
രധികക്ഷീബ തുരുഷ്കസിംഹനാദൈഃ
മധുരോപവനം നിരീക്ഷ്യ ഭൂയെ
ബഹുശഃ ഖണ്ഡിതനാളികേരഷണ്ഡം
പരിതോ നൃകരോടികോടിഹാര
പ്രചലച്ശൂലപരമ്പരാപരീതം."

ഇങ്ങനെ ക്രൂരമായി രാജാധികാരം നടത്തിയിരുന്ന സുൽത്താന്റെ അധികാരംകൊണ്ടു മധുരയ്ക്കു കമ്പനൻ ശാപമോക്ഷം കൊടുത്തു. അക്കാലത്തു മഹമ്മദീയരെ ഭയന്നു ശ്രീരംഗനാഥനായ ദേവനെ പലടിക്കിലും കൊണ്ടുപോയി രക്ഷിക്കേണ്ടതായി വന്നു.

"വിഹായ പാണ്ഡ്യകടകം കേരളം ദേശമഭ്യഗാൽ
ചതുർദ്ദശ വിലോക്യാത്രവിഷ്ണുസ്ഥാനാനി കേരളേ"

എന്നു പ്രപന്നാമൃതം പറയുന്നതുകൊണ്ടു ശ്രീരംഗനാഥനെ കേരളത്തിലേയ്ക്കും എഴുന്നള്ളിച്ചിരുന്നു. ഒടുവിൽ ഗോപണൻ എന്ന കമ്പരായസഹായൻ മഹമ്മദീയരെ ജയിച്ചു ശ്രീരംഗനാഥനെ വീണ്ടും പ്രതിഷ്ഠിച്ചു. കമ്പനന്റെ ദക്ഷിണദിഗ്ജയം ൧൩൭൦-ാം ക്രിസ്ത്വബ്ദമിടയ്ക്കായിരുന്നെന്നു മധുരാഡിസ്ത്രിക്ക്മാനുവലിൽ കാണുന്നു. ആ ജൈത്രയാത്രയിൽ രാമേശ്വരപര്യന്തമുള്ള ഭൂപ്രദേശം വിജയനഗരത്തിനു കീഴടങ്ങി എന്ന്,

"സനിഖായ ജയസ്തംഭം താമ്രപർണ്ണീതടേ തതഃ"

ഇത്യാദി സാലുവാഭ്യുദയത്തിൽ സാലുവമംഗിയുടെ ജയസ്തംഭസ്ഥാനത്തെപ്പററി പറയുന്നതിനാൽ വിചാരിക്കേണ്ടിയിരിക്കുന്നു.

കമ്പനന്റെ വിജയയാത്ര പിതാവായ ബുക്കരായൻ ജീവിച്ചിരുന്നപ്പോൾ തന്നെയായിരുന്നു. ബുക്കന്റെയും തദ്വംശജരുടെയും കഥയിൽനിന്നു കടക്കുന്നതിനുമുമ്പായി അവരിൽനിന്നു സംസ്കൃതസാഹിത്യത്തിനു സിദ്ധിച്ചിട്ടുള്ള അഭിവൃദ്ധികൂടി പരിഗണിക്കേണ്ടിയിരിക്കുന്നു. പ്രസിദ്ധനായ വിദ്യാരണ്യസ്വാമി (മാധവാചാര്യൻ) ബുക്കരായന്റെ മന്ത്രിമാരിൽ ഒരുവനായിരുന്നു. "ജിതാചനാ നരേന്ദ്രമൂർജ്ജിതയശഃ പ്രത്യാഗതഃ സായണഃ" എന്നുദാഹരണമാലയിൽ കാണുന്നതുകൊണ്ടു വിദ്യാരണ്യനു കേവലം ഗ്രന്ഥ

പാരായണവൃത്തി മാത്രമല്ലായിരുന്നു എന്നും യുദ്ധവൈദഗ്ദ്ധ്യം കൂടിയുണ്ടായിരുന്നു എന്നും സ്പഷ്ടമാകുന്നു. ബുക്കരായസഹോദരനായ കമ്പനന്റെ പുത്രനായ സംഗമന്റെ അദ്ധ്യാപകസ്ഥാനവും മന്ത്രിസ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. മാധവീയമായ ധാതുവൃത്തി ഈ സംഗമനു സമർപ്പണം ചെയ്തിട്ടുള്ളതും പ്രസിദ്ധമായ വേദഭാഷ്യം ബുക്കരായപ്രോത്സാഹനത്തിൽ നിർമ്മിച്ചിട്ടുള്ളതും ആകുന്നു. ബുക്കരായന്റെ മക്കളിൽ ഒരുവനായിരുന്ന ഹരിഹരൻ (ദ്വിതീയൻ). ആ ഹരിഹരന്റെ സചിവനായിരുന്ന ഇരുഗപദണ്ഡനാഥനെന്ന ജൈനനാകുന്നു നാനാർത്ഥരത്നമാലയുടെ കർത്താവു്. ദ്വിതിയഹരിഹരപുത്രനായ വിരൂപാക്ഷഉടയാർ "നാരായണീവിലാസം" എന്നൊരു നാടകമുണ്ടാക്കിയിട്ടുണ്ടു്. "തസ്യ രാജ്ഞഃ കർണ്ണാടതുണ്ഡീരചോളപാണ്ഡ്യമണ്ഡലാധിപതേഃ സിംഹളദ്വീപജയസ്തംഭസ്യ മഹാദാനദീക്ഷിതസ്യ സകലകലാവിലാസിനീസ്വയംവരപതേഃ കൃതിഷുനാരായണീവിലാസം നാമ നാടകം പ്രയോക്ഷ്യേ" എന്നു ടി കൃതിയിൽ കവി സ്വയം വർണ്ണിക്കുന്നതിൽ നിന്നു വിജയനഗരത്തിനു് അന്നുണ്ടായിരുന്ന വിശാലത വ്യക്തമാകുന്നു. വിരൂപാക്ഷനെക്കൂടാതെ ദ്വിതീയ ഹരിഹരനു പ്രതാപദേവരായൻ എന്നുമൊരു പുത്രനുണ്ടായിരുന്നു. പ്രതാപദേവരായന്റെ പുത്രൻ വിജയരായൻ. നാരായണീദേവിയിൽ വിജയരായന്റെ പുത്രനായി പ്രതാപരായൻ എന്നുകൂടി പേർ പറയുന്ന ദേവരാതൻ ദ്വിതീയൻ, ജനിച്ചു. ദ്വിതീയദേവരായൻ മഹാനാടകസുധാനിധി എന്നൊരു സംസ്കൃതചമ്പുകാവ്യം രചിച്ചിട്ടുണ്ട്. ഗ്രന്ഥകർത്താവിനെപ്പററി,

"ശ്രീമാനിമ്മഡിദേവരായനൃപതി-
സ്സ്വർല്ലോകകല്ലോലിനീ
കല്ലോലപ്രതിമല്ലസൂക്തിവിഭവോ
വിദ്വജ്ജനശ്ലാഘിതഃ"

എന്നു് അതിൽ പറഞ്ഞുകാണുന്നു. ഈ ദേവരായന്റെ സഹോദരീഭത്താവായ സാലുവതിപ്പന്റെ പൌത്രൻ സാലുപഗോപതിപ്പൻ വാമനന്റെ കാവ്യാലങ്കാരവൃത്തിവ്യാഖ്യാനവും താളദീപിക എന്നൊരു സംഗീതപ്രബന്ധവും നിമ്മിച്ചിട്ടുണ്ടു്. ദേവരായന്റെ കാലശേഷം അദ്ദേഹത്തിന്റെ പുത്രൻ മല്ലികാൎജ്ജുനൻ രാജ്യം ഭരിച്ചിരുന്നതായി ഗംഗാദാസപ്രതാപവിലാസം എന്ന സംസ്കൃതനാടകത്തിൽനിന്നു തെളിയുന്നു. അനന്തരം, ദ്വിതീയദേവരായന്റെ സിദ്ധാളാദേവിയിൽ സാക്ഷാൽ ശിവാവതാരമെന്നു വിചാരിക്കപ്പെട്ടിരുന്ന വിരൂപാക്ഷൻ രാജാവായി. രാജവംശത്തിലുണ്ടായിരുന്ന സ്വജ്ഞാതികളെ വധിച്ച് വിരൂപാക്ഷൻ രാജ്യം കൈവശപ്പെടുത്തുകയാണുണ്ടായതു്. ഹതന്മാരായ രാജവംശ്യന്മാർ പ്രേതപിശാചാദികളായി വിരൂപാക്ഷനെ ഉപദ്രവിച്ചുവന്നതുകൊണ്ടു് അദ്ദേഹം രാജധാനിയിൽനിന്നു മാറിത്താമസിക്കേണ്ടിവന്നു. അങ്ങനെ ഇരിക്കെ, രാജാവു മാറിപ്പാൎത്ത വിവരം ഗ്രഹിക്കാതെ നൃസിംഹാചാൎയ്യൻ എന്നൊരു വൈഷ്ണവൻ രാജധാനിയിൽ ചെന്നു രാമായണം പാരായണം ചെയ്തു. ശ്രോതാക്കൾ എല്ലാം പ്രേതപിശാചാദികൾ ആയിരുന്നെന്നുള്ള വസ്തുത മനസ്സിലാക്കാതേ രാജസദസ്സെന്നു വിചാരിച്ചായിരുന്നു നൃസിംഹാചാൎയ്യൻ രാമായണം വായിച്ചതു്. ഇങ്ങനെ രാത്രിതോറും വായന നടന്നു് ഒടുവിൽ പട്ടാഭിഷേകഘട്ടം കഴിഞ്ഞപ്പോൾ പരേതന്മാരായ സദസ്യന്മാർ സ്വയാഥാൎത്ഥ്യം ആചാൎയ്യനെ ഗ്രഹിപ്പിച്ചു. രാമായണശ്രവണംകൊണ്ടു പാപക്ഷയഭാഗ്യമുണ്ടായ ആ പ്രേതസംഘം രാജധാനീബാധ ഉപേക്ഷിച്ചു സ്വൎഗ്ഗലോകത്തേയ്ക്കു പോകയുംചെയ്തു. അതേവരെ പ്രചണ്ഡകോലാഹലം രാത്രികാലത്തു നടന്നുകൊണ്ടിരുന്ന രാജധാനി ശാന്തമായിത്തീൎന്നതുകണ്ടു സമീപവാസികൾ വിവരം മനസ്സിലാക്കി വിരൂപാക്ഷനെ ധരിപ്പിച്ചു. വിരൂപാക്ഷൻ ആഹ്ലാദവാനായി നൃസിംഹാ

ഷായ്യനെ വരുത്തി രാമായണം വായിച്ചു കേൾക്കയും അ
തേവരെ വീരശൈവനായിരുന്ന അദ്ദേഹം രാമാനുജമതാവലംബിയായി പരമവൈഷ്ണവനായിത്തീരുകയും ചെയ്തു. മേൽ പ്രസ്താവിച്ചതു പ്രപന്നാമൃതം ഫവന-ഫവർ-ഫവ൪- ഈ അദ്ധ്യായങ്ങളുടെ സംക്ഷേപമാകുന്നു. വിരൂപാക്ഷന്റെ ഒരു താമ്രശാസനത്തിൽനിന്നും അദ്ദേഹം ഫർന്നര-ാം ക്രിസ്തുപബ്ദമിടയ്ക്കു രാജ്യഭാരം വഹിച്ചിരുന്നു എന്നു കാണുന്നു.

വിരൂപാക്ഷന്റെ കാലമായപ്പോഴേയ്ക്കും നാം മിക്കവാറും ബുക്കരായരാജവംശത്തിന്റെ ചരമദശയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അനന്തരം സാലുവവംശം എന്നു മറെറാരുരാജവംശത്തിനു വിജയനഗരാധിപത്യം സിദ്ധിച്ചു. ഈ വംശപ്പകർച്ചയ്ക്കു വഴിയാക്കിയ ഹേതുക്കളിൽ ബാഹ്മിനിസുൽത്താന്മാൎക്കും കലിംഗരാജാക്കരം ആയ ഗജപതികൾക്കും (ഒറിസ്സാ അഥവാ ഒഡ്ഢിയരാജ്യത്തിലെ രാജാക്കന്മാർ) വിജയനഗരത്തോടു വർദ്ധിച്ചുവന്ന സ്പർദ്ധ ഗണ്യമായിട്ടുള്ളതാകുന്നു. ദ്വിതീയദേവരായന്റെ കാലശേഷം ബാഹ്മിനിസുൽത്താനും കപിലേശ്വരൻ എന്ന ഗജപതിരാജാവും ചേൎന്നു വടക്കുനിന്നു വിജയനഗരത്തെ ആക്രമിച്ചു. മല്ലികാൎജ്ജുനൻ അവരെ തോല്പിച്ചു് ഓടിച്ചു. ആ സംഗതിയെ പരാമൎശിച്ചു "ശ്രീമല്ലികാൎജ്ജുനരാജോ ബഹിന്നിൎഗ്ഗത്യ നിശിതതരകരവാളധാരാജലപ്രവാഹ വാഹിനീപൂരേ ഹയപതിഗജപതിസൈന്യമശേഷമജ്ജയൽ" എന്നു ഗംഗാദാസപ്രതാപവിലാസനാടകം ഉൽഘോഷിക്കുന്നു. താൽക്കാലികമായ ഈ പരാജയത്തെ ഗണിക്കാതെ ഗജപതികൾ ദക്ഷിണദേശോന്മുഖന്മാരായി ക്രമേണ ആക്രമിച്ചു് ഏകദേശം കാഞ്ചിപുരപൎയ്യന്തമുള്ള ദേശങ്ങൾ കൈവശപ്പെടുത്തി. വിരൂപാക്ഷന്റെ കാലത്തു സാലുവനരസിംഹൻ എന്ന സേനാനി ഗജപതിയെ എതിൎത്തു വിജയനഗരത്തിന്റെ അതിൎത്തികൾ യഥാപൂൎവം സ്ഥാപിച്ചു. അതു്

ഹർദെ-ഇടയ്ക്കായിരുന്നു. നരസിംഹരായനെ എതിക്കാൻ സുൽത്താനും അശക്തനെന്നു ബോദ്ധ്യപ്പെട്ടു. വിരൂപാക്ഷൻ രാജ്യമപഹരിക്കയാണു ചെയ്തത് എന്നു മുമ്പുതന്നെ നാം കണ്ടുവല്ലൊ. അതുകൊണ്ട് ആ രാജാവിനു പ്രതിപക്ഷമായി പ്രജാസമൂഹത്തിൽ പലരുമുണ്ടായിരുന്നു. വിരൂപാക്ഷൻെറ നയം അനുസരിക്കുന്നതിൽ അപാകമൊന്നുമില്ലെന്നു നരസിംഹരായനു തോന്നിയിരിക്കണം. സ്വപ്രാബല്യത്തിനു പൂൎണ്ണാധിപത്യപ്രാപ്തികൊണ്ടു നരസിംഹൻ സാഫല്യമുല്പാദിപ്പിച്ചു.

ഇങ്ങനെ വിജയനഗരത്തിലെ ദ്വിതീയരാജകുലകൂടസ്ഥൻ സാലുവനരസിംഹനായിത്തീൎന്നു. ഈ രാജാവിൻെറയും പൂൎവ്വന്മാരുടെയും പ്രശംസാമാംസളമായി അദ്ദേഹത്തിൻെറ സദസ്യനായിരുന്ന രാജനാഥഡിണ്ഡിമകവി രചിച്ചിട്ടുള്ള കാവ്യമാകുന്നു സാലുവാഭ്യുദയം. കമ്പനഉടയാൻെറ സേനാനിയായിരുന്ന സാലുവമംഗിയുടെ കാൎയ്യം മുമ്പു പ്രസ്താവിച്ചുവല്ലോ സാലുവമംഗിയുടെ പൌത്രനായി ഗുണ്ഡൻ എന്നൊരാൾ ഉണ്ടായി. അദ്ദേഹവും കളത്രമായ മല്ലാംബികയും കൂടി ചെയ്ത തപഃഫലമായി നരസിംഹമൂൎത്തി സ്വപ്നത്തിൽ പ്രത്യക്ഷനാകയും പുത്രനായി ജനിക്കാമെന്ന് ഗുണ്ഡനെ അനുഗ്രഹിക്കയും ചെയ്തു. അങ്ങനെയാണ് സാലുവനരസിംഹൻെറ ഉല്പത്തി. നരസിംഹരായൻ ഗജപതിരാജാവിനെയും മഹമ്മദീയരെയും തോല്പിച്ചു; ചോളപാണ്ഡ്യസിംഹളാദി ദേശങ്ങളെക്കീഴടക്കി; പ്രതാപവാനായി കാശീവിശ്വനാഥസന്നിധിയിൽവെച്ചു തൻെറ അഭിഷേകവും നിൎവ്വഹിച്ചു. ദക്ഷിണദേശയാത്രയിൽ,

കതിപയദിവസൈസ്സൽ കാംക്ഷയാസാവനന്തേ-
പവദ (?) ശയനമേത്യ പ്രാണമൽപ്രാണ(വാൎത്ഥം)

എന്നു ലുപ്താന്തിമാക്ഷരദ്വയമായി കാണുന്ന പദ്യത്തിൽനിന്നു സാലുവനരസിംഹൻ ശ്രീപത്മനാഭദൎശനത്തിനു തി

രുവനന്തപുരത്തു വന്നിരുന്നതായി കവി പറയുന്നു. ക്രിസ്താബ്ദം ൧൪൯൦ വരെ നരസിംഹൻ ഉണ്ടായിരുന്നതായി കാണുന്നു. സാഹിത്യവിഷയത്തിലും അദ്ദേഹം മാഹാത്മ്യമുള്ളവനായിരുന്നു. സ്വകൃതിയായ രാമാഭ്യുദയത്തിൽ അദ്ദേഹം തന്റെ വംശചരിതവിസ്തരപൂർവ്വമായി രാമായണകഥ പ്രതിപാദിച്ചിരിക്കുന്നു ഇതു് അച്ചടിച്ചിട്ടില്ല. തിരുവനന്തപുരത്തു രാജകീയഗ്രന്ഥശാലയിൽ ഈ പ്രബന്ധമുള്ളതായി അറിയുന്നു. തെലുങ്കുകൃതികളായ വരാഹപുരാണവും ജൈമിനിഭാരതവും നരസിംഹരായന്റെ പ്രോത്സാഹനത്തിൽ ജനിച്ചിട്ടുള്ളവയാകുന്നു.

നരസിംഹരായന്റെ സേനാനികളിൽ പ്രധാനികൾ നാലുപേരായിരുന്നു. അവർ ആരവീടു (ആർവ്വിടി എന്നു സംസ്കൃതം) കുലജാതനായ ബുക്കൻ, അയാളുടെ പുത്രൻ രാമൻ, ഈശ്വരനായകൻ, അയാളുടെ മകൻ നരസനായകൻ ഇവരായിരുന്നു. ഇവരിൽ നരസനായകൻ, രാജാവിനു പ്രത്യേകം പ്രിയങ്കരനായിരുന്നു എന്നു തോന്നുന്നു. നരസൻ പതിവുപോലെ ദിഗ്ജയത്തിനു പുറപ്പെട്ടു ചോളപാണ്ഡ്യാദികളെ ജയിച്ചു പടിഞ്ഞാട്ടു ഗോകർണ്ണംവരെ സ്വപ്രതാപത്തെ സ്ഥാപിച്ചു് അവിടത്തെ മഹാക്ഷേത്രത്തിൽവെച്ചു തുലാപുരുഷദാനാദി മഹാദാനങ്ങൾ നടത്തി. വടക്കോട്ടു കടന്നു മഹമ്മദീയസുൽത്താനെ തോല്പിച്ചശേഷം വിജയവിജൃംഭണത്തോടുകൂടി വിജയനഗരത്തിൽ തിരിച്ചെത്തി. വരദാംബികാപരിണയം, അച്യുതരായാഭ്യുദയം ഈ കൃതികളിൽ നരസന്റെ സരസവീരശ്രീ പ്രതിബിംബിച്ചു കാണുന്നു.

"മദപ്രവൃത്തം മരവം മഹിതാ മഹീമഹേന്ദ്രോ മധുരാമഹാഷീൽ" എന്നു കാണുന്നതിൽനിന്നു മധുരാപുരം വിജയനഗരാധീനതയെ എങ്ങനെയോ അതിലംഘിച്ചിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മരവൻ എന്നു പറഞ്ഞതു മാനഭൂഷണൻ മാനാഭരണൻ ഇങ്ങനെ എല്ലാംസം

ജ്ഞാതനായ ഒരു മറവരാജാവായിരുന്നപ്പോൾ. കോനേടി രാജാവു് എന്നൊരു രാജാവിനുകൂടി പരാജയം പററിയതായി കാണുന്നു. ആ മഹാത്മാവു് ആരോ? നരസൻെറ വിരസതയ്ക്കു പാത്രമായ മഹമ്മദീയസുൽത്താൻ ബിജപ്പൂരിലെ യൂസഫ് ആദിൽഷായായിരിക്കണം. അവർ തമ്മിൽ യുദ്ധമുണ്ടായതു് ൧൪൯൩-ൽ അതായതു സാലുവനരസിംഹൻെറ കാലശേഷമായിരുന്നു. ആയുഷ്കാലചരമഘട്ടത്തിൽ മററു വല്ലവരുടെയുംപ്രതിനിധിയായോ സ്വതന്ത്രമായോ നരസൻ വിജയനഗരം ഭരിച്ചിരുന്നു എന്നു മിക്കവാറും സ്പഷ്ടംതന്നെ.

നരസൻെറ കഥയോടുകൂടി നാം തൃതിയ വിജയനഗര രാജവംശത്തിലേയ്ക്കു പ്രവേശിക്കുന്നു. നരസനായിക്കനു മൂന്നു ഭാര്യമാരുണ്ടായിരുന്നവരിൽ തിപ്പാംബയിൽ വീരനരസിംഹനും നാഗമാംബയിൽ കൃഷ്ണരായനും ഉമാംബയിൽ അച്യുതരായനും പുത്രന്മാരായി ജനിച്ചു. താനിരിക്കുമ്പോൾതന്നെ പുത്രന്മാർ ആ പൂർവ്വിയനുസരിച്ചു രാജ്യരക്ഷ ചെയ്യണമെന്നുള്ള കാംക്ഷകൊണ്ടു നരസൻ രാജ്യഭാരത്തിൽനിന്നു വിരമിച്ചു. അതിൻപ്രകാരം ആദ്യം അഞ്ചാറു വർഷകാലം വീരനരസിംഹൻരാജാവായിരുന്നു. പക്ഷേ "രാജവാചകമു" എന്ന തെലുങ്കു കൃതിയിലാകട്ടെ കുമാരധൂർജ്ജടിയുടെ കൃഷ്ണരായവിജയകാവ്യത്തിലാകട്ടെ വീരനരസിംഹൻെറ പ്രസംഗമേ ഇല്ലെന്നു മാത്രമല്ല അവരണ്ടിലും നരസനായിക്കൻെറ സ്ഥാനത്യാഗശേഷം കൃഷ്ണരായർ രാജാവായി എന്നുകൂടി വർണ്ണിച്ചിരിക്കുന്നു. ഒരുപേക്ഷ കൃഷ്ണരായനെപ്പോലെ വിശ്രുതനായ ഒരു രാജകുഞ്ജരൻ വിജയനഗരസിംഹാസനത്തെ അലങ്കരിച്ചിട്ടുണ്ടെന്നു പറയാനില്ലാത്ത സ്ഥിതിക്കു—ജ്യേഷ്ഠൻെറ യശശ്ചന്ദ്രിക അനുജൻെറ പ്രതാപപ്രകാശത്തിൽ പ്രഭാശൂന്യമായിപ്പോയിരിക്കുമൊ? ചാരന്മാർ മുഖാന്തിരം ശത്രുവൃത്താന്തം സൂക്ഷ്മമായിഗ്രഹിച്ചുകൊണ്ടു കൃഷ്ണരായൻ പ്രബലമായ ഒരു സൈന്യസമേതം അഭി

ഷേണനം ആരംഭിച്ചു. ഉമ്മത്തൂർരാജാവിന്റെ തലസ്ഥാനമായിരുന്ന ശിവസമുദ്രം ആക്രമിച്ചടക്കിയശേഷം ശ്രീരംഗപട്ടണം മുതലായ സ്ഥലങ്ങളിൽ കുറെ താമസിച്ചുകൊണ്ട് ഒടുവിൽ അദ്ദേഹം ബിജപ്പൂർ (വിജയാപുരം) രാജ്യത്തിലേയ്ക്കു സ്വസൈന്യത്തെ നയിച്ചു. ശത്രുവിന്റെ കോട്ടകൾ ഒന്നൊന്നായി അദ്ദേഹത്തിനു കീഴടങ്ങി. അനന്തരം ഗോൽകൊണ്ടരാജ്യത്തെ അഭിമുഖീകരിച്ച് അങ്ങോട്ടു പുറപ്പെട്ടു ആ രാജ്യത്തിന്റെ സീമയിൽ കൃഷ്ണാനദിക്കു തെക്കേക്കരയായി കൃഷ്ണരായന്റെ അഭിക്രമത്തെ തടയുവാനായി ബിജപ്പൂർ, ഗോൽകൊണ്ട, ബിഡാർ (അഹമ്മദുനഗരം എന്നു കൃഷ്ണരായവിജയപക്ഷാന്തരം) ഈ സംസ്ഥാനങ്ങളിലേ സുൽത്താൻ ത്രയംകരിതുരഗാദിസംഘടിതമായ ഒരു മഹാസൈന്യവുമായി സന്നദ്ധമായി നിന്നിരുന്നു. ഒടുവിൽ ഹിന്ദുസൈന്യവും മഹമ്മദീയസൈന്യവും അന്യോന്യം നേരിട്ടു. കൃഷ്ണരായൻ സ്വസേനാനികളുമായി നടത്തിയ കൂടിയാലോചനയിൽ രാമലിംഗനായിഡു എന്ന സേനാനിയുടെ അഭിപ്രായം അംഗീകരിച്ചു ശത്രുമർദ്ദനരീതി നിശ്ചയിച്ചു. അതിൻപ്രകാരം രാമലിംഗനായിഡുവും ഖഡ്ഗപാണികളായ ഒട്ടേറെ രണശൂരന്മാരുംകൂടി വിവാഹാഘോഷത്തിനു പോകുന്നതുപോലെ അത്ര നിർഭയമായി ശത്രുസേനാവ്യൂഹത്തിൽ പ്രവേശിച്ചു. തുലുക്കന്മാർ പിശാചുക്കളെപ്പോലെ കർക്കശമായി എതിർത്തു. ദണ്ഡാദണ്ഡിയായും ഖഡ്ഗാഖഡ്ഗിയായും നടന്ന കലഹലഹരിയിൽ എതിർഭാഗത്തെ കൂടാരങ്ങൾ മിക്കവാറും ഇളകുന്നതിന് ഉദ്ദേശിച്ചിരുന്നതുപോലെ രാമലിംഗനായിഡുവിനു സാധിച്ചു. നിർദ്ദിഷ്ടമായ ഈ സന്ദർഭത്തെ ലക്ഷ്യമാക്കി കൃഷ്ണരായചക്രവർത്തി പ്രധാന സേനയോടുകൂടി മഹമ്മദീയസേനാപംക്തികളിൽ ആപതിച്ചു. പിന്നീടുണ്ടായ കോലാഹലം അവർണ്ണനീയംതന്നെയായിരുന്നു. സുൽത്താന്മാരുടെ ഗജഘടപ്രഹരണങ്ങൾ ഏറ്റവും ഉന്മാദബാധിതമായ

തുപോലെ പൊതുവിൽ സ്വപക്ഷസൈന്യത്തെ പശ്ചാകുലീകരിച്ചു. ആകപ്പാടെ കൃഷ്ണാനദിയിൽ ചാടി രക്ഷാമാർഗ്ഗം തേടത്തക്കവിധം മഹമ്മദിയരുടെ സ്ഥിതി അത്ര ക്ലിഷ്ടമായി. കൃഷ്ണരായന്റെ പരാക്രമവും കൃഷ്ണാനദിയുടെ പ്രവാഹവുംകൂടി മഹമ്മദീയയശസ്സിൽ വ്യാപിപ്പിച്ച കൃഷ്ണവൎണ്ണവും കൃഷ്ണസാരസദൃശമായ കാതരത്വവും നിസ്സാരമായിരുന്നില്ല. പരാജിതമായ സൈന്യത്തിലുണ്ടായിരുന്ന ഗജതുരഗായുധാദികൾ എല്ലാം കൃഷ്ണരായൻ കൈവശപ്പെടുത്തി. ആ അവസരത്തിൽ കൃഷ്ണാനദി ശോണവൎണ്ണയായിട്ടായിരുന്നു പ്രവഹിച്ചിരുന്നതു്.

കൃഷ്ണരായന്റെ ഈ വിജയം ശാശ്വതപ്രശസ്തിയെ പ്രാപിച്ചിട്ടുള്ളതാകുന്നു. അനന്തരം ശത്രുക്കളുടെ വക പല കോട്ടകളും പട്ടണങ്ങളും അദ്ദേഹം സ്വാധീനമാക്കി. ഗജപതി എന്ന പൂൎവശത്രുവിന്റെ കാൎയ്യം ഇനിയും അവശേഷിച്ചിരുന്നു. എന്നാൽ ഗജപതിയെ നേരെ സമരംകൊണ്ടു ജയിക്കുക മിക്കവാറും അസാദ്ധ്യമായിരുന്നെന്ന് അദ്ദേഹത്തിനു ബോദ്ധ്യമില്ലാതിരുന്നില്ല. നയപ്രയോഗം അവൎജ്ജ്യമായിരുന്നു. ഗജപതിയുടെ സഹായന്മാരായിരുന്ന പ്രഭുക്കന്മാരെ ഗജപതിയുമായി ഭിന്നിപ്പിക്കാതെ ഗതിയില്ലായിരുന്നു. അതുകൊണ്ടു് ആ ഉദ്ദേശത്തോടുകൂടി പ്രസ്തുത പ്രഭുക്കന്മാരുടെ പേൎക്കു, സമ്മാനങ്ങളും അവർ കൃഷ്ണരായപക്ഷപാതികളാണെന്നു അൎത്ഥമാകത്തക്ക കൃത്രിമഎഴുത്തുകളും ഉള്ളടക്കം ചെയ്ത ചില പെട്ടികൾ വിജയനഗരചക്രവൎത്തി സംഭാവനയായി അയച്ചുകൊടുത്തു. ഗജപതിയുടെ ഉദ്യോഗസ്ഥന്മാരുടെ പക്കൽ വിചാരിച്ചിരുന്നതുപോലെ ഈ സംഭാവനകൾ അകപ്പെട്ടു. അവയുടെ വിവരം ഗജപതി ഗ്രഹിച്ചപ്പോൾ താൻ ആലംബമായിക്കരുതിയിരുന്ന പ്രഭുക്കന്മാരെപ്പററി ദുൎന്നിവാരമായ ശങ്ക മുഴുത്തു. സ്വശങ്കകളെ പ്രകാശിപ്പിക്കുന്നതിനോ അശങ്കമായി ശത്രു

വിനെ എതിക്കുന്നതിനോ ശക്തനല്ലാതെ ഒരുമാതിരി ത്രിശംകുസ്ഥിതിയിൽ അകപ്പെട്ട ഗജപതി ഒട്ടുവിൽ കൃഷ്ണരായനു കീഴടങ്ങി. എന്നുമാത്രമല്ല, മൈത്രിലാഭത്തിനുവേണ്ടി സ്വപുത്രിയായ ജഗന്മോഹിനിയെ വിജയനഗരരാജാവിനെക്കൊണ്ടു വിവാഹം കഴിപ്പിക്കുകൂടി ചെയ്തു. നയത്തിനുവേണ്ടി നടത്തിയ പരിണയംകൊണ്ടു കൃഷ്ണരായന്റെ ഹൃദയത്തിൽ പ്രിയതമാപ്രതിഷ്ഠ ജഗന്മോഹിനിക്കു ലഭിച്ചതായി കാണുന്നില്ല. കൃഷ്ണരായനു ജഗന്മോഹിനിയെക്കുറിച്ചു യഥാർത്ഥമായ അനുരാഗമുണ്ടായിരുന്നു എങ്കിൽ അതു കാലക്രമത്തിൽ തീരെ ശീതകരീതിയിൽ ആയിപ്പോയതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഭർത്താവിനു തന്നെപ്പററി തോന്നിയ പ്രേമമാന്ദ്യത്തെ വിചാരിച്ചു വിലപിക്കുന്നതായി,

> "ചരൻ വനാന്തേ നവമഞ്ജരീഷു ന ഷട്പദോ
> [ഗന്ധഫലീമജിഘ്രൽ
> സാ കിം ന രമ്യാ സ ച കിം ന,രന്താ ബലീയസീ
> [കേവലമീശ്വരാജ്ഞാ"

ഇങ്ങനെ തുടങ്ങുന്ന "ഭ്രമരപഞ്ചകം" ആ രാജ്യകന്യക രചിച്ചതാണത്രേ. തന്റെ താമ്രപ്രതിമ തിരുപ്പതിക്ഷേത്രത്തിൽ കൃഷ്ണരായർ പ്രതിഷ്ഠിച്ചപ്പോൾ അതിന്റെ കൂടി സ്വപ്രിയതമമാരായിരുന്ന തിരുമലദേവിയുടെയും ചിന്നാദേവിയുടെയും താമ്രബിംബങ്ങൾ മാത്രമേ സ്ഥാപിച്ചുള്ളു എന്ന സംഗതിയും പ്രസ്താവാർഹമാകുന്നു.

വിവാഹോത്സവങ്ങൾ കഴിഞ്ഞു ചക്രവർത്തി സ്വരാജ്യത്തിൽ തിരിച്ചെത്തി. അനന്തരം തിരുപ്പതി, കാളഹസ്തി, മധുര, തെങ്കാശി, കുററാലം, കന്യാകുമാരി, അഗസ്ത്യപർവ്വതം, തിരുനൽവേലി, ഗോകർണ്ണം, ശ്രീരംഗപട്ടണം മുതലായ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കയും അവിടവിടെ ഈശ്വരാർച്ചനകളും മററും നടത്തുകയും ചെ

ണ്ണ. കൃഷ്ണരായന് ഗാഢമായ സാഹിത്യതാല്പൎയ്യവുമുണ്ടായിരുന്നു. മദാലസാചരിത്രം, സകലമണി, രസമഞ്ജരി ഇത്യാദി പല സംസ്കൃതകൃതികൾ ആദ്ദേഹത്തിന്റെ രചനകളായി പറഞ്ഞു കാണുന്നു. ഇവ കണ്ടുകിട്ടീയിട്ടില്ല. ജാംബവതികല്യാണം എന്ന സംസ്കൃതനാടകവും, ആമുക്തമാല്യദ എന്ന തെലുങ്കുകൃതിയും മാത്രമേ ഇപ്പോൾ കൃഷ്ണരായകൃതികളായി പ്രചാരത്തിൽ കാണ്മാനുള്ളു. ഗ്രന്ഥകാരന്മാൎക്ക് ആ മഹാരാജാവിൽനിന്നു ലഭിച്ചിരുന്ന ദാനസമ്മാനാദികളും അസാമാന്യമായിരുന്നു.

ക്രിസ്ത്വബ്ദം ൧൫൩൦-ൽ ആയിരുന്നു കൃഷ്ണരായന്റെ ചരമഗമനം. പിന്നീടു മുൻപറഞ്ഞ വിമാതൃജനായ അനുജൻ അച്യുതരായൻ രാജാവായിട്ടഭിഷിക്തനായി. സലഗരാജാവിന്റെ മകൾ വരദാംബികയെ അദ്ദേഹം വിവാഹം കഴിച്ചു അവരുടെ പുത്രൻ ചിന്നവെങ്കിടാദ്രി. പ്രസ്തുത വിവാഹമഹോത്സവ വൎണ്ണനയായി അച്യുതരായന്റെ സദസ്സിനെ അലങ്കരിച്ചിരുന്ന തിരുമലാംബ എന്ന വിദുഷി വരദാംബികാപരിണയം എന്നൊരു സംസ്കൃതചമ്പുകാവ്യം നിൎമ്മിച്ചിട്ടുണ്ടു്. അച്യുതരായന്റെ അഭിഷേകശേഷമുള്ള ചരിത്രം അച്യുതരായാഭ്യുദയകാവ്യത്തിലും വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

വിജയനഗരവിജയവൈജയന്തിയുടെ നൃത്യരംഗങ്ങളുടെ കൂട്ടത്തിൽ തിരുവിതാംകൂർ വായുമണ്ഡലംകൂടി ഉൾപ്പെട്ട വിശേഷമാണു് അച്യുതരായന്റെ ചരിത്രത്തിലുള്ള നൂതനാദ്ധ്യായം. അല്പം വിവരണംകൂടാതെ ഈ രാജ്യങ്ങൾ തമ്മിലുണ്ടായ വിഘട്ടനം സുഗ്രാഹമാകയില്ല. പ്രാബല്യവൎദ്ധനയിൽ വിജയനഗരരാജാക്കന്മാർ പാണ്ഡ്യചോളാദി ദേശങ്ങളെ കീഴടക്കുകയും അങ്ങനെ സ്വാധീനങ്ങളായ രാജ്യങ്ങളിൽ സ്വാധികാരപ്രതിഷ്ഠയ്ക്കു പ്രതിനിധികളെ നിയമിക്കയും ചെയ്തുവന്നിരുന്നു. പക്ഷേ, പാണ്ഡ്യാദിദേശ

ങ്ങളിലെ പൂൎവ്വരാജാക്കന്മാരുടെ വംശവിച്ഛേദം വരുത്തിയിരുന്നില്ല. പരാജിതന്മാരായ രാജാക്കന്മാരുടെ അധികാരസാരം അൎദ്ധശേഷം ഗ്രസിച്ചശേഷം വെറും രാജചിഹ്നച്ഛായകൾകൊണ്ടു് അവർ വിനോദിക്കുന്നതിൽ വിജയനഗരചക്രവൎത്തികൾക്കു് വിരോധമില്ലായിരുന്നെന്നു തന്നെയല്ല, അസാരം കൌതുകംകൂടി തോന്നിയിരുന്നു. ഛായകൾകൊണ്ടും ചില മായകൾ കാണിക്കാമെന്നു് അധീശ്വരന്മാർ മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ടു മേൽകോയ്മയുടെ അഭിവ്യാപ്തി ലുപ്തമോ ചക്രവൎത്തിയുടെ ശ്രദ്ധ മററുകാൎയ്യങ്ങളിൽ ബദ്ധമോ ആയിരുന്നിട്ടുള്ളപ്പോൾ സ്ഥാനഭ്രഷ്ടന്മാരായ നാട്ടുവാഴികൾ നഷ്ടമായ സ്വാധികാരത്തെ വീണ്ടെടുപ്പാൻ പല പ്രയോഗങ്ങളും നോക്കിവന്നതു് വിസ്മയകരമല്ല. അതുപോലെ പ്രതിപുരുഷന്മാരായി നിയമിക്കപ്പെടുന്ന അധികൃതന്മാരും തലസ്ഥാനത്തെ ഔൎജ്ജിത്യവും മന്ദതയും ഗ്രഹിച്ചു തരംപോലെ സ്വാതന്ത്ര്യലാഭത്തിനായി ശ്രമിച്ചുവന്നിരുന്നു. കൃഷ്ണരായന്റെ കാലത്തു് വീരശേഖരനെന്ന ചോളരാജാവിനാൽ പിഡിതനായ പാണ്ഡ്യരാജാവിനെ വീണ്ടും സ്വസ്ഥാനത്തിൽ പ്രവേശിപ്പിക്കുവാൻ നിയുക്തനായ വിജയനഗരസേനാപതി നാഗമനായിക്കൻ പാണ്ടിരാജ്യം കൈവശപ്പെടുത്തിയശേഷം കൃഷ്ണരായന്റെ ശാസനത്തെ ഗണിക്കാതെ സ്വയമേ സ്വാതന്ത്ര്യമായി ഭരണത്തിനാരംഭിക്കുനിമിത്തം നാഗമന്റെ പുത്രനായ വിശ്വനാഥനായിക്കനെ തലസ്ഥാനത്തുനിന്നയച്ചു. പിതാവിനെ പുത്രനെക്കൊണ്ടു തോല്പിക്കയും വിശ്വനാഥനെ മധുരയിൽ നായിക്കനായി സ്ഥിരപ്പെടുത്തുകയും അങ്ങനെ മധുരാനായിക്കവംശം സ്ഥാപിക്കയും ചെയ്ത സംഗതി മേല്പറഞ്ഞതിനെ ഉദാഹരിക്കുന്നു. അച്യുതരായന്റെ മുൻഗാമിയുടെ കാലത്തുതന്നെ ചോളദേശം വീരനരസിംഹൻ അഥവാ ജനസാമാന്യഭാഷയിൽ ചെല്ലപ്പൻ എന്നു പേർ പറഞ്ഞുവന്നിരുന്ന ഒരു നായിക്കന്റെ

അന്വേഷണത്തിൽ ഇരുന്നിരുന്ന കൃഷ്ണരായന്റെ മരണത്തോടുകൂടി വീരനരസിംഹൻ വിജയനഗരവുമായി സ്പഷ്ടമേ വിഘടിക്കുവാൻ ഉറച്ചതായി വിചാരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് അച്യുതരായന്റെ കിരീടധാരണാഘോഷത്തിന്റെ അനന്തരമായി വിജയനഗരസൈന്യം വീരനരസിംഹന്റെ നേക്ക് അഭിയാനംചെയ്തു് ആ രാജമത്സരിയെ തോല്പിച്ചു. സാഹസികനായ വീരനരസിംഹന് ആത്മരക്ഷാവിഷയത്തിൽ പാണ്ഡ്യചോളാദിദേശങ്ങളിൽ തോന്നിയ ഉത്സാഹാധിക്യം നിമിത്തം തിരുവിതാംകോട്ടേയ്ക്കു് ഓടി അഭയം നേടാതെ ഗതിയില്ലെന്നായി. ശത്രുവിന് അഭയംകൊടുത്തു എന്നും പാണ്ഡ്യരാജാവിനെ പരാജിതനാക്കി പാണ്ടിനാടു കുറെ പിടിച്ചടക്കിയെന്നുമുള്ള കാരണങ്ങളെ ആസ്പദമാക്കി തിരുവിതാംകൂർരാജാവിനോടു് അച്യുതരായന്നു യുദ്ധം അവശ്യം വേണ്ടിവന്നു. മഹത്തായ ഒരു സൈന്യത്തോടുകൂടി ചക്രവർത്തിതന്നെ തെക്കോട്ടു് അഭിനിര്യാണം ആരംഭിച്ചു. വഴിമേൽ ചന്ദ്രഗിരി, കാളഹസ്തി, കാഞ്ചീപുരം, തിരുവണ്ണാമല (അരുണശൈലം) മുതലായ സ്ഥലങ്ങളിൽ ഈശ്വരപ്രാർത്ഥനാദികൾ കഴിച്ചു് ഒടുവിൽ ശ്രീരംഗത്തു വന്നുചേർന്നു. അവിടെവെച്ചു് അസമന്മാരായ ചെല്ലപ്പനോടും വഞ്ചിരാജനോടും പോരിനായി ചക്രവർത്തിതന്നെ ചെല്ലുന്നതു പോരായ്മയാണെന്നും അതിനു താൻ മതിയാകുമെന്നും “സലഗരാജസുതൻ” എന്നു അച്യുതരായാഭ്യുദയകർത്താവു പറയുന്ന ഒരു സേനാനി അറിയിക്കയും അങ്ങനെയാകട്ടെ എന്നു ചക്രവർത്തി സമ്മതിക്കയും ചെയ്തു. അതനുസരിച്ചു സേനാനി പുറപ്പെട്ടു വന്നു താമ്രപർണ്ണീനദീതീരത്തു സേനയെ നിവേശിപ്പിച്ചു കൊണ്ടു യുദ്ധസന്നദ്ധനായി നിന്നു. തിരുവിതാംകൂർരാജാവു ശത്രുസൈന്യത്തെ പർവ്വതപംക്തിക്കു സമീപസ്ഥലത്തു വെച്ചു് എതിരിട്ടു ഭയങ്കരമായി യുദ്ധംചെയ്തുവെങ്കിലും ജയം വിജയനഗരസേനാപതിക്കുതന്നെസിദ്ധിച്ചു. “തിരുവടിക്കു

തിപൻ" എന്നു കാൎയ്യകാരസംജ്ഞിതനായ നമ്മുടെ രാജാവു് എതിർകക്ഷി സേനാപതിയെ ശരണംപ്രാപിക്കയും അഭയാൎത്ഥിയായ ചെല്ലപ്പനെ വിട്ടുകൊടുക്കയും ചെയ്യേണ്ടിവന്നു. വിജയിയും കൃതകൃത്യനുമായ സേനാപതി തിരുവനന്തപുരത്തുവന്നു പത്മനാഭസ്വാമിദർശനവും അവിടുന്നുപോയി സേതുസ്നാനവും കഴിച്ചു ചെല്ലപ്പനേയും തിരുവിതാംകൂർ രാജാവിനേയും കൊണ്ടു് ശ്രീരംഗത്തു ചെന്നു അച്യുതരായന്റെ മുമ്പാകെ ഹാജരാക്കി. തന്റെ രാജ്യം തിരുവിതാംകൂർരാജാവു് അപഹരിച്ചുകളഞ്ഞതായി സങ്കടവും ബോധിപ്പിച്ചുകൊണ്ടു് പാണ്ഡ്യരാജാവു ശ്രീരംഗത്തു താമസിക്കുന്നുണ്ടായിരുന്നു. കവികളുടെ സൂക്തികളും വിദ്വാന്മാരുടെ വ്യാഖ്യാനങ്ങളും കേട്ടു രസമയമായി സമയവ്യയം ചെയ്തിരുന്ന അച്യുതരായൻ തിരുവിതാംകൂർരാജാവിനും മററും തക്കതായി ശിക്ഷ കല്പിക്കയും പാണ്ഡ്യരാജാവിനെ പൂൎവ്വവൽ പ്രതിഷ്ഠാപനം കഴിക്കയും ചെയ്തതായി കാൎയ്യകാരൻ പറയുന്നു.

ഇപ്രകാരം വിപ്രകാശം നേരിട്ടതു് തിരുവിതാംകൂർ രാജാവിനായിരുന്നു എന്നുള്ള ജിജ്ഞാസാനിവൃത്തിക്കു സമകാലികമായ തിരുവിതാംകൂർചരിത്രം അല്ലാതെ അവലംബമില്ല. തിരുവിതാംകൂർ "സ്റ്റേററുമാനുവലിൽ"നിന്നു ലഭിക്കുന്ന ക്രമപ്രകാശംകൊണ്ടു് താഴെ പറയുന്ന സംഗതികൾ പരസ്പരവിരുദ്ധതകളുടെ ഇടയിൽക്കൂടി വ്യക്തമാകുന്നു. അച്യുതരായന്റെ സിംഹാസനാരോഹണകാലത്തു് അതായതു ക്രിസ്ത്വബ്ദം ൧൫൩൦ ഇടയ്ക്കു് ഭൂതലവീര ശ്രീവീര ഉദയമാൎത്താണ്ഡവൎമ്മ എന്നൊരു രാജാവു തിരുവിതാംകോട്ടുണ്ടായിരുന്നു. തിരുനൽവേലിജില്ല മുഴുവനുംതന്നേ അദ്ദേഹം പാണ്ഡ്യരാജാവിനെ ജയിച്ചു സ്വാധീനമാക്കിയതുകൊണ്ടു് "മൺകൊണ്ട ഭൂതലവീര"നെന്നും പുലിയുടെ രൂപം സ്വവംശചിഹ്നമായി സ്വീകരിച്ചിരുന്ന ചോളരാജകുടുംബത്തിൽനിന്നു ചോളകുലവല്ലി എന്ന രാജകുമാ

രിയെ വിവാഹംകഴിച്ചിരുന്നതുകൊണ്ടു് "പുലിമാർത്താണ്ഡവർമ്മ" എന്നുംകൂടി ആ രാജാവിനെ വിളിച്ചിരുന്നു. ചോള രാജകന്യകയുടെ സ്ത്രീധനമായി ചോളകുലവല്ലിപുരം അഥവാ "ക്ലാക്കാട്ടു" എന്ന സ്ഥലം അവിടത്തേയ്ക്കു് സിദ്ധിക്കയും വീരമാർത്താണ്ഡവർമ്മ ചതുർവേദിമംഗലം പുതുമാളിക എന്ന രാജമന്ദിരം പണിചെയ്തു് അവിടെ തിരുമനസ്സുകൊണ്ടു് എഴുന്നള്ളിപ്പാർക്കയും ചെയ്തിരുന്നു. അച്യുതരായന്റെ പൌരുഷത്തിനു ശാണോല്കർഷണം സിദ്ധിച്ചതു് ഈ തിരുമേനിയോടുരസിയാണെന്നു് ഊഹിക്കാൻ പല ന്യായങ്ങളുമുണ്ടു്. പാണ്ഡ്യരാജാവിനെ സ്വരാജ്യത്തുനിന്നു ഭാണ്ഡംകെട്ടിച്ചയച്ച സംഗതിയും ചോളരാജബന്ധുത്വംകൊണ്ടുതന്നെയായിരുന്നിരിക്കണം. ചെല്ലപ്പൻ എന്ന ചോളാധിപതി തിരുവിതാംകോട്ടു് അക്കാലത്തു് അഭയംപ്രാപിക്കാനിടയായതു് എന്നു വിചാരിക്കാവുന്നതും ഈ ഊഹത്തിനെ അനുകൂലിക്കുന്നു. കൊല്ലം ൪൯൨-ൽ (ക്രിസ്ത്വബ്ദം ൧൩൧൭) ശുചീന്ദ്രത്തു തേവർക്കു ഭൂതലവീര ശ്രീവീരരവിവർമ്മരാജാവു്, പുലിമാർത്താണ്ഡവർമ്മരാജാവിന്റെ പേരുവെച്ചു ഏതാനും വസ്തുക്കൾ വിട്ടുകൊടുത്തതായി കാണുന്നു. പ്രസ്തുത ഭൂദാനകാലത്തു പുലിമാർത്താണ്ഡവർമ്മരാജാവു് ജീവിച്ചിരുന്നു എന്നും പക്ഷേ സ്വാതന്ത്ര്യഭംഗംകൊണ്ടു് ഭൂമി വിട്ടുകൊടുപ്പാൻ അവിടത്തേയ്ക്കു സാധിച്ചില്ലെന്നും അതുകൊണ്ടു വിചാരിക്കേണ്ടിയിരിക്കുന്നു. ശ്രീവീരഉദയമാർത്താണ്ഡവർമ്മരാജാവിന്റെ പേരു് ശ്രീവീരരാമവർമ്മ എന്നു തെറ്റായി ശ്രീപത്മനാഭസ്വാമികോവിലിലെ ഗ്രന്ഥവരികളിൽ കാണുന്ന ഒന്നുരണ്ടു രാജശാസനങ്ങളിൽ എഴുതിയിരിക്കുന്നു എന്നു സ്റ്റേറ്റുമാന്വൽകർത്താവു പറയുന്നു. എന്നാൽ ഗ്രന്ഥവരിയിൽ തെറ്റില്ലെന്നും ഗവർമ്മേന്റുഗ്രന്ഥകാരന്റെ അഭിപ്രായം അനുസന്ധാനമാണെന്നും മിക്കവാറും സ്പഷ്ടമാകുന്നു. ശ്രീവീര ഉദയമാർത്താണ്ഡവർമ്മരാജാവിനു നേരിട്ട പരാജയവും

ശ്രീരംഗയാത്രയും ശിക്ഷയും എല്ലാംകൂടി നോക്കുമ്പോൾ അവിടുന്നു തിരുവിതാംകൂർ വിട്ടുപോയ കാലത്തു ശ്രീവീര രാമമാൎത്താണ്ഡവൎമ്മ തിരുവടി രാജസ്ഥാനത്തിരുന്നു ഗ്രന്ഥവരിയിൽ വിവരിക്കുന്ന രാജശാസനകൾ ചെയ്യേരിക്കാനിടയായി എന്നു വിചാരിക്കുന്നതുത്തമപക്ഷവും അബദ്ധമെന്നുള്ള ഭാവന അനാസ്പദവും ആണെന്നു തോന്നുന്നു. ഈഴത്തുരുത്ത് അതായത് സിംഹളദ്വീപംകൂടി തന്റെ ആജ്ഞയ്ക്കു വശംവദമാക്കി വിജയനഗരചക്രവൎത്തിയെപ്പോലും പോൎക്കുവിളിച്ചതായി "മലബാർ ഡിസ്ട്രിക്ട്മാനുവലിൽ" പറയുന്ന രാജാവു പുലിമാൎത്താണ്ഡവൎമ്മ ആയിരിക്കണമെന്നു മിസ്റ്റർ നാഗമയ്യാ അനുമാനിക്കുന്നതു ശരിയായിരിക്കുന്നു.

സീമാപൎവ്വതപംക്തിയുടെ പൂൎവ്വഭാഗത്തു സ്വാധികാരവിസ്താരത്തിനു തിരുവിതാംകൂർ രാജവംശത്തിനുണ്ടായ ഉത്സാഹം ഇപ്രകാരം അച്യുതരായന്റെ അങ്കുശപ്രയോഗം കൊണ്ട് ഏറെക്കുറേ സ്തംഭിച്ചുപോയിരിക്കണം. അനന്തരം അച്യുതരായനാകട്ടെ ശ്രീരംഗത്തുനിന്നു കാവേരിതീരമാൎഗ്ഗേണ കൊങ്ങണദേശം, ശ്രീരംഗപട്ടണം മുതലായവ കടന്നു ഹയപതിരാജ്യം അതായത് ബിജപ്പൂർ ലക്ഷ്യമാക്കിത്തിരിച്ചു. അവിടത്തെ സുൽത്താന്റെ വക "റൈച്ചൂർ" എന്ന കോട്ട പിടിച്ചു എന്നു മാത്രമല്ല യുദ്ധത്തിനു പുറപ്പെട്ടു വന്ന സുൽത്താനെക്കൂടി വിജയനഗരാധിപൻ കീഴടക്കി. പിന്നീട് ഉൽപതാകയും തോരണഭൂഷിതയും മഹോത്സവമയിയുമായിരുന്ന സ്വനഗരിയിൽ വിജയലക്ഷ്മീസമാലിംഗിതനായ ചക്രവൎത്തി വന്നുചേൎന്ന വൎണ്ണനയോടുകൂടി പ്രസ്തുതകാൎയ്യം സമാപ്തമാകുന്നു.

അച്യുതരായപ്രശസ്തിക്ക് അന്തരായമുണ്ടാകാതെ ഇരുന്നില്ല. രാജ്യഭാരചരമദശയിൽ അദ്ദേഹം രാജ്യരക്ഷാവിഷയത്തിൽ വളരെ അനാസ്ഥ കാണിച്ചിരുന്നു. അതിനു ഹേതു വരദാംബികാരാജ്ഞിയുടെ സഹോദരന്മാരും തമ്മു

ലം രാജാവിന്റെ സ്യാലപദവിയിൽ ഇരുന്നിരുന്നവരും തിരുമലാഭിധാനന്മാരും ആയിരുന്ന ഭ്രാതൃദ്വയത്തിനു രാജധാനിയിൽ സിദ്ധിച്ച ഉന്നതിയും അധികാരപൂരവും ആയിരുന്നു. രാജസ്യാലന്മാരിൽ രാജ്യലക്ഷ്മി ക്രമേണ സംക്രമിച്ചുതുടങ്ങിയപ്പോൾ അവൎക്കു പ്രതിപക്ഷമായി ഒരു കൂട്ടം ജനങ്ങൾ രാജധാനിയിൽത്തന്നെ ഉണ്ടായി. ആ കൂട്ടത്തിലായിരുന്നു മരിച്ചുപോയ കൃഷ്ണരായന്റെ രണ്ടു മഹിഷിമാരും അവരുടെ ജാമാതാക്കളായിരുന്ന രാമരായൻ മുതൽപേരും. അച്യുതരായന്റെമരണശേഷം അദ്ദേഹത്തിന്റെ പുത്രൻ സിംഹാസനസ്ഥനായെങ്കിലും നവീനരാജാവിന്റെ മാതുലന്മാരുടെ പ്രാബല്യവൃദ്ധികൊണ്ടു് അവർ വിചാരിച്ച വഴിയല്ലാതെ കാൎയ്യങ്ങൾ നടക്കയില്ലെന്ന ദിക്കായി. ഒടുവിൽ അച്യുതരായന്റെ പുത്രനെ മാതുലന്മാരിൽ ഒരാൾ തന്നെ വധിച്ചു. ശൂന്യമായ സിംഹാസനത്തെ ആരോഹിക്കുവാനുണ്ടായ മത്സരത്തിൽ അച്യുതരായന്റെ സഹോദരപുത്രനായ സദാശിവന്റെ പക്ഷമവലംബിച്ചു് പരേതനായ കൃഷ്ണരായന്റെ ജാമാതാക്കൾ രാമരായപ്രഭൃതികൾ വരദാംബികയുടെ സഹോദരന്മാരെ എതിൎത്തു. രാമരായപ്രഭൃതികളെ നേരിടുന്നതിനു സ്വയം അപ്രാപ്തനെന്നു തോന്നുകയാൽ വരദാംബികയുടെ സഹോദരന്മാരിൽ ജ്യേഷ്ഠൻ മുമ്പിനാലേ വിജയനഗരശത്രുക്കളായിരുന്ന മഹമ്മദീയസുൽത്താന്മാരെ സാഹായ്യാർത്ഥം ക്ഷണിച്ചു. അന്തഃച്ഛിദ്രം അങ്ങനെയാണു വികസിച്ചതു്. മഹമ്മദീയരെ ആശ്രയിച്ച ആ വിചിത്രബുദ്ധി, ചിത്തഭ്രമക്കാരനായിരുന്നു എന്നും കാണുന്നു. രാജവംശബന്ധുക്കൾ തമ്മിൽ പ്രധൂമിതമായിരുന്ന വൈരവഹ്നി . പരസ്പരയുദ്ധരൂപത്തിൽ ഉജ്വലിച്ചു. വരദാംബികയുടെ ഭ്രാതാക്കളിൽ ഭ്രാന്തനെന്നു പറഞ്ഞ സലഗ തിരുമലരായൻ പോരിൽ തോല്ക്കയും ഹതനാകയും ചെയ്തു. രാമരായനും അനുജന്മാരായ തിരുമലരായനും വെങ്കിടാദ്രിയുംകൂടി സദാശിവനെ രാജാവായി

റാഴിക്കയും രാജ്യരക്ഷ കൈയേൾക്കയും ചെയ്തശേഷം ഈ സഹോദരത്രയവും അഹമ്മദനഗരം, ഗോൽകൊണ്ട, ബിജപ്പൂര മുതലായിടങ്ങളിലെ സുൽത്താന്മാരും തമ്മിൽ തുടരെത്തുടരെ യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. പ്രായേണ വിജയം രാമരായനും സഹോദരന്മാൎക്കുമായിരുന്നു. പരാജയപരമ്പരകൊണ്ട് കലുഷീകൃതന്മാരായ സുൽത്താന്മാർ ഒടുവിൽ ഒന്നുപെട്ടു തളിക്കോട്ടയിൽ വച്ച് ൧൫൬൫-ൽ രാമരാജനെ എതിൎത്തു. ചരിത്രപ്രസിദ്ധമായ ഈ യുദ്ധത്തിൽ രാമരായന്റെ പ്രാണനും അനുജൻ തിരുമലരായന്റെ ഒരു കണ്ണും വിജയനഗരസാമ്രാജ്യത്തിന്റെ പ്രതാപസാരവും നഷ്ടമായിത്തീൎന്നു. രാമരായൻ അസാമാന്യനായിരുന്നു. അനേക തെലുങ്കുകൃതികളിൽ അദ്ദേഹത്തിന്റെ മാഹാത്മ്യം ഉൽഘോഷിക്കപ്പെട്ടിരിക്കുന്നു. സ്വരമേഖലാനിധി എന്ന സംസ്കൃതസംഗീതശാസ്ത്രഗ്രന്ഥം അദ്ദേഹത്തിന്റെ സദസ്യനും അമാത്യനുമായിരുന്ന രാമയാമാത്യതോഡരമല്ലന്റെ കൃതിയാകുന്നു.

ആരവീടിബുക്കന്റെയും പുത്രനായ രാമരായന്റെയും കാൎയ്യം മുമ്പു പറഞ്ഞുവല്ലൊ. ആ രാമരായന്റെ പുത്രന്മാരായിരുന്നു തിമ്മരാജനും ശ്രീരംഗരായനും മററും. അതിൽ തിമ്മരാജനു ഗോപമദേവിയിൽ തിരുമലരായ വിട്ടലപ്രഭൃതികളും ശ്രീരംഗരായനു തിരുമലാംബയിൽ തളിക്കോട്ടയുദ്ധത്തിൽ മരിച്ചതായി പറഞ്ഞ രാമരായപ്രഭൃതികളും പുത്രരായി ജനിച്ചു. വീരസ്വൎഗ്ഗഗമനത്തിനുമുമ്പു വൎണ്ണനാവിഷയമായ രാമരായൻ വിജയനഗരകാൎയ്യധുര്വഹനായിരുന്നപ്പോൾ തിരുവിതാംകൂറിൽ നടത്തിയ ഒരാക്രമകഥയുടെ ഉപക്രമമായി ഇത്രയും വംശാവലി സംഗ്രഹിച്ചതാകുന്നു. രാമരായന്റെ കാലത്ത് പിതൃവ്യപുത്രന്മാരായ തിരുമലരായന്റേയും വിട്ടലന്റേയും ആധിപത്യത്തിൽ വിജയനഗരസേനകൾ ചോളപാണ്ഡ്യദേശങ്ങളേയും തിരുവിതാംകൂറിനേയും ആക്രമിക്കുവാൻ ഇടയായി. ഈ ആക്രമം നട

ന്നതു് ക്രിസ്ത്വാബ്ദം ൧൫൪൪-ൽ ആയിരുന്നുവെന്നു് "സേവി
യർ" എന്ന പോർട്ടുഗീസ്സ് പാതിരിയുടെ എഴുത്തിൽ നി
ന്നു് വ്യക്തമാകുന്നു. അച്യുതരായന്റെ ആക്രമം കഴിഞ്ഞു്
൧൪ കൊല്ലം തികഞ്ഞപ്പോൾ ഇങ്ങനെയൊരിടപാടിനു
ണ്ടായ കാരണം എന്തെന്നു് സ്പഷ്ടമാകുന്നില്ല. തിരുവി
താംകൂർരാജാവു് പാണ്ഡ്യദേശാംശം കൈവശം വച്ചിരു
ന്നതുകൊണ്ടുള്ള അസന്തുഷ്ടത ആയിരിക്കുമോ ഇതിനു
ഹേതു എന്നു് ചരിത്രപണ്ഡിതൻ ശ്രീമാൻ എസ്.
കൃഷ്ണസ്വാമിഅയ്യങ്കാർ എം. ഏ. അവർകൾ സംശ
യിക്കുന്നു. അതാണെന്നു തോന്നുന്നില്ല സദാശിവരായ
ന്റെ സിംഹാസനാരോഹണവൈചിത്ര്യം വിചാരിക്കു
മ്പോൾ ദക്ഷിണദേശങ്ങളിൽ അദ്ദേഹത്തിന്റെ ആധിപ
ത്യസ്ഥാപനവും ഒരുപക്ഷേ ക്ഷീണമായിരിക്കുമായിരുന്ന
രാജഭണ്ഡാരത്തിന്റെ പരിപൂരണവുമായിരുന്നിരിക്കണം
കാരണമെന്നുതോന്നുന്നു. വിട്ടലന്റെ സഹോദരൻ ചിന്ന
തിമ്മനെപ്പറ്റി തെലുങ്കു ബാലഭാഗവതത്തിൽ "തിരുവടി
സ്ഥാപനാചാര്യൻ" എന്നു പറഞ്ഞുകാണുന്നതും തിരുവി
താംകൂർരാജാവിനോടു പടയ്ക്കുപോയ പാണ്ഡ്യരാജാവി
നെ ചിന്നതിമ്മൻ തോല്പിച്ചിട്ടുള്ളതുംകൊണ്ടു് തിരുവിതാം
കൂർ സംസ്ഥാനം വിധ്വംസനം ചെയ്യുന്നമെന്നു് വിജയ
നഗരത്തു വിചാരമുണ്ടായിരുന്നിരിക്കയില്ല; "സേവിയരു
ടെ എഴുത്തിൽ വിജയനഗരസൈന്യത്തെപ്പററി കരംപി
രിവുകാരെന്നും കൊള്ളക്കാരെന്നും" പറഞ്ഞിരിക്കുന്നതു് എ
ന്റെ ഊഹത്തെ ബലപ്പെടുത്തുന്നു. അതെങ്ങനെയും ഇരി
ക്കട്ടെ. ആരുവാമൊഴിവഴി രാജ്യത്തിനുള്ളിൽ പ്രവേശിച്ച
വിജയനഗരസൈന്യം കന്യാകുമാരി മുതൽ കോട്ടാററുവരെ
യുള്ള ഭൂപ്രദേശത്തെ വിവശമാക്കി എങ്കിലും ഒടുവിൽ ഇ
വിടെ സ്ഥിരപ്രതിഷ്ഠയ്ക്കുത്സാഹിക്കാതെ പിൻവലിഞ്ഞു.
ഈ ആക്രമം നടന്നതു് "ഭൂതല വീരകേരളവർമ്മ" എന്ന
രാജാവിന്റെ കാലത്തായിരുന്നു. വിജയനഗരസേനാനിയാ

യിരുന്ന വിട്ടളൻ രാമരാജൻെറ പുത്രാനെന്ന് സ്റ്റേറമാനു വൽകത്താവു പറയുന്നത് ശരിയല്ലെന്നു മുൻ പറഞ്ഞതിൽനിന്നു തെളിയുമല്ലൊ. പക്ഷെ വിജയനഗരവുമായുള്ള ബന്ധം ഇതുകൊണ്ട് അവസാനിച്ചില്ല. പ്രസ്തുതമായ ആക്രമത്തിനു ശേഷം തിരുവിതാംകൂർ രാജവംശത്തിനു പാണ്ടിയിലുണ്ടായിരുന്ന പ്രാബല്യം ക്ഷയത്തേയും ഭൂതല വീരകേരളവമ്മരാജാവു് അക്ഷയമായ പരമപദത്തേയും പ്രാപിച്ചു. അനന്തരം രാജാവായിരുന്നത് ഭൂതലവീരരാമവമ്മ തിരുവടിയായിരുന്നു. കൊല്ലം ൭൨൨-ൽ (ക്രിസ്ത്വബ്ദം ൧൫൪൭-ൽ) ഈ രാമവമ്മരാജാവും വിട്ടളനും തമ്മിൽ ചെയ്ത സന്ധിയനുസരിച്ചു് തിരുനൽവേലി മുതലായ സ്ഥലങ്ങൾ ഇവിടുന്നു, വിജയനഗരത്തേയ്ക്കു വിട്ടുകൊടുക്കകയും മേലാൽ തിരുവിതാംകൂറിൽ പ്രവേശിച്ചുപദ്രവങ്ങൾ ചെയ്കയില്ലെന്നു വിട്ടളൻ കരാർ ചെയ്കയും ചെയ്തുവെന്നു സ്റ്റേറമാനുവൽ പറയുന്നു. ഇതു സൂക്ഷ്മമാണോ എന്തോ? വിട്ടളൻെറ ആക്രമശേഷം പാണ്ഡ്യരാജൻ തിരുവിതാംകൂറിനു വിദ്വേഷമായി പ്രവത്തിച്ചു എന്നും വിട്ടളൻെറ സഹോദരൻ ചിന്നതിമ്മൻ തിരുവിതാംകൂറിൻെറ പക്ഷം അവലംബിച്ചു പാണ്ഡ്യനെ ഖണ്ഡ്യനാക്കി തിരുവിതാംകൂർരാജ്യത്തെ പൂവ്വവൽ പ്രതിഷ്ഠിച്ചുവെന്നും മുൻപുദ്ധരിച്ച തെലുങ്കുകൃതി ബാലഭാഗവതം സൂചിപ്പിക്കുന്നു. ചിന്നതിമ്മൻെറ ആശ്രയത്തിൽ ഇരുന്നിരുന്ന പ്രസിദ്ധപണ്ഡിതൻ അപ്പയ്യദീക്ഷിതർ സ്വകൃതിയായ യാദവാഭ്യുദയവ്യാഖ്യാരംഭത്തിൽ—

"മലയാദ്രി കടകനികടേ—വിന്ധ്യ ഇവാഭാതി യജ്ജയസ്തംഭഃ" എന്നു ചിന്നതിമ്മനെപ്പററി പറയുന്നതും പാണ്ഡ്യരാജാവിൻെറ അധഃകരണസൂചനമായി വിചാരിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറുമായി സന്ധിയുണ്ടായി എന്നും അതു സ്ഥാപിക്കുവാൻ ഫ്രാൻസിസ്സ് സേവിയർ അത്യുത്സാഹം ചെയ്തു എന്നും സ്റ്റേറമാനുവലിൽ കാണുന്നതു ഭ

ദ്രംതന്നെയായിരിക്കണം. നമ്മുടെ കഥയുടെ പ്രധാനവീഥി യിലേയ്ക്കു പ്രത്യാഗമിച്ചുകൊള്ളുന്നു രാമരായന്റെ നിര്യാണശേഷം അനുജൻ തിരുമലരായൻ രാജ്യഭാരവും സദാശിവൻ കിരീടഭാരവും വഹിച്ചിരുന്നു. തളിക്കോട്ട യുദ്ധശേഷം തിരുമലരായൻ ഏകഛത്രാധിപതിയായെങ്കിലും രാജ്യൈകദൃഷ്ടിയായിരുന്നതുകൊണ്ട് ചാടുരചനയിൽ അദ്ദേഹത്തിന്റെ സദസ്യരിൽ ഒരു കവി തിരുമലരായൻ തനിയേ ഇരിക്കുമ്പോഠം ശുക്രാചാര്യത്വവും ജായാസമേതനായാൽ പരമശിവത്വവും അദ്ദേഹത്തിൽ ഉല്ലസിച്ചിരുന്നതായി വർണ്ണിച്ചിരിക്കുന്നു. മഹമ്മദീയരുടെ നിരന്തരോപദ്രവത്തിനു വിജയനഗരം രാജധാനിയാക്കി വെച്ചുകൊണ്ടിരുന്നാൽ ഒരു പ്രതിവിധിയും സാദ്ധ്യമല്ലെന്നു തോന്നിയായിരിക്കണം തിരുമലരായൻ പെനുകോണ്ട (സംസ്കൃതം ഘനഗിരി) സ്വരാജധാനിയായി സ്ഥിരപ്പെടുത്തിയത്. സദാശിവന്റെ മരണത്തോടുകൂടി കൃഷ്ണരായന്റെയും അച്യുതരായന്റെയും വംശച്ഛായപോലും വിച്ഛിന്നമായി. തിരുമലരായന്റെ മരണകാലത്ത് പുത്രന്മാരായി മൂന്നുപേർ ജീവിച്ചിരുന്നവരിൽ ശ്രീരംഗരായന് ചക്രവർത്തിസ്ഥാനവും രാമരായന് ശ്രീരംഗപട്ടണത്തിലേയും വെങ്കിടപതിക്കു മധുരയുൾപ്പടെയുള്ള ചന്ദ്രഗിരിയിലേയും രാജപ്രതിനിധിസ്ഥാനങ്ങളും ലഭിച്ചു. തിരുമലരായന്റെ അനുജൻ വെങ്കിടാദ്രി കർണ്ണൂൽ എന്ന സ്ഥലത്തെ ഭരണകർത്താവായുമിരുന്നു. ശത്രുശക്തി ഉദഗ്രമായിരുന്ന അവസരത്തിൽ രാജാധികാരം മേൽപ്രകാരം വിഭജിച്ചത് ശുഭമായി പരിണമിച്ചില്ല. ൧൫൭൫-ാ ഇടയ്ക്കു രാജധാനിയായിരുന്ന പെനുകോണ്ടയെ മഹമ്മദീയർ ആക്രമിച്ചു. ശ്രീരംഗരായൻ ജിതനായി എന്നു മാത്രമല്ല മഹമ്മദീയരുടെ കയ്യിൽ അകപ്പെടുകയും ചെയ്തു. പെനുകോണ്ടയിൽനിന്ന് രാജധാനി ചന്ദ്രഗിരിയിലേയ്ക്കു മാററാതെ നിവൃത്തിയില്ലെന്നായി. ൧൫൮൫-ൽ അപുത്രനായി ശ്രീരംഗരായൻ മരിച്ചു. അതിന് അനുസാരം മുമ്പുതന്നെ രാമരാ

യൻ മരിക്കയും അദ്ദേഹത്തിന്റെ പുത്രന്മാർ രണ്ടും ബാല്യമായിരിക്കയും ചെയ്കകൊണ്ടു വെങ്കിടപതിയുടെ കീഴിൽ സാമ്രാജ്യം സംസൃഷ്ടമായി ഭവിച്ചു. ൧൬൧൪-വരെ ചന്ദ്രഗിരി തലസ്ഥാനമാക്കി വച്ചുകൊണ്ടു് അദ്ദേഹം രാജ്യഭാരം വഹിച്ചിരുന്നു. മഹമ്മദീയപരാക്രമത്തെ വെങ്കിടപതി തടഞ്ഞുനിറുത്തി പരമവൈഷ്ണവനായി വാണിരുന്നതായി കാണുന്നു.

"അമും കുവലയാനന്ദമകരോദപ്പയ്യദീക്ഷിതഃ
നിയോഗാദ്വെങ്കിടപതേർന്നിരുപാധികൃപാനിധേഃ"

എന്നു കാണുന്നതുകൊണ്ടു് അപ്പയ്യദീക്ഷിതൻ ഈ രാജാവിന്റെ സദസ്സിനേയും അലങ്കരിച്ചിരുന്നു. വെങ്കിടപതിയുടെ ഭ്രാതൃീയന്മാരായി ശ്രീരംഗപട്ടണത്തു താമസിച്ചിരുന്നവരിൽ തിരുമലരായനും സ്വാതന്ത്ര്യാഭിലാഷിക്ക ഭ്രമം മുഴുത്തു. അതു ലാക്കാക്കി, മൈസൂർദേശം ഭരിച്ചിരുന്ന ഉടയാർ ശ്രീരംഗപട്ടണത്തെ എതിർക്കുകയും വെങ്കിടപതിയുടെ കല്പന സമ്പാദിച്ചു് ൧൬൧൦ മുതൽ മൈസൂർ പ്രത്യേകം തിരിച്ചു ഭരിക്കുവാനാരംഭിക്കുകയും ചെയ്തു. ഈ തിരുമലരായന്റെ കനിഷ്ഠസഹോദരനായ ശ്രീരംഗരായനെ (ചിക്കരായൻ എന്നു സാധാരണ നാമധേയം) വെങ്കിടപതി ദത്തെടുത്തിരുന്നതുകൊണ്ടു്, പിതൃവ്യന്റെ കാലശേഷം അദ്ദേഹം സിംഹാസനസ്ഥനായി. ദത്തപുത്രന്റെ പിൻതുടർച്ച അന്തഃച്ഛിദ്രങ്ങളുടെ രൗദ്രഫലങ്ങളെ പ്രകാശിപ്പിച്ചു. വെങ്കിടപതിയുടെ പത്നിമാരിൽ ഒരാൾ തന്നിൽ ജനിച്ചതായി ഒരു ഔരസപുത്രനുണ്ടെന്നും, അതുകൊണ്ടു ചിക്കരായനു് രാജ്യാവകാശമില്ലെന്നും തക്കം തുടങ്ങി. അനന്തരം നാട്ടിലുള്ള പ്രഭുക്കളും മററു പ്രജകളും രണ്ടു കക്ഷികളായി ഭിന്നിച്ചു. ചിക്കരായൻ സകുടുംബം എതിർകക്ഷിയായ ജഗ്ഗരായനാൽ വധിക്കപ്പെട്ടു. രാജപക്ഷഗനായിരുന്ന യാചമനായിക്കന്റെ ശ്രമംകൊണ്ടു്

ചിക്കരായന്റെ ഒരു കുട്ടി രക്ഷിക്കപ്പെട്ടതുനിമിത്തം ആതതായികളുടെ ഉദ്യമത്തിനു സമഗ്രസാഫല്യമുണ്ടായില്ല. ജഗ്ഗരായന്റെയും സഹായന്മാരുടേയും കൈയിൽ അകപ്പെടാതെ പ്രസ്തുതബാലനേയുംകൊണ്ടു് തഞ്ചാവൂർ ചെന്നു് യാചമനായിക്കൻ ശരണം യാചിക്കേണ്ടിവന്നു. തഞ്ചാവൂർ, മധുര മുതലായ ദേശങ്ങൾ വിജയനഗരത്തിനു് അധീനമായി ഓരോ നായിക്കന്മാരുടെ ഭരണത്തിൽ ഇരുന്നിരുന്നുവെങ്കിലും അധിപന്മാരുടെ അധോഗതിക്രമമനുസരിച്ചു്, അവിടവിടെ പ്രബലീഭവിച്ചുവന്നിരുന്നു. യാചമനായിക്കന്റെ പലായനകാലത്തു് തഞ്ചാവൂർ വാണിരുന്നതു രഘുനാഥനായിക്കനായിരുന്നു. സ്വസദസ്സിൽ വത്തിച്ചിരുന്ന രാമഭദ്രാംബ എന്ന വിദുഷിയുടെ കൃതിയായ രഘുനാഥാഭ്യുദയം, യജ്ഞനാരായണദീക്ഷിതവിരചിതമായ സാഹിത്യരത്നാകരം, സ്വപുത്രനായ വിജയരാഘവനായകനാൽ പ്രണീതമായ തെലുങ്കു് രഘുനാഥാഭ്യുദയം മുതലായ പ്രബന്ധങ്ങളിൽനിന്നു് രഘുനാഥനായിക്കൻ അസാധാരണ ഗുണഗണങ്ങളോടുകൂടിയ ഒരു മഹാപുരുഷനായിരുന്നു എന്നു കാണുന്നു. പാണ്ഡ്യതുണ്ഡീരനായകന്മാരെ അതായതു് മധുരയിലേയും ഗിൻജിയിലേയും നായിക്കന്മാരെ ജയിച്ചതും പോർട്ടുഗീസുകാരാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട യാപ്പാണരാജാവിനെ (നേപാളരാജാവു് എന്നു സംസ്കൃതം) സിംഹളദ്വീപിൽ പുനഃപ്രതിഷ്ഠാപനം ചെയ്തതും സംഗീതസാഹിത്യാദികളിൽ രഘുനാഥനുണ്ടായിരുന്ന ഗാഢവും പ്രൌഢവുമായ വാസനാവിലാസവും ശതാവധാനശക്തിയും മററും മേൽപ്പറഞ്ഞ കൃതികളിൽ വർണ്ണിച്ചിരിക്കുന്ന കൂട്ടത്തിൽ ജഗ്ഗരായപ്രഭൃതികളെ തോല്പിച്ചു ചിക്കരായന്റെ ശിശുവിനു് രാമദേവരായനെന്ന നാമധേയത്തിൽ വിജയനഗരചക്രവത്തിയായി രഘുനാഥനായിക്കൻ വാഴിച്ചതായി പറഞ്ഞിരിക്കുന്നു. ഇങ്ങനെ രാമദേവരായനു സിദ്ധിച്ച അഭ്യുത്ഥാനം രഘുനാഥന്റെ യശ

സ്സിൻെറ തേജസ്സ് കൂട്ടിയെങ്കിലും വിജയനഗരത്തിൻെറ ശക്തിയെ പ്രത്യുജ്ജീവിപ്പിക്കുന്നതിനു മതിയായില്ല. പരസ്പരഛിദ്രസഹജമായ ക്ഷുദ്രപ്രവൃത്തികൾകൊണ്ടു മിക്കവാറും ദ്രവിച്ചിരുന്ന സാമ്രാജ്യത്തിൽ ഏറിയ കൂറും മഹമ്മദീയശത്രുക്കൾക്കു കൈവശപ്പെടുത്തുവാൻ പ്രയാസമുണ്ടായില്ല. രാജശക്തിക്ഷയംനിമിത്തം ചന്ദ്രഗിരിയിൽ നിന്ന് രാജധാനി വേലൂർ (സംസ്കൃതം വേലാപുരം) എന്ന സ്ഥലത്തേയ്ക്കു മാറേറണ്ടിവന്നു. യാചമനായിക്കൻെറ വിജയംകൊണ്ടു കുറേക്കാലത്തേക്കുകൂടി ചില ചില്ലറ പരാക്രമങ്ങൾ സ്ഫുരിച്ചുകൊണ്ടിരുന്നു. ആ കൂട്ടത്തിൽ യാചമൻെറ ഭഗിനിപതിയായിരുന്ന ചെന്നൻവേലൂർ സ്വാധീനമാക്കിയതും ചെന്നൻെറ പുത്രന്മാർ ചിലർ ധീരതയോടെ ചില യുദ്ധങ്ങൾ നടത്തിയെന്നും അവരിൽ ഒരാൾ പിതാവിൻെറ നാമധേയസ്മരണയ്ക്കു ചെന്നാപട്ടണം (മദ്രാസ്) സ്ഥാപിച്ചതും മററും പ്രസ്താവയോഗ്യമാകുന്നു. പക്ഷെ ഈ വക പ്രത്യുൽക്രമങ്ങൾ അണയുവാൻ പോകുന്ന ദീപത്തിൻെറ പ്രകാശംപോലെ ഗണിക്കത്തക്കതേയായിരുന്നുള്ളു.

രാമദേവരായൻെറ പിൻഗാമികളായി ഒന്നു രണ്ടു പേർകൂടി രാജസ്ഥാനത്തിൽ ഇരുന്നു. ഒടുവിൽ വാണിരുന്ന ശ്രീരംഗരായൻ (തൃതീയൻ) വേലൂർ എന്ന സ്ഥലത്തു നിവസിക്കുന്നതിനുപോലും നിവൃത്തിയില്ലാതെ പല സ്ഥലത്തും ചുററിനടക്കേണ്ടതായി വന്നു. സ്ഥാനഭ്രഷ്ടനായ ഈ രാജാവിൻെറ അവസാനംതന്നെ അജ്ഞാതവാസത്തിലായിരുന്നെന്നു കാണുന്നു. അനന്തരം കോദണ്ഡരാമൻ എന്നൊരു രാജകുമാരൻെറ നാമധേയംകൂടി സാക്ഷാൽ വിജയനഗരരാജവംശ്യന്മാരുടെ പരമ്പരയിൽ ചേക്കാവുന്നതായി കാണുന്നുണ്ടു്. പിന്നീടു വിജയനഗരത്തിൻെറ നാമധേയമല്ലാതെ മറെറാന്നും ശേഷിച്ചിരുന്നില്ല.

ഈ ചരിത്രചിത്രത്തിന്റെ പൂർത്തിക്കു ചില സംഗതികൾ കൂടി പ്രസ്താവിച്ചുകൊള്ളട്ടെ. അത്തു വിജയനഗരസാമ്രാജ്യത്തിൽ പ്രമാണികളായിത്തീർന്ന നായിക്കുവംശങ്ങളുടെ അധഃപതനത്തെ അധികരിച്ചാകുന്നു. മധുരയിൽ വിശ്വനാഥനായിക്കന്റെ പ്രതിഷ്ഠ നാം കണ്ടുവല്ലോ. അദ്ദേഹം പാണ്ഡ്യചോളദേശങ്ങളിലെ ഭരണകർത്താവായിരുന്നു. അച്യുതരായന്റെ കാലത്തു വരദാംബികയുടെ സഹോദരിയെ വിവാഹം ചെയ്തിരുന്ന ചെവ്വനെ (ശിവൻ എന്നു സംസ്കൃതം) ചോളദേശാധിപതിയായി തഞ്ചാവൂർ നായിക്കനാക്കി നിയമിച്ചു. ചെവ്വനായിക്കന്റെ പുത്രനായിരുന്നു അച്യുതപ്പനായിക്കൻ. അദ്ദേഹത്തിന്റെ പുത്രനായ രഘുനാഥനായിക്കന്റെ പ്രഭാവവും സ്വഭാവവും മുൻപുതന്നെ പറയപ്പെട്ടു. രഘുനാഥന്റെ പുത്രൻ വിജയരാഘവനായിക്കൻ. ഈ നായിക്കന്റെ പുത്രിമാരിൽ ഒരാളെ വിവാഹം കഴിക്കുവാൻ മധുരാനായിക്കനായിരുന്ന ചൊക്കനാഥനു ഭ്രമം ജനിച്ചു. അതിനു വിജയരാഘവൻ വിസംവദിച്ചു. ചൊക്കനാഥന്റെ പിതാമഹനായിരുന്ന തിരുമലനായിക്കൻ തഞ്ചാവൂർ വംശത്തിൽ നിന്നു വിവാഹംകഴിച്ചിരുന്ന അച്യുതരഘുനാഥമ്മ എന്ന സ്ത്രീയെ മധുരാരാജധാനിയായിരുന്ന കൊട്ടാരം തഞ്ചാവൂർകൊട്ടാരത്തിനു കിടനിൽക്കയില്ലെന്നു പറഞ്ഞ ഏകവും ദുഷ്ടവും ആയ കാരണത്തിന്മേൽ ഭർത്താവായ നായിക്കൻ കുത്തിക്കൊലപ്പെടുത്തിയ സംഗതിയേ ആസ്പദമാക്കിയാണ് പ്രസ്തുത വിസംവാദം പുറപ്പെടുവിച്ചതു്. ഇതുകൊണ്ടു കുപിതനായ ചൊക്കനാഥൻ തഞ്ചാവൂർ രാജധാനിയെ എതിർക്കാൻ മുതിർന്നു. വിജയരാഘവനാകട്ടെ സമാധാനംകൊണ്ടു് എതിർകക്ഷിക്കു് അപ്രാപ്യമായിരുന്ന അഭിലാഷലാഭം കലഹംകൊണ്ടു് സാദ്ധ്യമാകരുതെന്നു കരുതി താനും അനുചരന്മാരും യുദ്ധത്തിൽ നശിക്കുന്നപക്ഷം അന്തഃപുരസ്ത്രീകൾ അവരോധഗൃഹം ചുട്ടുപൊട്ടിച്ചു സ്വയം നശിച്ചുകൊള്ളാമെന്നു സമ്മ

തിച്ചിരുന്നതനുസരിച്ചു യുദ്ധസന്നദ്ധനായി നിന്നു. ഒടുവിൽ സൈന്യങ്ങൾ തമ്മിൽ നേൎത്തു. നിഷ്ഠുരമായി നടന്ന യുദ്ധത്തിൽ തഞ്ചാവൂർ നായിക്കനും അനുചരന്മാരും ഹതന്മാരായി. ആസന്നമരണാവസ്ഥയിൽ അവരുടെ സൂചനയേ തുടൎന്ന് അന്തഃപുരസ്ത്രീകൾ സ്വയം ഉജ്വലിപ്പിച്ച അഗ്നിസ്ഫോടനമാകട്ടെ പരസ്പരപ്രയുക്തങ്ങളായ ഖഡ്ഗകഠാരകളാകട്ടെ ശരണീകരിച്ചു പ്രാണനാഥമാനത്രാണത്തിനായി പ്രാണത്യാഗം ചെയ്തു. അതിൽ ഒരു റാണി നാലുവയസ്സു പ്രായമുണ്ടായിരുന്ന സ്വശിശുവിനെ ആഭരണസമുച്ചയസമേതം വളൎത്തമ്മയുടെ പക്കൽ ഏല്പിച്ച് ഗൂഢമായി രാജമന്ദിരത്തിൽ നിന്നു കടത്തിക്കൊണ്ടുപോയി രക്ഷിക്കുവാൻ വേണ്ട ഏൎപ്പാടു ചെയ്തിരുന്നു. ഇങ്ങനെ രാജധാനിയിൽ നിന്ന് അപവാഹിതനായ ചെങ്കമലദാസ് എന്ന ബാലൻ രഹസ്യമായി നാഗപട്ടണത്തു പാൎത്തു പ്രായപൂൎത്തിയായശേഷം ബിജപ്പൂർ സുൽത്താനെ ആശ്രയിച്ചു തഞ്ചാവൂർരാജ്യം വീണ്ടെടുക്കുവാൻ ശ്രമം ചെയ്തു. മഹാരാഷ്ട്രനായകനായ ശിവാജിയുടെ പിതാവ് അന്നു ബിജപ്പൂർസുൽത്താന്റെ ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്നു. ആ മഹാരാഷ്ട്രസേനാനി സുൽത്താന്റെ കല്പനപ്രകാരം തഞ്ചാവൂർ പിടിച്ചടക്കി. പക്ഷേ കാലതാമസം കൂടാതെ ബിജപ്പൂർസുൽത്താൻ മുഗൾചക്രവൎത്തിയാൽ പരാജിതനും ഹതനും ആയിത്തീൎന്നതുകൊണ്ടു തഞ്ചാവൂരിൽ മഹാരാഷ്ട്രരാജവംശപ്രതിഷ്ഠയ്ക്കു സംഗതിയായി. തഞ്ചാവൂർനായിക്കന്മാർ ഇങ്ങനെ സമാപ്തരായി.

മധുരയിലെ നായിക്കന്മാർ പലരും ഗംഭീരന്മാരായിരുന്നു. ആ കൂട്ടത്തിൽ കൊല്ലം ൮൧൦ (ക്രി. വ. ൧൬൩൫) ഇടയ്ക്കു് തിരുമലനായിക്കൻ തിരുവിതാംകൂറിന്റെ ദക്ഷിണഭാഗമായ നാഞ്ചിനാട്ടിനെ ആക്രമിച്ചു എന്നു തന്നെയുമല്ല, അതിനുശേഷം ആ നായിക്കനും പിന്തുടൎച്ചക്കാരും

തിരുവിതാംകൂർരാജ്യം അവൎക്ക് അധീനമായ ഒരു നാടാണെന്നുള്ള ഭാവനയാൽ പെരുമാറിവന്നിരുന്നതായും കാണുന്നു. ചൊക്കനാഥനായിക്കന്റെ ഉദ്യോഗസ്ഥന്മാരിൽ ഒരാളായിരുന്ന തിരുമലകൊളന്തുപിള്ള കൊല്ലം ൮൬൯-ൽ കന്യാകുമാരിയിൽ ഒരു കൽമാടം പണിചെയ്യിച്ചതും തിരുപ്പതിസാരത്തു കുളത്തിലെ കല്പട തിമ്മപ്പനായിക്കൻ കെട്ടിച്ചതും മററും ആയിടയ്ക്കു് നായിക്കന്മാൎക്കു നാഞ്ചിനാട്ടുണ്ടായിരുന്ന ഭരണത്തെക്കൂടി ലക്ഷീകരിക്കുന്നതായി മിസ്റ്റർ നാഗമയ്യാ പറയുന്നു. തിരുവിതാംകൂറിൽ നിന്നു മധുരയിലേയ്ക്കു് ഒരു കപ്പംകൂടി കൊടുത്തുവന്നിരുന്നു. ക്രി. വ. ൧൬൯൭-ൽ കപ്പംകൊടുക്കാതെ മുടക്കം വന്നതുകൊണ്ടു മധുരാസൈന്യം തിരുവിതാംകൂറിനെ ആക്രമിച്ചു. ഉമയമ്മറാണിയുടെ പുത്രൻ രവിവൎമ്മരാജാവു് ഇവിടെ അക്കാലത്തു വാണിരുന്നു. മധുരാസൈന്യത്തിന്റെയും എട്ടുവീട്ടിൽപിള്ളമാരുടെയും മാടമ്പിമാരുടെയും ശല്യം ഒഴിപ്പാനായി കൌശലത്തിൽ മധുരപ്പടയെക്കൊണ്ടു് ആദ്യം ആഭ്യന്തരശത്രുക്കളായ മാടമ്പിമാരെ ഓടിച്ചശേഷം ആ രാജാവു മധുരപ്പട്ടാളത്തെ എതിൎത്തു തോല്പിച്ചോടിച്ചു. രാജപ്രതിനിധിയായി അന്നു് മധുരയിൽ ഭരണം നടത്തിയിരുന്ന മങ്കമ്മാൾ എന്ന റാണി ഈ ചതിവുകൊണ്ടു കുപിതയായി ഉടൻതന്നെ ഒരു മഹാസൈന്യത്തെ തിരുവിതാംകൂറിലേയ്ക്കു അയച്ചു. ദുൎന്നിവാരമായിരുന്ന ആ സൈന്യം വളരെ അതിക്രമങ്ങളും കൊള്ളകളും നടത്തിയശേഷം തിരിച്ചുപോയി. ഇങ്ങനെ ഇടവിട്ടിടവിട്ടു നടന്നുകൊണ്ടിരുന്ന അഭ്യാഗമബന്ധം കൊല്ലം ൯൦൪-ൽ മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ രാജ്യഭാരാരംഭംവരെ നിലനിന്നിരുന്നതായി തോന്നുന്നു. പ്രസിദ്ധനായ ആ മഹാരാജാവും അവിടത്തെ മാതുലപുത്രന്മാരായിരുന്ന തമ്പിമാരും തമ്മിൽ രാജ്യാവകാശം മക്കൾക്കൊ മരുമകനോ എന്നുണ്ടായ അവകാശവാദം മധുരാനായിക്കന്റെ പ്രതിപുരുഷൻ മഹാരാ

ജാവിനു തുണമായി തീരുമാനിച്ചു എന്നു കാണുന്നതുകൊണ്ടു് ആ തിരുമനസ്സിലെ സിംഹാസനാരോഹണംവരെ മധുരാധിപതിമാരുടെ വചനങ്ങൾ ഇവിടെ മധുരമായിത്തന്നെ ഭാവിക്കേണ്ടിവന്നിരുന്നു.

വിജയനഗരസാമ്രാജ്യവും മധുരാദിനായകസ്ഥാനങ്ങളും എത്രയോ മുമ്പേ അസ്തംഗതങ്ങളായി. തിരുവിതാംകൂർ മഹാരാജവംശം ഇന്നും അക്ഷീണമായി പരിലസിക്കുന്നു. അതിനുള്ള ഹേതു നമ്മുടെ മഹാരാജാക്കന്മാരുടെ ബുദ്ധിവൈഭവവും ചിത്തശുദ്ധിയും ഈശപരാനുകൂല്യവും അഭിഘട്ടനങ്ങളിലുള്ള വൈതസവൃത്തിയും തന്നെയായിരിക്കണം.

വിജയനഗരനാമപ്രാജ്യസാമ്രാജ്യപൂജ്യ
സ്ഥിതിപതനചരിത്രാ സാഹിതീദോഹലഭ്യം
കഥിതമിതി മയാസ്മിൻ സാദരാ വാക്സദാസ്യാൽ
വിലസദനുജിഹ്വക്ഷ്മാഭ്യാസദാസ്യാൽ സദാസ്യാൽ-

—(൦)—

## ശ്രീമാൻ കുമാരനാശാൻ അവർകൾ

സമാപ്തചരിതനായ ശ്രീമാൻ കുമാരനാശാൻ അവർകളും ഞാനും തമ്മിലുണ്ടായിരുന്ന പരിചയത്തിനു ദൈർഘ്യംപോലെ തന്നെ ദാർഢ്യമുണ്ടായിരുന്നില്ലെന്നു വ്യസനിക്കേണ്ടിയിരിക്കുന്നു. ചുരുങ്ങിയപക്ഷം പതിനാറുകൊല്ലങ്ങൾക്കു മുമ്പു് ഒരു സായാഹ്നത്തിൽ ജൂബിലിടൌൺ ഹാളിൽ നടന്ന ഒരു മീററിങ്ങിനുശേഷം അവിടെ മുഖപ്പിൽവെച്ചു് ബി. വി ബുക്കുഡിപ്പോ ഉടമസ്ഥൻ ശ്രീമാൻ രാമൻമേനവൻ അവർകൾ ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തിയതായിട്ടാണു് എന്റെ ഓർമ്മ. സ്വനാ

മധേയം പ്രകാശിപ്പിക്കാതെ ജഗന്നാഥപണ്ഡിതരെ അധികരിച്ച് ആശാൻ ഒരു ലേഖനം എഴുതിയിരുന്നതായി അന്നു ഞാൻ എങ്ങനെയോ ധരിച്ചിരുന്നു. ആ പണ്ഡിതകേസരിയുടെ കൃതികളെക്കുറിച്ചു തന്നിമിത്തം ഞങ്ങൾ കുറെ ആ അഭിനവദർശനാവസരത്തിൽ സംസാരിച്ചതായും തോന്നുന്നു. അനന്തരം അധികതാമസം കൂടാതെ ജീവികാമാർഗ്ഗൈകാഗ്രനായി തിരുവനന്തപുരത്തെ നിവാസവും സാഹിത്യമാർഗ്ഗനിഷ്ഠയും ഞാൻ മിക്കവാറും കൈവിടുകയും ആശാൻ സാഹിത്യസരണിയിൽ ദൃഢനിഷ്ഠനായി പ്രവേശിക്കയും ചെയ്തു. പിന്നെയൊരിക്കൽ കോട്ടയം ജില്ലാക്കോടതിയിൽ മട്ടാഞ്ചേരിക്കാരുടെ ഒരു കേസിൽ സാക്ഷിയായി ആശാനെ ഞാൻ വിസ്തരിച്ച സംഗതിയും വ്യക്തമായി ഓർക്കുന്നു. തൊണ്ണൂററിയെട്ടിൽ കഴിഞ്ഞ ബഡ്ജററ് വാദപ്രതിവാദസമരത്തിനിടയിൽ ഒരു ദിവസം ജൂബിലിഹാളിൽവെച്ചു തന്നെ ആശാനെ വീണ്ടും കാണ്മാനിടയായി. അതിനുശേഷം അനുഭവിക്കാനിടയായതു് ആശാന്റെ ജീവവ്യാപാരഗതിയെപ്പററിയുള്ള കണ്ണറവ്യഥകമായ കഥ ആയിരുന്നു.

ആദിമചരമദർശനങ്ങളുടെ അന്തരാളകാലത്തു പലേടത്തുവെച്ചും ആശാനെ കണ്ടിട്ടുണ്ടെങ്കിലും അസ്വൈരതന്നിമിത്തം ഞങ്ങളുടെ പരിചയത്തിന്റെ അങ്കുരണശേഷം അതിൽ വ്യാപിച്ചു വശമായ 'അലസതാവിലസിത'ത്തെ പരിഹരിക്കുന്നതിനു വേണ്ട അവസരം ലഭിച്ചിരുന്നില്ല. അതിനിടയിൽ സാഹിത്യകൌതുകം ആശാനിൽ വൃദ്ധിയേയും എന്നിൽ ക്ഷയത്തേയും പ്രാപിച്ചു. അതുകൊണ്ടു് ആശാന്റെ യശഃപടഹതാഡനധ്വനികളുടെ അഭിഘട്ടനം കർണ്ണപുടങ്ങളിൽ കലശലായി നടന്നുകൊണ്ടിരുന്നു എങ്കിലും 'നളിനി' എന്ന കൃതി ഒഴികെ മറെറാന്നും അടുത്തകാലം വരെ ഞാൻ വായിച്ചിരുന്നില്ല. അങ്ങിനെയിരിക്കെയാണു് അപ്രാപ്തകാലമായി ആശാൻ കാലധർമ്മത്തെ ഗമിച്ചതു്.

അനന്തരം വിവേകോദയം പത്രാധിപർ ശ്രീമാൻ കെ. എം. കേശവനവർകൾ ബി. എ. ആശാൻെറ കൃതികളിലേയ്ക്ക് എൻെറ താല്പര്യത്തെ ആകർഷിച്ചു. സമഷ്ടിയായി ഒരു അഭിപ്രായം എഴുതിക്കിട്ടിയാൽ കൊള്ളാമെന്ന് ആവശ്യപ്പെടുകയാൽ സാമാന്യമായി അവ വായിച്ചുനോക്കി. അദ്ദേഹത്തിൻെറ അഭിലാഷത്തെ ആദരിച്ചും നമ്മുടെ പൊതുവിലാപവിഷയമായ ആശാനെക്കുറിച്ചുള്ള ബഹുമാനമടിസ്ഥാനമാക്കിയും സംക്ഷിപ്തമായ ഈ വിമർശനത്തിനുദ്യമിക്കുന്നതാകുന്നു.

ആശാൻെറ മിക്ക കൃതികൾക്കും പ്രചാരസഹായമായി ശ്രീമദ്രാജരാജവർമ്മകോയിത്തമ്പുരാൻ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ, നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള അവർകൾ മുതലായി ആസ്ഥാദരത്തിനു പാത്രങ്ങളായ പണ്ഡിതന്മാരുടെ അവതാരികാരൂപമായ അകമ്പടി ലഭിച്ചിട്ടുള്ളതായിക്കാണുന്നു. സങ്കോചവതികളും യുവതികളും ആയ കുലസ്ത്രീകളുടെ സഞ്ചാരത്തിനു പ്രൌഢകളുടെ കരാവലംബം അപേക്ഷിതമായി കാണാറുള്ളതുപോലെ, ഒരു രസമാണ് എനിക്കിതു കണ്ടിട്ടുണ്ടായതു്. എന്നാൽ കൂടിയുള്ളവരുടെ കാന്തിപ്രസരം ഭീരുവായ തരുണിയിൽ നിന്നു സരസലോകത്തിൻെറ ദൃഷ്ടികളെ പ്രതിനിവർത്തിക്കുന്നതിനു മതിയാകാത്തതുപോലെ അവതാരികകളുടെ ഗംഭീരിമാവുമൂലം ആശാൻെറ കൃതികൾക്കുള്ള ആകർഷണം വിലുപ്തമാകുന്നില്ല. എങ്കിലും ആചാര്യപാദരായ കോയിത്തമ്പുരാൻതിരുമനസ്സിലെ ആശയദീപം ആശ്രയിച്ചു ചെയ്യുന്ന ആരംഭണം അവതാളമാകയില്ലെന്നു വിശ്വസിക്കുന്നു.

"നളിനി"യുടെ മുഖവുരയിൽ ആ കൃതി ഒരു പുതിയ പ്രസ്ഥാനമാണെന്നു തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളതായി ഓർക്കുന്നു. ഈ അഭിപ്രായത്തിന് ആശാൻെറ ഇതരകൃതികളെ സംബന്ധിച്ചും ഏറക്കുറെ സാധുത്വമുണ്ടെ

ന്നു ഞാൻ വിചാരിക്കുന്നു. പ്രകാശമാനങ്ങളും വിസ്മയമരങ്ങളുമായ വിധങ്ങൾ ആശാൻ അംഗീകരിച്ചു കാണുന്നില്ല. നേരേമറിച്ച് മങ്ങിയും അവതമസലീനമായും ഉള്ള പന്ഥാവാണ് ആശാന്നു രമ്യമായിക്കാണുന്നത്. അതുകൊണ്ടു ശോകകരുണാദിവികാരങ്ങളാണ് അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിലെ പ്രധാന രസം. നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ ഇത്യാദികളിൽ അനുരാഗവികാരവും തന്നിമിത്തം ശൃംഗാരരസവും ആണിയായി നിബന്ധനം ചെയ്തിട്ടുണ്ടെങ്കിലും ശൃംഗാരത്തിനു സഹജമായ ഉജ്വലത്വമോ പ്രകാശസ്ഫുരണമോ വ്യക്തമാകുന്നില്ല. ഉദാഹരണത്തിനു നളിനിതന്നെ നോക്കുക. ഇതിൽ ശൃംഗാരം സ്ഥായിരസമായി സങ്കല്പിച്ചിരിക്കുന്നു എന്ന് അവതാരികയിൽ കാണുന്നു. പക്ഷേ കാർമേഘപടലത്തിനിടയിൽക്കൂടി കാണുന്ന ധൂസരച്ഛായ ചന്ദ്രബിംബത്തിന്റേതാണെന്നു പറയുന്നതുപോലെ മാത്രമേ നളിനിയിലെ ശൃംഗാരം വ്യക്തമാകുന്നുള്ളു. ചിത്രവും അതിന്റെ അധിഷ്ഠാനവും തമ്മിലുള്ള വിഭിന്നത അത്രമാത്രം സ്പഷ്ടമാകുന്നു. ആ കഥയിലെ നായകനും നായികയും പ്രാപഞ്ചികവ്യാപാരങ്ങളെ പരിത്യജിച്ച് അധ്യാത്മജ്ഞാനത്തിൽ ലയിച്ചിരിക്കെ നായികയ്ക്കു നായകന്റെ സന്ദർശനം ലഭിക്കയും നായികയ്ക്കു നായകനെക്കുറിച്ചു ദുർന്നിവാരമായ ആകർഷണം നേരിടുകയും നായിക വേർപാടിനെ സഹിക്കാതെ നായകനിൽ വിലയംഗമിക്കയും അതിനു ശേഷം നായകൻ സാനുകമ്പമായ ചില വിചാരങ്ങൾക്കു വശീഭവിക്കയും ചെയ്തതായി കവി വർണ്ണിച്ചിരിക്കുന്നു. സത്വഗുണനിമഗ്നരായ നായികാനായകന്മാരെ ആലംബനവിഭാവമാക്കി ശൃംഗാരവർണ്ണനയ്ക്കുള്ള ഉത്സാഹംതന്നെ ഒരു കടുംകൈയാണ്. ഈ സമാരംഭം സ്വാഭാവികത്വത്തിന്റെ സീമയ്ക്ക് അകമേയോ പുറമേയോ എന്ന ശങ്ക വല്ലവർക്കും ന്യായമായി തോന്നാവുന്നതാണ്. ഒരു പക്ഷേ സത്വമയമായ ഭിത്തിയിൽ നി

ൎമ്മിതമായ അനുരാഗചിത്രം അധിഷ്ഠാനാധിഷ്ഠിതങ്ങളുടെ പ്രത്യവസ്ഥാനംകൊണ്ടു പരഭാഗശോഭ പ്രാപിക്കുമെന്നല്ലയോ കവിയുടെ കല്പനാരഹസ്യമെന്നൂഹിക്കേണ്ടിയിരിക്കുന്നു. അങ്ങനെയല്ലേ ശാകുന്തളത്തിൽ ഋഷികന്യകയായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്ന ശകുന്തളയിൽ നിസൎഗ്ഗസുന്ദരമായിട്ടങ്കുരിക്കുന്ന അനുരാഗരസം പ്രതിപാദിതമായിക്കാണുന്നതു്. എന്നാൽ നോക്കുക. തപോവനത്തിന്ന് അനനുരൂപമായ മനഃക്ഷോഭബാധിതയായ ശകുന്തള അപ്സരസ്സംഭവയാണെന്നും സമുദ്ധായൌവനയെന്നും കണ്വൻതന്നെ അവളെ തക്കതായ വരനു സമൎപ്പിക്കുവാൻ പ്രതീക്ഷിച്ചിരിക്കുന്നു എന്നും മററുമുള്ള പ്രാസംഗികാംശങ്ങളുടെ വിവരണംകൊണ്ടു് അനൌചിത്യച്ഛായയെ പരിഹരിക്കുവാൻ കാളിദാസൻ പണിപ്പെട്ടു കാണുന്നു. നളിനിയിലെ നായികയും നായകനും തമ്മിൽ ശൈശവത്തിൽത്തന്നെ ചേർപെട്ടതായി സൂചിപ്പിച്ചിരിക്കുന്നു. നായകൻ പ്രപഞ്ചകൌതുകത്തിൽനിന്നു പിൻവലിഞ്ഞതിൻെറകാരണം വ്യക്തമാകുന്നില്ല. നായികയ്ക്കു നായകനെപ്പററി ജനിച്ചിരിക്കാവുന്ന ശിശുക്രീഡാരസം യൌവനത്തിൽ എങ്ങനെ അനുരാഗമായി പരിണമിച്ചു എന്നതു് ഊഹഗോചരം മാത്രമാകുന്നു. മനോഭിലാഷം ദുഷ്പ്രാപമെന്നുകരുതി സംസാരസരണിയെ വിട്ടു പ്രമാഥികളായ ഇന്ദ്രിയങ്ങളെ വശീകരിച്ചു യോഗിനിയായിത്തീൎന്ന നായികയിൽ വീണ്ടും അനുരാഗമുൽക്കടമായി പൊട്ടിപ്പുറപ്പെടുന്നതുകൊണ്ടു് അതിൻെറ ഗരിമാവു് അനുമാനിക്കാമെന്നല്ലാതെ അതു സംഗതമാണോ എന്നുള്ള സംഗതി സംശയഗ്രസ്തമായിത്തന്നെ ഇരിക്കുന്നു. ഔചിത്യഭംഗത്തിൽ അതിശാന്തം ഭയം ഉള്ളു ആരും തന്നെ. അതുകൊണ്ടു യോഗിനിയുടെ രാഗസംമൂർഛനവൎണ്ണനയിൽ ശൃംഗാരത്തിനുള്ള ഉപാധികൾ അശേഷം തേച്ചുമാച്ചു കളഞ്ഞു കേവലം ഒരു മാനസിക മറിമായമായി അതു പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു 'കലർപ്പില്ലാത്ത'

ശൃംഗാരമെന്നു ശ്രീമദ്രാജരാജവൎമ്മകോയിത്തമ്പുരാൻ പറയുന്ന ഈ രസം ശൃംഗാരത്തിന്റെ സൂക്ഷ്മശരീരം എന്നു വ്യവഹരിക്കത്തക്കതാകുന്നു. ശൃംഗാരത്തിൽ മനഃപൂർവമായി ശസ്ത്രക്രിയചെയ്തു ലോപിപ്പിച്ച് ഒരു രേഖയല്ലാതെ മറ്റു വല്ലതും അവശേഷിപ്പിച്ചിട്ടുണ്ടെന്നു പറയുവാൻ ഇല്ല. പക്ഷെ അവശിഷ്ടമായ രേഖയാകട്ടെ വിദ്യുല്ലതയുടെ ആകാലികമായ വിലസിതംപോലെ സൂക്ഷ്മദൃക്കുകൾക്കു ഹൃദയംഗമമാകാതെയിരിക്കയില്ലെന്നും പറയേണ്ടിയിരിക്കുന്നു.

"നളിനി"യുടെ സഹോദരീസ്ഥാനത്തിൽ രചിച്ചിട്ടുള്ള കൃതിയാകുന്നു 'ലീല.' നായികയായ 'ലീല'യും നായകനായ 'മദനനും' പ്രപഞ്ചപഞ്ജരത്തിൽപ്പെട്ട സാധാരണജനങ്ങളായി മാത്രം അവസ്ഥാപിതരായിരിക്കെ അവരുടെ അനുരാഗവർണ്ണനയിൽ അസാധാരണത്വമൊന്നുമുണ്ടായിരിക്കയില്ലെന്ന് ആരും പ്രതീക്ഷിച്ചുപോകും. എന്നാൽ കാര്യമങ്ങനെയല്ല. ലീലാമദനന്മാരുടെ പരസ്പരാനുരാഗസിദ്ധിക്കു നായികയുടെ പിതാവ് നായികയെ മറ്റൊരാൾക്കു വിവാഹംകഴിച്ചുകൊടുത്തതുകൊണ്ടു വലിയ വൈഷമ്യം നേരിട്ടു. തന്നിമിത്തം നായകൻ സ്വനഗരം വെടിഞ്ഞു വിദൂരമായ ശൈലപ്രദേശത്തെ അനാഥപ്രേതാവസ്ഥയിൽ ശരണംപ്രാപിച്ചു. നായികയ്ക്കു നായകനോടുണ്ടായിരുന്ന അനുരാഗം വിവാഹംകൊണ്ടു മർദ്ദിതസ്വരൂപത്തിലിരിക്കെ ഭർത്തൃപിത്രാദിചരമഗതികൊണ്ടു വീണ്ടും വികസ്വരമായ സ്വതന്ത്രതയെ പ്രാപിച്ചു. നായകനെത്തേടി നായിക പുറപ്പെട്ടു. സ്വപ്നസദൃശമായ ഒരു സമാഗമം അവർക്കുണ്ടായി. ഉടൻതന്നെ അവർക്ക് അവതമസം മുഴുപ്രകാശമാകുന്നതിനു മുമ്പു വേർപാടും പുനശ്ച അന്ധകാരപ്രവേശവും നേരിടുന്നു. ഈ പ്രബന്ധത്തിൽ അനുരാഗമൂർഛ നായകന്റെ ഹൃൽഭ്രാന്തികൊണ്ട് അവഗന്തവ്യമാകുന്നു. നായികാനായകന്മാരുടെ ക്ലേശകാനനത്തി

നിടയിൽ അനുരാഗസുഖം സ്വല്പമായ ഉറവപോലെ ഉൽഗമിച്ച് ഉടനെ വിലയംഗമിക്കുന്നതായി മാത്രമേ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളു. അതുകൊണ്ടു ശൃംഗാരത്തേക്കാൾ കരുണം പ്രബലീഭവിച്ചിരിക്കുന്നതായി പറയേണ്ടിയിരിക്കുന്നു. 'ചണ്ഡാലഭിക്ഷുകി' എന്ന കൃതിയിൽ ബുദ്ധശിഷ്യനായ ആനന്ദൻനിമിത്തം ഒരു ചണ്ഡാലകന്യക പരവശയായി ചമയുന്നു. അവളുടെ അനുരാഗം സാധാരണരീതിയെ വിട്ടു വരൻെറ സ്വരൂപനിരൂപണപ്രാബല്യംകൊണ്ടുണ്ടായ ബൌദ്ധസിദ്ധാന്തങ്ങളുടെ അതിവ്യാപ്തിയിൽ എന്നപോലെ രൂപാന്തരപ്പെട്ടുകാണുന്നു. 'ദുരവസ്ഥ'യിൽ ബ്രാഹ്മണി ചണ്ഡാലനിൽ അനുരക്തയായിത്തീരുന്നു. ഒടുവിൽ പറഞ്ഞ രണ്ടു കൃതികളിലും സമുദായഭിത്തികൾകൊണ്ടു് അനുരാഗപ്രവാഹത്തിനു വിച്ഛിത്തി നേരിടുകയില്ലെന്നുള്ള തത്വം പ്രതിപാദിച്ചു കാണുന്നു. 'ദുരവസ്ഥ' എന്ന കൃതിയെക്കുറിച്ച് അല്പം "വിപ്രവാദത്തിന്" അവകാശമില്ലയോ എന്നു് ശങ്കിക്കുന്നു. അതു നോക്കിയാൽ നായികയായ സാവിത്രിയുടെ മുഖദ്വാരാ കവി തന്നെ ദിർഘമായ ഒരു സമുദായപരിഷ്കരണപ്രസംഗം നടത്തുന്നതുപോലെ തോന്നുന്നു. കൊത്തുപണി, ചിത്രകർമ്മം, സംഗീതം, സാഹിത്യം മുതലായ കലകൾ ഓരോന്നിലും അയുക്തങ്ങളും യുക്തങ്ങളും ആയ വിഷയങ്ങളുണ്ടെന്നു അനുഭവസിദ്ധമാകുന്നു. ഉദാഹരണത്തിനു നദീപ്രവാഹത്തെ സംഗീതംകൊണ്ടു വർണ്ണിക്കുവാൻ യത്നിച്ചാൽ അതിൽ വളരെ സാഫല്യമുണ്ടാകാൻ മാർഗ്ഗമില്ല. സാഹിത്യത്തിൻെറ മണ്ഡലം മററു കലകളുടേതിനേക്കാളും വളരെ വിശാലമാണെന്നിരുന്നാലും വിഷയയോജ്യതയെ ആശ്രയിച്ച് അതിനും ചില ക്ലിപ്തികൾ ഉള്ളതായി പറയേണ്ടിയിരിക്കുന്നു. കേവലം തത്വജ്ഞാനമോ, കണക്കുശാസ്ത്രമോ, കവിതകൊണ്ടു വർണ്ണിക്കുവാൻ ശ്രമിക്കുന്നതു് ഒരുമാതിരി സാഹസംതന്നെയായിരിക്കും. എന്നാൽ അങ്ങ

നെയുള്ള സാഹസങ്ങൾക്കു ചില കവികൾ ഒരുമ്പെടാതെയിരുന്നിട്ടില്ലെന്നു സമ്മതിക്കത്തക്കതാകുന്നു. ആ വക ആരംഭങ്ങളിൽ വാഗ്‌വ്യാപാരജന്യമായ ചൈതന്യംകൊണ്ടുള്ള രസമുണ്ടായിരിക്കുമെങ്കിലും വർണ്ണ്യത്തിനും വർണ്ണനയ്ക്കും തമ്മിൽ അവശ്യമുണ്ടായിരിക്കേണ്ട ആനുരൂപ്യത്തിനു തട്ടുന്ന ഹാനി കൊണ്ടു വാഗ്ബലം പ്രയോഗിച്ച് എത്രമാത്രം വ്യവധാനം (മറവ്) വരുത്തിയാലും അസുഖത്തെ അശേഷം പരിഹരിക്കാൻ സാധിക്കയില്ല. "കവിതയിൽ ജീവവത്വം" എന്ന വിഷയമധികരിച്ചു കുറെമുമ്പ് "എഡിൻബറോറിവ്യൂ"വിൽ പ്രസ്തുത വിഷയം പ്രതിപാദിച്ചിരുന്നതായി ഓർക്കുന്നു. അതുകൊണ്ട് സമുദായപരിഷ്കാരം വിഷയീകരിച്ചിരിക്കുന്നേ പ്രകൃതകാവ്യത്തിന് അല്പം അവതാളമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഈ വിഷയം ഒരു നോവലിനു കുറേക്കൂടി യോജ്യമായിരുന്നേനെ. നമ്പൂരിവംശജയായ ഒരു യുവതി നിഷിദ്ധനെന്നു വെച്ചിരിക്കുന്ന നിഷാദയുവാവിനെ സ്വയം വരിച്ചെന്നു വായിക്കുമ്പോൾ അസാരം ഉദ്വേജനം സാധാരണ വായനക്കാർക്കു തോന്നുമെങ്കിൽ ക്ഷന്തവ്യമാകുന്നു. സീതാദമയന്തിപ്രഭൃതികളായ ആലംബനങ്ങളിൽ രാജപുത്രീത്വം മുതലായ ഭാവങ്ങൾ കേവലം ഉപസർജ്ജനങ്ങളാണെന്നും മനുഷ്യസാധാരണമായ ഗുണങ്ങളാണ് പ്രധാനമെന്നും കാവ്യമീമാംസകന്മാർക്ക് അഭിപ്രായം ഉള്ളതുതന്നെ. അതുപോലെ "സാവിത്രി"യുടെ ആഭിജാത്യം ആചാരശൃംഖല മുതലായവയെ തള്ളി അവളെ വെറും മനുഷ്യസ്ത്രീയായി ഗണിക്കുന്നപക്ഷവും ചില അസാംഗത്യങ്ങൾ ഈ കൃതിയിലില്ലയോ എന്നു സംശയിക്കത്തക്കതാകുന്നു. സാവിത്രിയെ വിലയേറിയ ഗുണങ്ങൾക്കു ഒരു ഖനിയായി കവി വിനിർമ്മിച്ചിരിക്കുന്നു. പതിനെട്ടുവയസ്സാകുന്നതുവരെ തന്നെ പരിപോഷിപ്പിച്ചിരുന്ന മാതാപിതാക്കളായ ജന്മദാതാക്കൾ പിശാചായമാനന്മാരായ ഘാതകന്മാരാൽ ആക്രമിക്കപ്പെട്ടപ്പോൾ സ്വജീവിതത്തെ ഗ്രഹ

നം ചെയ്തു ബാക്കിവരുത്തിയ സ്വാർത്ഥവത്തിനിയായ തരുണി, ചണ്ഡാലവംശോന്നമനം പരിഗണിച്ചു പൂർണ്ണ മനസ്സാലെ ചണ്ഡാലിയായിത്തീൎന്നു എന്നു പറയുന്നതു് നിരപ്പായിരിക്കുന്നുവോ? "ഗതികെട്ടാൽ പുലി പുല്ലു തിന്നും" എന്ന നിലയിലല്ല സാവിത്രി ചാത്തനെ വരിക്കുന്നതു്. അവരുടെ ഘടന സാവിത്രിയുടെ ഗുണപ്രകൎഷത്തിനുപകരിക്കണമെന്നാണു കവിയുടെ വിവക്ഷ. പക്ഷേ മുൻകാണിച്ചവിധമുള്ള അവിശാലപ്രകൃതിയായ ആ സ്ത്രീ സൎവ്വജനീനശ്രേയോഭിമുഖിയായി അസ്വാൎത്ഥതൽപരയായി പരിണമിച്ചു എന്നു പറയുന്നതു കുറെ ക്ലിഷ്ടമായി തോന്നുന്നു. ഇങ്ങനെ ചില ചില്ലറ വൈകല്യങ്ങൾ കാണുന്നതൊന്നും വിസ്തരഭയത്താൽ വിവരിക്കുന്നില്ല. തെററിദ്ധാരണയെ പരിഹരിക്കുവാൻ ഈ കൃതിയിൽ ആദർശമായി സ്ഥാപിച്ചിരിക്കുന്ന അധഃകൃതവർഗ്ഗാനുകമ്പയെ ഞാൻ അകൈതവമായി ആദരിക്കുന്നുവെന്നും അവിടവിടെ പ്രകാശിച്ചുകാണുന്ന കവിതാരസസ്ഫുരണത്തെ സർവ്വാത്മനാ അഭിനന്ദിക്കുന്നു എന്നുംകൂടി പറഞ്ഞുകൊള്ളട്ടെ

ഇങ്ങനെ ഇതരഭാവങ്ങളുടെ ഇടയിൽ കൂടി അനുരാഗപ്രസ്രവണം പൊട്ടിപ്പുറപ്പെടുന്നതു വൎണ്ണിക്കുക ആശാനു വളരെ പ്രിയമായിരുന്നു എന്നു തോന്നുന്നു. അന്തിമകൃതിയിൽ അതായതു "കരുണയിൽ" അനുരാഗം നിരുദ്ധപ്രസരമായി ധൎമ്മതത്വങ്ങളുമായുള്ള അഭിഘട്ടനത്തിൽ വിഫലീഭവിച്ചു രസവാദകൌശലംകൊണ്ടെന്നപോലെ ശാന്തരസമായി പരിണമിക്കുന്നു. വാസവദത്ത എന്ന വേശ്യയുടെ കാമചാപല്യം ഹൃദയപരിപാകത ഉണ്ടായപ്പോൾ പ്രാപ്തകാലമായി ലഭിച്ച ഉപദേശശക്തിയാൽ വിഷം പീയൂഷമായതുപോലെ തത്വബോധാത്മകമായി തീരുന്നു. ഇതിൽ ശൃംഗാരത്തിന്റെ അപ്രാപ്തിയെ വിശദീകരിച്ചിരിക്കുന്നു.

"വീണപൂവ്" "സീത" എന്ന കൃതികൾ ഈ കവിയുടെ നിസർഗ്ഗപ്രകൃതിക്കു വളരെ യോജിച്ച പ്രബന്ധങ്ങളും അവയിൽ ദ്യോതിതമായ രസത്തിലുള്ള വ്യാപാരം ആശാന്റെ സ്വായത്തവും ആകുന്നു. ശോകച്ഛായയേ വ്യാപിപ്പിച്ച് അനുകമ്പയെത്തഴപ്പിച്ചു ശാന്തബുദ്ധികളെ ആർദ്രീകരിക്കുന്നതിനു വേണ്ട തന്മയത്വം ഈ കൃതികളിൽ സമൃദ്ധിയായി കാണുന്നു.

"ശ്രീബുദ്ധചരിതം" എന്ന കിളിപ്പാട്ടിന്റെ തൃതീയപാദം വായിച്ചുനോക്കിയതിൽ പ്രതിപാദ്യവിഷയവും പ്രതിപാദനാഭംഗിയും തമ്മിലുള്ള നിരന്തരമായ യോജനയും ശാന്തമായ നദീപ്രവാഹംപോലെയുള്ള വാക്യപാകപ്രതാഗതിയും കണ്ടിട്ട് ഇത്തരം കവിതകൾ എഴുതി ഭാഷാപോഷണത്തിന് ആശാനെ അനുവദിക്കാതിരുന്ന വിധിയുടെ സ്പർദ്ധാവർദ്ധനയെപ്പററി ഞാൻ മനസാ വളരെ വിലപിക്കുന്നു. ഭാരതീദേവിയുടെ പ്രസാദം അത്രമാത്രം അതിൽ പ്രകാശിച്ചുകാണുന്നുണ്ട്.

"കുയിൽ" "സിംഹപ്രസവം" എന്ന കൃതികളും നന്നായിരിക്കുന്നു. "പ്രരോദനം" എന്ന വിലാപകാവ്യം ആചാര്യപാദരായ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കുറിച്ചാകയാൽ അതിന്റെ രചനകൊണ്ടു മാദൃശന്മാരെ ആശാൻ പ്രത്യേകം കടപ്പെടുത്തുകയാണു ചെയ്തതു്. പ്രരോദനത്തിനു വിഷയമായ മഹാപണ്ഡിതന്റെ ജന്മദേശമായ അരിപ്പാടിനു സമീപംതന്നെ ആശാനു ചരമഗതി നേരിട്ടതു ശോച്യമായ യദൃച്ഛാവിസ്മയമാകുന്നു. അഥവാ കുമാരനാശാന്റെ ശ്വാസോച്ഛ്വാസസമാപ്തി കുമാരക്ഷേത്രത്തിനു സമീപത്തുവച്ചു സംഭവിച്ചതിലും മർമ്മസ്പൃക്കായ ഒരൌചിത്യം ഉല്ലസിച്ചുകാണുന്നു.

ഇപ്പോൾതന്നെ വിചാരിച്ചിരുന്നതിൽ അധികം ദീർഘിച്ചുപോയ ഈ വിചാരത്തെ ഉപസംഹരിക്കുന്നതിനുമുമ്പായി ആശാന്റെ പദപ്രയോഗത്തെപ്പററി രണ്ടു വാക്കു

കൂടി പറഞ്ഞുകൊള്ളട്ടെ. നാടോടിത്വം എന്ന ലക്ഷണം ആശാന്റെ ശബ്ദപ്രയോഗത്തിൽ കാണ്മാനില്ല. മലയാളത്തിലൊ സംസ്കൃതത്തിലൊ ആശാൻ പ്രയോഗിച്ചിട്ടുള്ള പദങ്ങൾ പ്രായേണ സംസ്കരണശുദ്ധങ്ങൾ തന്നെ. തീവ്രമായ അൎത്ഥപുഷ്ടിയും ശ്ലക്ഷ്ണമായ പദഘടനകൊണ്ടുള്ള ശബ്ദഭംഗിയും മിക്കവാറും ഈ കൃതികളിൽ വ്യാപിച്ചുകാണുന്നു. ദ്വിതീയാക്ഷരപ്രാസരസം എനിക്കെന്നതുപോലെ ആശാനുമുള്ളതായി കണ്ടു ഞാൻ സന്തോഷിക്കുന്നു. ആശാന്റെ സംസ്കൃതഭാഷാവൈദുഷ്യം അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ കുലങ്കഷമായി വിളങ്ങുന്നു. പക്ഷേ ശബ്ദശാസ്ത്രനിഷ്ഠ ചിലേടത്തു ശിഥിലമായിക്കാണപ്പെട്ടിട്ടുള്ളതു പ്രസ്താവയോഗ്യമാകുന്നു. മനഃഖഗം എന്നു വേണ്ടതിനു പകരം "മനോഖഗം" എന്നു് ഒരിടത്തു പ്രയോഗിച്ചുകാണുന്നു. "നിധിചോര" എന്നു് ഒരു ദിക്കിൽ പ്രയോഗിച്ചുകണ്ടതായി ഓൎക്കുന്നു. ചോരശബ്ദത്തിന്റെ സ്ത്രീലിംഗരൂപം ചോരി എന്നായിരിക്കേണ്ടതാകുന്നു. പചാദിഗണത്തിൽ "ചോരട്" എന്നു ടിത്തായി പ്രസ്തുത ശബ്ദം പഠിച്ചിരിക്കുന്നതു് ങീബന്ധമായ സ്ത്രീലിംഗപ്രത്യയത്തെ സൂചിപ്പിക്കുന്നതാകുന്നു. അതുപോലെ ചേതോഹരശബ്ദത്തിന്റെ സ്ത്രീരൂപം ചേതോഹരി എന്നു പ്രയോഗിച്ചിരിക്കുന്നതായി കണ്ടു. "ഹരതേരനുദ്യമനേച" എന്ന സൂത്രപ്രകാരം അജന്തമായ ചേതോഹരശബ്ദത്തിനു് "ചേതോഹരാ" എന്നല്ലാതെ, ചേതോഹരി എന്നു് എങ്ങനെ സ്ത്രീലിംഗരൂപമുണ്ടാകുമെന്നു മനസ്സിലാകുന്നില്ല. ഈ ത്തരത്തിലുള്ള ന്യൂനതകൾകൊണ്ടു പൊതുവിലുള്ള ഗുണോല്പ്രകർഷത്തിനു ഹാനി തട്ടുന്നില്ലെന്നു പറയുന്നതിനു ഞാൻ മടിക്കുന്നില്ല

സ്വകവിതയിൽ അയോജ്യങ്ങളെ യോജിപ്പിക്കുവാൻ ആശാൻ ശ്രമിച്ചു. അതുപോലെ സമുദായസംബന്ധമായി ഭിന്നങ്ങളായ സമുദായങ്ങളെ യോജിപ്പിക്കുന്നതിന്നായിരുന്നു

അദ്ദേഹത്തിന്റെ ഉത്സാഹം. അതിനു പൊതുവിൽ ഹിന്ദുസമുദായത്തെ വ്യാപിക്കുന്നതിനു വേണ്ട പാണ്ഡിത്യവും കവിത്വവും ഉപകരണങ്ങളായി ആശാനു വശീഭവിച്ചിരുന്നു പക്ഷേ അപ്രാപ്തകാലമായ കാലധർമ്മംകൊണ്ടു് അഭിലാഷപരമ്പരകൾ നിശ്ശേഷം അസ്തംഗതങ്ങളായി. ഹാ! കഷ്ടം! തൃക്കുന്നപ്പുഴയാററിലെ ജലോദരത്തിൽ അന്തർഹിതനായ ആശാൻ അവർകളുടെ യശഃസൌരഭം അവിടെ ജലത്തിൽ മുളച്ച താമരസപുഷ്പത്തിന്റെ ഗന്ധപ്രസരം പോലെ ശാശ്വതമായി വിലസിക്കട്ടെ.

കിംബ്രൂമോവയമത്രഹന്ത 'നളിനീലീലാ'വിലാസോത്സുകഃ
പൂർവ്വാഹ്ണേസ്തമയാംബുരാശിജഠരേഭാസ്വാന്നിമഗ്നോജ്ഝടിതി.
തദ്വദ്വിദ്വദിനസ്സദിന“കരുണാ' സാരഃകുമാരോമര-
ഗ്രാമംനൈവ“ദുരവസ്ഥയാ”ഗമദിതിസ്വാന്തന്തുതന്താമ്യതേ.

---

## ഉണ്ണായിവാര്യർ.

---

ഈ സായാഹ്നത്തിൽ നിങ്ങളുടെ അവധാനത്തെ ഞാൻ അപേക്ഷിക്കുന്നതു് സാമാന്യഭിന്നനായ ഒരു കവിയെ അധികരിച്ചുള്ള വിചാരത്തിലേയ്ക്കാകുന്നു. കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി ഇവരെ പ്രത്യേകമായും, അവർ രണ്ടു പേരേയും രാമാനുജൻ എഴുത്തച്ഛനേയും ചേർത്തു സമ്മിശ്രമായും മുമ്പുതന്നെ നിരൂപണം ചെയ്യാൻ സംഗതിയായിട്ടുണ്ടു്. ആ കവിത്രയത്തിൽനിന്നു് ബഹുധാ വിജാതീയനായ ഒരു കവിയാണു് നമ്മുടെ ഇന്നത്തെ വിചാരഗോചരം. ഉണ്ണായിവാര്യരുടെ സുവിദിതമായ കൃതി വളരെനാളായി നളചരിതം നാലു ദിവസത്തെ കഥകളിപ്പാട്ടു മാത്രമെന്നായിരുന്നു ജനസാമാന്യധാരണ. ഗിരിജാകല്യാണമെന്നൊരു പ്ര

ബന്ധം കൂടി അദ്ദേഹം രചിച്ചിട്ടുണ്ടെന്നു ഭാഷാചരിത്രത്തിൽ നിന്നും മററും വല്ലവരും മനസ്സിലാക്കിയിരിക്കാമെങ്കിലും കൃശപ്രചാരമായ ആ ഗ്രന്ഥം അധികം പേർ കണ്ടിരിക്കുമെന്നു തോന്നുന്നില്ല. പരേതനും, ഖ്യാതനും ആയ ശ്രീമാൻ സി. വി. രാമൻപിള്ള അവർകളുടെ പുസ്തകസമുച്ചയത്തിൽവച്ചാണു 'ഗിരിജാകല്യാണം ആദ്യം ഞാൻ കണ്ടതായിട്ടോർക്കുന്നതു്. അനന്തരം ഉദ്ദേശം പത്തുപതിനൊന്നു സംവത്സരങ്ങൾക്കു മുമ്പു് ദിവാൻ കൃഷ്ണൻനായർ സ്മാരകവായനശാലയുടെ ഒരു പ്രതിനിധി പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു താളിയോലപ്രതി കോട്ടയത്തു കൊണ്ടുവന്നു പ്രസാധനം ചെയ്തു കൊടുക്കണമെന്നെന്നോടാവശ്യപ്പെട്ടു. പ്രകൃത്യാ ജടിലമായ പ്രകൃതഗ്രന്ഥം പാഠദോഷം കൊണ്ടു കുറേക്കൂടി കുടിലമായി കാണപ്പെട്ടു. അന്വേഷണത്തിൽ കിട്ടിയ മറെറാരു പ്രതി കുറേക്കൂടി കസൃതിമയമായിരുന്നെങ്കിലും രണ്ടുംകൂടി വെച്ചുകൊണ്ടു് പ്രഥമകാണ്ഡത്തിന്റെ പ്രസാധനം ഒരു വിധം സാധിച്ചു കൊടുത്തു. വായനശാലക്കാർ എന്റെ ഒരു ലഘുടിപ്പണീസമേതം അതു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ദ്വിതീയകാണ്ഡത്തിൽ എനിക്കു ലഭിച്ചിരുന്ന പാഠങ്ങൾ പ്രകാരം കണ്ടുമുട്ടിയ കീറാമുട്ടികളുമായി മല്ലുവെട്ടുവാൻ കൃത്യാന്തരവ്യാപാരവും ക്ഷമയും എന്നെ സമ്മതിച്ചില്ല. അങ്ങനെ ആ വ്യവസായം അവസാനിച്ചു. അഭിനവമായ നിയമനിർമ്മാണസഭാസംഘടനയിൽ ഭാഷാപോഷണവിഷയകമായി ചില സംഗതികൾ പ്രതിപാദിക്കുവാൻ എനിക്കു സൌകര്യം ലഭിക്കുകയും, സംസ്കൃതഗ്രന്ഥപ്രസിദ്ധീകരണാദ്ധ്യക്ഷന്റെ വ്യാപാരവലയത്തിൽ ഭാഷാഗ്രന്ഥങ്ങൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ചു കുറെ വിപ്രതിപത്തി പ്രദർശിപ്പിക്കുവാൻ ഇടയാകയും ചെയ്തതിന്റെ ഫലമായി മലയാളഭാഷാഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിന് ഒരു പ്രത്യേക വകുപ്പേർപ്പെടുത്തി അതിന്റെ അദ്ധ്യക്ഷനായി എന്റെ പ്രിയസുഹൃത്തു് ശ്രീ

മാൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ നിയുക്തനാകയും ചെയ്തു. പാണ്ഡുരയശോനിധിയും പണ്ഡിതശിരോമണിയും ആയ ആദ്ദേഹത്തിനാൽ ശ്രീമൂലം ഭാഷാഗ്രന്ഥാവലിയെന്ന വിശിഷ്ടഗ്രന്ഥമാലയിൽ ദേവകിപ്രസവപരമ്പരയിൽ ശ്രീകൃഷ്ണദേവനെന്നതുപോലെ അഷ്ടമമായി ഗിരിജാകല്യാണം സമഗ്രമിപ്പോൾ പ്രകാശിതമായി. നവമേഘഘോഷം കൊണ്ടു ഉൽഭിന്നമായ വൈഡൂര്യശലാകപോലെ മനോഹരമായ ഈ കൃതി നിമിത്തം ഉണ്ണായിവാര്യരുടെ പ്രതിഭ ഏകപുത്രതാദോഷത്തിൽ നിന്നു നിശ്ശേഷം മോചിക്കപ്പെട്ടു നളചരിതം ആട്ടക്കഥയ്ക്കും ഗിരിജാകല്യാണത്തിനും പുറമേ പല കീർത്തനങ്ങളും വാര്യർ മലയാളത്തിൽ രചിച്ചിട്ടുള്ളതുകൂടാതെ രാമപഞ്ചശതി എന്നൊരു സംസ്കൃതസ്തോത്രഗ്രന്ഥംകൂടി നിർമ്മിച്ചിട്ടുള്ളതായി ശ്രീമാൻ പരമേശ്വരയ്യർ പറയുന്നു. അതുകൊണ്ട് ഉണ്ണായിവാര്യരേപ്പററി ഒരു നിരൂപണത്തിനു വേണ്ട സാമഗ്രികളും സന്ദർഭവും ഇപ്പോൾ സംഗതമാണെന്നുള്ളതിനു സംശയമില്ല.

ഈ കവിയുടെ ജന്മദേശം ഇരിങ്ങാലിക്കുടെയാണെന്നുള്ളതിനെപ്പററി പക്ഷാന്തരമില്ല. ഭവനം ഇരിങ്ങാലിക്കുടെ ക്ഷേത്രത്തിനു തൊട്ടു തെക്കുവശമുള്ള അകത്തൂട്ടുവാര്യമാണെന്നു കാണുന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്തെപ്പററി ഇതേവരെയുണ്ടായിരുന്ന ധാരണയെ ശ്രീമാൻ പരമേശ്വരയ്യർ ഗിരിജാകല്യാണത്തിന് എഴുതിയിരിക്കുന്ന അവതാരിക അടിയെ ഇളക്കിയിരിക്കുന്നു. ഉണ്ണായിവാര്യർ പ്രസിദ്ധകവിയായ കുഞ്ചൻനമ്പ്യാരുടെ സമകാലികനും കൊല്ലം ൯൦൪-മുതൽ ൯൩൩-വരെ നാടുവാണിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവിൻേറയും അതിനുശേഷം രാമവർമ്മമഹാരാജാവിൻേറയും സദസ്യനുംആയിരുന്നു എന്നാണ് സാധാരണ ധാരണ. ഭാഷാചരിത്രത്തിൻെറ പ്രഥമാവതാരത്തിലും, അതിൻെറ ആവർത്തിച്ച പതിപ്പുകളിലും, നളച

രിതം വ്യാഖ്യാനത്തിനു ശ്രീമദ്രാജരാജവൎമ്മകോയിത്തമ്പുരാൻ എഴുതിയിട്ടുള്ള മുഖവുരയിലും മേൽപറഞ്ഞ അഭിപ്രായംതന്നെ പറഞ്ഞുകാണുന്നു. ശ്രീമാൻ പരമേശ്വരയ്യരാകട്ടെ ഈ അഭിപ്രായത്തെത്തക്കിക്കയും ഖണ്ഡിക്കയും ചെയ്യുന്നു. ശ്രീമാൻ പരമേശ്വരയ്യരുടെ വാദം താഴെ കാണുന്നതുപോലെയാകുന്നു:— ഉണ്ണായിവാൎയ്യരുടെ പ്രശസ്തമായ കൃതി രാമപഞ്ചശതീസ്തവമാകുന്നു. അതിൻെറ നാല്പത്തിയൊൻപതാം ദശകത്തിൽ

ബുധോവാമൂഢോവാസ്തുപിഫകവയിതാസ്യാൽ കിമിയതാ?
ശ്രുതാ വാല്മീകിയാദ്ഭ്രഽല്പപതി കഥാ യേനഹി യഥാ
തഥേയം തസ്യാ യദ്യനുകലന കാലേ പരിണമേൽ
പ്രസത്ത്യൈ ശ്രോതൄണാം ഫലമിദമൃതേ കിം കവികൃതേ?

എന്ന പദ്യത്തിൽ പരിണമേൽ എന്നതു കലിദിവസസംഖ്യാസൂചകമാകയാൽ കൊല്ലം ൯൦൨ ഇടവം ൧൧-ാംനു- ആ ശ്ലോകം രചിച്ചതായി വിചാരിക്കേണ്ടതായിരിക്കുന്നു. രണ്ടാമത്ത്,

"അപിച മമ ദയിതാ കളിയല്ലനതിചിരസൂതാ
പ്രാണനെ കളയുമതിവിധുരാ എന്നാൽ കുലമിതഖിലവുമറുതിവന്നിതു്" എന്നു നളചരിതം ൧-ാംദിവസത്തെ കഥയിൽ കാണുന്ന ഹംസവാക്യം അറമായിത്തീൎന്നു് ഉണ്ണായിവാൎയ്യർ നിസ്സന്താനനായി മരിച്ചു എന്നാണു് ഐതിഹ്യം. അദ്ദേഹത്തിൻെറ മരണശേഷം അകന്ന ഒരു ശാഖക്കാർ ദത്തെടുത്തു കുടുംബത്തെ നിലനിത്തിയെന്നും ഐതിഹ്യമുണ്ടു്. ആ ദത്തിനു രണ്ടു തലമുറയ്ക്കു മേലാണു് ഇട്ടുണ്ണിക്കണ്ടവാൎയ്യർ എന്നൊരു ജ്യോതിശ്ശാസ്ത്രപണ്ഡിതൻ കുടുംബത്തിലുണ്ടായതു്. ആ പണ്ഡിതൻ ൯൯൨-ൽ വീണ്ടും കുടുംബവിച്ഛിത്തിപരിഹാരത്തിനു ദത്തെടുക്കേണ്ടിവന്നു. ആ ദത്തപത്രം ഇപ്പോഴുമുണ്ടു്. അദ്ദേഹം ൧൦൨൦-ൽ മരിച്ചശേഷം ദത്തിൽ ഉൾപ്പെട്ട ശങ്കുവാൎയ്യർ മൂപ്പനായി-

ശങ്കുവാര്യർ ചാത്തമൂട്ടിവന്ന പൂർവ്വികന്മാരുടെ കൂട്ടത്തിൽ രാമൻ എന്നൊരു നാമധേയം കാണുന്നില്ല.

മൂന്നാമത്തു സങ്കീർണ്ണമായി, കാർത്തികതിരുനാൾമഹാരാജാവു് ഉണ്ണായിവാര്യർക്കു യാതൊരു അനുഭവവും പതിച്ചുകൊടുത്തിട്ടുള്ളതായി കാണുന്നില്ലെന്നുള്ള സംഗതിയും, ഭാഷയുടെ പഴക്കവും, ഗിരിജാകല്യാണവും രാമപഞ്ചശതിയും തിരുവനന്തപുരത്തു ഗ്രന്ഥപ്പുരയിൽ അലഭ്യമാണെന്നുള്ള വസ്തുതയും എല്ലാംകൂടി നോക്കുമ്പോൾ വാര്യരുടെ കാലം ൯൦൦-ാമാണ്ടേയ്ക്കു വളരെ മുമ്പാണെന്നു വിചാരിക്കേണ്ടതാകുന്നു.

പരമേശ്വരയ്യർ അവർകളുടെ അഭിപ്രായങ്ങൾ ആദരണീയങ്ങളാണെന്നുള്ളതു പറയേണ്ടതില്ല. പക്ഷെ അവ സ്വീകരണീയങ്ങളാണോ എന്നുള്ള കാര്യം അല്പംകൂടി പരീക്ഷചെയ്തു വേണ്ടിയിരിക്കുന്നു. ഒന്നാമതായി "പരിണാമേൽ പ്രസത്ത്യൈ" എന്നതു കലിസംഖ്യാസൂചകമായി സ്വീകരിക്കാൻ വളരെ പ്രയാസമെന്നു് എനിക്കു തോന്നുന്നു. രാമപഞ്ചശതിയുടെ വ്യാഖ്യാതാവു് ആ ഭാഗത്തെ അങ്ങിനെ ധരിച്ചിട്ടില്ലെന്നു പരമേശ്വരയ്യർ അവർകൾതന്നെ സമ്മതിക്കുന്നു. പ്രസ്തുത പദ്യം കാവ്യത്തിന്റെ ആരംഭത്തിലോ അവസാനത്തിലോ ഉള്ളതല്ല. നാരായണീയത്തിലെ "ആയുരാരോഗ്യസൌഖ്യം" നിർദ്ദിഷ്ടമായ സ്ഥാനപ്രസക്തികൊണ്ടുതന്നെ കലിസംഖ്യയായി ഗ്രഹിക്കത്തക്കതായിരിക്കുന്നതുപോലെ ഒരു സൂചനമായും "പരിണാമേൽ പ്രസത്ത്യൈ" എന്ന ഭാഗത്തെപ്പററി ലഭിക്കുന്നില്ല ചുരുക്കം പറഞ്ഞാൽ തെളിവിന്നു് ആധാരമായി സ്വീകരിച്ചിരിക്കുന്ന "പരിണാമേൽ പ്രസത്ത്യൈ" എന്ന ഭാഗം കലിസംഖ്യയാണെന്നു സിദ്ധമാക്കുന്നതിന്നു വേറെ തെളിവുകൊണ്ടു സ്ഥാപിക്കേണ്ടിയിരിക്കുന്നു. സ്ഥാപ്യമായ സംഗതിയെ സ്ഥാപ്യമായ മററു സംഗതികളേക്കൊണ്ടു സ്ഥാപിക്കുവാൻ തുടങ്ങുന്നതു കേവലം ചക്രകവാളമാണല്ലോ. അതുകൊണ്ടു്

കലിസംഖ്യാവിഷയമായ വാദം ഗണനീയമല്ല. ദത്രിമനായശങ്കുവാര്യർ ചാത്തമൂട്ടുന്ന പൂർവികരുടെ കൂട്ടത്തിൽ രാമൻ എന്നൊരാൾ ഇല്ലെന്നുള്ളതിനെ സ്ഥാപിച്ചു സാധുവായ ഒരു വാദത്തിന്നും അവകാശം കാണുന്നില്ല. അങ്ങനെയുള്ള പൂർവികരിൽ ഏറ്റവും പ്രാചീനനാരെന്നു ഒന്നാമതായി അറിയേണ്ടിയിരിക്കുന്നു. അതറിയുന്നതിനു മുൻപായി ശങ്കുവാര്യരുടെ പൂർവികപരമ്പരയിൽ ഉണ്ണായിവാര്യർ സ്മരിക്കപ്പെടുന്നില്ലെന്നുള്ള സംഗതിയെ ആശ്രയിച്ചു ഭദ്രമായ യാതൊരു വാദത്തിന്നും ആധാരമില്ല. പാരിതോഷികമായി തിരുവിതാംകൂർ മഹാരാജാക്കന്മാരാൽ ദത്തമായ അനുഭവങ്ങൾ ഒന്നും ഉണ്ണായിവാര്യർക്കുണ്ടായിരുന്നില്ലെന്നു ഖണ്ഡിച്ചു പറയുവാൻ തക്ക തെളിവുകൾ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കുഞ്ചൻനമ്പിയാർക്കുപോലും കല്പിച്ചനുവദിച്ചിരിക്കുന്ന അനുഭവങ്ങൾ അദ്ദേഹത്തിന്റെ കാലശേഷം വിച്ഛിന്നമായിപ്പോയി. പിന്നിട്ടു കുറേനാൾ കഴിഞ്ഞു് അദ്ദേഹത്തിന്റെ വംശ്യരുടെ സങ്കടത്തിൻപേരിൽ ടി അനുഭവങ്ങൾ പുനരുജ്ജീവിതങ്ങളാകയാണു ചെയ്തതു് ഉണ്ണായിവാര്യരുടെ പിൻതുടർച്ചക്കാർ ആ വിഷയത്തിൽ അലസന്മാരായിരുന്നിരിക്കാം. ഭാഷയുടെ പഴക്കമെന്നതു് അത്ര സ്പഷ്ടമോ പ്രബലമോ ആണെന്നു പറയാനില്ല. വിശേഷിച്ചു് ഉണ്ണായിവാര്യരേപ്പോലെ നിരങ്കുശനായ ഒരു കവിയുടെ കാര്യത്തിൽ ഭാഷാരീതിയെ ആശ്രയിച്ചുള്ള വാദം വളരെ സൂക്ഷിച്ചു വേണ്ടതുമാകുന്നു. ഗിരിജാകല്യാണവും, രാമപഞ്ചശതിയും വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ ഇല്ലെന്നുള്ളതുകൊണ്ടു് ഉണ്ണായിവാര്യർ തിരുവനന്തപുരത്തു വരികയോ താമസിക്കയോ ചെയ്തിട്ടില്ലെന്നു വാദിക്കാമോ എന്നു സംശയമാണു്. നമ്പിയാരുടെ കൃതികൾ പലതും ടി ഗ്രന്ഥപ്പുരയിൽ ഇല്ലെന്നുതന്നെയറിയുന്നു. അതുകൊണ്ടു കുഞ്ചൻനമ്പിയാർ തിരുവനന്തപുരത്തു താമസിച്ചിട്ടില്ലെന്നു വാദിക്കുവാൻ വകയുണ്ടെന്നു വരുന്നതല്ലല്ലോ. ഇ

ങ്ങനെ നോക്കുമ്പോൾ ശ്രീമാൻ പരമേശ്വരയ്യർ ഉന്നയിച്ചിട്ടുള്ള വാദങ്ങളെ ആസ്പദമാക്കി ഉണ്ണായിവാര്യർ കുഞ്ചൻനമ്പിയാരുടെ സമകാലികനല്ലായിരുന്നു എന്നും വഞ്ചിരാജസദസ്യനല്ലായിരുന്നു എന്നും ഖണ്ഡിച്ചുപറയാവുന്നതായി തോന്നുന്നില്ല

രാമനാട്ടത്തിന്റെ ഉല്പത്തി കൃഷ്ണനാട്ടത്തിൽനിന്നാണെന്നുള്ളതു മിക്കവാറും നിർവിവാദംതന്നെ. കൃഷ്ണനാട്ടത്തിന്റെ പ്രണേതാവ് കോഴിക്കോട്ടു സാമൂതിരിപ്പാടാണെന്നുള്ളതും തർക്കമററ സംഗതിയാകുന്നു. അദ്ദേഹത്തിന്റെ കാലനിർണ്ണയവിഷയകമായി ശ്രീമാൻ പരമേശ്വരയ്യർ പറയുന്ന അഭിപ്രായങ്ങളോടു പരിപൂർണ്ണമായി യോജിക്കുന്നതിൽ യാതൊരപാകവും ഇല്ല. അദ്ദേഹത്തിന്റെ കാലത്തിനാലംബമായി സ്വീകരിച്ചിരിക്കുന്ന കലിസംഖ്യകളെപ്പററി വിസംവാദത്തിന്നു മാർഗ്ഗമില്ല. അതുകൊണ്ടു് കൃഷ്ണനാട്ടത്തിന്റെ രചയിതാവ് കൊല്ലം ൮൩൭-ൽ അതു നിർമ്മിച്ചു എന്നു കാണുന്നതിൽ സംശയമില്ല. കൃഷ്ണനാട്ടരീതിയെ അനുകരണംചെയ്താണു് രാമനാട്ടം ഉല്പാദിതമായതു്. രാമനാട്ടത്തിന്റെ കലക്രുടസ്ഥൻ കൊട്ടാരക്കര രാജാവായിരുന്നു.

"പ്രാപ്താനന്തഫലനശ്രിയഃ പ്രിയതമശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാ വരവീരകേരളവിഭോരാജ്ഞഃസ്വസ്രുസ്സൂനനാ"

എന്നു പുത്രകാമേഷ്ടികഥയുടെ പ്രാരംഭത്തിലും,

"വഞ്ചിധരാവരബാലകവീരകേരളമാനസവാസഹരേ"

എന്നു വിച്ഛിന്നാഭിഷേകത്തിന്റെ ആരംഭത്തിലും,

"വഞ്ചിവീരകേരളഹൃദയാംബുജനിവാസലോലപദാംബുരുഹം" എന്നു യുദ്ധാംകഥയുടെ സമാപ്തിയിലും കാണുന്നതുകൊണ്ടു് രാമനാട്ടത്തിന്റെ ജനയിതാവായ കൊട്ടാര

ക്കര രാജാവു് വഞ്ചിരാജ്യാധിപനായിരുന്ന ഉണ്ണിവീരകേരളവർമ്മരാജാവിൻെറ ഭാഗിനേയൻ ആയിരുന്നു എന്നും ആ മഹാരാജാവിൻെറ ജീവിതകാലത്തുതന്നെ രാമായണം കഥ മുഴുവൻ കഥകളിയായി നിർമ്മിക്കപ്പെട്ടു എന്നും വ്യക്തമാകുന്നു. ഈ കേരളവർമ്മരാജാവു് കൃഷ്ണനാട്ടനിർമ്മിതിക്കു ശേഷം അതായതു് ൮൨൯-ാമാണ്ടിടയ്ക്കു ശേഷം ജീവിച്ചിരുന്ന ഒരു മഹാരാജാവായിരിക്കണമെന്നും വന്നുകൂടുന്നു. സ്റ്റേറ്റുമാന്വൽ ൧-ാംവാല്യം ൨൬൮-ാംപുറത്തു കൊല്ലം ൮൦൦-മുതൽ ൮൩൮-വരെ ജീവിച്ചിരുന്നതായി ഒരു ഉണ്ണികേരളവർമ്മരാജാവിൻെറ നാമധേയം കാൺമാനുണ്ടു്. എന്നാൽ ടി പുസ്തകം ൮൦൨-ാം വശത്തു ൮൦൭—മുതൽ ൮൨൮-വരെ നാടുവാണിരുന്ന ഒരു ഉണ്ണികേരളവർമ്മാവിനെപ്പററിയും പറഞ്ഞുകാണുന്നു. ൮൦൩-ാംവശത്തു ക്രിസ്തു ൧൩൮൩-മുതൽ ൧൩൮൭-വരെ വേണാട്ടു നാടുവാഴിആദിത്യവർമ്മരാജാവായിരുന്നു എന്നും പറയാതിരിക്കുന്നില്ല. ഇങ്ങനെ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ കൊണ്ടു് ഉണ്ണിവീരകേരളവർമ്മരാജാവിൻെറ കാലനിർണ്ണയത്തിൽ കുറെ വൈഷമ്യം സ്പഷ്ടമായി ബാധിക്കുന്നു. ൮൪൩-ൽ ഉമയമ്മറാണിക്കും, ൮൪൯-ൽ രവിവർമ്മരാജാവിനും, ൮൯൩-ൽ ഉണ്ണികേരളവർമ്മരാജാവിനും പരമ്പരയാ രാജ്യഭാരം സിദ്ധിച്ചതായി സ്റ്റേറ്റുമാന്വൽകാരൻ പറയുന്നു. കൊല്ലം ൮൧൭-ൽ ചിറവായ് മൂത്തരാജാവായി ഒരു വീരകേരളവർമ്മൻ ഉണ്ടായിരുന്നതായി ആർക്കിയാലോജിക്കൽ ഡിപ്പാർട്ടുമെൻറുകാരുടെ ൧൦൯൯-ലെ റിപ്പോർട്ടുകൊണ്ടു കാണുന്നു. അവ്യക്തിമുക്തമല്ലാത്ത ഈ കാലഘട്ടത്തിൽ കൊട്ടാരക്കരരാജാവിൻെറ മാതുലനായി വർണ്ണിക്കപ്പെട്ടിരിക്കുന്ന വീരകേരളവർമ്മ അഥവാ ബാലവീരകേരളവർമ്മ അതായതു് ഉണ്ണിവീരകേരളവർമ്മ ആരെന്നു ഖണ്ഡിച്ചു പറയാവുന്നതല്ല.

൮൨൯-ാമാണ്ടു കൃഷ്ണനാട്ടം രചിതമാകയാലും അതി

ന്നശേഷം രാമനാട്ടം നിമ്മിതമാകയാലും ൮൨൯-ന്നു ശേഷമുണ്ടായിരുന്ന ഉണ്ണികേരളവമ്മാവായിരിക്കാം കൊട്ടാരക്കര രാജാവിനാൽ പ്രസ്തുതനായ രാജാവെന്നു പറയുന്നതിൽ അപാകമില്ല. അതുകൊണ്ടു് ൮൨൬-ൽ അന്തരിച്ചതായി ഒരു രാജാവുണ്ടായിരുന്നെങ്കിൽ ആ മഹാരാജാവോ അല്ലെങ്കിൽ ആക്കിയോളജിക്കാർ പ്രസ്താവിക്കുന്ന ൮൬൦ ലെ വീരകേരളവമ്മനൊ ആയിരിക്കണം പ്രസ്തുത രാജാവു് എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അതിലും വിപ്രകൃഷ്ടനായ ഒരു രാജാവിനെ സ്വീകരിക്കാൻ ൮൨൯-ൽ ജീവിച്ചിരുന്ന കൊട്ടാരക്കരരാജാവിന്റെ സമകാലികത്വവിചാരം അനുവദിക്കുന്നില്ല ൮൫൨-ൽ ഉമയമ്മറാണിയുടെ വാഴ്ച തുടങ്ങിയിരിക്കുന്നതായി കാണുന്ന സ്ഥിതിക്കു് അതിന്നു മുൻപുള്ള കാലാന്തരാളത്തിൽ നമ്മുടെ വീരകേരളവമ്മാവിനെ തിരയുന്നതു കുറേക്കൂടി യുക്തമായിരിക്കുമെന്നും പറയേണ്ടിയിരിക്കുന്നു. ഉമയമ്മറാണിയുടെ കാലത്തു് അതാതതു് ൮൫൬-നും ൮൫൯-നും മദ്ധ്യേ പ്രസിദ്ധ വിദ്വാനായ കോട്ടയം കേരളവമ്മരാജാ തിരുവിതാംകൂറിൽ വന്നു് മഹമ്മദീയമദമർദ്ദനം ചെയ്ത കാര്യം പ്രസിദ്ധമാണല്ലോ:

“അസ്തിസ്വഹസ്താർജ്ജിതവീര്യധാമ്നാം
ശസ്ത്രാഹരിശ്ചന്ദ്രകുലോത്ഭവാനാം
പൃത്ഥ്വീപതീനാം പുരളീതി നാമ്നാ
പുരീപുരാരാതിനിഷേവകാണാം.
ശ്രീമാനനർഘഗുണശാലിതയാ നൃപാണാം
ഭൂഷായിതോ നിജകരാത്തസമസ്തതേജാഃ
കാമപ്രദാനമിതകല്പമഹീരുഹസ്സ
ചിന്താമണിർജ്ജയതി കേരളവമ്മനാമാ.
തദനന്തരജേന നിമ്മിതം.
തദിദംപാണ്ഡുഭവാം കഥാമൃതം
സ്വദതേ സ്വദതാം ദയാലവൈ–
ര്യദുനാഥാംഘ്രിസമപ്പിതാത്മനാം”

എന്ന് കിമ്മീരവധപ്രസ്താവനയിൽ കാണുന്നു. അവിടെ പരാമർശിക്കപ്പെട്ടിരിക്കുന്ന കേരളവർമ്മരാജാവുതന്നെയായിരിക്കണം ഉമയമ്മറാണിയുടെ പാർഷ്ണിഗ്രാഹതയെ സ്വീകരിച്ചു മഹമ്മദീയരെ ബഹിഷ്കരിച്ചതെന്നു ഊഹിക്കുന്നു. അതു ശരിയാണെങ്കിൽ ൮൫൦-ന ശേഷം കോട്ടയം രാജാവിൻെറ കൃതികളായ കിമ്മീരവധം, ബകവധം, കല്യാണസൌഗന്ധികം ഇവ നിർമ്മിക്കപ്പെട്ടതായി വിചാരിക്കാവുന്നതാകുന്നു. ഉണ്ണായിവാര്യർ കോട്ടയംരാജാവിനെക്കാൾ പ്രാചീനനായിരുന്നു എന്നു പറയത്തക്കതാണോ എന്ന് എനിക്കു സംശയം തോന്നുന്നു. എൻെറ സംശയം ന്യായമാണെങ്കിൽ ഉണ്ണായിവാര്യരുടെ കാലനിർണ്ണയകാര്യത്തിൽ ശ്രീമാൻ പരമേശ്വരയ്യരുടെ അഭിപ്രായം പ്രതിഷ്ഠാപിതമല്ലെന്നും, ഉണ്ണായിവാര്യരും കുഞ്ചൻനമ്പ്യാരും സമകാലികന്മാരായിരുന്നു എന്നും, അതിൽ വാര്യർ രാമവർമ്മമഹാരാജാവിൻെറ കാലംവരെയില്ലെങ്കിലും മാർത്താണ്ഡവർമ്മമഹാരാജാവിൻെറ കാലത്തെങ്കിലും ജീവിച്ചിരുന്നു എന്നും വിചാരിക്കാവുന്നതാകുന്നു. പ്രസിദ്ധങ്ങളായ ഐതിഹ്യങ്ങളെ ഖണ്ഡിക്കുന്നതിനു മതിയായ പ്രാബല്യം പരമേശ്വരയ്യർ പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങൾക്കുണ്ടെന്നു പറയാവുന്നതല്ല. ഒരുപക്ഷെ ഇക്കാര്യത്തിൽ ഉപരിവിചാരത്തിന് അവകാശമുണ്ടെന്നു പ്രകാശിപ്പിക്കുവാൻ അവ പ്രയോജനപ്പെടുമെന്നു സമ്മതിക്കാവുന്നതാണ്. അത്രമാത്രമേ ഉള്ളൂ.

ആ സംഗതി എങ്ങനെയുമിരിക്കട്ടെ. കവിയെക്കാൾ കവിതയെപ്പററിയുള്ള വിചാരമാണല്ലോ സാരതരമായി വേണ്ടത്. രാമപഞ്ചശതീസ്തോത്രം മുഴുവൻ പ്രകാശിതമല്ല. അതുകൊണ്ടു നമ്മുടെ ഗണനയിൽ അതിനെക്കൂടി ഉൾപ്പെടുത്തുവാൻ നിർവാഹമില്ല. ശേഷിച്ചിട്ടുള്ള കൃതികൾ ഗിരിജാകല്യാണവും നളചരിതം ആട്ടക്കഥയും മാത്രമേയുള്ളൂ. ഗിരിജാകല്യാണം വാര്യരുടെ കൃതിയല്ലെന്നു ചിലർ

തക്കമുള്ളതായി കാന്താരതാരകത്തിന്റെ മുഖവുരയിൽ രാജരാജവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പറഞ്ഞിരിക്കുന്നു. അവിടുന്നു ഗിരിജാകല്യാണം കണ്ടിട്ടുള്ളതായി പറയുന്നില്ല നളചരിതം കഥകളിപ്പാട്ടും, ഗിരിജാകല്യാണം ഗീതപ്രബന്ധവും ഒരേ കവിയുടെ കൃതികളാണെന്നു പറയുന്നതിൽ തക്കത്തിന്നു ഒരു പൊഴുതും ഞാൻ കാണുന്നില്ല. ആ കാൎയ്യത്തിൽ പരമേശ്വരയ്യർ അവർകളുടെ അഭിപ്രായത്തോടു ഞാൻ പൂൎണ്ണമായി യോജിക്കുന്നു. ഉണ്ണായിവാൎയ്യരുടെ കവിതയ്ക്കു നളചരിതത്തിൽ കാണുന്ന ഗുണങ്ങളും ദോഷങ്ങളും അഭിന്നരൂപമായി ഗിരിജാകല്യാണത്തിലും കാണ്മാനുണ്ടു്. ഒരുപക്ഷേ ഗിരിജാകല്യാണത്തിൽ പ്രസ്തുത ഗുണദോഷങ്ങൾ കുറെ സ്ഫുടീഭവിച്ചു കാണ്മാനുണ്ടെന്നു പറയാവുന്നതാകുന്നു. ഭാഷയും സംസ്കൃതവും തമ്മിൽ യാതൊരു ഭേദബോധവും ഇല്ലാതെ സങ്കലനം ചെയ്യുന്നതിൽ വാൎയ്യരെപ്പോലെ വികടനും, വികല്പമല്പമില്ലാത്തവനും ആയ ഒരു കവി ഇല്ലെന്നു രണ്ടു കൃതികളും ഒരുപോലെ ഡിണ്ഡിമങ്ങളെപ്പോലെ ഘോഷണം ചെയ്യുന്നു. ഈ കവിമല്ലന്റെ അഗാധവും ഒരുപക്ഷേ കഠോരവുമായ വ്യുൽപ്പത്തിഗാംഭീൎയ്യത്തിന്നു രണ്ടു കൃതികളും ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. പാൎവ്വതീപരമേശ്വരന്മാരുടെ വിവാഹം ഗിരിജാകല്യാണത്തിലെ വിഷയം; അതുപോലെ ദമയന്തീനളന്മാരുടെ വിവാഹം മറ്റേ പ്രബന്ധത്തിന്നു വിഷയം.

"സ്വൎണ്ണവൎണ്ണമാമന്നം പറന്നിങ്ങു വരികയോ
കൎണ്ണങ്ങൾക്കിതു നല്ല പീയൂഷധാരികയോ" എന്നു നളചരിതത്തിൽ കാണുന്നതിന്റെ ഒരു പ്രതിധ്വനിപോലെ

"കിമഹോ കൎണ്ണേ വീണാമൃതോപരിചിതം
സ്വമതോനുകൂലാൽഫലപ്രമിതം ഭണിതമോ" എന്നു ഗിരിജാകല്യാണത്തിൽ കാണുന്നു-

"അമൃതമതിമധുരംപീയതേകാലം
അനിശംകളികൾകൊണ്ടുനീയതേ
ചിരംആയുരനവധിജായതേ" എന്ന നളചരിതഭാഗ
രീതി അസാരംകൂടി മുറുകിയ മട്ടിൽ

"പ്രീയസേ കർമ്മണാ ത്രായസേ നർമ്മണാ
ധീയസേ ചേതസി ശ്രേയസേ ഭൂയസേ
സ്വീയസേവാക്ഷമയേല്ലയസേചേൽസ്വയം
നീയസേ കേന കിം മീയസേവാകഥം" എന്നു ഗിരി
ജാകല്യാണത്തിൽ കാണുന്നു.

"കാമിനിരൂപിണിശീലവതീമണിഹേമാമോദസമാ
ഭീമനരേന്ദ്രസുതാദമയന്തീനാമരമാനവമാ
സാമരധാമവധൂമദഭ്രമവിരാമദകോമളിമാ" എന്ന
ഭാഗത്തിലേ "ഹേമാമോദസമാ" എന്ന ആശയം മലയാള
ഭാഷയിൽ,

"അമ്മതാനേപറഞ്ഞ അമ്മതമച്ഛനം
സമ്മതമാകിലോ പൊൻമണംകാണുമേ" എന്ന രൂ
പമായി ഗിരിജാകല്യാണത്തിൽ ഉന്മജ്ജനം ചെയ്തിരിക്കുന്നു.

'പൂമകനംമൊഴിമാതും ഭ്രമിതാനും
കാർമുകിലൊളിവർണ്ണനംപൂമാതുംജയിക്ക" എന്നിട
ത്തു പൂമകൻ എന്നു ബ്രഹ്മാവിനു സംജ്ഞ നളചരിത
ത്തിൽ ചെയ്തുകാണുന്നു. അതുപോലെ,

"പൂമകൻ വാക്കുകളിങ്ങനെ കേട്ടിട്ടു
കാമനടിതൊഴുതപ്പോളുണർത്തിനാൻ' എന്നു ഗിരി
ജാകല്യാണത്തിലും പ്രയോഗിച്ചു കാണുന്നു. പൂമകൻ എ
ന്നു ബ്രഹ്മാവിന്നഭിധാനമായി മററു വല്ലരെ കവികൾ പ്ര
യോഗിച്ചിട്ടുള്ളതായിട്ടോൎക്കുന്നില്ല. ഇങ്ങനെ സ്ഥൂലവും സൂ
ക്ഷ്മവും ആയ പരിശോധനയിൽ നളചരിതമാട്ടക്കഥ
ഉണ്ടാക്കിയ കവിതന്നെയാണു ഗിരിജാകല്യാണത്തിന്റെ

രചയിതാവ് എന്നു പറയുന്നതിനു യാതൊരു സന്ദേഹവും തോന്നുന്നില്ല.

ഈ കൃതികളുടെ ഇതിവൃത്തവിഷയകമായി വളരെ പറയേണ്ടതില്ല. നളചരിതം മഹാഭാരതത്തിൽനിന്നു സിദ്ധവും ഗിരിജാകല്യാണം പുരാണപ്രസിദ്ധവും ആകുന്നു. അതിൽ നളചരിതം സ്വീകരിച്ചു ശ്രീഹർഷൻ നൈഷധം കാവ്യവും, ഗിരിജാവിവാഹമാസ്പദമാക്കി കാളിദാസൻ കുമാരസംഭവം കാവ്യവും സംസ്കൃതത്തിൽ നിർമ്മിച്ചിരിക്കുന്നു. ഈ രണ്ടു കാവ്യങ്ങളും ഉണ്ണായിവാര്യർക്കു ഹൃദിസ്ഥമായിരുന്നിരിക്കണമെന്നു പ്രസ്തുത പ്രബന്ധദ്വയത്തിന്റെ വളരെ ഭാഗങ്ങൾ ലക്ഷീകരിക്കുന്നു. ശബ്ദപ്രയോഗവിഷയത്തിൽ ഒരുപക്ഷെ വാര്യർ ശ്രീഹർഷന്റെ ശിഷ്യത്വത്തെ സ്വീകരിച്ചിട്ടില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

> "വകാസ്തിവിന്ദുച്യുതകാതിചാതുരീ
> ഘനാശ്രുവിന്ദുസ്രുതികൈതവാത്തവ
> മാസാരതാരാക്ഷിസസാരമാത്മനാ
> തനോഷിസംസാരമസംശയംയതഃ"

ഇത്യാദിശബ്ദശബളങ്ങളും അർത്ഥവിചിത്രങ്ങളുമായ നൈഷധീയപദ്യങ്ങളുടെ വശീകരണത്തിൽ ഉണ്ണായിവാര്യർ വളരെ അകപ്പെട്ടുപോയിരുന്നു എന്ന് അദ്ദേഹത്തിന്റെ കവിതാരീതിവിശദീകരിക്കുന്നു. ഇങ്ങിനെ ശബ്ദാഡംബരമയമായ മുൾപ്പടപ്പിൽ പ്രതിഷ്ഠ ലഭിച്ച ഒരു കവിക്കു പ്രസന്നസുകുമാരമായ കാളിദാസകവിതാരസം ആകർഷകമായി തോന്നിയില്ലെങ്കിൽ അത്ഭുതപ്പെടുവാനവകാശമില്ല. വർണ്ണ്യവസ്തുവിന്റെ പ്രതിമാസ്ഫുരണം ശ്രോതാവിന്റെ ഹൃദയത്തിൽ സ്ഫുരിപ്പിക്കുന്നതിനാണല്ലൊ സകല കവികളുടേയും ശ്രമം. ചക്ഷുരാദികളായ ഇന്ദ്രിയങ്ങൾകൊണ്ടു നാം ഗ്രഹിക്കുന്ന വിഷയങ്ങൾ പ്രതിബിംബരൂപമായി ഹൃദയത്തിൽ പതിയുന്നതു നമ്മുടെ അനുഭവമാകുന്നു. അ

ങ്ങനെ ജനിക്കുന്ന പ്രതിബിംബങ്ങൾ മനസ്സിൻെറ ഗ്രഹ
ണശക്തിയെ അനുസരിച്ച് ഓരോരുത്തക്കും സ്ഫുടമാ
യോ അസ്ഫുടമായോ തോന്നുന്നു. എന്നാൽ ഹൃദയഭി
ത്തിയിൽ പതിയുന്ന പ്രതിമകൾ കവികളുടെ പക്ഷത്തിൽ
വളരെ ഗാഢമായും ഊൎജ്ജിതമായും കാണപ്പെടുന്നു. പുറ
മേയുള്ള വസ്തുക്കളുടെ പ്രതിമകളെ അതേ രൂപത്തിൽ
സ്വാനുഭവത്തിന് അനുരൂപമായ സ്ഫുടതയോടും ദൃഢത
യോടും ശ്രോതാവിനെ അനുഭവിപ്പിക്കാമെങ്കിൽ അതുത
ന്നെ ഒരു വലിയ കാൎയ്യമാണ്. പക്ഷെ കവിഹൃദയത്തി
ൻെറ പ്രവൃത്തി അത്രമാത്രംകൊണ്ട് അടങ്ങുന്നില്ല. ബാ
ഹ്യവസ്തുക്കളെ ഗ്രാഹ്യങ്ങളായ പ്രതിമകളാക്കി സ്വീകരിക്കു
ന്നതിനു പുറമെ ആ പ്രതിമകളിൽ സ്വമനോധൎമ്മം ആശ്ര
യിച്ചു കൂട്ടിയോ കുറച്ചോ ഭേദഗതി ചെയ്യുന്നതിനും കവി
കൾ മുതിരുന്നു. മനോലീനങ്ങളായ പ്രതിമകൾ എത്രയോ
ഉള്ള സ്ഥിതിക്ക് അവയെത്തന്നെ മാററിയും മറിച്ചും, അ
ന്യഥാകരിച്ചും അനുകരിച്ചും, പാററിയും നീററിയും പല
പ്രകാരത്തിൽ കവികൾ പ്രയോഗിക്കുന്നു. ബാഹ്യവസ്തു
പ്രതിമകൾ മേൽപ്രകാരം കവിഹൃദയത്തിൽ ഒരു ഹിരണ്യ
ഗൎഭം കഴിഞ്ഞു കവിവാക്യങ്ങളിൽ കൂടി നിൎഗ്ഗമിക്കുമ്പോൾ
പുറമേയുള്ള അസ്സൽ വസ്തുവിൽനിന്നു മെച്ചമേറിയതായോ
അഥവാ ചിലപ്പോൾ ബാഹ്യലോകത്തിൽ ഉപമാനമില്ലാ
തെ ഒരു നവീനസൃഷ്ടിയായോ പരിണമിക്കുന്നു. പിശാച
ങ്ങളെ നാമാരും കണ്ടിട്ടില്ല. എങ്കിലും അവയുടെ രൂപം
സങ്കല്പശക്തികൊണ്ടു കവികൾ സൃഷ്ടിച്ചു നമ്മെ ധരി
പ്പിക്കാതിരിക്കുന്നില്ല. ദമയന്തിയേയും, പാൎവതിയേയും
അതുപോലെ നാം കണ്ടിട്ടില്ല. എങ്കിലും അവരുടെ രൂ
പപ്രതീതി നമുക്കു സുലഭമാക്കുന്നതിനു കവികൾ ശ്രമിച്ചി
രിക്കുന്നു. ഇതിഹാസാദികളിൽ വ്യാസാദികളായ കവികൾ
ദമയന്തീപ്രഭൃതികളുടെ രൂപരചന ചെയ്തിരിക്കുന്നതിൽ
നിന്നു ഭിന്നമായോ സുന്ദരതരമായോ മറെറാരു കവിക്കു ചെ

ൻ

യ്യുവാൻ കഴിയുമെങ്കിൽ അതു് ആദരണീയമായിരിക്കുമെന്നുള്ളതിനു തക്കമില്ലല്ലൊ. ഇങ്ങിനെയുള്ള ഉദ്യമങ്ങളിൽ ഒരു കവിയാൽ നിമ്മിതമായ പ്രതിബിംബംതന്നെ സൂൎയ്യചന്ദ്രാദി ബാഹ്യവസ്തുവിനെപ്പോലെ ഒരു നവീനവസ്തുവായി മറെറാരു കവി കൈക്കൊണ്ടു്, അതിൻെറ ഒരു പ്രതിമ സ്വമനോധമ്മത്തിൽ നിർമ്മിക്കുന്നു. സർ. ടി മാധവറാവുവിൻെറ പ്രതിമ പുത്തൻകച്ചേരിയുടെ സമീപം വെച്ചിരിക്കുന്നതിനെ മൂലബിംബമായി വെച്ചുകൊണ്ടു് അതിൻെറ പ്രതിമ മറെറാരുവനുണ്ടാക്കാമെന്നുള്ളതുപോലെ പ്രതിമയുടെ പ്രതിമയുണ്ടാക്കുന്നതിനു കവികൾ സാധാരണയായി ഉത്സാഹിക്കുന്നു. അതുകൊണ്ടു് ഇതിവൃത്തം പ്രഖ്യാതമാണെന്നുള്ള ഏകകാരണത്തിന്മേൽ വാൎയ്യരുടെ കൃതികൾ അല്പസാരങ്ങളാകേണമെന്നില്ല.

ദമയന്തിയെ പററി നമ്മുടെ പ്രതീതി മിക്കവാറും മഹാഭാരതത്തിൽ നിന്നാകുന്നു. നളചരിതവും രാമായണവും പാണ്ഡവരുടെ വനവാസസങ്കടത്തിൽ അവരുടെ സമാധാനത്തിനു് ഉപാഖ്യാനങ്ങളായി ഉപനിബന്ധനം ചെയ്തിട്ടുള്ളവയാകുന്നു. കവിതാവാസനാവാസിതമായ വ്യാസകൃതിയിൽ രാമായണവും നളചരിതവും തമ്മിൽ ഈഷദ്വികസിതമായി പ്രദർശിപ്പിച്ചിരിക്കുന്ന ഭേദകല്പന വിസ്മരിക്കത്തക്കതല്ല. രാമായണത്തിലെ നായകനായ രാമനും നായികയായ സീതയും ഒരു തരം; നളചരിതത്തിലെ നായകനായ നളനും നായികയായ ദമയന്തിയും മറെറാരു തരം. രാമായണത്തിൽ രാമൻെറ പൌരുഷപ്രതാപം പ്രധാനമായും, സീത കേവലം ഒരു അനുചരിയെപ്പോലെ അസ്വാതന്ത്ര്യയായും ആത്മശക്തിയില്ലാതെ നായകാശ്രയത്തിൽ വൃക്ഷാശ്രിതയായ ലതയെപ്പോലെ അപ്രധാനയായും കല്പിക്കപ്പെട്ടിരിക്കുന്നു. നേരെമറിച്ചു് നളചരിതത്തിൽ നായികയായ ദമയന്തിയുടെ തൻേറടവും ആത്മാ

ശ്രയവും വിഷമദശകളിൽ സ്ത്രീസഹജവും പേശലവും ആയ കൌശലവും മന്ദച്ഛായനായ നായകന്റെ അനീശ്വരത്വയും നാം കാണുന്നു. രാമായണത്തിൽ പുരുഷന്റേയും നളചരിതത്തിൽ സ്ത്രീയുടേയും വൈഭവം മുന്തിനില്ക്കുന്നു. ഇങ്ങനെ വ്യാസസൂചിതമായ ദമയന്തീചിത്രം ഹാനിക്രൂടാതെ ഉണ്ണായിവാര്യർ പ്രതിപാദിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ കവിയെ ശ്ലാഘിക്കാതെ തരമില്ല. പാർവ്വതീപരിണയകഥയിൽ കുമാരസംഭവകർത്താവ് ശ്രീപാർവ്വതിയുടെ രൂപസൃഷ്ടി ചെയ്തിരിക്കുന്നതു നോക്കുമ്പോൾ ദാക്ഷായണീവിരഹം നിമിത്തം സംസാരരസനിവൃത്തനായി ആശ്ചര്യകരമായ തപശ്ചര്യയെ കൈക്കൊണ്ടിരുന്ന പരമശിവനെ വശീകരിച്ച് അർദ്ധനാരീശ്വരനാക്കിത്തീർത്ത ശ്രീപാർവ്വതിയുടെ ഗുണമഹിമ നമുക്ക് ഊഹിക്കാവുന്നതാകുന്നു. ഇവിടെ ഒരു പ്രശ്നത്തിന്നു നല്ല അവകാശമുണ്ട്. വ്യാസകാളിദാസപ്രഭൃതി കവിസാർവഭൌമന്മാരാൽ രൂപിതങ്ങളായ ദമയന്തീപാർവ്വതീപ്രഭൃതിപാത്രങ്ങളെ അതിശയിച്ച് ഉണ്ണായിവാര്യർ മുതലായവർ വല്ല പാത്രനിർമ്മിതിക്കും പ്രാപ്തന്മാരായിരിക്കുമോ എന്ന ആശങ്ക ആർക്കും ന്യായമായി തോന്നാവുന്നതാണ്. കേരളീയ കവികളുടെ ഉദ്യമം ഈ വിഷയത്തിൽ കാളിദാസാദികളെ ജയിക്കുന്നതിനാണെന്നു വിചാരിക്കേണ്ട കാര്യമില്ല. പിന്നെയോ, കാളിദാസാദികളാൽ വിരചിതങ്ങളായ പാത്രങ്ങളെ കഴയുന്നതും തന്മയത്വഭംഗമില്ലാതെയും ദേശകാലാവസ്ഥകളെ ആശ്രയിച്ച് ഒരുപക്ഷെ ഭാവഭേദം വരുത്തിയും കേരളീയർക്ക് സുഗ്രഹങ്ങളാക്കിത്തീർക്കുന്നതിന്നു നമ്മുടെ കവികൾ പ്രവർത്തിക്കുന്നു എന്നുവെച്ചാൽ തന്നെ ധാരാളം മതിയാകും. ദേവേന്ദ്രന്റെ രൂപസൃഷ്ടിയിൽ അദ്ദേഹത്തെ കേരളീയനായ ഒരു പ്രഭുവിന്റെ ഛായയിൽ വെറ്റിലച്ചെല്ലക്കാരനോടും, കാലു തൈക്കുന്നവനോടും മററും സംഘടിപ്പിച്ചു ബാല്യുത്ഭവം കഥയിൽ കുഞ്ചൻനമ്പിയാർ അവതരിപ്പിച്ചിരിക്കുന്നതും മററും മേൽപ്പറഞ്ഞതിന്നു ന

ല്ല ഉദാഹരണമാണ്. ഇങ്ങനെ ഒരു ആലോകകോടിയെ ആശ്രയിച്ചു ഭാഷാകവികളുടെ കൃതികളെ തുലനംചെയ്തു വിലവെയ്ക്കുന്ന കാൎയ്യം ഭാഷാഗ്രന്ഥങ്ങളുടെ നിരൂപകന്മാൎക്കു പ്രായേണ നിൎവ്വഹിക്കേണ്ടതായി പരിണമിച്ചിരിക്കുന്നു. വാൎയ്യരുടെ കൃതികളുടെ നിരൂപണത്തിൽ സ്വീകരിക്കേണ്ട പ്രഥമഭൂമികയുടെ സ്വരൂപം മേൽപ്രകാരമാകുന്നു. ഈ ഭാഗം വിചാരിക്കുമ്പോൾ കുഞ്ചൻനമ്പിയാരെപ്പോലെ സ്വസൃഷ്ടികളിൽ പ്രസ്ഫുടമായി കേരളീയച്ഛായ കലൎത്തുവാൻ ഉണ്ണായിവാൎയ്യർ ശ്രമിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അനൽബണമായിട്ടു ചിലപ്പോളിങ്ങനെ ഒരു രസം വാൎയ്യൎക്കില്ലെന്നുമില്ല. ഉദാഹരണത്തിനു ശ്രീപാൎവ്വതിയുടെ ശൈശവവൎണ്ണനയിൽ

"നന്നായ് കളിപ്പിച്ചു ഭസ്മം തൊടിയിച്ചു
കണ്ണെഴുതിച്ചുവയമ്പുംകൊടുത്തുടൻ
പിന്നെ മുലയും കൊടുത്തുകിടത്തിനാർ
കണ്ണുകൾക്കാനന്ദമെന്തുപറവതും" എന്നും

"തെല്ലുമരിയുമുമിയുമിരിപ്പതിൽ
നല്ലരസമവൾക്കക്കീകരിക്കയിൽ
പല്ലുനാലഞ്ചുണ്ടുവന്നിട്ടതുകൊണ്ടു
കല്ലുംകടിപ്പാൻമടിയില്ലകിട്ടുകിൽ" എന്നും.

"ചൊല്ലിക്കൊടുക്കേണമേകവാരംതദാ
കില്ലില്ലവൾപഠിച്ചീടുമതപ്പോഴേ
ഇല്ലാമറവിയുംസംശയലേശവും
കല്ലിന്മേലുള്ളകീററിന്നതുല്യമാം" എന്നും

"ചിന്നിച്ചിതറിച്ചുരുണ്ടിരുൾക്കുന്തലും
പിന്നിൽകഴുത്തുകവിഞ്ഞുവളരവെ
പൊന്നുംമണിക്കുരടിട്ടിരുകാതിലും
മിന്നുംമണിമോതിരംപൂണ്ടകണ്ഠവും

.......................................

മഞ്ജുമണികാഞ്ചിപാദകടകവും
ശിഞ്ജാനമാകവേസഞ്ചാരചാതുരി" എന്നും

മററുമുള്ള ഭാഗങ്ങൾ നോക്കുക. ഉദ്ധരിച്ചഭാഗങ്ങളിൽ ഒരു നല്ല മലയാളകുടുംബത്തിൽ ജനിച്ച ചെറിയ പെൺകുട്ടിയുടെ ഛായ ശൈശവാവസ്ഥയായ ശിവപ്രിയതമയിൽ വ്യാപിച്ചുകാണുന്നതു് പ്രയാസംകൂടാതെ ഗ്രഹിക്കാവുന്നതാകുന്നു. കുട്ടികളെ കുളിപ്പിച്ചു ഭസ്മംതൊടിയിക്കുന്നതും, വയമ്പുകൊടുക്കുന്നതും, കണ്ണെഴുതിക്കുന്നതും മററും ഇപ്പോഴും നടപ്പുണ്ടെന്നു വിചാരിക്കുന്നു. നെല്ലും അരിയും ഉമിയും പ്രത്യേകം വെച്ചിരുന്നാൽ കൊച്ചുകുട്ടികൾ അവയെ ഏകീകരിക്കുന്നതും പലരും കണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു. 'ചൊല്ലികൊടുക്കണമേകവാരം തദാ' ഇത്യാദി ഭാഗത്തു ബാലന്മാരേ അപേക്ഷിച്ചു ബാലികമാൎക്കു് അനായാസവശ്യമായ അഭ്യാസപാടവം സൂചിപ്പിച്ചിരിക്കുന്നു. കേരളത്തിൽ അതിപ്പോഴും വാസ്തവമായി കാണുന്നു. ഇങ്ങനെയുള്ള കൈരളികരണം വാൎയ്യരുടെ കൃതികളിൽ ദുൎല്ലഭമാണെങ്കിൽ അതിനു തക്കതായ കാരണങ്ങൾ ഇല്ലാതേയുമില്ല. മുമ്പുതന്നെ സാഹിത്യത്തിൽ പ്രതിഷ്ഠയേ പ്രാപിച്ചിട്ടുള്ള പ്രതിമകളെ ദത്തെടുക്കുമ്പോൾ സദേശങ്ങളായി അവയെ അപദേശിക്കുന്നതിന്റെ ഉദ്ദേശം സുഗ്രഹതയാണെന്നു പറഞ്ഞുവല്ലൊ. ജനസാമാന്യപ്രീതിയെ ലക്ഷീകരിക്കുന്ന കവികൾക്കു് ആ തന്ത്രം പ്രയോഗിക്കേണ്ടിവരുമെന്നുള്ളതു സംഭാവ്യമാണു്. പക്ഷെ പണ്ഡിതന്മാരുടെ ശ്ലാഘയെ പുരസ്കരിച്ചു പുറപ്പെടുന്ന കവികൾ അങ്ങനെ വിഷമിക്കേണമെന്നില്ല. കുഞ്ചൻനമ്പ്യാർ പൊതുജനങ്ങളെയും ഉണ്ണായിവാൎയ്യർ പണ്ഡിതന്മാരേയും അഭിമുഖീകരിച്ചു സ്വകൃതികൾ നിൎമ്മിക്കയാണു ചെയ്തതെന്നു സ്പഷ്ടമായിക്കാണാം. ആ സ്ഥിതിക്കു സ്വപാത്രരചനയിലെ സാരസ്യം പണ്ഡിതന്മാർ ഗ്രഹിക്കുമെങ്കിൽ ഗ്രഹിച്ചുകൊള്ളട്ടെ എന്നാണു വാൎയ്യരുടെ ഭാവമെന്നു തോന്നുന്നു. വിശേഷിച്ചു

ശ്രീപാൎവ്വതിയെ ജഗദീശ്വരിയായി കേരളീയർ ധരിച്ചിരി
ക്കെ ആ നായികയെ കാളിദാസൻ ചെയ്തതുപോലെ കേ
വലം മാനുഷീകരിക്കുന്ന കാൎയ്യം നിവാൎയ്യമായി വാൎയ്യർ വി
ചാരിക്കയും ചെയ്തിരിക്കണം.. ദമയന്തിയുടെ രൂപനിൎമ്മി
തിയിൽ വിശേഷവിധിയായി യാതൊരു കേരളീയതത്വവും
സങ്കലനംചെയ്തുകാണുന്നില്ല. നേരെമറിച്ചു "അകിൽച്ചെങ്കും
കുമച്ചാറും ധരിച്ചു തോഴിമാരോടും—യദൃച്ഛയാ ദമയന്തി ക
ളിച്ചുവന്നിതു തത്ര" എന്ന ഭാഗത്തിൽ ദമയന്തിയെ വിദേ
ശയായി പ്രതിബിംബിച്ചിരിക്കുന്നു എന്നു തോന്നുകയും
ചെയ്യുന്നു ഇങ്ങനെ നോക്കുമ്പോൾ കേരളീയകവികൾക്കു
പ്രഖ്യാതങ്ങളായ കഥാപാത്രങ്ങളെ അധികരിച്ചു നിൎവ്വഹി
ക്കാവുന്ന സന്ദേശസാധാരണമായസാധൎമ്മ്യസമ്പാദനത്തിൽ
ഉണ്ണായിവാൎയ്യർ ഉദാസീനനാണെന്നു വന്നുകൂടുന്നു. ദമയ
ന്തിയേയും പാർവതിയേയും പൂൎവ്വകവികൾ സങ്കല്പിച്ചി
രിക്കുന്ന രൂപത്തിൽ നിന്നു ഭിന്നതയില്ലാതെ ഉണ്ണായിവാ
ൎയ്യർ സ്വകൃതികളിൽ സംക്രമിപ്പിച്ചിട്ടുണ്ടോ എന്നു ചോദി
ക്കുന്നപക്ഷം അതു് എത്രതന്നെ ശ്രമിച്ചാലും സാധ്യമാകുന്ന
കാൎയ്യം സംശയഗ്രസ്തമാകുന്നെന്നു പറയേണ്ടിയിരിക്കുന്നു. പി
ന്നെ വാൎയ്യരുടെ നായികമാൎക്കുള്ള വിശേഷവിധിയെന്താ
ണെന്നുള്ള ജിജ്ഞാസയിൽ കവിയുടെ വൈദഗ്ദ്ധ്യം പ്രസ്തുത
നായികമാരിലും സംക്രമിച്ചു കാണുന്നതുപോലെ മറ്റൊ
ന്നും പറയുവാനില്ല. പാർവതിയുടെ വിദ്യാഭ്യാസരീതി മുൻ
പുതന്നെ സൂചിതമായല്ലോ. ദമയന്തിയുടെ സ്വയംവരോ
ത്സവത്തിനു ദേവേന്ദ്രപ്രഭൃതികളുടെ കൂട്ടത്തിൽ ഋതുപൎണ്ണനും
ഹാജരുണ്ടായിരുന്നു. പക്ഷെ നളനെ ദമയന്തി വരണം
ചെയ്തതുകൊണ്ടു് ഇച്ഛാഭംഗസങ്കടത്തോടുകൂടി ആ മഹാരാ
ജാവു പിൻവലിയേണ്ടിവന്നു. അങ്ങനെ കുറേക്കഴിഞ്ഞ
പ്പോളാണു് സുദേവൻ അയോദ്ധ്യാരാജധാനിയിൽ ചെന്നു
ദമയന്തിയുടെ ദ്വിതീയസ്വയംബരകാൎയ്യം വിളംബരംചെ

യ്യത്ത്. അപ്പോൾ ശാന്തങ്ങളായി കിടന്നിരുന്ന അഭിലാഷങ്ങൾ പുനർജ്ജീവിക്കയും ധന്യമ്മന്യനായ ഋതുപൎണ്ണൻ,

"അകൃതകപ്രണയമനുരാഗമാർദ്രഭാവവും
സുകൃതസാധ്യമെന്നിൽ മുന്നേ ഭൈമിക്കതുദൃഢം.
അവനിസുരന്റെ വാക്കിനുമൊക്കേണം ഇതിഹകാരണം
അതിനുശാസ്ത്രം കാമശാസ്ത്രംസൂത്രം താനറിയാതോ
സുന്ദരിവിദൎഭഷീസാ" എന്ന് ഉൽഘോഷിക്കയും ചെയ്യുന്നു.

ഇവിടെ ദമയന്തിയുടെ വൈദൎഭ്യം സിദ്ധപക്ഷമായി സ്വീകരിക്കയും നായികയ്ക്കു തന്നോടുണ്ടെന്നു വ്യാമോഹിക്കുന്ന അനുരാഗത്തിന്റെ സിദ്ധിക്കു സുദേവദൂത്യം നായികയാൽ പ്രയുക്തവും കാമശാസ്ത്രവിജ്ഞാനത്തിൽ നിന്ന് ഉപലബ്ധവും ആയ ഒരു കൌശലമായി ഋതുപൎണ്ണൻ എന്ന രസികൻ കരുതുകയും ചെയ്യുന്നു. നളന്റെ ദൂതനായി പുറപ്പെട്ടന്ന ഹംസം സംശയരൂപത്തിൽ ദമയന്തിപിതാവായ ഭീമന്റെ നിദേശമനുസരിച്ചു മററു വല്ലവരേയും വിവാഹം കഴിച്ചുകളയുമോ എന്നും മററും ചോദിക്കുമ്പോൾ,

"അൎണ്ണവം തന്നിലല്ലോ നിമ്നഗചേരു ഞായം
അന്യഥാ വരുത്തുവാൻ കുന്നു മുതിന്നിടുമോ?" എന്നും

സരസമായ അലങ്കാരദ്വാരാ അവൾ മറുപടി പറയുന്നു. ഇവിടെ കുന്ന് എന്നുള്ള ശബ്ദംകൊണ്ടു് ഉല്പത്തിസ്ഥാനമായ പിതാവിനേയും അദ്ദേഹത്തിന്റെ ഔന്നത്യത്തേയും നിമ്നഗാശബ്ദത്താൽ സ്വകീയമായ അഗാധബുദ്ധിത്വവും ദൃഢനിശ്ചയവും കൂടി സൂചിപ്പിക്കുന്നു എന്നു വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

അയോഗവിപ്രലംഭാവസ്ഥയിൽ ഉദ്യാനത്തിൽ വിനോദിക്കുവാൻ ചെന്ന ദമയന്തിക്കു ചലദളിഝങ്കാരം ചെവികളിൽ അംഗാരമായും, കോകിലകൂജിതങ്ങൾ കൊടിയകൎണ്ണശൂലങ്ങളായും, കുസുമങ്ങളുടെ സൌരഭം നാസാകുഹരസരസ്സൌരഭം അതായതു മൂക്കിന്റെ അന്തൎഭാഗമാകുന്ന പൊ

യ്ക്കയിൽ ഇറങ്ങിയ കാട്ടുപോത്തായും തോന്നിയതിനാൽ സഖിമാരോട്ട് അച്ഛൻെറ അടുക്കൽ പോയാൽ ലോകവത്തമാനങ്ങൾ കേട്ടുകൊണ്ടിരിക്കാമെന്നുള്ളതുകൊണ്ട് അങ്ങോട്ടുപോകയല്ലേ നല്ലതെന്ന് അവൾ ചോദിക്കുന്നു. ഇവിടെ ദമയന്തിയുടെ നിഗൂഢമായ ആശയം അച്ഛൻെറ രാജധാനിയിൽ ലോകവത്തമാനങ്ങളുടെ കൂട്ടത്തിൽ നളനെപ്പററിയുള്ള സംഗതികൾ കേൾക്കാമെന്നുള്ള കൌതുകമാണെന്നു വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ വ്യാഖ്യാനിക്കുന്നതിനു ആധാരമായി ഗിരിജാകല്യാണംതന്നെ മാഗ്ഗദശകം. പാവ്വതിയുടെ യൌവ്വനോദയത്തോടുകൂടി ബാല്യം ക്രമേണ വിട്ടുമാറേണ്ടതായി വന്നതുകൊണ്ടു ബാല്യത്തിൻെറ

"സന്താപഭാഷിതം കുന്തായിതം ചെവി-
യ്ക്കന്നേരമാകർണ്ണ്യ ഖിന്നാപി പാവ്വതി" എന്നു പരാമൃഷ്ടയായ നായിക,

"നിത്യം പിതുസ്സഭായാം ചെന്നിരുന്നുകൊ-
ണ്ടത്യന്തരമ്യം മുനിവരഭാഷിതം
അത്തൽക്കൊരൌഷധംകേൾക്കുംകതൂഹലാൽ" എന്നു

കവി വൎണ്ണിക്കുന്നു. ബാല്യകാലം യാതയാമമായും യൌവനം ഉദയത്തായുമിരിക്കുന്ന വയസ്സന്ധിയിൽ പിതൃസന്നിധിപ്രിയകളായ കുമാരികൾ വിജ്ഞാനവിഷയത്തിൽ തൽപരകളും മാതൃസഹവാസപ്രിയകൾ ലജ്ജാശീലകളുമാണെന്നു വാഗ്മിക്കു് അഭിപ്രായമുള്ളതുപോലെ തോന്നുന്നു. ആകപ്പാടെ നോക്കുമ്പോൾ ദമയന്തിയിലോ പാവ്വതിയിലോ ലവലേശം പ്രാകൃതത്വമോ ഗ്രാമീണതയോ കലത്താതെ പ്രഭാവത്തിൻേറയും സ്ത്രൈണമായ ഗുണഗൌരവത്തിൻേറയും പരിപാകഫലങ്ങളായി അവരെ നിമ്മിച്ചിരിക്കുന്നു. കാട്ടിൽവെച്ചു കാട്ടാളൻ ചാപല്യങ്ങൾക്കു് ആരംഭിക്കുമ്പോൾ നിസ്സഹായയായ ദമയന്തി

"അതിമൂഢനിവനോടെന്തനുസരിച്ചുരപ്പൂ

അതുകേട്ടിട്ടുവന്നുണ്ടോ അടങ്ങിപ്പോയിരിപ്പൂ" എന്നു പ്രൌഢമായി വിചാരിക്കുന്നു. അതുപോലെ ബാഹുകൻ നളൻതന്നെയോ എന്നു നിശ്ചയം വരാതെ ബാഹുകനുമായി ദമയന്തി സംഭാഷണംചെയ്യുമ്പോൾ

"എങ്ങാനുമുണ്ടോകണ്ടു ശൃംഗാരഭാവനാംനിൻ-
ചെങ്ങാതിയായുള്ളവനെ" എന്ന പദം എത്ര കൌശലമായി പ്രയോഗിക്കപ്പെട്ടിരിക്കുന്നു എന്നു നോക്കുക. നായികമാരെ മേൽപ്രകാരം വൈദഗ്ദ്ധ്യമൂഷയിൽ വാർത്തുതീർത്തതുനിമിത്തം വാര്യരുടെ ശൃംഗാരരസവർണ്ണനംതന്നെ കുറെ അസാധാരണരീതിയിൽ ആണ്. പാർവ്വതീപരമേശ്വരന്മാരുടെ പരസ്പരാനുരാഗം പ്രബലവും അഭിനിവേശമയവും ആണെങ്കിലും അതു രണ്ടാത്മാക്കളുടെ ദൃഢമായ അന്യോന്യാകർഷണമായിട്ടല്ലാതെ സാധാരണജനങ്ങളുടെ അനുരാഗവികാരസഹചരങ്ങളായ ക്രീഡാവിനോദാദി ശൃംഗാരചേഷ്ടകളാൽ സംസൃഷ്ടമായിരിക്കുന്നില്ല. ഇങ്ങനെയുള്ള അനുരാഗം ഒരുമാതിരി ആന്തരാത്മികമായ ആകർഷണമാകുന്നു. ഇതിന്റെ വിലാസത്തിൽ സ്ത്രീപുരുഷന്മാർ പരസ്പരസമർപ്പണം ചെയ്തു് അഭിന്നമായ ലയത്തെ പ്രാപിക്കുന്നു. "കലർപ്പില്ലാത്ത ശൃംഗാരം" എന്നു ശ്രീമദ്രാജരാജവർമ്മകോയിത്തമ്പുരാൻ ഇങ്ങനെയുള്ള രസത്തിന്നു നാമകരണംചെയ്യുന്നു. സ്ത്രീപുംസമാസസുഖരഹിതമായി പരസ്പരാരാധനാരൂപമായി പരിണമിക്കുന്ന ഈ ചേതോവികാരം,

"അദ്വൈതം സുഖദുഃഖയോരനുഗതം
സർവ്വാസ്വവസ്ഥാസു യൽ
വിശ്രാമോ ഹൃദയസ്യ യത്ര ജരസാ
യസ്മിന്നഹാര്യോ രസഃ" എന്നു വർണ്ണിതമായ സ്നേഹസാരത്തെ ഉപരി ശുദ്ധിചെയ്തു് എടുത്തിട്ടുള്ള സത്തായി വിചാരിക്കേണ്ടിയിരിക്കുന്നു. ദമയന്തീനളന്മാരുടെ

കായ്യത്തിൽ ശൃംഗാരരസം ഇങ്ങനെ കേവലം സൂക്ഷ്മതന്മാത്രമാത്രമായി കവി നേർപ്പിച്ചിട്ടില്ല. പക്ഷെ നളചരിതത്തിലും വികടരൂപമായി ശൃംഗാരത്തെ കവി വർണ്ണിക്കുന്നില്ല. ഒന്നാംദിവസത്തെ കഥയിൽ അയോഗവിപ്രലംഭാവസ്ഥയിൽ അതിൻെറ അഗ്രഭാഗങ്ങൾ പ്രദശിപ്പിക്കയും രണ്ടാംദിവസത്തെ കഥയുടെ ആരംഭത്തിൽ സംഭോഗശൃംഗാരരൂപത്തിൽ അതിനെ ശാന്തമായി ഉദിപ്പിക്കയും ചെയ്തശേഷം ശോകകരുണാദിരസതരംഗപരമ്പരയിൽ കവി അതിനെ ആപ്ലാദനംചെയ്തു കഥാവസാനത്തിൽ വീണ്ടും ഉന്മഗ്നമാക്കിയിരിക്കുന്നു.

"അരുതേ ശിവശിവ! സുചരിത നിന്നെ നിനപ്പാൻ
കീരവാണി ഭൈരവാണി സാരവ–
ഫേരവാണി ഘോരകാനനാനി ച" എന്നു പശ്ചാത്താപതാഡിതനായി വിലപിക്കുന്ന നളൻ ധമ്മപത്നി ഉറങ്ങിക്കിടക്കുമ്പോൾ ഉപേക്ഷിച്ചു മാറിക്കളഞ്ഞതു പോലെ അധിരവും അധമ്മ്യവുമായ ഒരു കമ്മം വിചാരിക്കാവുന്നതല്ല. "പാതിയും പുമാന്റെ പത്നിയെന്നു വേദശാസ്ത്രാദിബോധമുള്ളവൻ ചൊല്ലീടുന്നു ആധിവ്യാധികളിലും പ്രീതിദമൌഷധംകേൾ — സ്വാധീനസഹധമ്മിണീതി നീ ധരിക്കേണം" എന്നു ഗ്രഹിച്ചിട്ടുള്ള നായിക, നായകൻെറ അപകമ്മഗരിമാവറിയാത്തവളല്ല. അങ്ങനെയിരുന്നിട്ടും നായകൻെറ അനുരാഗത്തെപ്പററി വിശ്വാസഭംഗം അവളെ കലുഷീകരിക്കുന്നില്ല. അഹോ സ്ത്രീജനങ്ങളുടെ സാഹനശക്തിയെന്നു വിസ്മയസമേതം ആരുതന്നെ വ്യാസനെ മനസാ നമസ്കരിക്കയില്ല. സാധാരണ ജനങ്ങളുടെ ക്ഷമയെ സമുന്മൂലനം ചെയ്യുന്ന ഈദൃശപ്രവൃത്തികൊണ്ടു് പ്രിയതമപ്രതിപത്തിയെ പ്രത്യാഹരിക്കാതെ ആ വ്യാമൂഢചിത്തനെ വീണ്ടെടുക്കുവാൻ ചെയ്യുന്ന ശ്രമങ്ങളിൽ നിന്നു നായികയുടെ അനുരാഗഭ്രമമാവനമാനിച്ചു് ആസ്വാദിക്കത്തക്കതാകുന്നു. ഇ

ങ്ങനെ രസാസ്വാദനത്തിന്നു വേണ്ട രൂപപ്രതീതിക്കു യാതൊരു ലോപവും വാര്യർ വരുത്തിയിട്ടില്ല. രസവിവരണത്തിൽ വാര്യർ അംഗീകരിച്ചിട്ടുള്ള സരണി ഇങ്ങനെ കണ്ടുകൊള്ളേണ്ടതാകുന്നു.

ഉണ്ണായിവാര്യരാൽ രചിതമായ കൃതികളുടെ ആന്തരമായ തരം എന്തുമാതിരിയാണെന്നുള്ള വിചാരം ഇവിടെ ഉപസംഹരിച്ചുകൊണ്ടു പ്രബന്ധങ്ങളുടെ ബഹിസ്സ്വരൂപനിരൂപണത്തിലേയ്ക്കു പ്രവേശിക്കേണ്ടിയിരിക്കുന്നു. ആ കൂട്ടത്തിൽ ഈ കവിയുടെ ഭാഷ, പദഘടനാരീതി, കാവ്യശൈലി മുതലായവ വിചാരണീയങ്ങളാകുന്നു. നളചരിതം കഥകളിയിലെ ശബ്ദഝംകൃതിയും വാക്യഢക്കാപ്രയോഗങ്ങളും കണ്ടു് അവയുടെ അസാധാരണത്വത്തിനു സമാധാനമായി സംഗീതകലാവിദഗ്ദ്ധനായ ഏതോ ഒരു ഉപദേഷ്ടാവിനാൽ ദർശിതമായ മാതൃകകൾക്കു യോജിക്കുമാറു രാഗതാളമേളങ്ങളെ അനുസരിച്ചു വാര്യർ പ്രസ്തുത കൃതി രചിച്ചതായി ചിലർ പറയുന്നതു കേട്ടിട്ടുണ്ടു്. എന്നാൽ ഗിരിജാകല്യാണം കണ്ടതോടുകൂടി വാര്യരുടെ പ്രയോഗവിടതകളും ശഠതകളും എല്ലാം മനഃപൂർവ്വവും സ്വാനുരൂപവും ആയ സ്വച്ഛന്ദചംക്രമണത്തിന്റെ ഫലമാണെന്നു തന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. ഭാഷാസംസ്കൃതശബ്ദങ്ങളുടെ അനിയതമായ സങ്കരണംകൊണ്ടു വാര്യരുടെ വാക്യങ്ങൾ വ്യാമിശ്രചമൽകൃതിമിരതയെ വഹിച്ചു വായനക്കാരെ പരിഭ്രമിപ്പിക്കുന്നതു് പ്രഥമദൃഷ്ടിയിൽതന്നെ കാണാവുന്നതാകുന്നു. "പറന്നിച്ഛയെല്ലാത്തവഴി ഗച്ഛ നീ", "വസ്ത്രമേതദുൽസൃജാമിചാമിവ" "അങ്ങൊട്ടുടൻ പുനരിങ്ങോട്ടുടൻ" "സുന്ദരിവിദൂഷീസാ", "ഒട്ടാവതോരോന്നുമുട്ടാതെചെയ്തുകൊണ്ടിഷ്ടാന്തരായെന്നലകുട്ടാകചേഷ്ടിതാ", അക്കഥകേട്ടെന്തു ദുഃഖമില്ലാത്തുവാം", "കച്ചരംപടച്ചരംവെച്ചരമുറച്ചുടൻ ദുശ്ചരം ചൊറിചുണങ്ങച്ചിരങ്ങിത്യാദിമാൽ", "ഘരനികടമഗമദൊരു പുരുതരുണി" ഇങ്ങനെ അനവധി ഉദാഹരണങ്ങൾ ഭാഷാസം

ഷ്കൃതസങ്കരത്തിന്ന ഉദ്ധാരിക്കാവുന്നതാകുന്നു. ഏതാദൃശമായ സമ്മിശ്രണത്തിന്ന ഹേതു പ്രാസാനുപ്രാസാദി ശബ്ദാലങ്കാരരസത്തിൽ കവിയ്ക്കുള്ള ദുർന്നിവാരമായ പക്ഷപാതമാണെന്നും അനായാസേന കാണാവുന്നതാകുന്നു. ആശയങ്ങളെ ആവഹിക്കുന്നതു ശബ്ദങ്ങളാണെന്നുള്ളതു നിസ്സംശയം തന്നെ ശബ്ദങ്ങൾക്ക ലോകപ്രസിദ്ധങ്ങളായി അർത്ഥങ്ങൾ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. പക്ഷേ പ്രസംഗവശാൽ നിയതമായ അർത്ഥം ശബ്ദത്തിൽനിന്നു സ്ഖലിക്കുന്നതായി ചിലപ്പോൾ പ്രയോഗിക്കപ്പെടുന്നു. അതിന്ന ലക്ഷണാവ്യാപാരമെന്നു പറയുന്നു. അതിന്നുപരി ശബ്ദത്തിലോ വാക്യാർത്ഥത്തിലോ തന്നെ വിശ്രമിക്കാതേയും സഹജമായ അർത്ഥത്തെ അപ്രധാനമാക്കിയും മററർത്ഥത്തെ സൂചിപ്പിക്കുന്നതിന്ന പ്രസക്തിക്കുമ്പോൾ ആ വ്യാപാരത്തിൽനിന്നു ധ്വനി ജനിക്കുന്നു. ഇങ്ങനെ അഭിധാ, ലക്ഷണാ, ധ്വനി എന്നു മൂന്നുതരം പ്രയോഗത്തിന്നും ചുവടായി നിൽക്കുന്ന ശബ്ദത്തിന്നും അതു് ആവഹിക്കുന്ന ആശയത്തിന്നും തമ്മിൽ ആനുരൂപ്യവും അന്യോന്യവ്യപേക്ഷാസാമ്യവും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാകുന്നു. വളരെ പഴക്കമുള്ള ശബ്ദങ്ങൾകൊണ്ടു വിവക്ഷിക്കുന്ന അർത്ഥം അല്പമെ ഉള്ളു. എങ്കിൽ അതു പരിഹാസകരമാകുന്നു. ആംഗലസാഹിത്യമല്ലനായിരുന്ന ഡാക്ടർ ജോൺസൺ ചെറിയ മത്സ്യങ്ങൾ തമ്മിൽ നടക്കുന്നതായി ഒരു കഥയെഴുതുന്നപക്ഷം അവ തിമിംഗലങ്ങളായി തോന്നുമായിരുന്നു എന്നു മറെറാരു സാഹിത്യരസികൻ അഭിപ്രായം പറഞ്ഞ സംഗതി സ്മരണീയമാണു്. അതുകൊണ്ടു വിവക്ഷിതത്തിന്നും ശബ്ദത്തിന്നും തമ്മിൽ ഉണ്ടായിരിക്കേണ്ട ആനുരൂപ്യത്തിൽ ചെയ്യുന്ന അതിക്രമങ്ങൾ ആശംസനീയമല്ല. പിന്നെയും കാവ്യങ്ങളിൽ വിശേഷിച്ച് ദൃശ്യകാവ്യങ്ങളിൽ പാത്രങ്ങൾ തമ്മിലുള്ള ഭിന്നതകളും ഏററക്കുറവുകളും അനുസരിച്ചു ഭാഷാഗതിയിൽ വരുത്തേണ്ടതായ ഭേദഗതികളും ഗണ്യമായിട്ടുള്ളതാകുന്നു.

ഈ വക ഭേദബോധങ്ങൾ ഭാഷാപ്രയോഗവിഷയത്തിൽ ഉണ്ണായിവാര്യർ വളരെ ആദരിച്ചിട്ടുള്ളതായി കാണുന്നില്ല.

"കേനവിയോഗാൽ കേണിടുന്നിവൾ
കേനനു വിധിനാ പശ്യേയം
അകൃത്രിമദ്യുതിരനവദ്യേയം
അടുത്തുചെന്നിനി അനുപശ്യേയം.
ആകൃതികണ്ടാലതിരംഭേയം
ആരാലിവൾതന്നാധരം പേയം" എന്നും

"ആരിവളവനിതലാമരീവര നാരീവപുഷിധൃതമാധുരീ"

എന്നും മററും നളചരിതത്തിലെ മൂഢകിരാതൻെറ വാക്യങ്ങൾ ഉത്തമങ്ങളായ മററു പാത്രങ്ങളുടെ വാക്യരീതിയിൽ നിന്ന് അഭിന്നമായിരിക്കുന്നു. പ്രതിപാദ്യവിഷയങ്ങളുടെ ഉച്ചനീചത്വങ്ങളും സ്വഭാവവൈചിത്ര്യങ്ങളും അനുസരിച്ചു ഭാഷാഗതിക്കു ഭേദഗതികൾ വരുത്തുന്ന സമ്പ്രദായവും കവികൾ ആദരിച്ചു കാണുമാറുണ്ട്. ഉദാഹരണത്തിനു നാരായണീയത്തിൽ നൃസിംഹാവതാരഘട്ടം തുടങ്ങുന്ന

"സ്തംഭേ ഘട്ടയതോ ഹിരണ്യകശിപോഃ
കർണ്ണൌ സമാചൂർണ്ണയ-
ന്നാഘൂർണ്ണജ്ജഗദണ്ഡകുണ്ഡകുഹരോ
ഘോരസ്തവാഭൂദ്രവഃ"

എന്ന ശ്ലോകാർദ്ധവും, രാസക്രീഡാഭാഗത്തുള്ള

"വസുദേവ തവ ഭാസമാനമിഹ
രാസകേളിരസസൌരഭം
ദൂരതോപി ഖലു നാരദാഗദിത
മാകലയ്യ കതുകാകുലാഃ

എന്ന ശ്ലോകാർദ്ധവും താരതമ്യംചെയ്തുനോക്കുക. അങ്ങനെ വിഭിന്ന സന്നാഹതകൾ വാര്യർ കൈക്കൊണ്ടു കാണുന്നില്ല. സമഷ്ടിയായി പറഞ്ഞാൽ ആപാദചൂഡം "വെങ്കല

ബ്ഭാഷ"യെന്നു ശ്രീമദ്രാജരാജവർമ്മകോയിത്തമ്പുരാൻ സോപഹാസം നാമകരണം ചെയ്തിട്ടുള്ള ജരഠരീതിതന്നെ വാര്യർ പ്രായേണ പ്രയോഗിച്ചു കാണുന്നു. മലയാളവും സംസ്കൃതവും കലൎന്ന മണിപ്രവാളരീതി ഭാഷാകവികൾ വാര്യൎക്കു മുമ്പും പിമ്പും പ്രയോഗിച്ചിട്ടുണ്ട്. ഇപ്പൊഴും അതുതന്നെ ഉപയോഗിച്ചുവരുന്നു. എന്നിരിക്കിലും വാര്യരും ഇതരകവികളും തമ്മിൽ ഈ വിഷയത്തിലുള്ള വ്യത്യാസം കരതലാമലകംപോലെ സ്പഷ്ടമാകുന്നു. മണിപ്രവാളഭാഷയിൽ സംസ്കൃതപ്രത്യയാന്തങ്ങളായ പദങ്ങൾ ആധുനികകവികൾ പ്രായേണ നിരസിച്ചിരിക്കുന്നു പൂൎവകവികൾ തനിസംസ്കൃതപദങ്ങൾകൂടി മലയാളത്തിൽ കലൎത്തിവന്നിരുന്നു. എന്നാൽ അതിനും ചിലക ണക്കുകൾ ഇല്ലാതിരുന്നില്ല. പ്രചാരംകൊണ്ടു സുഗ്രഹങ്ങളും സാമാന്യജ്ഞാനമുള്ളവൎക്കു സുഗമങ്ങളുമായ പദങ്ങളും ശബ്ദങ്ങളുമല്ലാതെ പൂൎവകവികൾ പ്രചുരമായി പ്രയോഗിച്ചുകാണുന്നില്ല. ആട്ടക്കഥാകവികളിലും ചമ്പൂകാരന്മാരിലും ചിലർ ഈ സാമാന്യസമ്പ്രദായത്തിൽനിന്നു് അല്പം വിഘടിച്ചുനിന്നിട്ടുള്ളതായി കണ്ടേയ്ക്കാം. അങ്ങിനെയുള്ളവർപോലും ഉണ്ണായിവാര്യരെപ്പോലെ സംസ്കൃതവും മലയാളവും തമ്മിൽ യാതൊരു ഭേദമില്ലെന്നുള്ള മട്ടിൽ പ്രബന്ധനിൎമ്മിതിക്കു ഉത്സാഹിച്ചതായി പറയാവുന്നതല്ല. വാര്യരാകട്ടെ ഈ രണ്ടു ഭാഷകളും തമ്മിൽ യാതൊരു ഭേദമില്ലെന്നു സിദ്ധമായി ഭാവിച്ചുകൊണ്ടു സംസ്കൃതഭാഷയുടെ ഉച്ചകോടികളും അധഃസ്ഥലങ്ങളും തമ്മിൽ ഗ്രാഹ്യതാവിഷയത്തിലുള്ള വ്യത്യാസങ്ങളെ നിരാകരിച്ചു പദപ്രയോഗത്തിനു ലവലേശം ക്ലേശംകൂടാതെ മുതിൎന്നിരിക്കുന്നു.

"മധുരിപുചരിതം മനോഭിരാമം
മധുരപദാകലിതം മണിപ്രവാളം
മതികുതുകവിലാസഹേതുഭൂതം
കതിപയസൎഗ്ഗമിദം കരോമി കാവ്യം"

എന്ന ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ ശ്ലോകം മുഴുവൻ സംസ്കൃതമയമാണെങ്കിലും അതിന്റെ അൎത്ഥഗ്രഹണത്തിനു സാമാന്യന്മാൎക്കു ക്ലേശമുണ്ടാകുമെന്നു തോന്നുന്നില്ല ഇങ്ങനെയുള്ള സാധാരണ സംസ്കൃതംകൊണ്ടു അടങ്ങുന്ന കൂട്ടത്തിലല്ല വാൎയ്യർ. ശബ്ദാഗമത്തിന്റെ അത്യുച്ചശാഖകളുടെ അഗ്രഭാഗത്തു കടന്നു കുസുമങ്ങൾ ശേഖരിക്കുന്നതാണു് അദ്ദേഹത്തിനു കൌതുകം. അതുകൊണ്ടു പല പ്രയോഗങ്ങളും വൈയ്യാകരണന്മാൎക്കല്ലാതെ സുഗ്രഹമാകുമോ എന്നു സംശയമാണു്. ശബ്ദാലങ്കാരത്തിനു തരമുണ്ടെന്നു കണ്ടാൽ ഏതു കഠിനക്രിയയും പ്രയോഗിക്കുന്നതിനു വാൎയ്യർ മടിക്കാറില്ല

"അദ്രിരാജകന്യൻ ധന്യൻ ചിദ്രസായനം പിബൻ
ക്ഷുദ്രസംസാരഭ്രമനിദ്രയും കളഞ്ഞേവം
ഹൃദ്രുജാദരിദ്രാണൻ മുദ്രസാദരിദ്രാണൻ
രുദ്രകാമിനീമറിഞ്ഞുദ്രസംക്രുപ്പിവാഴ്ത്തി."

എന്നിടത്തു ഹൃദ്രുജാദരിദ്രാണൻ എന്നതിനു ഹൃദയശോകത്തിനു ദാരിദ്ര്യം നേരിട്ടവൻ എന്നൎത്ഥമാകുന്നു. മുദ്രസാ ദരിദ്രാണൻ എന്നാൽ മുത്തു (=സന്തോഷമാകുന്ന രസാദരിയിൽ (=ഭൂഗുഹയിൽ) ദ്രാണൻ (=നിദ്രാണൻ) എന്നു് അൎത്ഥം ചെയ്തിരിക്കുന്നതായി വിചാരിക്കുന്നു. നിശ്ചയമില്ല. ദരിദ്രാതി എന്നും ദ്രാതിയെന്നുമുള്ള ക്രിയകളിൽനിന്നു ദരിദ്രാണൻ എന്നും ദ്രാണൻ എന്നും വാക്കുണ്ടാക്കി ഇവിടെ തട്ടിമൂളിച്ചിരിക്കുന്നു.

"നീലരത്നാഭാദീപ്താബാലികാത്രുപംപ്രാപ്താ
ഭൂലതാസൃഷ്ടലോകപാലനത്തിനോ പൊരുന്നി
നീലലോഹിതവാമേ കാലമേലിലായിതേ
പാലമോ ഭവാൎണ്ണേമേ കോലമിക്കാണാവതും
ശീലമോ നിൻചില്ലിക്കു പാലനം ജഗത്തിന്റെ
തൽക്കാലോചിതയുക്തി തക്കാലോചിതം വേദം

ദുർഗ്ഗലാളിതം തവ തൃക്കാലോ തിരാ'ത്തും
അക്കാലിപ്രിയമാണം ദിക്കാലനിവേദനം
സൽക്കാരപൂർവ്വം തയാ ദൃക്കാലോനിയോജിതം
തൃക്കാലോടണവത്തു തിക്കാലാവതല്ലമേ
ദുഃഖാലാവത്തുകേണേൻ വെയ്ക്കാലോചനമെങ്കൽ."

എന്നു ശബ്ദകർബുരമായ ഭാഗത്തിൽ സാധാരണ മലയാളവും കഠിനസംസ്കൃതവും അരച്ചുചേർത്തതായിക്കാണുന്നു. "പൃങ് വ്യായാമേ" എന്ന ധാതു സാധാരണ സംസ്കൃതത്തിൽപോലും "വ്യാങ് " എന്ന ഉപസർഗ്ഗപൂർവ്വമായേ പ്രയോഗിക്കുമാറുമുള്ളു. വ്യാപരിക്കയെന്നു് അർത്ഥമായ ആ ധാതുവിൻെറ ലട്ടു് പ്രഥമപുരുഷരൂപം വ്യാപ്രിയതേ എന്നാണു്. വാര്യർ ഉപസർഗ്ഗത്തെ ഉപേക്ഷിച്ചു പ്രിയതേ എന്നുമാത്രം വച്ചുകൊണ്ടു ശാനച് പ്രത്യയം ചേർത്തു പ്രിയമാണമെന്ന രൂപമുണ്ടാക്കി അക്കാലിപ്രിയമാണമെന്നു പ്രയോഗിച്ചിരിക്കുന്നു. ഇവിടെ പദവിഷയകമായ കഠിനതയ്ക്കു പുറമേ അന്വയത്തിലുള്ള അസൗജന്യവും കൂടി ശ്രോതാക്കളെ ധരിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. കാലമോ ലീലായിതേ എന്നിടത്തു് ലീലായിതേ കാലമോ എന്നും പാലമോ ഭവാന്നുമേ കോലമിക്കാണായതും എന്നിടത്തു് ഇക്കാണായ കോലം ഭവാന്നുമേ പാലമോ എന്നും അതുപോലെ പാലനം ജഗത്തിൻെറ എന്നിടത്തു് ജഗത്തിൻെറ പാലനം എന്നും അന്വയിക്കേണ്ടിയിരിക്കുന്നു. പദങ്ങളെ അധരോത്തരമായും വാവലിനെപ്പോലെ വാക്യങ്ങളെ തലകീഴായും ഗ്രഥിക്കുന്നതിനു വാര്യർക്കു യാതൊരു വികല്പവുമില്ല. "അപരിഹരണീയവിധിയന്ത്രത്തിരിപ്പുമൂന്നി" എന്നു് ഈ മൂന്നു് അപരിഹരണീയവിധിയന്ത്രത്തിരുപ്പു് എന്നതിൻെറ സ്ഥാനത്തു നളചരിതത്തിൽ മറിച്ചു പ്രയോഗിച്ചിരിക്കുന്നു.

ഇപ്രകാരം അർത്ഥപ്രതീതിക്കു് അവശ്യം വേണ്ട ലാളിത്യവും സുഗമതയും ഈ കവി വളരെ അനാദരിച്ചിട്ടുള്ളതായി അനേക ദൃഷ്ടാന്തങ്ങളാൽ സ്പഷ്ടമാകുന്നതാണു്.

ശബ്ദാലങ്കാരഭ്രമം ഒരു കുററമാണെങ്കിൽ മുക്തകണ്ഠമായി ആ കുററസമ്മതം സ്വയമേ കവി രേഖപ്പെടുത്തിയിട്ടുണ്ട്.

"അനർഗ്ഗളംയമകവും അനുപ്രാസമുപമാദി
ഇണക്കം കലന്നു രമ്യം ജനിക്കും നൽസാരസ്വതം"

എന്നു നളചരിതത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. അതുകൊണ്ട് ഏതെങ്കിലും ഭാഗം വർണ്ണ്യമെന്നു തോന്നിയാൽ തന്റെ പാണ്ഡിത്യഭാണ്ഡം അഴിച്ചുവെച്ചുകൊണ്ടു പ്രാസമയമായ ആ സാരസ്യസൃഷ്ടിക്കു കവി മുതിരുകയായി.

"അംബികതൻതുട സമ്പന്നസൌന്ദര്യമമ്പൊടു
കണ്ടിട്ടിടംപെട്ടു പിൻപെട്ടു
വമ്പെട്ടുകമ്പിച്ചുതൺപെട്ടുപുൺപെട്ടു
തുമ്പിക്കരങ്ങൾ പിതുമ്പിക്കരവതും
ചെമ്പോൽകദളിതൊട്ടുമ്പോൾ പൊളിവതും
ശംഭോശിവബഹുകിംപോലഹംബ്രുവെ"

എന്നു തുടങ്ങി

"ഉച്ചൈസ്സരോദ്വൃത്തഭച്ചച്ചവിച്ഛടാ
ഗുച്ഛച ശ്രുരണരണച്ചാരു ചാരിണി!"

എന്നവസാനിക്കുന്ന പാർവതീവർണ്ണനാഭാഗം നോക്കുക. അതുപോലെ നാലാംദിവസത്തെ കഥയിൽ,

"പ്രേമാനുരാഗിണി ഞാൻ വാമാ രമണീയശീല
ത്വാമാതനോമി ഹൃദി സോമാഭിരാമമുഖ
ശ്യാമാശശിനം രജനീവാമാ കലിതമുപൈതു
കാമാഗതയാ മാ കാമിനീ"

ഇത്യാദിഭാഗവും നോക്കുക.

"ദശാദോഷമതേഷാ ഞാനശേഷമോത്തതിശോക
രുജാവേശാവശെ വാഴുവിശാമീശാനിശാമദ്ധ്യേ"

എന്നു സംസ്കൃതമായോ,

"നിജരാജ്യം കൈവെടിഞ്ഞു വനരാജ്യവാസിയായേൻ
ഹവിരാജ്യപ്രസന്നദേവം രവിരാജ്യം വാണോൻ
അവശം മാം വെടിഞ്ഞുപോയി തവ ശാപാക്രാന്തനായി
കലിയകലെ-അഹമമ്പലേ-വന്നിതു സുന്ദരിനിന്നരികി-
[ന്നിനി
ഇരുപേർ പിരിവേർ ഉയിർവേരറവേ
നിറവേ കുറവേ വിലപിത്തു മിത്തുമതിവിളവത്തു സുഖമിനി
ദൈവാലൊരുഗതി മതിധൃതിഹതി"

എന്ന് ഉഭയഭാഷാമിശ്രമായോ അന്ത്യപ്രാസവഷ്ടം ചെയ്യാൻ ഈ കവിയ്ക്കുള്ള ശബ്ദസമ്പത്തി വിസ്മയകരമായി വ്യക്തീഭവിക്കുന്നു. ഉദാഹരണത്തിന് ഒരു ഖണ്ഡംകൂടി ഉദ്ധരിച്ചുകൊള്ളട്ടെ.

"ചാരുപാദങ്ങൾ കണ്ടു തീരു ഞാനുരചെയ്യാം
പാരിജാതങ്ങളെല്ലാം ക്രൂരജാതികൾപാരിൽ
പാരിജാതങ്ങളെന്നാൽ മേരുജാതങ്ങളെന്നാം
മേരുജാതാനെപ്പോയിത്തീരുമെന്നാധിശേഷം
ഭൂരിശോഭാലവാലം പാരിലേ രൂഢമൂലം
താരിലെ ഗാഢവൈരം സാരലാവണ്യപൂരം
ഭൂരിശോബാല്യോചിത സൈപരചാലനേപദേ
മാറിലാമ്മാറു ചേർപ്പാൻ പാരമാരോരായ്വുപോൽ
ദൂരജ്ജോമേളമുണ്ടോ പാരമെന്നാലും കോളേ
ഹീരശോഭയ്ക്കോ ഹാനി ഹി! രജ്ജോരാജിമേളേ
ദാരികാകാരാസ്യേയം ദ്രൂരദ്രൂരാഭാഗിരാം
ആരഹോ ജാനേകഥം താരകാകാരോരുഭാം
കാതതി ശചീരംഭാ മേനകോർവശ്യാദികൾ
ഭാരതീ ലക്ഷ്മീധാത്രിമാരിലാരെന്നോക്കണം"

ഇങ്ങനെ ൧൪ പാദങ്ങൾ കഴിയുന്നതുവരെ രേഫരൂപമായ പ്രാസം വിശ്രമിക്കാതെ പ്രസരിച്ചിരിക്കുന്നതു നോക്കുക. ആകപ്പാടെ ൪൦-ൽ ചില്വാനം രകാരങ്ങളുടെ പരിവത്തന

പരിധിയായ പ്രസ്തുത ഭാഗത്തു രൂഢമൂലം ഗാഢവൈരം എന്നിടത്തു ഢകാരാവർത്തനവും കോളേ, എന്നിടത്തു ളകാരാവർത്തനവും ഫിര ഫിര എന്ന വർണ്ണദ്വയാവർത്തനവും മററും ഉപസ്കരങ്ങളായി പ്രയോഗിച്ചു പരിഷ്കരിച്ചിരിക്കുന്നതുംകാണാവുന്നതാകുന്നു. ഒരു ഗ്രഹത്തിന്റെ ദശയിൽ മററു ഗ്രഹങ്ങളുടെ അപഹാരമെന്നുപറയുന്നതുപോലെ രകാരദശയിൽ മററു വർണ്ണങ്ങളുടെ അപഹാരഘട്ടങ്ങൾ മേൽക്കാണിച്ച ഖണ്ഡത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. സംസ്കൃതസാഹിത്യത്തിൽ ചില ആലങ്കാരികന്മാരുടെ മതപ്രകാരം അനുപ്രാസം അനൽബണമായിരുന്നാൽ ശ്രേഷ്ഠമാണെന്നു പറയപ്പെടുന്നു.

കചചിന്മസൃണമാംസളം കചചിദതിവ താരാസ്പദം
പ്രസന്നസുഭഗം മുഹുഃസ്വരതരംഗലീലായിതം
കചചിച്ച തവവല്ലകീരണിതനിർഗ്ഗമൈർഗ്ഗുംഫിതം
മനോ മദയതീവ മേ കിമപി സാധുസംഗീതകം”

എന്ന ശ്ലോകത്തിൽ അനുപ്രാസമുണ്ടെങ്കിലും അതു പ്രത്യക്ഷദൃശ്യമല്ലാതെ അളവെ ലീനമായി നിന്നുകൊണ്ടു ശ്രുതിസൌഖ്യരസത്തെ പോഷിപ്പിക്കുന്നു. വാസ്തവരുടെ കാര്യത്തിൽ അനൽബണമായ പണി സ്വീകാര്യമായിക്കാണുന്നില്ലെന്നുതന്നെയല്ല വികടമായി പ്രാസപ്രയോഗം വേണ്ടതാണെന്നു് ഒരു സിദ്ധാന്തംകൂടി ഉള്ളതുപോലെയും തോന്നുന്നു. പ്രാസം ശബ്ദത്തിന്റെ ചായമാകുന്നു. ദ്രാവിഡഭാഷാസാഹിത്യത്തിൽ അഗ്രഗണ്യമല്ലെങ്കിൽ അദ്വിതീയമായ പ്രാധാന്യം അതിനുണ്ടെന്നു സമ്മതിച്ചേമതിയാവൂ. “കല്ലും മരങ്ങളും തല്ലിത്തകർത്തുകൊണ്ടുല്ലാസമോടങ്ങു ചെല്ലും ദശാന്തരേ” ഇത്യാദി കല്യാണസൌഗന്ധികഭാഗത്തു നമ്പിയാർ ചെയ്തിരിക്കുന്ന പ്രാസപ്രപഞ്ചം നോക്കുക. ശാന്തനായ എഴുത്തച്ഛനുപോലും ചിലപ്പോൾ പ്രാസത്തിന്റെ ആകർഷണം ദുർന്നിവാരമായിരുന്നു എന്നു്,

"എത്രയും ദർഗ്ഗമാർഗ്ഗം ദുർഗ്രാവോഗ്രാഗ്രാഗ്രാഹ്യം" എന്നും മററുമുള്ള പ്രയോഗങ്ങൾ വിശദീകരിക്കുന്നു. ബന്ധസാരള്യംകൊണ്ട് അവരുടെ പ്രാസപ്രസക്തി അത്ര ദുഃഖകരമല്ല. വാര്യരുടെ പ്രാസദാസത ദുരാസദമായ ദുർഘടങ്ങളിൽ സാമാന്യന്മാരെ ചാടിക്കുന്നതാകുന്നു. ചുരുക്കം പറഞ്ഞാൽ പ്രാസപ്രകാശമില്ലാതെയൊരു ഘട്ടം വാര്യരുടെ കൃതിയിൽ കണ്ടുപിടിക്കാൻ പ്രയാസമാകുന്നു. ശബ്ദാലങ്കാരവിഷയത്തിലുള്ള വിശേഷം ഈ കവിയുടെ മുഖ്യലക്ഷണമെന്നു പറഞ്ഞു് അവിടം ഉപസംഹരിക്കുന്നു.

സരസങ്ങളായ അർത്ഥാലങ്കാരങ്ങൾ ചെയ്യുന്നതിനു കവിക്കുള്ള പാടവവും പ്രൌഢമാകുന്നു. പെൺകുട്ടികളുടെ വിഷയത്തിൽ അച്ഛനമ്മമാർക്കു നേരിടാറുള്ള മനോവിചാരവും, ജാമാതാവായി വന്നു ചേരുന്നവൻെറ ഭാഗ്യപൂരവും വർണ്ണിച്ചിരിക്കുന്നതു നോക്കുക.

"ജനനമപി ഭരണമപി ജനകജനനീഭരം
ജാമാതൃഭോഗ്യന്തു യൌവനം യോഷിതാം
കവിളിണയിലണിവു മുഖകാന്തയേ കുണ്ഡലേ
കാതിന്നേ ഭാരവും വേധവ്യഥാദിയും."

പാർവ്വതീപരിണയം കാണ്മാൻ സ്വർണ്ണാലങ്കാരമയന്മാരായി പുറപ്പെട്ടു വന്ന ദേവേന്ദ്രാദികളെപ്പററി

"കുലിശധര മുഖ നിഖില സുരവിതതി കോപ്പിട്ടു
കൊന്നക്കൊടുങ്കാട്ടു പൂത്ത കണക്കിനെ"

എന്നു കവി വർണ്ണിക്കുന്നു. ഉമാമഹേശ്വരവിവാഹഘോഷം കാണ്മാൻ സകല ജനങ്ങളും ഹിമവൽപ്രദേശത്തു കൂടിയപ്പോൾ ഭൂമിയുടെ ദക്ഷിണഭാഗം പൊങ്ങിപ്പോകുമെന്നും വലിയ ആപത്താകുമെന്നും വിചാരിച്ചു് അഗസ്ത്യനെ ദക്ഷിണദിക്കിലേക്കു ശിവൻ പറഞ്ഞയച്ചു. അങ്ങിനെ തെക്കേദിക്കിൽ അഗസ്ത്യൻ പ്രതിഷ്ഠിതനായതോടുകൂടി ഭൂമിയുടെ

ദക്ഷിണോത്തരഭാഗങ്ങളിലെ ഭാരം സമീഭവിച്ചു. അതിനെ ഉദ്ദേശിച്ചു കവി പറയുന്നു.

"ഗുണനുതികാം കരുതി പലർ മഹിതല ഘടിയന്ത്ര
കൂടയിൽ കല്ലെന്നു കുംഭോത്ഭവനുടെ"

ഘടീയന്ത്ര എന്നു പറയുന്നതു കിണററിൽ നിന്നു വെള്ളം കോരുന്നതിന്നു താഴ്ത്തി വെള്ളം കോരിയാൽ മററെ അററത്തുള്ള ഭാരം കൊണ്ടു സ്വയമേ പൊന്തിവരുന്നതാകുന്നു. അതിലേക്കു ഭാരമായി കട്ടിയായ കല്ലുപയോഗിക്കപ്പെടുന്നു. അതുപോലെ ഭൂമിയുടെ തെക്കേ അററം താഴ്ത്തുന്നതിന്ന് അഗസ്ത്യനെ ഒരു കരിങ്കല്ലുകട്ടിയായി പ്രയോഗിച്ചു എന്നാണ് മേൽ പറഞ്ഞതിൻെറ സാരം.

"നഗരയുവതികളുടെ നയന കിരണാഞ്ചിതൻ
നാരായണാഭിന്നനായി തദാ ശിവൻ"

സ്ത്രീജനങ്ങളുടെ നയനനീലിമ വ്യാപിച്ചു ധവളകോമളനായ ശിവൻ വിഷ്ണുവിനെപ്പോലെ കൃഷ്ണവർണ്ണനായി എന്നു താല്പര്യം.

"വൃഷവര മമും ജവാ-
ജ്ജംഗമ കൈലാസശൈലം കരേറിനാൻ"

എന്നിടത്തു് ശിവൻെറ വാഹനമായ കാളയെ ഉദ്ദേശിച്ചു ജംഗമ കൈലാസശൈലമെന്നു പ്രയോഗിച്ചിരിക്കുന്ന സരസമായ അതിശയോക്തി നോക്കുക. ഇങ്ങനെ അലങ്കാരചമൽക്കാരത്തിനു പല ഭാഗങ്ങൾ ഉദ്ധരിക്കാവുന്നതാണു്. ഇതിലൊക്കെയും വൈദുഷ്യനിഷ്യന്ദിയായ വചോമധുരിമ വിലസുന്നതു വിദ്വാന്മാക്കു സുഗ്രഹമായിരിക്കുമെന്നു വിശ്വസിക്കുന്നു. പ്രചണ്ഡമായ പാണ്ഡിത്യം കൂട്ടിൽനിന്നഴിച്ചുവിട്ടതുപോലെ വിളയാടുന്നതു ഈ കൃതികളിൽ പ്രസ്ഫുരിച്ചുകാണുന്നു.

വാര്യർ ഒരു വലിയ പണ്ഡിതനാണെന്നു പറഞ്ഞതു

കൊണ്ടു സംഭാവ്യമായ ഒരു തെററിദ്ധാരണയെ പരിഹരി ക്കേണ്ടതുണ്ടു്. കക്ശങ്ങളായ ശാസ്ര്തങ്ങൾ അഭ്യസിച്ചു ശു ഷ്കരസന്മാരും ജഡബുദ്ധികളുമായ പലേ പണ്ഡിതന്മാരേ യും നിങ്ങൾ കണ്ടിട്ടുണ്ടാവാം. ഉണ്ണായിവാൎയ്യർ ആ കൂട്ട ത്തിലല്ല. ലോകരീതിയും മനുഷ്യപ്രകൃതിയും അവയുടെ വൈചിത്ര്യങ്ങളും ഗ്രഹിക്കുന്നതിൽ പടുദൃഷ്ടിശക്തിയുടെ പരിപുഷ്ടി അദ്ദേഹത്തിൽ ഉല്ലസിച്ചിരുന്നു. അതിലേക്കു ചില സംഗതികൾ അന്സാരം വിവരിച്ചുകൊള്ളട്ടെ. താ രകാസുരോപദ്രവം നിമിത്തം വിഷമിച്ചു ഗംഭീരന്മാരായ ബ്രഹ്മവിഷ്ണുമഹേന്ദ്രപ്രഭൃതികൾ ശിവനോടു സങ്കടമുണ ൎത്തിക്കുവാൻ കൈലാസത്തിൽ വന്നുചേൎന്നപ്പോൾ ആരെ യും അകത്തേയ്ക്കു കടത്തിവിടാതെ ദ്വാരപാലനായ നന്ദി കേശ്വരൻ നിന്നിരുന്നു. മഹാവിഷ്ണുപ്രഭൃതികളെ അ പേക്ഷിച്ചു് എത്രയോ തുച്ഛനായ നന്ദികേശ്വരനോടു ദേവ ന്മാരുടെ ആദരവും വണക്കവും കവി വൎണ്ണിക്കുന്നതു നോ ക്കുക.

“ചന്ദ്രചൂഡപ്രിയ നന്ദീശ്വര തവ
വന്ദാമഹേ പദം വൃന്ദാരകാ വയം
നാഥന്റെ മൂൎത്തി നവമി നീതാനഹോ
ദാസജനത്തിന്നു നീതാൻ മഹേശ്വരൻ
നേത്രം ചതുൎത്ഥം ത്രിണേത്രന്നുനീയല്ലോ
നേത്രഭാജാംശിവസൂൎയ്യാരുണോഭവാൻ
പാത്രമിഞങ്ങൾ കൃപാകടാക്ഷത്തിനു
മൈത്രി ഭവാനുള്ളിൽ ഞങ്ങളിൽ വേണമേ
വേത്രിയായ് നീ വാതിൽകാത്തിങ്ങുനിൽക്കയും
പാൎത്തലമെല്ലാം മുടികയും ചേൎച്ചയോ?”

ഇങ്ങനെ ഉപക്രമിച്ചു ശിവനോടു പറയേണ്ട സങ്കട മെല്ലാം നന്ദികേശ്വരനോടു സേവപിടിക്കാൻ പറഞ്ഞു കേൾപ്പിക്കുന്നു. മഹാജനങ്ങളുടെ സേവകന്മാൎക്കു സഹജ മായ ഗൎവ്വത്തോടുകൂടി ഇതെല്ലാം കേട്ടിട്ടു നന്ദികേശ്വരൻ

“നിൽപ്പിൻ നികടേ പരിഭ്രമമമെന്തിനു
നിഷ്ഫലമെന്നോടുജല്പിതമീദൃശം
അപ്രതികാരമായൊന്നില്ലധീശനോ
വപ്രതിസാരമിന്നിങ്ങൾക്കുവേണ്ടതും
മത്തരം മററെന്തുവേണ്ടു വിശേഷിച്ചു
ചിൽപ്പതിസേവയ്ക്കവസരം ചൊല്ലുവൻ.

* * * * * *

* * * * * *

കാവലായ് വാതുക്കൽ നിൽക്കുന്നവനൊടട-
ന്താവലാതിപ്രകാരം പറഞ്ഞീടുന്നു”

എന്നു മറുപടി പറയുന്നു. ഇങ്ങനെ വളരെ നാൾ ദേവേന്ദ്രാദികൾ അവിടെ പടി കാത്തുകിടന്നശേഷം അവസരം നോക്കി നന്ദികേശ്വരൻ അവർ വന്നുനിൽക്കുന്ന കാര്യം ശിവനെ അറിയിക്കുന്ന ഭാഗം നോക്കുക.

“നാകികൾ വന്നു ബഹുകാലമായിഹ
ശോകമുണർത്തുവാനാകവേനിൽക്കുന്നു-
ലൂകവിഭീഷിതകാകാനുകാരികൾ
പോകെന്നുചൊല്ലിയാൽ പോകയില്ലാരുമേ
ദേഹമിവിടെക്കളകെന്നുറച്ചിതു
മാകന്ദബാണനെപ്പോലെയവർകളും
വൈകുണ്ഠകുണ്ഠിതമാർ കണ്ടിതെത്രയെ-
ന്നേകദേശം ഭിയാ ലോകേശനോ കൃശൻ
പാകാരിയാകിലോ പാകാതെ ചത്തവൻ
യാഗാംശഭോജികൾക്കാകാതെ കാലമായ്”

രാജസന്നിധിയിൽ ചെല്ലുവാൻ നിവൃത്തിയില്ലാത്തവർ രാജസേവന്മാരെ പ്രസാദിപ്പിക്കുന്നതും അതിൻെറ ശേഷം രാജസേവന്മാർ അവരുടെ സ്ഥിതി തിരുമുമ്പിൽ ചെന്നുണർത്തുന്നതും മററും കണ്ടിട്ടുള്ളവർക്കു ദേവന്മാരുടേയും നന്ദികേശ്വരൻെറയും വ്യാപാരത്തിൽ കവി കലർത്തിയിരിക്കുന്ന സാരസ്യം ഹൃദയംഗമമായി തോന്നാതിരിക്കയില്ല.

പാർവ്വതീപാണിഗ്രഹണത്തിന മുഹൂർത്തമടുത്തപ്പോൾ അടിയന്തിരത്തിൻെറ ബഹളത്തിനിടയിൽ ബൃഹസ്പതി മുഹൂർത്തം തെററാതിരിപ്പാൻ വെളിയിൽ ഇറങ്ങി ചുവടള ക്കുന്നതു് കവി പ്രത്യേകം എടുത്തു പറയുന്നു.

"വെളിയിലുടനമരഗുരു മുഹൂരടിയളക്കയും
വേളിമുഹൂർത്തമാസന്നം ഭണിക്കയും"

എന്നുള്ളതു നോക്കുക. കരക്കാർ കൂടിയിരുന്നു അടിയന്തിരങ്ങൾ നടത്തുമ്പോൾ ആശായ്മസ്ഥാനമുള്ളവർ മുഹൂർത്തം തെററാതെ ചുവടളപ്പിച്ചു നോക്കുന്നതു പലരും കണ്ടിട്ടുണ്ടാവുമെന്നു വിശ്വസിക്കുന്നു.

വിവാഹത്തിന അലങ്കരിച്ചു സന്നദ്ധയായിരിക്കുന്ന പാർവ്വതിയും സഖിമാരും തമ്മിലുള്ള സൌഹാർദ്ദസുരഭിലമായ സല്ലാപരസം കവി ഇങ്ങനെ വർണ്ണിക്കുന്നു.

"ചരണനതശിവശിരസി ശശികലയിലെന്നിയേ
ശാതോദരി നീ ചവിട്ടരുതെങ്ങുമെ."
ലളിതമിതിപറയുമൊരു സഖിയെ 'മുഖരെ'യെന്നു
ലീലാരവിന്ദേന താഡിച്ചു ചണ്ഡികാ."

ഇവിടെ പാർവ്വതിയെ വിവാഹോന്മുഖിയായി സഖീജനം കണ്ടു നിർഭരമായ ഹർഷപ്രകർഷത്താൽ അവശ്യം വേണ്ട നിയന്ത്രണത്തെ വിസ്മരിച്ചു നർമ്മഗർഭമായ കുത്തുവാക്കു പറകയാണെന്ന് ഒരുപക്ഷേ പ്രത്യക്ഷമാകയില്ല. പ്രണയകുപിതയായ ദേവിയുടെ പ്രസാദനത്തിന ശിവൻ നമിക്കുമ്പോൾ ചന്ദ്രക്കലയിലല്ലാതെ ചവിട്ടരുതെന്നു പറയുന്നതു മൂർദ്ധസ്ഥിതയായ ഗംഗയെ ധ്വനിപ്പിച്ചാകുന്നു.

"പ്രണയകുപിതാം ദൃഷ്ട്വാ ദേവീം സസംഭ്രമവിസ്മിത-
സ്ത്രിഭുവനഗുരുർഭീത്യാ സദ്യഃ പ്രണാമപരോഭവൽ

നമിതശിരസോഗംഗാലോകേതഥാ ചരണാഹതാ-
വവതുഭവതസ്ത്ര്യക്ഷസ്യൈതദ്വിലക്ഷമവസ്ഥിതം"

എന്ന ശ്ലോകത്തിലെ ആശയം കുറെക്കൂടി ഭംഗിയായി വാര്യർ പ്രയോഗിച്ചിരിക്കുന്നതായിക്കാണുന്നു. ഇങ്ങനെ അവുട്ടുവെടിയിൽനിന്നു നിലാസ്ഫുലിംഗകൾപോലെ ധ്വനികൾ വിനിർഗ്ഗമിപ്പിക്കുന്നതിനു കവിക്കുള്ള പാടവം പലയിടത്തും സഹൃദയന്മാർക്ക് അനുഭവവേദ്യമായിരിക്കും.

ഈ കവിയുടെ സുശ്ലിഷ്ടമസൃണമായ പദഘടനാവാസന ഒന്നു പ്രത്യേകം തന്നെയാണ്.

"ജയജനനി ജഗദഭയശരണാഹരണേക്ഷണേ
ജംഗമാജംഗമ ബ്രഹ്മവിദ്യാമയി!
ജയജനനി! ശിവകമനി ജയ ഭഗവതി! ശിവേ!
ജന്തുസന്താന സന്തോഷ ചിന്താമണേ
തവ ഭവതു പരമശിവനിനിമുഴവനിഷ്ടദൻ
താരകബ്രഹ്മശരച്ചന്ദ്രചന്ദ്രികേ!
* * *
ശരണമിഹ തവചരണയുഗളമിതു മാദൃശാം
ശങ്കരാലങ്കാരശൃംഗാരശൃംഖലേ!"

ഇത്യാദി ഭാഗങ്ങൾ അതിലേയ്ക്കു ഉദാഹരണങ്ങളായി ഉദ്ധരിക്കാവുന്നതാകുന്നു. ഇപ്രകാരമുള്ള പദബന്ധസൌന്ദര്യംകൊണ്ടു വാര്യരുടെ കൃതികൾക്കുള്ള സംഗീതയോഗ്യത സവിശേഷപ്രശംസയെ അർഹിയ്ക്കുന്നു. നളചരിതത്തിലെ പദങ്ങളെപ്പോലെ സംഗീതത്തിനു വശംവദങ്ങളായ പദങ്ങൾ മററു ആട്ടക്കഥകളിൽ കാണുകയില്ല. "അലസതാവിലസിതം," "കരണീയം" "പ്രിയമാനസ" "കുണ്ഡിനനായക" ഇത്യാദികളിൽ ആരംഭിക്കുന്നവ കേരളീയരുടെ ഗാനകലാകലാപങ്ങളായി സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിട്ടുള്ളവയാകുന്നു.

ഉണ്ണായിവാര്യരെപ്പററിയുള്ള ഈ വിചാരം ഇനി ഉപസംഹരിക്കാതെ തരമില്ല. ചുരുക്കം പറഞ്ഞാൽ,

"വിരളാൽ കവയഃ കവയഃ
കേവലകവയസ്തു കേവലം കപയഃ"

എന്ന മതത്തെ ആദരപൂർവ്വം അനുഷ്ഠിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ ഉണ്ണായി അഗ്രഗണ്യനാകുന്നു. പലകവികളുടേയും കൃതികൾ വായിച്ചു രസിക്കാനുള്ളവയാണ്. പക്ഷേ വാര്യരുടെ കൃതികൾ പഠിച്ചു രസിക്കേണ്ടവയാണ്. അതുകൊണ്ടു ടിപ്പണികളുടേയും, വിവരണികകളുടേയും സാഹായ്യമില്ലാതെ സാധാരണന്മാർക്കു സമഗ്രമായി വാര്യരുടെസാഹിത്യസരണിയിൽ സഞ്ചരിക്കുവാൻ സാധിക്കയില്ലതന്നെ. അങ്ങനെയുള്ള കരാവലംബം മഹാന്മാരായ കാളേജുപണ്ഡിതന്മാരിൽ നിന്നു പ്രതിക്ഷിച്ചുകൊള്ളട്ടെയോ?

ശ്രീമാൻ പരമേശ്വരയ്യരുടെ പരിശ്രമംകൊണ്ടു പുനരുദ്ധാരണം ചെയ്യപ്പെട്ട ഗിരിജാകല്യാണമെന്ന പ്രബന്ധതല്ലജത്തിനു സമുചിതമായി അഭിവാദനംചെയ്യാൻ നോക്കിനോക്കിയിരിക്കെ കാര്യാന്തരാന്തരായങ്ങളാൽ പ്രതിബദ്ധപദ്ധതിയായ എന്നെ ഈ പാഠശാലയിലെ വിദ്യാർത്ഥികൾ തരളീകരിച്ചു വിശ്രമാവസരത്തെ ലോപിപ്പിച്ചു ഇത്രമാത്രം പറയുവാൻ സന്ദർഭം സമ്പാദിച്ചുതന്നതു വിചാരിച്ചു ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഇതിൽഎന്തെല്ലാം വൈകല്യങ്ങൾ ഉണ്ടെന്നു രൂപമില്ല. ഏതെങ്കിലും പ്രസ്തുത കവിയുടെ കൃതികളെക്കുറിച്ച് ഒരു വിമർശമാർഗ്ഗം തുറക്കുന്നതിന് ഈ പ്രയത്നം പ്രയോജനപ്പെട്ടുമെങ്കിൽ ഈ സായാഹ്നസമയവ്യയം വ്യർത്ഥമായിട്ടില്ലെന്നു വിശ്വസിച്ചുകൊള്ളുന്നു.

—o—

# ശ്രീനീലകണ്ഠതീർത്ഥപാദസ്വാമിയുടെ ജീവചരിത്രം.

---

(പ്രസ്താവന)

ജയതി യതിനതഃ ശ്രീനീലകണ്ഠഃ സ്വമൂർദ്ധോ-
ല്ലസിതശിശുകലേശസ്വച്ഛപാദപ്രസാദഃ
ത്രിഗുണപടലഹീനസ്സ്വീകൃതാഷ്ടാംഗയോഗ-
ശ്ചിദമൃതരസസാരം സുഷ്ഠു സാസ്വാദ്യതേ യഃ

ഈ പ്രബന്ധത്തിൽ വർണ്ണിതനായ മഹാനുഭാവനെക്കുറിച്ച് ഇതു വായിച്ചതിന്നോടുകൂടിപ്പെരുകിയ വികാരപൂരത്തിനെ മേൽപ്രകാരം ശ്ലോകരൂപമായ ഒരു പരിവാഹംകൊണ്ടു ക്രമപ്പെടുത്തി ഉപക്രമിക്കേണ്ടിയിരിക്കുന്നു. ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികളുടെ അഭിമുഖദർശനം ഇതേവരെ എനിക്കു ലഭിച്ചിട്ടില്ല. കരുണാശീതളസ്വാന്തനും എന്നെക്കുറിച്ചു സവിശേഷം വത്സലനും യോഗവേദാന്തകുഞ്ജകുഞ്ജരനും ആയ കുഞ്ഞൻചട്ടമ്പിസ്വാമികൾ, ശിഷ്യരത്നമായ കഥാനായകനെപ്പററി ഒന്നു രണ്ടു തവണ സംഭാഷണമദ്ധ്യേ എന്നോടു സംസാരിച്ചിട്ടുള്ളതായി ഇപ്പോളോർക്കുന്നു. കൂടാതെ, പ്രസ്തുത സ്വാമികൾ സ്വകൃതികളായസ്വാരാജ്യസർവ്വസ്വപ്രഭൃതികൾ സദയം എനിക്ക് അയച്ചുതരികയും അവ വായിച്ചുനോക്കിയതിൽ സമഷ്ടിയായി തോന്നിയ ആശയം ഞാൻ അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങളുടെ പരിചയപദവി ഇവിടെ അവസാനിക്കുന്നു.

ഇങ്ങനെ ഇരിക്കെ ഈ ഗ്രന്ഥത്തിൻെറ രചയിതാക്കളും ഞാനുമായി കഴിഞ്ഞകൊല്ലം എഴുത്തുകുത്തുകൾ തുട

ങ്ങി. ഗ്രീഷ്മവേള സംബന്ധിച്ച് കച്ചേരിഒഴിവിന് ഇവർ രണ്ടാളും ഈ പ്രബന്ധഭാണ്ഡവുമായി ജന്മദേശത്ത് എന്റെ ഗൃഹത്തിൽ വന്ന് എന്നെ വളഞ്ഞു. അപക്രമം അസാദ്ധ്യമായിരുന്നു. ഈ ഗ്രന്ഥം മുഴുവനും ഞാനൊന്നു പരിവൃത്തിയെങ്കിലും വായിച്ചുനോക്കുകയും അനന്തരം അഭിപ്രായപ്രകാശനപൂർവ്വം ഒരു അവതരണിക എഴുതിക്കൊടുക്കയും ചെയ്യേതീരൂ എന്നവർ ആവശ്യപ്പെട്ടു. എനിക്കു വളരെ പരുങ്ങൽ തോന്നി. ലോകവ്യവഹാരംതന്നെ ഒരു മഹാനാടകം; കോടതിവ്യവഹാരം അതിലൊരന്തർന്നാടകം. ടി അന്തർന്നാടകവിഷയമായി അവശ്യം വേണ്ടിവന്ന നിഷ്ഠയാൽ പ്രിയതരമായ സാഹിത്യാസ്വാദനത്തെക്കൂടി അധരീകരിച്ചിരിക്കുന്ന ഞാൻ അതിവർണ്ണാശ്രമനായി ജീവന്മുക്തനായിരിക്കുന്ന ഒരപരിചിതപ്രായന്റെ ജീവചരിത്രം പരിശോധിക്കണമെന്നു കേട്ടപ്പോൾ ഗ്രന്ഥകാരന്മാരുടെ ഔചിത്യവൈചിത്ര്യം വളരെ പ്രകാശിച്ചു. എങ്കിലും ആതിഥ്യമര്യാദകളെ അതിവർത്തിക്കുന്നതിനോ ഇവരുടെ പിടിയിൽനിന്നു രക്ഷപ്പെടുവാൻ മററുപായങ്ങൾ ആലോചിക്കുന്നതിനോ തരമില്ലാതിരുന്നതുകൊണ്ട് എല്ലാത്തിനും “തഥൈവാസ്തു” എന്നു ഭാവിക്കേണ്ടിവന്നു. തർക്കഢക്കാധാനികളും സൂത്രശംഖഘോഷങ്ങളും കാഷായവൈജയന്തികളും മററു സാമഗ്രികളും ചേർത്ത് ഒരു വേദാന്തിസൈന്യം സ്ഥാപിക്കുന്നപക്ഷം അതിൽ സേനാജഘന്യസ്ഥാനംകൂടി എനിക്കു കിട്ടുമെന്നു തോന്നുന്നില്ല. ശാസ്ത്രംകൊണ്ടു നോക്കുന്നപക്ഷം എനിക്ക് അസാരം പ്രതിപത്തിയുള്ള വ്യാകരണം ഇവിടെ മിക്കവാറും അജാഗളസ്തനംതന്നെ. വെറും വൈയാകരണന്മാർക്കു സാക്ഷാൽ ശങ്കരാചാര്യസ്വാമികൾ “നഹി നഹി രക്ഷതി ഡുകൃഞ് കരണേ” എന്നു സ്പഷ്ടമായി നോട്ടീസുകൊടുത്തിട്ടുണ്ടല്ലോ. ഇതിനെല്ലാംപുറമേ, ഈ ഗ്രന്ഥം വായിക്കുന്നതിനു വേണ്ട സമയവും സൗകര്യവും എങ്ങനെ സമ്പാദിക്കേണ്ടു എന്ന കുണ്ഠിതവും കുറെ ഉണ്ടായി. ആക

പ്പാടെ ഈ പ്രബന്ധം വാങ്ങി കുറെ നാൾ വെറുതെ വെച്ചുകൊണ്ടിരുന്നാൽ "ക്രിയാകേവലമുത്തരം" അഥവാ "അക്രിയാ കേവലമുത്തരം" എന്നു കണ്ടു യുക്തിപടുക്കളായ ഗ്രന്ഥകാരന്മാർ ഗ്രന്ഥം തിരിച്ചു കിട്ടിയാൽ മാത്രം മതി എന്നു പറഞ്ഞു ഞെരുക്കുമ്പോൾ യഥാസ്ഥിതിയിൽ മടക്കി ഏല്പിച്ചു മംഗളമായി ഈ ഏർപ്പാടു തീർക്കാമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷെ പ്രതീക്ഷകൾ ഒന്നും ലക്ഷ്യത്തിൽ പതിക്കയും ഫലിക്കയും ചെയ്തില്ല. ഗ്രന്ഥം ഞാൻ കയ്യേററു കുറേ കഴിഞ്ഞപ്പോൾ തുടങ്ങി അതിന്റെ പ്രണേതാക്കൾ പ്രണയമസൃണങ്ങളായ ലേഖനപരമ്പരകളെക്കൊണ്ട് ഹാർദ്ദമായ മർദ്ദനം ചുമത്തി അവരുടെ അഭിലാഷത്തിന് എന്നെ വശംവദനാക്കി. ക്രമേണ വർദ്ധമാനമായ സന്തോഷത്തോടുകൂടി ഇതു മുഴുവൻ വായിച്ചുനോക്കി. എനിക്കു കഥാനായകനെപ്പററി അസാധാരണമായ ആദരവും സാന്ദ്രമായ സന്തോഷവും ഹൃദയത്തിൽ ഉദിച്ചതുകൊണ്ടു് ആ വക വികാരങ്ങളെ ഗുളികയാക്കി മംഗളാചരണം കലത്തി നിർമ്മിച്ചതാകുന്നു ആദ്യമുപനിബന്ധനം ചെയ്ത ശ്ലോകം.

സ്വാമികളെപ്പററി എനിക്കുള്ള അറിവു മിക്കവാറും ഈ ഗ്രന്ഥത്തിൽനിന്നു സമ്പാദിതമാകയാൽ പ്രസ്തുത വികാരങ്ങളുടെ ഉൽഗമം ഭദ്രമായ ആധാരത്തിനെ ആശ്രയിച്ചാണോ എന്നൊരു ചോദ്യത്തിനിവിടെ അവകാശമുണ്ടു്. ഗുരുവിന്റെ ചരിതം രചിച്ചിരിക്കുന്നതു ശിഷ്യന്മാരാണ്. ഗുരുശിഷ്യബന്ധം, വിശിഷ്യ ഭാരതീയരുടെ ഇടയ്ക്കു് പിതാപുത്രന്മാരുടെ ബന്ധത്തെക്കാൾ ഒരു പക്ഷേ തുലോം അടുപ്പമുള്ളതാണ്. അവരുടെ ബന്ധദാർഢ്യംകൊണ്ടു് ഗുരുശിഷ്യന്മാർ തമ്മിൽ വ്യവഹാരത്തിന് അവകാശമില്ലെന്നു സ്മൃതിവ്യാഖ്യാതാക്കൾ പറയുന്നു.

"സ്മൃത്യാചാരവ്യപേതേന
മാർഗ്ഗേണാധർഷിതഃ പരൈഃ"

എന്നു തുടങ്ങുന്ന യാജ്ഞവൽക്യശ്ലോകവ്യാഖ്യാനം നോക്കുക. ഗുരുനിന്ദ ശിഷ്യൻ ചെയ്യക്കൂടാത്തതാകുന്നു. ആ നിലയിൽ ഈ കൃതിയിൽ പ്രതിപാദിതൻെറ ദോഷഭാഗം വല്ലതുമുണ്ടെങ്കിൽ അതിനെക്കുറിച്ചു പ്രബന്ധകാരന്മാർ കേവലം വാചംയമന്മാരായല്ലാതിരിക്കുമോ എന്നാണ് ഉത്ഭാവ്യമായ ശങ്ക. ഈ ശങ്കയേ നിരസിക്കുന്നതിനുമുമ്പായി പ്രസ്തുത ശിഷ്യന്മാരുടെ നിലയെക്കൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. സ്വാമികളെപ്പററി ചരിത്രകാരന്മാരായ ശിഷ്യന്മാരുടെ ഭക്തി സർവ്വോപരി സ്പഷ്ടമാകുന്നുണ്ട്. ഇതിലെ ഓരോ വരിയും ഗുരുഭക്തി നിഃശ്വാസരസംകൊണ്ടു സാർദ്രമായിരിക്കുന്നു. ആധിക്യംകൊണ്ട് അത്ര ചിലടത്ത് അശാന്തമായി ചമഞ്ഞു കർക്കശമായ കശാപ്രയോഗത്തിനു കൂടി ശിഷ്യന്മാർ സന്നദ്ധരായി നിൽക്കുന്നതുപോലെതോന്നുന്നു. കാരാടൻ എന്നും ബ്രഹ്മാനന്ദൻ എന്നും സംജ്ഞിതനായ ഒരു പ്രതിയോഗിയോഗിയോട്ട് ഇവർ കയർത്തിരിക്കുന്ന ഭാഗം ഇതിനൊരു നല്ല ദൃഷ്ടാന്തമാണ്. കാരാടൻെറ നാഡികൾ തളരത്തക്കവണ്ണം വാഗ്ഘട്ടനം കഴിച്ചതും ഇനിയും കഴിക്കാൻ നിശ്ചയിച്ചിരിക്കുന്നതും ഒന്നുകൊണ്ടും മതിയാകാതെ "കാരാട" നാമധേയം പോലും ഗുണമല്ലെന്നു കാണിക്കുവാൻ നാണുവാശാൻെറ വക "വെള്ളാട" നല്ലെന്നുള്ള വിപരീത വർണ്ണനം കൂടി ഇവർ ഉദ്ധരിച്ചിരിക്കുന്നു. നാണുആശാൻെറ ഗുരുനിർണ്ണയത്തിൽ കുമാരനാശാനു വന്നുപോയതായി പറയുന്ന ദുരഭിമാനത്തെക്കുറിച്ച് ഇവർ മുറുമുറുക്കുന്നതു വേറെ ഒരു ദൃഷ്ടാന്തം. എന്നുവേണ്ട, സ്വാമികളുടെ പുസ്തകങ്ങൾ അച്ചടിക്കാൻ കൂടുകില്ലെന്നു പറഞ്ഞ അച്ചുക്കൂടക്കാർ, സ്വാമികൃതികൾ അഭിപ്രായത്തിന് അയച്ചുകൊടുത്തിട്ട് മൌനം ദീക്ഷിച്ചിരുന്നിട്ടുള്ളവർ, ഇങ്ങനെയുള്ളവരുടെ നേരേകൂടി ഈ ശിഷ്യാഗ്രേസരന്മാർ ഉഗ്രംപശ്യന്മാരായി കാണപ്പെടുന്നു.

ഇണയെപ്പിടിക്കുവാൻ കൂട്ടിൽ കാട്ടാളൻ കൈകുട

ത്തിയാൽ പരമശാന്തയായ കപോതിക്കൂടി ആക്രമിക്കുന്ന കൈക്കിട്ടു കൊത്തുന്നതിൽ പ്രദൎശിപ്പിക്കുന്ന ലളിതശൌൎയ്യംപോലെ ഗുരുവിനെക്കുറിച്ചു് അനാദരഛ്ഛായയോലും അസഹിഷ്ണുക്കളായ ഈ ശിഷ്യന്മാരെ ബാധിച്ച ഭക്തി കോപക്രമം ഒരു സങ്കരജാതി വികാരമാകുന്നു.

ഇപ്രകാരം കനത്ത ഗുരുപക്ഷപാതം നൈസൎഗ്ഗികമായ ഗുണപക്ഷപാതംകൊണ്ടല്ലാതെ ഉണ്ടാകുന്നതല്ല. ഗുണത്തെക്കാൾ ദോഷം ഗുരുവിൽ കലൎന്നിരുന്നുവെങ്കിൽ ഇവരെ ഇത്ര കലശലായി ഗുരുവിലേക്കു ആകൎഷിക്കുന്നതു് എന്തെന്നു മനസ്സിലാകുന്നില്ല. സാമാന്യം വിദ്യാസമ്പന്നന്മാരായ ഈ ഗ്രന്ഥകാരന്മാൎക്കു് അന്യദേശീയനായ ഒരാളിന്റെ ദോഷങ്ങളെ നിഗ്രഹനംചെയ്യുന്നതിനാൽ എന്തു സാധിക്കേണ്ടതായുണ്ടു്. പിന്നെയും, ഈ പ്രബന്ധത്തിൽ പ്രകാശിക്കുന്ന നായകഗുണപ്രചുരിമ വിചാരിക്കുമ്പോൾ അതിനോടു് ഏകാധിഷ്ഠാനമായി ദോഷത്തിനു സ്ഥിതി അലഭ്യമാകുന്നു. സതതസാഹചൎയ്യംകൊണ്ടു ഗുരുവിനെപ്പററി ശിഷ്യനുണ്ടാകുന്ന സൂക്ഷ്മജ്ഞാനം അന്യനുണ്ടാകുന്നതല്ല. ആകയാൽ ഈ ഗ്രന്ഥനിൎമ്മിതിക്കധികാരികൾ സൎവഥാ പ്രസ്തുതന്മാർ തന്നെയെന്നും അവരാൽ പ്രതിപാദിതമായ സംഗതികൾ ഭദ്രമായി ഗണനീയങ്ങളാണെന്നും സിദ്ധിക്കുന്നു.

അടിസ്ഥാനമാക്ഷേപരഹിതമെന്നു പരീക്ഷയിൽ സ്പഷ്ടമായിരിക്കെ അതിൽ പ്രതിഷ്ഠിതനായ നായകനെക്കുറിച്ചു നമ്മുടെ ദൃഷ്ടി പ്രസരിപ്പിക്കേണ്ടിയിരിക്കുന്നു. ഇതു് ഒരു ജീവന്മുക്തന്റെ ജീവഭാഗചരിത്രമാണെന്നു ഗ്രന്ഥകാരന്മാർ പ്രസ്താവിക്കയും അഭിമാനിക്കയും ചെയ്യുന്നു. എന്നാൽ ഇതുകൊണ്ടുള്ള പ്രയോജനം എന്തു് എന്നൊരു ശങ്ക ഇവിടെ അങ്കുരിച്ചേക്കാവുന്നതാണു്. സംസാരത്തിൽനിന്നു നിവൎത്തിച്ചിരിക്കുന്ന സച്ചിദാനന്ദാനുഭൂതിമാത്രപരായണന്മാരെക്കൊണ്ടു കേവലം ലൌകികന്മാൎക്കെന്തുകാൎയ്യം

എന്നാണു വിചാരിക്കേണ്ടിവരുന്നതു്. സംസാരരൂപമായ സംകുലയുദ്ധത്തിൽ നിന്നു് ഒരാൾ പിൻവലിഞ്ഞാൽ അത്രയും മററുള്ളവക്കു് ആശ്വാസമുണ്ടല്ലോ എന്നു ജ്ഞാനികളെക്കുറിച്ചു ശ്ലാഘിക്കുന്നതായാൽ അവിടെ ആത്മഹത്യചെയ്യുന്നവനും അവകാശിയാണെന്നു വരും. അങ്ങനെ ഒരു കോണമാശ്രയിച്ചല്ല നിരൂപണം കരണീയമായിരിക്കുന്നതു്. ആസ്തംബമനുഷ്യപര്യന്തമുള്ള സൃഷ്ടിമണ്ഡലം നമുക്കു് അനുഭവഗോചരമാകുന്ന സൃഷ്ടിമാലയിൽ മനുഷ്യൻ നടുനായകം തന്നെ. ശൈശവയൌവനവാർദ്ധക്യാദി ദശാവിശേഷങ്ങളും ജാഗ്രൽസ്വപ്നസുഷുപ്തിരൂപമായ അവസ്ഥാത്രയവും ആഹാരവിഹാരാദ്യാശ്രയവും മററും സാധാരണസ്ഥിതിയിൽ മനുഷ്യനു അവർജ്ജ്യമായും കാണുന്നു. ഈ ക്ഷണത്തിലെ സ്ഥിതി ഉത്തരക്ഷണത്തിൽ ഭിന്നമാകുന്നു. പലവിധത്തിലുള്ള സന്താപങ്ങളും മനുഷ്യരെ ബാധിക്കുന്നു. "ഏതസ്മാൽ കിമിഹേന്ദ്രജാലമപരം" എന്നു മനുഷ്യശരീരോല്പത്തിയും സ്ഥിതികളും പ്രവൃത്തികളും കണ്ടു ഒരു ആചാര്യർ ഉൽഘോഷിക്കുന്നു. ഇതരസൃഷ്ടികളെ അപേക്ഷിച്ചു മനുഷ്യക്കുള്ള മാഹാത്മ്യം വ്യക്തമാകയാൽ കേവലം ജന്തുധർമ്മങ്ങളെ അതിവർത്തിച്ചുള്ള പ്രവൃത്തികൾ മനുഷ്യക്കുണ്ടായിരിക്കേണ്ടതാകുന്നു. അങ്ങനെ നോക്കുമ്പോൾ ഈ പ്രപഞ്ചത്തേയും അതിൽ മനുഷ്യരുടെ ബന്ധത്തേയും താപബാധകൾ ഒരു കാലത്തും ഉണ്ടാകാതിരിക്കുന്നതിനു വേണ്ട ഉപായസമ്പാദനത്തേയും മററും പററി നാം ആലോചിക്കേണ്ടതായി വരുന്നു. പാരമാർത്ഥികമായ ജ്ഞാനം ഇതിനു് അവശ്യം വേണ്ടതാകുന്നു. തത്വജ്ഞാനസാധകൾ എല്ലാം ഇതിന്റെ സിദ്ധിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

"ദുഃഖത്രയാഭിഘാതാ-
ജ്ജിജ്ഞാസാ തദപഘാതകേ ഹേതൌ"

എന്ന സാംഖ്യകാരികാശ്ലോകം നോക്കുക. വാതപിത്തകഫങ്ങളുടെ വൈഷമ്യംകൊണ്ടു കായികമായും കാമക്രോധമോ

ഹഭയവിഷാദാദി വികാരംകൊണ്ടു മാനസികമായും നേരി
ടുന്ന ആദ്ധ്യാത്മികതാപങ്ങളും മനുഷ്യമൃഗപക്ഷിസർപ്പാദി
മൂലമുണ്ടാകുന്ന ആധിഭൌതികതാപങ്ങളും യക്ഷരാക്ഷസ
ഗ്രഹാദി നിമിത്തമായ ആധിദൈവതതാപങ്ങളും മനുഷ്യ
നെ പീഡിപ്പിക്കുന്ന സ്ഥിതിക്കു് അവയുടെ നിവൃത്തിഹേതു
അറിയാനുള്ള ഇച്ഛ അവശ്യം വേണ്ടതായിരിക്കുന്നു. വാസ്ത
വജ്ഞാനമാർഗ്ഗേണ ദുഃഖശമനവും ശാശ്വതാനന്ദവും പ്രാ
പിക്കുന്ന കൌശലം ലഭിക്കുവാൻ ഉപദേശിക്കുന്ന ശാസ്ത്ര
മാകുന്നു വേദാന്തം. "പ്രജ്ഞാനേത്രോ ലോകഃ, പ്രജ്ഞാപ്ര
തിഷ്ഠാ; പ്രജ്ഞാനം ബ്രഹ്മ" എന്നു് ഐതരേയോപനിഷ
ത്തും "ആത്മാ വാ അരെ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ
നിദിദ്ധ്യാസിതവ്യഃ" എന്നു ബൃഹദാരണ്യകോപനിഷത്തും
"സഖല്വേവം വർത്തയൻ യാവദായുഷം ബ്രഹ്മലോകമഭിസ
മ്പദ്യതേ; നച പുനരാവർത്തതേ നച പുനരാവർത്തതേ"
എന്നു ഛാന്ദോഗ്യോപനിഷത്തും പറയുന്നതു സവിശേഷം
ശ്രദ്ധാർഹമാകുന്നു. വേദാന്തം വിശദീകരിക്കുന്ന പദവി പര
മാനന്ദമയമായ സന്നിവേശത്തിലേക്കു നമ്മെ നയിക്കുന്നു.
ആ സ്ഥാനം പലൎക്കും ദുഷ്പ്രാപമായി തോന്നുമായിരിക്കും;
എന്നിരുന്നാലും പ്രപഞ്ചപഞ്ജരത്തിൽ മനുഷ്യൻെറ സ്ഥി
തിക്കു ചുരുങ്ങിയ പക്ഷം ഒരു വ്യാഖ്യാനമെങ്കിലും വേദാന്ത
ത്തിൽനിന്നു സന്ധാനംചെയ്യാമെന്നുള്ള അഭിമാനം ഒരിക്ക
ലും അസ്ഥാനത്തിലാകയില്ല.

ഭാരതവർഷത്തിൽ വേദാന്തത്തിനുള്ള മഹിമ അവർണ്ണ
നീയമാകുന്നു. ഷാജഹാൻ ചക്രവർത്തിയുടെ പുത്രനും ജഗ
ന്നാഥപണ്ഡിതൎക്കു പ്രിയങ്കരനും ആയിരുന്ന "ദാരാശാഹ"
രാജകുമാരൻ ഏതാനും ഉപനിഷത്തുകളെ പെർഷ്യൻഭാഷ
യിലേക്കു ഭാഷപ്പെടുത്തുകയും "ആൻക്വീററൽ ഡൂപ്പെറാ
ൻ" എന്ന ഫ്രഞ്ചുപണ്ഡിതൻ അതു ലത്തീൻഭാഷയിലാ
ക്കയും ചെയ്ത വഴിയാണത്രെ യൂറോപ്പുഖണ്ഡത്തിൽ വേദാ
ന്തത്തിനു ആദ്യമായി പ്രവേശം ലഭിച്ചതു്. "ഷോപ്പൻ

ഹാർ" എന്ന പ്രസിദ്ധ ജൎമ്മൻതത്വജ്ഞാനിയുടെ ആശ യം മിക്കവാറും മേൽപ്പടി ലത്തിൻതൎജ്ജമയാകുന്ന മൂശയിൽ വാൎത്തിട്ടുള്ളതായി കാണുന്നു. അതിനുശേഷം ഇദാനീന്തനനായ പാൾഡ്യൂസൻ പൎയ്യന്തം വേദാന്തശ്ലാഘികളായി വളരെ പാശ്ചാത്യപണ്ഡിതന്മാരുണ്ടായിട്ടുണ്ടെന്നുള്ള സംഗതിയും പ്രസ്താവയോഗ്യമാകുന്നു.

ഇപ്രകാരം സാൎവലൌകിക പ്രശസ്തിപാത്രമായ വേദാന്തത്തിലും അതിലേക്കു അധിരോഹണത്തിനു വളരെ ഉപയോഗമുള്ള യോഗത്തിലും ഗാഢമായ പാണ്ഡിത്യവും സ്വാനുഭൂതിയും സമ്പാദിച്ചിരിക്കുന്നതായി പറയുന്ന പ്രസ്തുത സ്വാമികളെക്കുറിച്ച് ആൎക്കുതന്നെ ആദരവുണ്ടാകയില്ല? ഇവിടെ വിപ്രതിപത്തി വല്ലവൎക്കുമുണ്ടെങ്കിൽ വിസ്മയത്തിനവകാശമില്ല. ജഗദ്ഗുരു ശ്രീശങ്കരാചാൎയ്യർ സ്വജനക്ലിശിതനായി വിദേശഗമനം ചെയ്തതും കരികാലചോളന്റെ അവതാളങ്ങൾ ഭയന്നു രാമാനുജാചാൎയ്യൻ പലായനം ചെയ്തതും തത്വചിന്തയെന്ന പന്ഥാവിലും ശാന്തത ലോകർ സമ്മതിക്കയില്ലെന്നുള്ളതിനുള്ള അനേകം ഉദാഹരണങ്ങളിൽ ഉൾപ്പെട്ടതാകുന്നു. അതുകൊണ്ട് ആ ഭാഗം ഗൌനിക്കത്തക്കതല്ല. ഇങ്ങനെയുള്ള മഹാന്മാരുടെ സ്ഥിതി മുഴുവനും മററുള്ളവൎക്കു കരസ്ഥമാകുമെന്നുള്ള മോഹമല്ല ഇവിടെ പ്രശംസയ്ക്കു ഹേതു. ചുരുങ്ങിയപക്ഷം ലോകരുടെ ചൎയ്യാമൎയ്യാദകളെ ക്രമപ്പെടുത്തുന്നതിനും അഭിവൃദ്ധമാക്കുന്നതിനും സന്മാൎഗ്ഗനിഷ്ഠയെ സ്ഥേഷ്ഠമാക്കുന്നതിനും മഹാനുഭാവന്മാരുടെ സന്നിധാനശക്തി പ്രയോജനകരമാണല്ലോ. പൂൎണ്ണചന്ദ്രന്റെ അന്തരാത്മാവിലുള്ള അനുഭവരസമെങ്ങനെയെല്ലാമെന്നു നമുക്കു നിശ്ചയമില്ല. പക്ഷെ, പ്രസന്നമായ ജ്യോൽസ്നാപ്രസരം ലോകത്തെ എങ്ങനെ അഭിസ്പൎശിക്കുന്നു എന്നു നിൎണ്ണയിക്കുവാൻ തീരെ പ്രയാസവുമില്ല. ജ്ഞാനികളുടെ കാൎയ്യവും ഏതാണ്ടൊക്കെ ഇങ്ങനെയാകുന്നു.

മേൽപറഞ്ഞതിൽ നിന്നു്, നീലകണ്ഠതീർത്ഥപാദർ ലോകരംഗം വെടിഞ്ഞു വേദാന്തസുരംഗവഴി മോക്ഷഭംഗി മാത്രം നോക്കി രസിച്ചിരിക്കയാണെന്നു് അർത്ഥമാകയില്ല ല്ലൊ. സംസ്കൃതഭാഷയിൽ അഗാധമായ വിജ്ഞാനവും വ്യാകരണാദിശാസ്ത്രങ്ങളിൽ ദൃഢമായ വൈദുഷ്യവും സാഹിത്യവിഷയത്തിൽ സമൃദ്ധമായ വാസനയും അദ്ദേഹത്തിൽ വികസിച്ചുകാണുന്നു. ഇതിലേയ്ക്കു് യൂറോപ്പു്, അമേരിക്കാ മുതലായ പാശ്ചാത്യദേശങ്ങളിലും ഭാരതവൎഷത്തിലുമുള്ള അനേക വിദ്വന്മണികൾ അദ്ദേഹത്തിന്റെ സംസ്കൃതകൃതികൾ വായിച്ചുനോക്കിയിട്ടു അയച്ചുകൊടുത്തിട്ടുള്ള പ്രശംസാപത്രങ്ങളെക്കാൾ വിശദമായ തെളിവു് ആരുമാവശ്യപ്പെടുമെന്നു തോന്നുന്നില്ല. ഉദരംഭരിത്വപരമായ മുദ്രയാണു് വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ഭൂഷണമെന്നുള്ള തത്വം ഘോഷിക്കപ്പെടുന്ന ഇക്കാലത്തു കേവലം മനോബുദ്ധിവികാസമാത്രഫലങ്ങളായ വിദ്യാവിഷയങ്ങളിൽ ജനങ്ങൾ അലസന്മാരായിരിക്കാനേ തരമുള്ളു. നവീനസിദ്ധാന്തങ്ങൾ കൂലങ്കഷമായി വ്യാപിച്ചുതുടങ്ങിയതോടുകൂടി ഹിന്ദുക്കളുടെ ഇടയിൽ പൂൎവ്വരീതിയിലുണ്ടായിരുന്ന വിദ്യായത്നം വളരെ ലോപിച്ചുപോയിരിക്കുന്നു. ഉദരനിരപേക്ഷമായ വിദ്യാശാഖകൾ പരക്കെ ആസ്വാദ്യമായല്ലാ കാണുന്നതു്. അഥവാ അങ്ങനെയുള്ള വിഷയങ്ങളിൽ വല്ലവരും പ്രവേശിക്കുന്നതായാൽ അവർ പ്രായേണ പുറമെ ഗിൽട്ടിട്ട മോടിതേടുവാനല്ലാതെ മാംസളമായ വൈദുഷ്യം സമ്പാദിക്കുവാൻ ശ്രമം ചെയ്യുന്നതായിപ്പറയുവാനില്ല. ഈ സ്ഥിതിയിൽ ശ്രേഷ്ഠമായ ശാസ്ത്രനിഷ്ഠയും സാഹിത്യനൈപുണ്യവും സമ്പാദിച്ചിട്ടുള്ള നമ്മുടെ സ്വാമികൾ സവിശേഷം പ്രശംസാപാത്രമാകുന്നു.

സ്വാമികളുടെ സംസ്കൃതകൃതികളേയും മററും പററി എന്റെ അഭിപ്രായം ഒന്നു രണ്ടടിക്കിൽ ഉദ്ധരിച്ചിട്ടുള്ളതായി കണ്ടു. ആ അഭിപ്രായം ഈ കൃതി വായിച്ചുനോക്കിയ

ശേഷം, യാർത്ഥ്യത്തെ വളരെ കൃശമായി മാത്രമെ പ്രകാശിപ്പിച്ചിട്ടുള്ളു എന്നു തോന്നി. ആദ്യമാദ്യമുള്ള കൃതികളിലെ പ്രയോഗകാഠിന്യജന്യമായ വൈഷമ്യം പിന്നീടുള്ള കൃതികളിൽ ക്രമേണ കുറഞ്ഞു്, അവ ലാളിത്യസൗന്ദര്യരംഗങ്ങളായി പരിണമിച്ചിരിക്കുന്നുവെന്നു ഗ്രന്ഥകാരന്മാർ പറയുന്നു. ഇവിടെ ഉത്തരകൃതികളെപ്പററി പ്രശംസ സ്പഷ്ടമായിരിക്കുന്നതുപോലെ പൂർവ്വകൃതികളിൽ അസാരം പാകപ്പിഴയുണ്ടെന്നുള്ള ധ്വനി അസ്പഷ്ടമായി സ്ഫുടിക്കുന്നു. ടി പ്രാരംഭകൃതികളെപ്പററി അതുകൊണ്ടു് ഒന്നു രണ്ടു വാക്കു പറയേണ്ടതായിട്ടുണ്ടു്. ആദ്യഗർഭവിഷയകമായ പ്രസവവേദന അത്രതന്നെ ഊർജ്ജിതമായി പിന്നീടുള്ള ഗർഭമോചനം സംബന്ധിച്ചു സ്ത്രീജനങ്ങൾക്കുണ്ടാകുന്നുണ്ടെന്നു തോന്നുന്നില്ല. അതുപോലെ കവിതയിലും ആദ്യകൃതികളുടെ നിർമ്മിതി കുറെ ശ്രമാവഹമായിരിക്കാം. പക്ഷെ പൂർവാപരക്രമമനുസരിച്ചുള്ള ശ്രമതാരതമ്യം വളരെ സാരമുള്ളതല്ല. പ്രസ്തുത സംഗതിയിൽ കൃതികളുടെ ആന്തരികമായസ്വഭാവംതന്നെ പ്രബലമായ കാരണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കവിതാസ്വാദനത്തെ രണ്ടു മൂന്നു ഘട്ടങ്ങളായി വിഭജിക്കാവുന്നതാകുന്നു. പ്രഥമഘട്ടത്തിൽ കവിവാക്യങ്ങളുടെ അർത്ഥത്തെ ഗ്രഹിക്കേണ്ടിയിരിക്കുന്നു ഇതു ബുദ്ധികൊണ്ടു നിവർത്തിക്കേണ്ടതും അവനവൻെറ അറിവിനെ അപേക്ഷിച്ചു് അർത്ഥസിദ്ധി സുകരമെന്നോ ദുഷ്കരമെന്നോ തോന്നുന്നതും ആകുന്നു. അർത്ഥഗ്രഹണവിഷയകമായ ബുദ്ധിവ്യാപാരം തന്നെ ചിലപ്പോൾ രസകരമായി തോന്നും. "ശ്വേതോ ഗച്ഛതി" എന്ന വാക്യത്തിൽ ശ്വേതൻ(=വെള്ളക്കാരൻ) പോകുന്നു എന്നും "ശ്വാ ഇതഃ ഗച്ഛതി"(=പട്ടി ഇവിടുന്നു പോകുന്നു) എന്നും രണ്ടർത്ഥം അടങ്ങിയിരിക്കുന്നു എന്നു നാം കണ്ടുപിടിക്കുമ്പോൾ ഒരു രസം നമുക്കു തോന്നുന്നതു് ഇതിനുദാഹരണം. കവിവാക്യപിണ്ഡത്തിൻെറ സത്തായ അർത്ഥം ബുദ്ധിയാൽ ഗൃഹീതമായശേഷം

ഹൃദയത്തെ അഭിമുഖീകരിച്ച് ചലിക്കയും ഹൃദയത്തെ സ്പർശിക്കയും ചെയ്യുന്നു. ഇതു് ദ്വിതീയഘട്ടം. തന്നിമിത്തം ജനിക്കുന്നതു വികാരമാകുന്നു. ആ വികാരമാകട്ടെ രസരൂപമായി അന്തരാത്മാവിന്റെ അനുഭവത്തിനു പാത്രമാകുന്നു. ഇതു തൃതീയഘട്ടം. തൃതീയഘട്ടംവരെ ചെന്നു പററണമെന്നുണ്ടെങ്കിൽ കവിവാക്യത്തിൽ സംഭരിച്ചിരിക്കുന്ന അർത്ഥത്തിന് അത്രമാത്രം ഉൽക്കർഷമുണ്ടായിരിക്കണമെന്നും ഇതിനാൽ വന്നുകൂടുന്നു. തൈലകുണ്ഡത്തിൽ "പെററോൾ" ക്ഷയിക്കുമ്പോൾ മോട്ടോർവണ്ടിയുടെ ചലനം ശമിച്ചു വഴിമേൽ ഇരുന്നുപോകുന്നതുപോലെ കവിവാക്യവും അർത്ഥക്ഷയത്തോടുകൂടി പ്രസ്തുത ഘട്ടപരമ്പരയിൽ വല്ലേടവും ചെന്നുചേർന്നു കലാശിച്ചുപോകുന്നതാകുന്നു. അർത്ഥഗ്രഹണത്തിൽ അതായതു് പ്രഥമഘട്ടത്തിൽ ഉള്ള ലഘുവായ രസത്തോടുകൂടി ചില വാക്യങ്ങൾ അസ്തംഗതമാകുന്നതും ഉണ്ടു്. "ശ്വേതോ ഗച്ഛതി" എന്ന വാക്യത്തിൽ ഹൃദയത്തെ സ്പർശിക്കുവാൻ വേണ്ട അർത്ഥത്തിന്റെ ഒരു കണികപോലുമില്ല. അർത്ഥത്തിന്റെ ഗൗരവം പ്രായേണ പ്രതിപാദ്യവിഷയത്തെ അനുസരിച്ചു നിൽക്കുന്നു. വികാരസ്ഫുരണമുണ്ടാകുവാൻ പര്യാപ്തമല്ലാത്ത വിഷയം വെച്ചുകൊണ്ടു രസം ജനിപ്പിക്കുവാൻ ശ്രമംചെയ്യുന്നതു മടലുവാളും പാളപ്പരിശയുംകൊണ്ടു യുദ്ധത്തിനു പുറപ്പെടുന്നതുപോലെ പരിഹാസകരമാവാനേ തരമുള്ളു. വിഷയകാഠിന്യമനുസരിച്ചു ചിലപ്പോൾ വർണ്ണനയ്ക്കു കാഠിന്യം വന്നു എന്നും വരാം. എല്ലാ ലോഹങ്ങളും ഒരേ ഡിഗ്രിയിൽ ഉള്ള ഊഷ്മാവുകൊണ്ടു് ഉരുകുന്നതിനു സാധിക്കയില്ലല്ലോ. അങ്ങനെ വരുമ്പോൾ അർത്ഥഗ്രഹണക്ലേശംകൊണ്ടു നിർത്തിക്കളയാമെന്നു വെയ്ക്കുന്നതു ബുദ്ധിമാന്ദ്യലക്ഷണമാകുന്നു.

മേല്പറഞ്ഞ സംഗതികൾ വിസ്മരിക്കാതെ നോക്കുമ്പോൾ സ്വാമികളുടെ കൃതികൾ അർത്ഥഗ്രഹണഘട്ടത്തിൽ

തന്നേ അല്പരസം സ്ഫുരിപ്പിച്ചു വിലയം ഗമിക്കുന്നവ എന്നു പറയാവുന്നതല്ല. എന്നാൽ ഗ്രന്ഥകാരന്മാർ പറയുന്നതുപോലെ അവയുടെ താല്പൎയ്യംഗ്രഹിക്കുന്നതിൽ സ്വല്പം ശ്രമമുണ്ടെന്നു പറയത്തക്കതുമാകുന്നു. അതിനുള്ള പ്രധാന ഹേതു വിഷയങ്ങളുടെ ഗാംഭീൎയ്യം തന്നെ ആയിരിക്കണം. കഠിനങ്ങളായ വിഷയങ്ങൾ മനോധൎമ്മമൂഷയിൽ വെച്ചു വൈദുഷ്യമയമായ ഊഷ്മാതിശയത്താൽ ദ്രവീകരിക്കയും അവ പദ്യരൂപങ്ങളായി ഘനീഭവിച്ചപ്പോൾ ഉരുകുവാൻ പ്രയോഗിച്ച വൈദുഷ്യത്തിന്റെ സാരംകൂടി ചേൎന്നു കട്ടിപിടിച്ചു പരിണമിക്കയും ചെയ്തതുപോലെ തോന്നുന്നു. അതുകൊണ്ട് അവയിൽ ലീനമായിരിക്കുന്ന രസപ്രസരം ത്യാജ്യമെന്നുവെച്ചു തള്ളിക്കളയാവുന്നതല്ല. പല ശ്ലോകങ്ങളിലും വളരെ ഭാവങ്ങളും പ്രതിബിംബങ്ങളും സമ്മിശ്രണംചെയ്തു വൈചിത്ര്യസമൃദ്ധി വരുത്തിയിരിക്കുന്നു.

“ഹൃദന്തഃ പൂൎവ്വാദ്രിം തിലകയതു ചിദ്ഭാനുരുദയൻ
സ ഭൎഗ്ഗാഖ്യം തേജോ വിദിതമിഹ യസ്മിൻ ഭഗവതി
യദംശുസ്രക്സൃഗ്ഹൃദയദരജം ധൂനയതി ത-
ത്തമസ്തസ്സാന്നിദ്ധ്യം നിരുപമകൃപം തം പ്രണുവതി”

എന്ന ശ്ലോകം നോക്കുക. ചൈതന്യത്തിന്റെ പ്രസരം അജ്ഞാനത്തെ ഉന്മൂലനം ചെയ്യുന്നു എന്നു ആകക്കൂടി അൎത്ഥം. അതിന്റെ വൎണ്ണനയിൽ ചൈതന്യം പരമശിവൻ തന്നേ എന്നുള്ള ഭാവനയാ തുടങ്ങി; ശിവനും സൂൎയ്യനും തമ്മിൽ രൂപകം ചെയ്തു്, സൂൎയ്യോദയത്തിനു വേണ്ട പൂൎവ്വാചലം അന്ധകാരനിരാസം മുതലായതു കലൎത്തി ഇടയ്ക്കു ഗായത്രീച്ഛായ ഉൾപ്പെടുത്തി ഔജ്ജ്വല്യം ജനിപ്പിച്ചിരിക്കുന്നു. പോകുന്നപോക്കിൽ വ്യാകരണത്തിന്റെ ദുൎഘടകോടികളിൽ വായനക്കാരെ ഒന്നുരണ്ടു മുട്ടിക്കാതെ വിടുകയുമില്ല. പ്രയോഗങ്ങളുടെ സാധുതാസാധുതാവിചാരം അത്ര സുകരമല്ല.

൧. "ജഗൽ സോതഃപുത്രീയസി കരുണയാ" എന്നു ശ്രീകണ്ഠാമൃതലഹരിയിലും,

൨......"വിളുപദമിതോ വർത്തിതും മാരസോതഃ" എന്നു യോഗാമൃതതരംഗിണിയിലും പ്രയോഗങ്ങളും മാരസോതഃ എന്നതിനു മാരജനക. എന്നാണു അർത്ഥമെന്നും "ഷു-പ്രസവൈശ്വര്യയോഃ" എന്ന ധാതുവിൽ തൃച്പ്രത്യയത്താൽ സോതൃശബ്ദം സിദ്ധമെന്നും ഒരു ടിപ്പണിയും കാണുന്നു. തൃജന്തം ചേർത്തു സമാസിച്ചതു "തൃജകാഭ്യാം കർത്തരി" എന്നതിനു വിരുദ്ധമല്ലേ എന്നൊരു സംശയം ആദ്യഃമ ജനിക്കും എന്നാൽ ഷഷ്ഠീസമാസനിഷേധങ്ങൾ പ്രായികങ്ങളാണെന്നു ലഘുപാണിനീയപ്രഭൃതി മതവും "ത്രിഭുവനവിധാതുഃ" എന്നും മററുമുള്ള പ്രയോഗങ്ങളും അതിനു ശേഷഷഷ്ഠിദ്വാരാ കൈയടാദികളുടെ വ്യാഖ്യാനവും സമാധാനമുള്ളതുകൊണ്ടു അസാധുത്വമാരോപിക്കുവാൻ തരമില്ല. പിന്നെ ഒരു ശങ്കകൂടി ഇവിടെത്തന്നെ ഉണ്ടാകാം. 'ഷു—പ്രസവൈശ്വര്യയോഃ' എന്നിടത്തു പ്രസവം എന്നാൽ അനുജ്ഞാദി എന്നർത്ഥമാകുന്നു. അല്ലാതെ ഗർഭമോചനമെന്നല്ല. പക്ഷെ ജഗൽസോതഃ, മാരസോതഃ ഇത്യാദിയാൽ ഉല്പാദനാർത്ഥത്തിലാണു "ഷു' ധാതു പ്രയുക്തമായിരിക്കുന്നതു് എന്നു സ്പഷ്ടമാകുന്നു. പക്ഷെ "യാ പീഡാശ്രവസാപി സൌതി മഹതിമൌത്സുക്യദുഃഖാസികാം" എന്നു 'ഷു" ധാതുവിനെ ഉല്പാദനാർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ളതായി കവിവാക്യം കാണുന്നുണ്ടു്. ധാതുകാവ്യവ്യാഖ്യാനം നോക്കുക. ഇങ്ങനെ ശബ്ദശാസ്ത്രത്തിന്റെ ഇടവഴികളിൽ കടന്നുകൂടുന്നതു് സ്വാമികൾക്കു് ഒരു കൌതുകംകൂടിയല്ലയോ എന്നു സംശയിക്കത്തക്കവിധം മേൽകാണിച്ച തരത്തിലുള്ള പ്രയോഗങ്ങളുടെ പ്രാചുര്യം വ്യാപിച്ചു കാണുന്നു. ഇടുക്കുവഴിയേ സഞ്ചരിച്ചു് ചിലപ്പോൾ മാർഗ്ഗഭ്രമം പററിയതുപോലെയും തോന്നിപ്പോകും. ശ്രീഹരിനവകത്തിൽ, "സ്വർഗ്ഗംഗാഖട്വാംഗർവ്വംകഷം" എന്നൊരു പ്രയോ

ഗം കാണുന്നു. "സർവ്വകൂലാഭ്രകരീഷേഷുകഷഃ" എന്ന സൂത്രത്താൽ സർവ്വംകഷം അഭ്രംകഷം ഇത്യാദിയുടെ സിദ്ധിക്കു വകയുണ്ടു്. ഗവ്ശബ്ദയോഗത്തിൽ കഷ് ധാതുവിനു "ഖച്ചോ" 'ഖശ്ശോ' ചേർത്തു ഗവ്ംകഷാ എന്നും രൂപം ചമച്ചിരിക്കുന്നു. 'ദിവാവിഭാനിശേ'തിസൂത്രത്താൽ 'ട' പ്രത്യയയോഗത്തിൽ ലിപികരശബ്ദം സ്പഷ്ടമേ സിദ്ധിക്കുന്നു. 'ലലാടംതപലിപിം—കരാണ്ണക്രിതം എന്നു ശ്രീകണ്ഠാമൃതലഹരിയിലെ ലിപീംകരശബ്ദമോ? 'ലിപിംകരോക്ഷരചണോക്ഷരചുഞ്ചുശ്ച ലേഖകേ" എന്നു് അമരകോശത്തിന്റെ ചില പാഠങ്ങൾ ഇല്ലെന്നില്ല. പക്ഷേ ക്ഷീരസ്വാമി 'ലിപികരോക്ഷരചണഃ' എന്നു പഠിക്കയും 'ദിവാവിഭേ'തി സൂത്രം ഉദ്ധരിച്ച് 'ട' പ്രത്യയാന്തമെന്നു വ്യുൽപാദിക്കയും ചെയ്യുന്നു. ഇതിനൊക്കെ സമാധാനം 'കൃത്യല്യുടോർബ്ബഹുലം' എന്ന സൂത്രത്തെ യോഗവിഭാഗം ചെയ്തു ചിലർ കൃൽപ്രത്യയങ്ങൾക്കു പൊതുവിൽ ബാഹുലത്വമുണ്ടെന്നു ചെയ്യുന്ന വ്യാഖ്യാനമെങ്കിലു സ്വാമികൾ ശബ്ദശാസ്ത്രവിഷയമായി പ്രദർശിപ്പിച്ചിട്ടുള്ള സ്വാതന്ത്ര്യം ചില്ലറയല്ലെന്നു മാത്രമേ ഞാൻപറയുന്നുള്ളു. അഥവാ 'ഇച്ഛാമാത്രം പ്രഭോഃ സൃഷ്ടിഃ" എന്ന തത്വം ശബ്ദശാസ്ത്രത്തിലും സ്വാമികൾ ആദരിക്കുന്നതായി തോന്നുന്നു.

ഈ കൃതികളിൽ പൊതുവിൽ മുഴങ്ങുന്ന പാണ്ഡിത്യഡിണ്ഡിമധ്വനി സാഹിത്യതാണ്ഡവത്തിന്റെ ആഡംബരത്തിനു് അനുഗുണമായിരിക്കുന്നു. മൃദുലമായ ലാസ്യരസം മാത്രം കാംക്ഷിക്കുന്നവർ ഇവയിലേയ്ക്കു കടക്കേണ്ടകാര്യമില്ല.

"മയാ കൃതാ ഹന്ത മനീഷിശേമുഷീ--
പ്രചോദനേ കാചന കർക്കശാ കശാ"

എന്നു സംഗതിവശാൽ എനിക്കു പറയേണ്ടിവന്നതുപോലെ സ്വകൃതികളെക്കുറിച്ചു സ്വാമികൾ പറഞ്ഞാൽ ഒരപാകവുമില്ല. ശബ്ദങ്ങളുടേയും അർത്ഥത്തിന്റേയും ഗാംഭീ

യ്യം പ്രധാനലക്ഷ്യം, സൌഗമ്യം, ശ്രവണസൌഖ്യം മുതലായവയിൽ ഔദാസീന്യം, പാമരപ്രീതിയെക്കുറിച്ചു വൈമുഖ്യം ഇങ്ങനെ പല ഭാവങ്ങളും ഈ കൃതികളിൽ വ്യാപിച്ചിച്ചിട്ടുള്ളതായി കാണാം. കവിത, കവിയുടെ ആനന്ദാനുഭവത്തിനെ പുരസ്കരിച്ചു നിൎമ്മിച്ചിട്ടുള്ളതായും പല ദൃഷ്ടാന്തങ്ങൾ ലോകത്തിൽ കാണ്മാനുണ്ട്. പ്രസ്തുത കൃതികൾ മിക്കവാറും ആ വൎഗ്ഗത്തിൽ പെടുന്നവയാണ്. യശഃപ്രാൎത്ഥനയില്ലാതെ മേൽപ്രകാരം കവനംചെയ്തിട്ടുള്ളവരുടെ കൃതികളും ആയി സ്വാമികളുടെ കൃതികൾക്കുള്ള സാദൃശ്യം നോക്കുക.

ഭൂയാൽ സസ്ഫൂൎജ്ജദുസ്താരകകരധൃതസൽ
പാഞ്ചജന്യോത്ഥപഞ്ചാ-
സ്യാരാവോൽപിഷ്ടപക്ഷ്മാരതഹൃദയമദോ
ദഗ്രദന്താവളോജഃ"

എന്ന ശ്രീഹരിനവകശ്ലോകം, ശ്രീ ശങ്കരാചാൎയ്യരചിതവിഷ്ണുപാദാദികേശസ്തോത്രത്തിലെ

"പായാന്നഃ പാഞ്ചജന്യഃ സസകലടിതിജ-
ത്രാസനൈഃ പൂരയൻ സ്വൈ-
ൎന്നിദ്ധ്വാനൈൎന്നീരദൌഘധ്വനിപരിഭവദൈ-
രംബരം കംബുരാജഃ"

എന്ന ശ്ലോകഭാഗത്തെ അനുസ്മരിപ്പിക്കുന്നു. ഉദാഹരണങ്ങളെ കൂട്ടിയോ മറവുവിദ്ധ്യനയോ ഇതിൽ കൂടുതലായി നീട്ടണമെന്നു വിചാരിക്കുന്നില്ല.

ആചാരപദ്ധതി, ദേവാൎച്ചാപദ്ധതി. ബ്രഹ്മാഞ്ജലി പ്രഭൃതികളാകുന്നു, സ്വാമികളുടെ അനന്തരകൃതികൾ. ഇവയുടെ രചനയിൽനിന്നു വെറും സാഹിത്യകൃത്യത്തിലുള്ള രസനിവൃത്തിയുടേയും സാമുദായികസരണിയിലുള്ള അഭിരുചിയുടേയും സൂചന സുഗ്രഹമാകുന്നു. സമുദായചക്രനാഭിപോലെ നിന്ന് വളരെക്കാലം അനുകൂലപ്രതികൂലശക്തികളെ സമീകരിച്ച്, സ്വസമുദായാഭ്യുദയത്തിനു നിരന്തരം ശ്രമം

ചെയ്തുപോന്നിരുന്ന ഒരു മഹാനുഭാവൻ ആയിരുന്നു ശ്രീമാൻ സി കൃഷ്ണപിള്ള അവർകൾ. യാതൊരുവന്റെ നാമധേയം ഇന്നും സമുദായസ്നേഹികളുടെ നയനപുടങ്ങളിൽ നനവു ജനിപ്പിക്കത്തക്കവണ്ണം ആദരാവേശമന്ത്രമായിത്തന്നെ ഇരിക്കുന്നു. സുഗൃഹീതനാമാവായ ആ മഹാത്മാവിന്റെ വ്യക്തമായ പ്രശംസയ്ക്കു സാമുദായികവിഷയമായി സ്വാമികൾ പാത്രീഭവിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ പ്രസ്തുത സരണിയിൽ സ്വാമികളുടെ പ്രവൃത്തി എത്ര സാരവത്തരമെന്നു പിന്നെ പ്രസ്താവിക്കേണ്ടതില്ലല്ലോ. നായർസമുദായശ്രേയോമാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുന്നവരുടെ സംഖ്യ കൂടിയു കേട്ടനുഷ്ഠിക്കുന്നവരുടേതു കുറഞ്ഞും ആണു കണ്ടിട്ടുള്ളതു്. ക്ഷേത്രഗണിതത്തിലെ ഒരു പ്രമേയത്തെപ്പററി എന്നതുപോലെ അത്ര വ്യക്തമായി സമുദായകാര്യങ്ങളിൽ ഒരു സംഗതി ശരിയെന്നോ തെററെന്നോ സ്ഥാപിക്കുവാൻ പ്രയാസമുണ്ടു്. അതുകൊണ്ടു്, ആർക്കും മററാരുടേയും അഭിപ്രായങ്ങളെ നിരസിക്കാം; യാതൊന്നുംഗ്രഹിക്കാതെ വാദപ്രതിവാദങ്ങൾ നടത്താം; ലുണ്ടാകനും ജല്പാകനും സമുദായനേതാവെന്നു നടിക്കാം. ഇങ്ങനെ പല സൌകര്യങ്ങളുമുണ്ടു്. 'തത്വംവിചാരിക്കിലീശ്വരന്റെ കളി" എന്നല്ലാതെ എന്തു പറയേണ്ടു! ഇങ്ങനെ അവ്യാകൃതസ്വരൂപമായ ഒരു വിഷയത്തിൽ ഗാഢമായ ആലോചന ചെയ്തു മൂലതത്വങ്ങൾ ഭദ്രമാക്കി പരിഷ്കരണസരണികളെ നിർദ്ദേശിച്ചു് സ്വാമികൾ രചിച്ചിരിക്കുന്ന പുസ്തകങ്ങൾ പാശ്ചാത്യ "വാർണ്ണിഷി"നെക്കുറിച്ചു മാത്രം സ്പൃഹയാലുതാലുക്കളായി നടക്കുന്നവർ എത്ര "ഹീ"ഹീകരിച്ചാലും ഗണ്യതയേയും ആദരവിനേയും അർഹിക്കുന്നു എന്നു നിസ്സംശയം പറയേണ്ടിയിരിക്കുന്നു. സാമുദായികമായി നമ്മുടെ ഇടയിലുള്ള വിപ്ലവത്തിന്റെ കഠോരത എത്രതന്നെ ആയിരുന്നാലും നായന്മാർ ഹിന്ദുക്കളാണെന്നുള്ള സംഗതി ആരും ധിക്കരിക്കുന്നതായി അറിയുന്നില്ല. ആ തത്വത്തെ അധിഷ്ഠാ

നമായിട്ടംഗീകരിച്ചുകൊണ്ടാണു് സ്വാമികൾ പരിഷ്കാരപ്രവൎത്തനം തുടങ്ങിക്കാണുന്നതു് മതനിഷ്ഠയും, തദ്വാരാ സന്മാൎഗ്ഗനിഷ്ഠയും വേണ്ടതാണെന്നുള്ളതിനു തൎക്കമില്ലല്ലൊ. ഇതരസമുദായങ്ങളും നമ്മുടെ സമുദായവും തമ്മിൽ ചില ഘട്ടനങ്ങൾ ഇല്ലെന്നു പറഞ്ഞാൽ ശരിയാകയില്ല. അതിനുള്ള ഹേതു സമുദായങ്ങൾ തമ്മിൽ മുമ്പു വിചാരിച്ചപോന്നിരുന്ന അധരോത്തരഭാവത്തിൽ നേരിടുന്ന ഭേദഗതികൾ ആണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. അഭിവൃദ്ധിമാൎഗ്ഗത്തിൽ ചരിക്കുന്ന സമുദായങ്ങളുടെ ഗതിയിലുള്ള ശീഘ്രതയും മന്ദതയും അഥവാ ഒരു സമുദായത്തിന്റെ നിശ്ചലതവും മററുള്ളവയുടെ ചരിഷ്ണുത്വവും നിമിത്തം പരസ്പരഘട്ടനം നേരിടാതെ തരമില്ല. ഓരോസമുദായവും പ്രാപിക്കുന്ന സ്ഥാനത്തിനു് അനുരൂപമായും അവിടുന്നുൾ ഗതിക്കു് അവശ്യമായുള്ള ആചാരപരിഷ്കാരങ്ങൾ അവൎജ്ജ്യങ്ങളായി വരുന്നതാകുന്നു. അതുംകഴിയുന്നതു ഹിന്ദുമതം അവലംബിച്ചു നിൎവ്വഹിക്കണമെന്നു് സ്വാമികൾക്കുള്ള താല്പൎയ്യം സ്ഥാനത്തിൽതന്നെ.

ഇങ്ങനെ വിവിധമുഖമായി നോക്കുമ്പോൾ ലോകരംഗത്തിനു് ഉപരിസ്ഥിതനെങ്കിലും "ടി രംഗത്തിൽ അവതരിച്ചാൽ ജംഗമമായ ഗ്രന്ഥശാല എന്നോ സ്ഥാവരനായ സമുദായസാക്ഷി എന്നോ വൎണ്ണിക്കപ്പെടാവുന്ന ഇദ്ദേഹം "മലയാളത്തിലെ മാനുഷനൊരുവൻ" ആണല്ലൊ എന്നുള്ളതാണു് നിരസ്രമായ സന്തോഷത്തിനു കാരണം. വൈദുഷ്യകൃഷ്യാശ്രയവും പ്രചുരമായ ദേശാടനവും പണ്ഡിതമൈത്രിയും കൊണ്ടു് ഗ്രാമീണസഹജമായ ഹ്രസ്വദൃഷ്ടിതയെ പരിഹരിച്ചു്, ബുദ്ധിവികാസസിദ്ധമായ വിമലിമയെ സമുദായത്തിൽ പ്രസരിപ്പിക്കുന്ന ഏതാദൃശന്മാരായ നായന്മാർ അക്ഷയ്യമായ അഭിമാനത്തിനും ആനന്ദരസത്തിനും കാരണമെന്നാകുന്നു അസ്മദീയമതം. അന്തൎല്ലീനമായ ഈ ഔൽസുക്യം പ്രസ്തുത പ്രബന്ധം വായിച്ചപ്പോൾ

എന്റെ വാചംയമവ്രതത്തെ ഭഞ്ജിക്കുവാൻ എത്ര മാത്രം പ്രബലീഭവിച്ചിട്ടുണ്ടെന്നു നിർണ്ണയിക്കുവാൻ ഞാനശക്തനാകുന്നു. ക്ഷീണപുണ്യമെന്നു ചിലപ്പോൾ തോന്നിപ്പോകുന്ന നമ്മുടെ സമുദായത്തിൽ അവശേഷിച്ചിട്ടുള്ള പുണ്യകണികകൾ ഉൽകൃഷ്ടരായ സമുദായാംഗങ്ങളുടെ ആവിർഭാവരൂപത്തിൽ പ്രകാശിക്കുവാൻ ജഗദീശ്വരൻ പ്രസാദിക്കട്ടെ.

ഈ പ്രബന്ധത്തെപ്പററിയും കുറേ പറയേണ്ടതായിട്ടുണ്ടു്. ഇതിൽ സ്വാമികളുടെ ജനനത്തിൽ അരുണോദയം മുതൽ ഏതാവൽപര്യന്തമുള്ള സംഗതികൾ വിവരിക്കപ്പെട്ടിട്ടുണ്ടു്. മാതൃകയായി ഗ്രന്ഥകാരന്മാർ സ്വീകരിച്ചിരിക്കുന്നതു ജാൺസൺ എന്ന ആംഗലസാഹിത്യമല്ലന്റെ ജീവചരിത്രമാണു്. മാതൃകാകൃതിയുടെ നിർമ്മാതാവു് ജാൺസന്റെ പ്രിയസഹചരനും സേവാപരനും ശ്ലാഘാകരനും ആയിരുന്ന "ബാസ്വൽ" എന്നയാളാകുന്നു. ബാസ്വലിനേയും ടിയാന്റെ കൃതിയിലെ നായകനേയും പററി മെക്കാളി മുതൽപേർക്കു കുറെ ആക്ഷേപമാണെങ്കിലും അഗാധബുദ്ധിയും സാഹിത്യസാരപാരദൃശ്വാവുമായിരുന്ന "കാർലൈൽ" ചെയ്തിട്ടുള്ള അഭിനന്ദനം പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. ഡാക്ടർ ജാൺസൺ എന്ന പ്രസിദ്ധപുരുഷന്റെ ഊർജ്ജസ്വലമായ വാഗ്മിത്വം, സജ്ജമായ പ്രജ്ഞോന്മേഷം, അചഞ്ചലമായ ബോധശക്തി എന്നിവയെപ്പോലെതന്നെ അദ്ദേഹത്തിന്റെ സ്വഭാവവൈചിത്ര്യങ്ങൾ, ഇഷ്ടാനിഷ്ടമൂർച്ഛകൾ മുതലായവയെപ്പററി ശരിയായ പ്രതീതി ഉണ്ടാകുവാൻ വേണ്ട സാമഗ്രികളെ സംഭരിച്ചു രചിച്ചിട്ടുള്ളതാകയാൽ ബാസ്വലിന്റെ കൃതി ജീവചൈതന്യസ്ഫുരണമുള്ള പ്രതിമപോലെ അത്ര തന്മയവും ജീവചരിത്രങ്ങളിൽ ഉത്തമവും ആണെന്നു് അർവാചീനനിരൂപകന്മാർക്കു പലക്കും അഭിപ്രായമുള്ളതാകുന്നു. വാദപ്രതിവാദകോലാഹലത്തിൽ ജാൺസന്റെ ഏർ

ഘരസ്വരം കേൾക്കുന്നതുപോലെയും അദ്ദേഹത്തിൻെറ പ്രതിഭാമയമായ മിന്നൽപിണറിൻെറ പ്രഭാവിലാസത്തിൽ കണ്ണു മഞ്ചുന്നതുപോലെയും എതിരാളികൾ വാക്യവജ്രാഹിതന്മാരായി ചൂൎണ്ണീകരിക്കപ്പെടുന്നതുപോലെയും മേല്പറഞ്ഞ കൃതി വായിക്കുമ്പോൾ പലപ്പോഴും എനിക്കു തോന്നാറുണ്ട്. അങ്ങനെയുള്ള ഒരു കൃതിയുടെ ഗതിയെ അനുസരിക്കാമെന്നല്ലാതെ അതിനോടു മത്സരിക്കാമെന്ന് ആൎക്കും മോഹം ജനിക്കയില്ലല്ലൊ. വാക്യരചനയിൽ ശബ്ദഗാംഭീൎയ്യപ്രതിപത്തി, സാഹിത്യവിഷയത്തിൽസതതകൌതുകം, മൃതഭാഷയിൽ ഗാഢപാണ്ഡിത്യമിത്യാദി അപൂൎവം ചില കാൎയ്യങ്ങളിൽ സ്വാമികളും സാമുവേൽ ജാൺസണും തമ്മിൽ ചില സാദൃശ്യമുണ്ടെങ്കിലും ആന്തരികമായി അവരുടെ പ്രകൃതികൾക്ക് അസാമാന്യമായ ഭിന്നതയുള്ളതാകുന്നു. അതും നിരൂപ്യമാണമായ പ്രബന്ധത്തിലെ രസരീതികളെ സ്പൎശിക്കാതിരിക്കയില്ലല്ലൊ. അങ്ങനെയെല്ലാം ഇരുന്നാലും സ്വാമികളെപ്പററി പൂൎണ്ണപ്രതീതി ജനിപ്പിക്കുവാൻ ഗ്രന്ഥകാരന്മാർ സൎവാത്മനാ ശ്രമിക്കയും ശ്രമത്തിൻെറ ഫലം പൊതുവിൽ സന്തോഷകരമായി പരിണമിക്കയും ചെയ്തിട്ടുണ്ട്. ലോകവ്യവഹാരമണ്ഡലംവിട്ടു ശാസ്ത്രമയമായ ഒരു നവീനമണ്ഡലത്തിൽ പ്രവേശിച്ചിരുന്നതായി ഈ കൃതി വായിച്ചുതീരുന്നതുവരെ എനിക്കു തോന്നിയിരുന്നു. ഗുരുവിനെ അനുസരിച്ചു ശിഷ്യന്മാരും പല സംഗതികളിലും ഒരു ശാസ്ത്രഛായ വ്യാപിച്ചിരിക്കുന്നതായി കാണാം. ഉദാഹരണമായി സ്വാമികൾക്ക് ഒരിക്കൽ രോഗബാധ നേരിട്ടപ്പോൾ ചികിത്സിപ്പിച്ചതു സാധൂകരിക്കത്തക്കതോ അല്ലയോ എന്നു ശാസ്ത്രദൃഷ്ട്യാ നിരൂപണംചെയ്തിരിക്കുന്ന ഘട്ടം നോക്കുക. സുഖക്കേടു വന്നാൽ ചികിത്സിക്കണമെന്നുള്ളതിനു ശാസ്ത്രവിചാരം സാധാരണ ആരെങ്കിലും ചെയ്യാറുണ്ടോ? പക്ഷെ വിദ്വാനും വേദാന്തിയുമായ നായകൻെറ നടപടി

കം ശാസ്ത്രൂലബ്ധമായ പ്രകാശത്തിൽ തന്നേ പരിശോധിക്കേണ്ടതെന്നുള്ള ഔൽസുക്യം മേൽകാണിച്ച മാതിരിദിക്കുകളിലും ഗ്രന്ഥകാരന്മാരെ ആവേശിച്ചിരിക്കുന്നു. വേദാന്തം, സാഹിത്യം, യോഗം, തന്ത്രം, മന്ത്രം, ജ്യൌതിഷം ഭാഷാശാസ്ത്രം, സമുദായശാസ്ത്രം, ചരിത്രം, മതം, സ്വപ്നം, ശകുനം, ഭൂതപിശാചാദിസത്താവിചാരം മുതലായി പല പല വിഷയങ്ങളിൽ സ്വാമികൾക്കുള്ള അഭിപ്രായങ്ങൾ ഈ കൃതിയിൽ വ്യാകീർണ്ണങ്ങളായി കിടക്കുന്നവ പണ്ഡിതോചിതമായ മാന്യതയെ അർഹിക്കുന്നവയും അവയെ തേടിപ്പിടിച്ച സംഘടിപ്പിച്ചതിൽ ഗ്രന്ഥകാരന്മാർ പ്രദർശിപ്പിച്ചിരിക്കുന്ന ഉത്സാഹം സ്തുത്യർഹവും ആകുന്നു. ഉദ്ദണ്ഡശാസ്ത്രികളേയും കുഞ്ചൻനമ്പ്യാരേയും പററി എനിക്കു തോന്നിയിരുന്ന ചില അഭിപ്രായങ്ങൾ സ്വാമികൾക്കും ഉള്ളതായി കാണുന്നതു വിസ്മയകരമായിരിക്കുന്നു. അപൂർവം ചില ദിക്കിൽ സ്വാമികളുടെ അഭിപ്രായവുമായി വിയോജിക്കേണ്ടതായിരിക്കുന്നതും പ്രസ്താവയോഗ്യമാകുന്നു. ഒരുദാഹരണം പറയാം: രാഘവീയം എന്ന കാവ്യം കുഞ്ചൻനമ്പിയാരുടെ കൃതിയാണെന്നു സ്വാമികൾ അഭിപ്രായപ്പെടുന്നു. ഒരുകാലത്ത് ഞാനും ഇങ്ങനെ ധരിച്ചിരുന്നു എങ്കിലും കുഞ്ചൻനമ്പിയാരെ അധികരിച്ചു ഞാൻ എഴുതിയിട്ടുള്ള പുസ്തകത്തിന്റെ അന്തിമപതിപ്പിൽ ആ അഭിപ്രായം പിൻവലിക്കേണ്ടിവന്നു. കുഞ്ചൻനമ്പിയാരുടെ ഗുരുനാഥന്മാർ ഓണമ്പള്ളി നായിക്കരും നന്ദികാട്ടു കുറുപ്പുമായിരുന്നു എന്ന് സുന്ദോപസുന്ദോപാഖ്യാനം മുതലായ തുള്ളൽക്കഥകൾ വ്യക്തമാക്കുന്നു. “ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദോദയാൽ” എന്നു രാഘവീയത്തിൽ കാണുന്ന സ്ഥിതിക്ക് അതിന്റെ കർത്താവു നാരായണഭട്ടതിരിയുടെ ഒരു ശിഷ്യനെന്നും സ്പഷ്ടമാകുന്നു. ആകയാൽ രാഘവീയത്തിന്റെ കർത്തൃത്വം കുഞ്ചൻനമ്പിയാരിൽ സമർപ്പിക്കാമെന്നു തോന്നുന്നില്ല. സ്വാമികളുടെ അഭിപ്രായ

ഭേദത്തെ കണ്ടിട്ടു ഞാൻ ഒന്നും പറയാതെ ഇരുന്നാൽ "വാദതടസ്സ"മുണ്ടെന്നു വല്ലവരും പറയുമെന്നുള്ള ഭീതിയെക്കാൾ മേൽ ഉദ്ധരിച്ച ഭാഗം സ്വാമികൾ കണ്ടിരിക്കുമോ എന്നുള്ള സംശയവും കണ്ടിട്ടില്ലെങ്കിൽ ആ ഭാഗംകൂടി വെച്ചുകൊണ്ടു സ്വാമികളുടെ അഭിപ്രായത്തെ പുനർവിചാരണചെയ്യണമെന്നുള്ള താല്പര്യവുംകൊണ്ടു ഇത്രയും പ്രസ്താവിച്ചതാണു്. ആകപ്പാടെ സ്വാമികളുടെ അഭിപ്രായങ്ങളുടെ ഭദ്രത സമ്മതിക്കത്തക്കതെന്നു പറയുന്നതിനു ഞാൻ മടിക്കുന്നില്ല.

പ്രകൃതകൃതിയുടെ നിൎമ്മിതിക്കു മുമ്പു് സംക്ഷിപ്തരീതിയിൽ സ്വാമികളുടെ ചരിത്രഭാഗം മററു രണ്ടു ശിഷ്യന്മാർ ചേൎന്നു സംസ്കൃതപദ്യപ്രബന്ധമായി രചിച്ചിട്ടുണ്ടു. അതിലെ പദ്യങ്ങൾ പ്രായേണ അക്ലിഷ്ടകോമളങ്ങളായിരിക്കുന്നു. പക്ഷെ അതിൽനിന്നു സിദ്ധിക്കുന്നതിനെക്കാൾ വ്യക്തമായ സ്വരൂപജ്ഞാനം സ്വാമികളെപ്പററി ഇതിൽനിന്നുണ്ടാകുമെന്നുള്ളതിനു തൎക്കമില്ല. വാക്യങ്ങളിലെ അലങ്കാരപൂരംകൊണ്ടു വിവക്ഷിതത്തിൽ ശ്രദ്ധാക്ഷയം ജനിപ്പിക്കാതെയും എന്നാൽ ഭാഷാഗൌരവം പരിപാലിച്ചും ഈ പ്രബന്ധം രചിച്ചിട്ടുള്ളതായി കാണുന്നു. അൎത്ഥം തൊട്ടുതേച്ചും വാചകങ്ങൾ ഏച്ചുവെച്ചും ഇടയ്ക്കിടയ്ക്കു ചില ഗീൎവ്വാണശബ്ദങ്ങൾ തിരുകിക്കേററിയും നിൎമ്മിച്ചു പാഠ്യപുസ്തകക്കമ്മററിമുഖേന ഡിപ്യൂട്ടിഡയറക്ടരുടെ പ്രസാദത്തിനു വേണ്ടി നിവേദിക്കുന്ന ഒരുതരം പ്രബന്ധങ്ങളിലെ സമ്പ്രദായങ്ങൾ ഒന്നും ഇതിൽ കടന്നുകൂടിയിട്ടില്ലെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ശബ്ദപ്രയോഗവിഷയകമായ കലുഷതയോ തന്നിമിത്തം അൎത്ഥത്തിനു തിരോഹിതത്വമോ ഇതിൽ നേരിട്ടിട്ടുള്ളതായി ഓൎക്കുന്നില്ല. വൎണ്ണ്യവിഷയപ്രതീതിയെ പ്രാധാന്യേന ലക്ഷ്യമാക്കി വാക്യങ്ങൾ ഉപയോഗിച്ചിരിക്കുന്ന ഇതിലേ രീതിയിൽ ആക്ഷേപത്തിനു അവകാശമില്ല.

ഫന്ദ്യ

നമ്മുടെ ഇടയിൽ ഉണ്ടായിരുന്ന എത്രയോ മഹാന്മാരുടെ ജീവചരിത്രവിശേഷങ്ങൾ കാലകല്ലോലമാലകളിൽ അടിപെട്ടു കലങ്ങിപ്പോയിരിക്കുന്നു! ഒടുവിൽ ആവക ചരിത്രങ്ങളുടെ ശകലങ്ങൾ തേടിപ്പിടിക്കുന്നതിൽ ചരിത്രതല്പരന്മാർ പ്രദർശിപ്പിക്കുന്ന ഉൽക്കണ്ഠയും സാഹസവും നേരിട്ടിട്ടുള്ള നഷ്ടങ്ങളുടെ ഗൌരവത്തെ തെളിയിക്കുന്നു. അങ്ങനെയുള്ള പശ്ചാത്താപങ്ങളുടെ നിവാരണത്തിന് ഈ ഗ്രന്ഥകാരന്മാർ ചെയ്തിട്ടുള്ളതുപോലെ ചരമഗതിക്കു മുമ്പായി മഹാജനങ്ങളുടെ ചരിത്രനിധികളായ കൃതികൾ നിർമ്മിച്ചുവെയ്ക്കുന്നതു വളരെ പ്രയോജനകരമായിരിക്കും. മഹാന്മാരുടെ ജീവിതവിശേഷജ്ഞാനം സമുദായങ്ങളുടേയും പൊതുവിൽ മാനുഷ്യകത്തിന്റെയും ഉൽക്കർഷസിദ്ധിക്കുള്ള മൂലമന്ത്രമാണല്ലോ.

ആകപ്പാടെ നോക്കുമ്പോൾ ഈ ഗ്രന്ഥകാരന്മാരുടെ ശ്രമത്തെപ്പററി അഭിനന്ദിക്കുന്നതിനു തീരെ സംശയിക്കേണ്ടതായിട്ടില്ല. ഉദയത്തിനുമുമ്പു തന്നെ അരുണോദയപ്രകാശമുണ്ടാകാറുള്ളതുപോലെ, ഈ കൃതിയുടെ പ്രസിദ്ധീകരണംകൊണ്ടുദിക്കുന്ന ഗുരുനാഥപ്രസാദം ഇപ്പോൾതന്നെ ഗുരുകടാക്ഷാനുഗ്രഹരൂപമായി ഇതിൽ നിഴലിച്ചുകാണുന്നുണ്ട്. അതിൽപരമെന്തു ജന്മസാഫല്യമാണ് കൃതജ്ഞനായ ഒരു ശിഷ്യനു സിദ്ധിക്കുവാനുള്ളതു്? വക്തവ്യമായി മററു വല്ലതുമുണ്ടെങ്കിൽ അതു്, ഈ പ്രബന്ധം ഉദാരമതികളായ മഹാജനങ്ങളുടെ നിരന്തരമോദത്തിനു പാത്രമായി പ്രചുരപ്രചാരമായി പരിലസിക്കുവാൻ ചരാചരാചാര്യനായ പരമശിവൻ പ്രസാദിക്കണമേ എന്നൊരു പ്രാർത്ഥന മാത്രമാകുന്നു. ആ പ്രാർത്ഥനാപുരസ്സരം ശുഭം ഭവിക്കട്ടെ എന്നു് ആശംസിച്ചുകൊണ്ടുപസംഹരിക്കുന്നു.

165367
38295



20 JUL 1955
032:9M7
F6.3

7017
13-3-56

MUL
165367